

ജനകീയ ആസൂത്രണം

വെണ്മണി ഗ്രാമ പഞ്ചായത്ത്



സമഗ്ര വികസന രേഖ


ആലപ്പുഴ ജില്ല
വെണ്മണി പഞ്ചായത്ത്

4-2-2

ജനകീയ ആസൂത്രണം

വെണ്മണി ഗ്രാമ പഞ്ചായത്ത്



സമഗ്ര വികസന രേഖ

വികസന സെമിനാർ

1996 ഡിസംബർ 31 ചൊവ്വ

മാർത്തോമാ പാരിഷ്ഹാൾ

വെണ്മണി

വെണ്മണി ഗ്രാമ പഞ്ചായത്ത്
ഭരണസമിതി




പ്രൊഫ. ലീലാമ്മ തോമസ്
പ്രസിഡന്റ്



വി.സി.കുഞ്ഞുകുട്ടി
വൈസ് പ്രസിഡന്റ്



പ്രൊഫ. ആർ രാജഗോപാലൻ
മെമ്പർ




വെണ്മണി സുധാകരൻ
മെമ്പർ



അഡ്വ: സഖറിയ പുത്തനിട്ടി
മെമ്പർ



തോമസ് മാത്യു
മെമ്പർ



ശ്രീകുമാർ പുന്തല
മെമ്പർ




കെ. ചന്ദ്രമതി
മെമ്പർ



ഗ്രേസി ജോർജ്
മെമ്പർ



ചന്ദ്രിക തങ്കപ്പൻ
മെമ്പർ



ലീല ഓഫ്സെറ്റ്, ചെങ്ങന്നൂർ, ഫോൺ : 0479 - 454376

നന്ദി...

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനരേഖക്കു രൂപം നൽകുന്നതിന് നിരവധി വ്യക്തികളുടെ നിസ്വാർത്ഥമായ സേവനം ലഭിച്ചിട്ടുണ്ട്. അനുഭവ സമ്പന്നരായ പല മാന്യ വ്യക്തികളും പ്രസക്തമായ വിവരങ്ങൾ നൽകി ഈ യജ്ഞത്തിൽ ഞങ്ങളെ സഹായിച്ചിട്ടുണ്ട്. സർവ്വശ്രീ. എം.ഒ. ഏബ്രഹാം, ശ്രീ. കെ.ജി. ശങ്കരപ്പിള്ള, എം.കെ. രാഘവപ്പണിക്കർ, പി.ജി. അച്യുതൻ പിള്ള, ഇലകത്തിൽ ഇ.ജി. ജോൺ, കൊട്ടാരത്തിൽ നീലകണ്ഠൻ നമ്പൂതിരി, ആറ്റിലേത്ത് എം.റ്റി. വർഗ്ഗീസ്, വി.കെ. ചെല്ലപ്പൻ തുടങ്ങി പലരും.....

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ രേഖ തയ്യാറാക്കുന്നതിന് സഹകരിച്ച റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളുടെ സംഭാവന വിലപ്പെട്ടതാണ്.

വിവിധ വിഷയങ്ങളെ അധികരിച്ചുള്ള റിപ്പോർട്ടുകൾ എഴുതി തയ്യാറാക്കിയ ശ്രീ. പി.എം. കോശി, ഡോ. ഈപ്പൻ ജോൺ, ഡോ. കെ. രാധാകൃഷ്ണൻ, ശ്രീ. കെ.സി. ചാക്കോ, ശ്രീ. സി.കെ. ഉദയകുമാർ, ശ്രീ. എം.എം. തോമസ്, ശ്രീ. സാമുവേൽ ചെറുകരേത്ത്, ശ്രീ. റ്റി.എം. സാമുവേൽ, ശ്രീ. റ്റി.വി. വിജയകുമാർ, ശ്രീ. കെ.കെ. നാരായണൻ, ശ്രീ. എം.പി. നാരായണൻ നായർ, ശ്രീ. മുരളീധരൻ (ലൈബ്രേറിയൻ), ശ്രീമതി കുഞ്ഞൂഞ്ഞമ്മ ബേബി, ശ്രീമതി. കെ.കെ. സരസമ്മ എന്നിവർ പ്രത്യേക പരാമർശമർഹിക്കുന്നു.

വികസന റിപ്പോർട്ട് എഡിറ്റ് ചെയ്യുകയെന്ന ശ്രമകരമായ ജോലി വിജയകരമായി നിർവ്വഹിച്ച പ്രൊഫ. ആർ. രാജഗോപാലൻ, ശ്രീ. റ്റി.എൻ. സദാശിവൻ, ശ്രീ. റ്റി.എം. വിശ്വംഭരൻ എന്നിവരുടെ സേവനം അഭിനന്ദനീയമാണ്.

എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

എന്ന്

പ്രൊഫ. ലീലാമ്മ തോമസ്

പ്രസിഡന്റ്

ഉള്ളടക്കം

		പേജ്
1.	ആമുഖം	1
2.	പൊതുവിവരണം	4
3.	സാമൂഹിക സാംസ്കാരിക ചരിത്രം	7
4.	ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി	14
5.	വികസനമേഖലകൾ	
	5.1 കൃഷിയും ജലസേചനവും	18
	5.2 മൃഗസംരക്ഷണം, മത്സ്യബന്ധനം	29
	5.3 വ്യവസായം	40
	5.4 റോഡ്, ഊർജ്ജം, മാർക്കറ്റ്	47
	5.5 പാർപ്പിടവും സാമൂഹ്യക്ഷേമവും	68
	5.6 വിദ്യാഭ്യാസം	78
	5.7 ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം	90
	5.8 പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം	100
	5.9 സഹകരണം	106
	5.10 വനിതാക്ഷേമം	111
	5.11 സംസ്കാരം	116
	5.12 വിഭവസമാഹരണം	122
6.	ഉപസംഹാരം	128

1

ആമുഖം


ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു എന്ന സത്യംകണ്ടെത്തിയ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി മുന്നോട്ടു വച്ച ആശയമാണ് 'ഗ്രാമ സ്വരാജ്'. ഓരോ ഗ്രാമവും അഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്ക് ആയിരിക്കണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഭാരതം സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാൻ തയ്യാറെടുക്കുന്ന ഈ വേളയിലും ആ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല.

അധികാരവികേന്ദ്രീകരണം ഒരു ഭരണഘടനാ ബാദ്ധ്യതയായി പ്രഖ്യാപിച്ചുകൊണ്ട് 73,74ഭരണഘടനാഭേദഗതികൾ പാർലിമെന്റ് പാസ്സാക്കിയതിനെത്തുടർന്ന് സംസ്ഥാന നിയമസഭകൾ പഞ്ചായത്ത്രാജ്- നഗരപാലികാ നിയമങ്ങൾ പാസ്സാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണം അർത്ഥവത്താകണമെങ്കിൽ വികേന്ദ്രീകൃത ആസൂത്രണം അനിവാര്യമാണെന്ന കേരളത്തിലെ പുതിയ സർക്കാരിന്റെ കാഴ്ചപ്പാടാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചത്.

ഭാരതത്തിന്റെ ആസൂത്രണ ചരിത്രത്തിൽ ഒരു പുതിയ അനുഭവമാണിത്. ഒന്നു മുതൽ എട്ടുവരെയുള്ള എല്ലാ പഞ്ചവത്സരപദ്ധതികളും ദില്ലിയിലുള്ള ആസൂത്രണ കമ്മീഷനും തിരുവനന്തപുരത്തുള്ള ആസൂത്രണ ബോർഡും ചേർന്ന് നമ്മുടെ മേൽ കെട്ടിവയ്ക്കുകയായിരുന്നു. ആ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും ജനങ്ങൾക്ക് ഒരു പങ്കുമില്ലായിരുന്നു. ഈ പശ്ചാത്തലത്തിലാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കുവാനുള്ള ജനകീയ ആസൂത്രണപ്രസ്ഥാനം കേരളത്തിൽ ആരംഭിക്കുന്നത്.

ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കുന്നതിനുള്ള ചരിത്രപരമായ ദൗത്യമാണ് പ്രസ്ഥാനം ഏറ്റെടുത്തിട്ടുള്ളത്.

വികസനമെന്നത് ജനങ്ങളുടെ ഭൗതിക ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാണ്. ജീവിതനിലവാരമുയരണമെങ്കിൽ അതിനുള്ള ജീവിതോപാധികളുടെ ഉല്പാദനം ഗണ്യമായി ഉയരണം. വികസനഫലമായി ഉണ്ടാകുന്ന



വളർച്ച സ്ഥായിയും നീതിപൂർവ്വകവുമായിരിക്കണം. ഇങ്ങനെയാകണമെങ്കിൽ ഇതു സംബന്ധിച്ച തീരുമാനങ്ങൾ ഒറ്റപ്പെട്ട വ്യക്തികളുടെ തന്നിഷ്ടത്തിന് വിട്ടുകൊടുത്താൽ പോര. സാമൂഹികമായ ഇടപെടൽ ഉണ്ടാകണം. സമൂഹം മൊത്തത്തിൽ വളർച്ചയുടെ മുൻഗണനാക്രമം നിശ്ചയിക്കണം. പരിമിതമായ വിഭവങ്ങൾ ഏറ്റവും കാര്യക്ഷമമായി, ഏറ്റവുംകൂടുതൽ പേർക്ക്, ഏറ്റവും കൂടുതൽ കാലത്തേക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ വിനിയോഗിക്കണം. ഇതാണ് ആസൂത്രണം. ആസൂത്രണം ജനങ്ങൾക്കു വേണ്ടി ആരെങ്കിലും നടത്തിയാൽ പോരാ. അത് ജനപങ്കാളിത്തത്തോടെ ആകണം. അതിന് അധികാരവികേന്ദ്രീകരണം അനിവാര്യമാണ്.

കേരളീയ ഗ്രാമങ്ങൾ അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, കടകമ്പോളങ്ങൾ, വാഹനഗതാഗതതിരക്ക് ഉപഭോഗവസ്തുക്കളുടെ വൻതോതിലുള്ള വിപണനം എന്നിവ ഗ്രാമങ്ങളുടെ മുഖഛായതന്നെ മാറ്റിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക വളർച്ച വളരെ കുറഞ്ഞതോതിലാണെങ്കിലും പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണം, കുറഞ്ഞ ശിശു മരണനിരക്ക്, നീണ്ട ആയുർദൈർഘ്യം തുടങ്ങിയ രംഗങ്ങളിൽ ലോകത്തിലെ സമ്പന്നരാജ്യങ്ങളുടെ നിലവാരത്തിനടുത്തെത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടെന്നാണ് വിദഗ്ദ്ധാഭിപ്രായം. താരതമ്യേന താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ജീവിത ഗുണമേന്മ ജനങ്ങൾക്ക് ഉറപ്പു നൽകുന്നതിന് വികസനത്തിന്റെ ഈ കേരളമാതൃകയ്ക്കു കഴിഞ്ഞിട്ടുണ്ട്. പക്ഷേ വികസനമെന്നാൽ സ്ഥായിയും നീതിപൂർവ്വകവും ദ്രുതഗതിയിലുമുള്ള സാമ്പത്തിക വളർച്ചയാണെന്ന വസ്തുത വിസ്മരിച്ചുകൂടാ.

സാമ്പത്തിക വിതരണത്തിന്റെ മേഖലയിൽനിന്ന് സാമ്പത്തിക ഉല്പാദനത്തിന്റെ മേഖലയിലേക്ക് നീങ്ങുമ്പോഴാണ് കേരളത്തിന്റെ വികസനത്തിന്റെ ദൗർബല്യം വെളിവാകുന്നത്. വിദ്യാഭ്യാസ– ആരോഗ്യാദിമേഖലകളിൽ ഉണ്ടായിട്ടുള്ള പുരോഗതി സാമ്പത്തിക വളർച്ചയിൽ ഉണ്ടായില്ല. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുടനീളം കേരളത്തിന്റെ ആളോഹരി വരുമാനം ദേശീയശരാശരിയേക്കാൾ താഴ്ന്നതായി തുടർന്നു. 1995-ൽ ഇന്ത്യാക്കാരന്റെ ശരാശരി പ്രതിശീർഷോല്പാദനം 8237--രൂപയായിരുന്നപ്പോൾ കേരളീയന്റേതു 6983 രൂപാമാത്രമായിരുന്നു. 1970കളുടെ മദ്ധ്യം മുതൽ ഒരു ദശാബ്ദക്കാലത്തിലേറെ കാർഷികോല്പാദനത്തിൽ വർദ്ധനയേ ഉണ്ടായില്ല. കേരളത്തിലെ ഓരോ വിളയുടേയും ഉല്പാദനക്ഷമതയെടുത്ത് പ്രത്യേകം പരിശോധിച്ചാൽ അത് ദേശീയ ശരാശരിയിൽ നിന്ന് വളരെ താഴ്ന്നതാണെന്ന് കാണാം.

വ്യവസായരംഗത്തെ നില ഇതിലേറെ പരിതാപകരമാണ്. തൊണ്ണൂറുകളിൽ വളരെ തുച്ഛമായ വ്യവസായ വളർച്ചയേ കേരളത്തിൽ ഉണ്ടായുള്ളു. പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി മൂർച്ഛിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ഇവയ്ക്കുപകരം പുതിയ വ്യവസായങ്ങൾ ഒട്ട് ഉണ്ടാകുന്നമില്ല. ഉല്പാദനമേഖലയിലെ മുരടിപ്പു മൂലം തൊഴിലില്ലായ്മ ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുന്നു.

സാമ്പത്തികരംഗത്തെ അപകടകരമായ ഈ സ്ഥിതിവിശേഷം പ്രകടമാവാത്തതിന് മുഖ്യകാരണം ഗൾഫ് മലയാളികളിൽ നിന്നുള്ള വൻവരുമാനമാണ്. ഇതിന്റെ ഫലമായി സേവനമേഖല അതിവേഗത്തിൽ വളരുകയും ജനങ്ങളുടെ ഉപഭോഗ നിലവാരം ഉയരുകയും ചെയ്തു. കെട്ടിടനിർമ്മാണം, ഉപഭോഗവസ്തുക്കൾ എന്നിവയിലുള്ള അഭിനിവേശം തൃപ്തിപ്പെടുത്തുന്നതിന് വൻതോതിലുള്ള ഇറക്കുമതിയേയും ആശ്രയിക്കേണ്ടി വരുന്നതിനാൽ ഗൾഫുവരുമാനത്തിന്റെ ഗുണഫലങ്ങൾ സംസ്ഥാനത്തെ ഉല്പാദനമേഖലയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഇതിനുപുറമെ വരുമാനത്തിന്റെ നല്ലൊരുപങ്ക്, ബാങ്കുകൾ വഴി സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുകയും ചെയ്യുന്നു.

ഈ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഒരു സാമൂഹ്യരാഷ്ട്രിയ വെല്ലുവിളിയാണ്. ആയതിനാൽ രാഷ്ട്രിയ കക്ഷി–മത–ജാതി പരിഗണകൾക്ക് അതീതമായി നാടിന്റെ നന്മയിൽ താല്പര്യമുള്ള ഏതൊരു പൗരന്റേയും കടമയാണ് ഇന്നത്തെ വികസന പ്ര

തിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണുകയെന്നുള്ളത്. മുൻകാല അനുഭവങ്ങളെ വിമർശനബുദ്ധ്യാ പരിശോധിക്കുക, മാമൂൽ വിട്ട് ചിന്തിക്കുക, പുതിയൊരു പ്രവർത്തന ശൈലി കരുപ്പിടിപ്പിക്കുക. ഇതാണ് നമ്മുടെ കടമ.

ഒൻപതാം പഞ്ചവത്സരപദ്ധതി 1997 ഏപ്രിൽ ഒന്നിന് സമാരംഭിക്കുകയാണ്. ചരിത്രത്തിലാദ്യമായി പദ്ധതി അടങ്കലിന്റെ 35-40% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ സംസ്ഥാന സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞു. കേരളസർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ലക്ഷ്യബോധവും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ വിശ്വസനീയത ഉറപ്പുവരുത്തുന്നു.

നമ്മെ സംബന്ധിച്ചിടത്തോളം വെണ്മണി പഞ്ചായത്തിന്റെ പഞ്ചവത്സരപദ്ധതിക്ക് നാം തന്നെ രൂപം കൊടുക്കുകയാണ്. നമുക്ക് വേണ്ടത് എന്തെന്ന് നാം തന്നെ തിരിച്ചറിയുകയാണ്; പദ്ധതികൾ നാം തന്നെ ആവിഷ്കരിക്കുകയാണ്; പദ്ധതികൾ നാം തന്നെ നടപ്പിലാക്കുകയാണ്.

നമ്മുടെ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കാൻ ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ട്. ഗ്രാമസഭകൾ, പരിശീലന പരിപാടികൾ, പഠനപര്യടനം, ദ്വിതീയ വിവരശേഖരണം, വികസനറിപ്പോർട്ടു തയ്യാറാക്കൽ എന്നീകാര്യങ്ങളിലെല്ലാം സജീവമായ ബഹുജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

വെണ്മണിയുടെ വിവിധ വികസന മേഖലകളെ സംബന്ധിക്കുന്ന ഒരു സമഗ്രരേഖയാണ് ഈ വികസനറിപ്പോർട്ടിലൂടെപൊതുജന സമക്ഷം അവതരിപ്പിക്കുന്നത്. സമയക്കുറവുമൂലം, റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ചില കാര്യങ്ങൾ ചേർക്കാൻ കഴിയാതെ പോയിട്ടുണ്ട്. വികസന സെമിനാറിൽ നടക്കുന്ന ഫലപ്രദമായ ചർച്ചയിലൂടെ ഈ റിപ്പോർട്ടിനെ സമ്പുഷ്ടമാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ഒരു പുതിയ വികസന സംസ്കാരം രൂപപ്പെടുത്തുകയെന്ന മഹത്തായ യജ്ഞത്തിൽ മുഴുകിയിരിക്കുകയാണ് കേരളം. നമ്മുടെ കൊച്ചുഗ്രാമവും സമ്പൽസമൃദ്ധിയുടെ ഒരു നല്ല നാളേയ്ക്കുവേണ്ടിയുള്ള ചുവടു വയ്ക്കുകയാണ്. അതുമാത്രം പോരാ. കവി പാടിയതുപോലെ


'നാട്ടിൻ പുറം നന്മകളാൽ സമൃദ്ധം'

എന്നുകൂടി അഭിമാനപൂർവ്വം അവകാശപ്പെടാൻ നമുക്കു കഴിയണം.

അതിനായി ഒരുമയോടെ ഉണർന്നു പ്രവർത്തിക്കാം.

❑





2

പൊതുവിവരണം


പഞ്ചായത്തിന്റെ പേര്	:	വെണ്മണി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഓഫീസ് ആസ്ഥാനം	:	കല്യാത്ര ജംഗ്ഷൻ
ഉൾപ്പെടുന്ന വില്ലേജുകൾ	:	വെണ്മണി
ബ്ലോക്ക് പഞ്ചായത്ത്	:	ചെങ്ങന്നൂർ
അസംബ്ലി മണ്ഡലം	:	ചെങ്ങന്നൂർ
ലോക്സഭാ മണ്ഡലം	:	മാവേലിക്കര
ജില്ലാപഞ്ചായത്ത്	:	ആലപ്പുഴ
വിസ്തീർണ്ണം	:	18.01 ച: കി. മീ
വാർഡ്	:	10
അതിരുകൾ	:	കിഴക്ക്: കുളനട പഞ്ചായത്ത് തെക്ക്: അച്ചൻകോവിലാറ് പടിഞ്ഞാറ്: ചെറിയനാട് പഞ്ചായത്ത് വടക്കു പടിഞ്ഞാറ്: ആലാ പഞ്ചായത്ത് വടക്ക്: മുളക്കുഴ പഞ്ചായത്ത്
ജനസംഖ്യ	:	20326
പുരുഷന്മാർ	:	9662
സ്ത്രീകൾ	:	10664
ജനസാന്ദ്രത	:	1107
സാക്ഷരർ	:	17079

പ്രസിഡന്റിന്റെ പേര് : ലീലാമ്മ തോമസ്

വൈസ് പ്രസിഡന്റിന്റെ പേര് : വി.സി. കുഞ്ഞുകുട്ടി

പ്രധാന സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	വാർഡ്	സ്ഥലം
1	പഞ്ചായത്താഫീസ്	6	കല്യാത്ര
2	കൃഷിഭവൻ	6	കല്യാത്ര
3	മൃഗാശുപത്രി	4	കുറ്റിക്കൽപ്പടി
4	പ്രൈമറി ഹെൽത്ത് സെന്റർ	4	ഇല്ലത്തുമേപ്പുറം
5	ആയുർവ്വേദാശുപത്രി	2	പുന്തല
6	വില്ലേജ് ആഫീസ്	4	ശാർങ്ങക്കാവ്
7	ഇലക്ട്രിക്കൽ സബ് എൻജിനിയർ ഓഫീസ്	6	കല്യാത്ര
8	പോലീസ്സ്റ്റേഷൻ	6	കല്യാത്ര
9	പോസ്റ്റോഫീസ്	6	കല്യാത്ര
10	സബ് പോസ്റ്റോഫീസ്	1	പുന്തല
11	സർവ്വീസ് സഹകരണ ബാങ്ക്	6	കല്യാത്ര
12	സർവ്വീസ് സഹകരണ സംഘങ്ങൾ	2	പുന്തല
		10	കരോട്
13	ക്ഷീര സഹകരണ സംഘങ്ങൾ	1	അമ്പിമുക്ക്
		6	ചെറിയാലുംമൂട്
		8	വെണ്മണി താഴം
14	മാവേലിസ്റ്റോർ	4	ഇല്ലത്തുമേപ്പുറം
15	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ	6	കല്യാത്ര
		4	ഇല്ലത്തുമേപ്പുറം
17	ഷോപ്പിംഗ് കോംപ്ലക്സ്	6	കല്യാത്ര
		10	പാറേച്ചന്ത



ക്രമ നമ്പർ	സ്ഥാപനം	വാർഡ്	സ്ഥലം
18	മാർക്കറ്റ്	6	കല്യാത്ര
		10	പാറേച്ചന്ത
19	വിദ്യാലയങ്ങൾ		
	എം.റ്റി. ഹൈസ്കൂൾ	6	കല്യാത്ര
	എൽ.എം. ഹൈസ്കൂൾ	5	തുരുത്തി ജംഗ്ഷൻ
	ബി.കെ.വി. യു.പി. സ്കൂൾ	1	അമ്പിമുക്ക്
	ശാലേം യു.പി. സ്കൂൾ	9	ശാലേം ജംഗ്ഷൻ
	സെന്റ് ജൂഡ്സ് യു.പി.എസ്സ്	7	കല്യാത്ര തെക്ക്
	എസ്സ്.എൻ.ഡി.പി. എൽ.പി. സ്കൂൾ	1	കക്കട
	ഗവ: ജെ.ബി. സ്കൂൾ	2	പുന്തല
	എം.റ്റി.എൽ.പി. സ്കൂൾ	2	പുന്തല
	ഈ.എ.എൽ.പി. സ്കൂൾ	4	ചാങ്ങമല
	എം.എസ്സ്.സി.എൽ.പി. സ്കൂൾ	5	തുരുത്തിമുക്ക്
	തച്ചപ്പള്ളി എൽ.പി.എസ്സ്	6	തച്ചപ്പള്ളി
	ഗവ: ജെ.ബി. സ്കൂൾ	6	കല്യാത്ര
	താഴം എൽ.പി. സ്കൂൾ	8	ഉളിയന്തറ
20	ശിശുവിഹാർ	10	പാറേചന്ത
21	ബാലവാടി (U.K.G. L.K.G)	4	ചാങ്ങമല
22	പബ്ലിക് ലൈബ്രററി & സാംസ്കാരിക കേന്ദ്രം	6	കല്യാത്ര
23	വിജ്ഞാനോദയം ഗ്രന്ഥശാല	2	പുന്തല
24	ഗ്രാമോദ്ധാരണ ഗ്രന്ഥശാല	9	കരോട്
25	ബാങ്കുകൾ		
	1. സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ	6	കല്യാത്ര
	2. സ്റ്റേറ്റ്ബാങ്ക് ഓഫ് ഇൻഡ്യ	6	കല്യാത്ര
	3. ജില്ലാ സഹകരണ ബാങ്ക്	6	കല്യാത്ര
26	I.C.D.P. സബ്സെന്റർ	1	പുന്തല
27	P.H. സബ്സെന്റർ (4 എണ്ണം)		

3


സാമൂഹിക സാംസ്കാരികചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കു ഭാഗത്ത് ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളെ വേർതിരിക്കുന്ന അച്ചൻകോവിലാറിന്റെ ആന്തോളനമേറ്റു കിടക്കുന്ന അഴകാർന്ന ഗ്രാമമാണ് വെണ്മണി. പ്രകൃതി ഭംഗി കവിഞ്ഞൊഴുകുന്ന ഈ പ്രദേശം ഫലഭൂയിഷ്ഠമായ മണ്ണുകൊണ്ട് അനുഗ്രഹീതമാണ്; അദ്ധ്വാനശീലരായ മനുഷ്യരെക്കൊണ്ട് സമ്പന്നമാണ്.

കേരളത്തിലെ ആദികാല ജനപഥങ്ങളിൽ ഏറ്റവും പ്രാചീനമായ ജനവാസകേന്ദ്രങ്ങളിൽ ഒന്നായിരുന്നു വെണ്മണി. 64 ബ്രാഹ്മണ ആവാസകേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്ന ഗ്രാമങ്ങളിൽ വച്ച് തെക്കേ അറ്റത്തുള്ളതാണ് വെണ്മണി ഗ്രാമം. പ്രകൃതി ക്ഷോഭമോ യുദ്ധക്കെടുതിയോ മറ്റോ കാരണമായി ഒരു കുടുംബം (കല്ലുമൺ മഠം) ഒഴികെയുള്ളവയെല്ലാം ഈ ഗ്രാമം വിട്ട് പന്തളം, അടൂർ, കുന്നത്തൂർ തുടങ്ങിയ തെക്കൻ ദിക്കുകളിലേക്ക് താമസം മാറ്റുകയുണ്ടായി. ഏതാണ്ട് എട്ടു പതിറ്റാണ്ടു മുമ്പു വരെ വെണ്മണിയുടെ മൂന്നിലൊന്നു ഭാഗം ഭൂമിയിലുള്ള അവകാശം അവർക്കുള്ളതായിരുന്നു.

ആദിവാസികൾ ഇവിടെ താമസിച്ചിരുന്നതായി പറയപ്പെടുന്നു. വളരെക്കാലം മുമ്പ് ഇവിടം വിട്ടു പോയിരുന്ന കാണിക്കാർ, കാക്കാലർ മുതലായ വിഭാഗങ്ങൾ ശാർങ്ങക്കാവു ക്ഷേത്രത്തിലെ വിഷു മഹോത്സവത്തിന് വെണ്മണി സന്ദർശിക്കാറുണ്ട്.

ഇരുനൂറ്റി അൻപതു വർഷങ്ങൾക്കു മുമ്പ് തിരുവിതാംകൂർ (വേണാട്) മഹാരാജാവ് മാർത്താണ്ഡവർമ്മ കായംകുളം രാജാവിനെ യുദ്ധത്തിൽ തോല്പിച്ചു. അക്കാലത്ത് മാർത്താണ്ഡവർമ്മയുടെ അപ്രീതിക്കു പാത്രമായ ബുധനൂർ പ്രദേശത്തെ പ്രമാണിമാരെ ഒരു പാഠം പഠിപ്പിക്കുക എന്ന ഉദ്ദേശത്തോടെ വെണ്മണി, ബുധനൂർ, പാണ്ടനാടു വഴി ഒഴുകിക്കൊണ്ടിരുന്ന അച്ചൻകോവിലാർ, ശാർങ്ങക്കാവു ക്ഷേത്രത്തിനു തൊട്ടു പടിഞ്ഞാറു വച്ച് ഗതിമാറ്റി ഒഴുക്കാൻ തീരുമാനിച്ചു. അങ്ങിനെയാണ് പുത്താറ്റിൻ കര നിന്നും പുതിയ മാർഗ്ഗത്തിലൂടെ വെട്ടിയ ആറ് 'വെട്ടിയാർ' പ്രദേശത്തും കൊല്ലകടവ് പ്രദേശത്തും കൂടി ഒഴുകിത്തുടങ്ങിയത്. കൊല്ലകടവു ഭാഗത്തെ മലപിളർന്നുള്ള അതിന്റെ ഗതി ഇടുങ്ങിയ മാർഗ്ഗത്തിലൂടെ ആയതിനാൽ വെണ്മണി,



പുന്തല പ്രദേശങ്ങൾ നിരന്തരമായി വെള്ള പ്പൊക്കക്കെടുതികൾക്ക് ഇരയായിത്തീർന്നു. തന്മൂലം അന്നുവരെ നിലനിന്നിരുന്ന കൃഷി രീതി ആകെ മാറി മറിഞ്ഞു.

കഴിഞ്ഞ നൂറ്റാണ്ടുകളിൽ വെണ്മണി നിവാസികളിൽ 90 ശതമാനവും കൃഷിയെ ആശ്രയിച്ചു കഴിഞ്ഞു പോന്നവരായിരുന്നു. 4300 ഏക്കറോളം വരുന്ന ഭൂമിയിൽ അതാതി ടത്തിനു പറ്റിയ കൃഷി ചെയ്തു പോന്നു. സമ്പന്ന വർഗ്ഗത്തിൽ പെട്ട25 ശതമാനം കൃഷി ക്കാർക്കും നിലവും പുരയിടവും താഴ്ന്ന സ്ഥലത്തും മലമ്പ്രദേശത്തുമുണ്ടായിരുന്നു. വെള്ളപ്പൊക്കത്തെ അതിജീവിച്ച് ഭക്ഷ്യവ സ്തുക്കൾ കാലാകാലം ലഭിക്കുന്നതിനുള്ള ഉപാധിയായിരുന്നു ഇത്.

കാർഷികവൃത്തിയിലൂടെ ഉപജീവനം നടത്തിയിരുന്ന ഈ ഗ്രാമവാസികൾ അദ്ധ്വാ നശീലരും സംസ്കാര സമ്പന്നരുമായിരുന്നു. കഴിഞ്ഞ അരനൂറ്റാണ്ടു കാലത്ത് വിദ്യാഭ്യാസ രംഗത്ത് അസൂയാവഹമായ മുന്നേറ്റമാണ് ഈ പ്രദേശത്തുണ്ടായത്. ഒരു നൂറ്റാണ്ടു പഴക്ക മുള്ള കല്യാത്ര ജെ.ബി. സ്കൂളും (അന്നത്തെ മലയാളം പള്ളിക്കൂടം), വെണ്മണി മാർത്തോമാ യു.പി. സ്കൂളും, മാവേലിക്കര ബിഷപ്പ് ഹോഡ്ജസ് ഹൈസ്കൂളും പന്തളം എൻ.എസ്സ്.എസ്സ്. കോളേജും വെണ്മണിയുടെ വിദ്യാഭ്യാസ പുരോഗതിയിൽ ആദ്യഘട്ടത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച സ്ഥാപനങ്ങ ളാണ്.

ദേശീയപ്രസ്ഥാനത്തിന്റെ അലയൊലി കൾ നമ്മുടെ ഗ്രാമത്തിലും ചില ചലനങ്ങൾ സൃഷ്ടിച്ചിരുന്നു. പക്ഷെ നേതൃനിരയിലേക്ക് ഉയരാൻ ആർക്കും കഴിഞ്ഞില്ല. സ്റ്റേറ്റു കോൺഗ്രസ്സിന്റെ പ്രവർത്തകരായി അന്നു നമ്മുടെ വില്ലേജിൽ അറിയപ്പെട്ടിരുന്നത് സർവ്വശ്രീ. വെട്ടത്തു ജി. വേലുപ്പിള്ള, ഇടശ്ശേ രേത്തു കൃഷ്ണപിള്ള, കാട്ടുവടക്കേതിൽ സി.ഒ. ജോർജ്ജ്, കൊച്ചമ്പോലിൽ എം.കെ. രാഘവപ്പണിക്കർ, കളേളാട്ടു മാധവക്കുറുപ്പ്, കോഴശ്ശേരിൽ ഗോപാലപിള്ള തുടങ്ങിയ ചുരുക്കം ചിലർ മാത്രമായിരുന്നു.

ഭാരതം സ്വതന്ത്രമായപ്പോഴും തിരുവി താംകൂർ രാജഭരണത്തിന്റെ കീഴിൽ അമർന്നി രിക്കുകയായിരുന്നുവല്ലൊ. ജനാധിപത്യ അവ കാശങ്ങൾ നിഷേധിക്കുന്ന കർക്കശമായ വില ക്കുകൾ നില നിന്നിരുന്നിട്ടും 1947 ആഗസ്റ്റ് 14 അർദ്ധരാത്രി സ്വാതന്ത്ര്യലബ്ധിയുടെ ധന്യ മുഹൂർത്തം കൊണ്ടാടാൻ ഒരു പറ്റം ദേശാഭി മാനികൾ ധീരത കാണിക്കുകയുണ്ടായി. സമയം അറിയുന്നതിനുള്ള ഘടികാരം പോലും അപൂർവ്വ വസ്തുവായിരുന്നതിനാൽ കല്യാത്ര മലയാളം സ്കൂളിലെ ഹെഡ്മാസ്റ്ററെ സ്വാധീനിച്ച് ടൈംപീസും മാർത്തോമാ സ്കൂളിൽ നിന്ന് ചേങ്ങലയും കൈക്കലാക്കി രാത്രി കൃത്യം 12 മണിക്കു തന്നെ ചേങ്ങല അടിച്ച് അവർ ആ ധന്യമുഹൂർത്തം വിളം ബരം ചെയ്തു. പിറ്റേന്നു പ്രഭാതത്തിൽ (ആഗസ്റ്റ്15) കല്യാത്ര മൈതാനത്ത് ത്രിവർണ്ണ പതാക ഉയർത്തി ഒരു പുതിയ യുഗത്തിന്റെ പിറവി കൊണ്ടാടി.

അന്നു പ്രളയകാലം കല്യാത്ര മൈതാനം വെള്ളത്തിനടിയിലാണ്. വെള്ള ഖദർത്തുണി മാത്രം ലഭ്യമായിരുന്ന ആ സമയത്ത് ത്രിവർണ്ണ പതാക ഉണ്ടാക്കാൻ വളരെ ബുദ്ധിമുട്ടുണ്ടായി. പുത്തൻ പുരക്കൽ നിന്നും സംഘടിപ്പിച്ച കൊയ്നാ ഗുളിക ചാലിച്ച് പച്ചനിറവും മഞ്ഞളും ചുണ്ണാമ്പും ചേർത്ത് കുങ്കുമ നിറവും നൽകി പതാക രൂപപ്പെടുത്തിയപ്പോഴേക്കും അതു പൂർണ്ണമായും നനഞ്ഞു പോയിരുന്നു. ഇസ്തിരിപ്പെട്ടി പോലും കിട്ടാൻ ബുദ്ധിമുട്ടു ണ്ടായിരുന്നതിനാൽ ഉരുളിചൂടാക്കി അതിൽ വച്ചുണക്കി എടുത്താണ് പതാക ഉയർത്തിയ തെന്നു പറയപ്പെടുന്നു.

ഈ രണ്ടു പരിപാടികളും നടപ്പാക്കി യത് സർവ്വശ്രീ. പി.ജി. അച്യുതൻപിള്ള (കീച്ചേരിൽ), നൈനാൻ (വെപ്പുംതറ) ഇ.ജി. ഉമ്മൻ (ഇലങ്കത്തിൽ), ഇ.ജി. ജോൺ (ഇലങ്ക ത്തിൽ), എം.എം. മാത്യു (മഠത്തിലേത്ത്),

കെ. ചാക്കോ (തേക്കിൽ), ശ്രീമതി. കുഞ്ഞമ്മ (പുത്തൻപുരക്കൽ) എന്നിവർ ചേർന്നാണ്. പതാകയുയർത്തൽ കർമ്മം നിർവ്വഹിച്ചത് ശ്രീ. പി.ജി. അച്യുതൻ പിള്ളയായിരുന്നു.

പഞ്ചായത്തിന്റെ പൂർവ്വ രൂപമായിരുന്ന വില്ലേജ് യൂണിയൻ വെണ്മണിയിൽ നിലവിൽ വന്നത് 1949 ഏപ്രിൽ മാസത്തിലാണ്. അന്നു കൊല്ലം ജില്ലയിലെ തിരുവല്ലാ താലൂക്കിൽപെട്ട പ്രദേശമായിരുന്നു വെണ്മണി. ഒരു രൂപാ കരം തീരുവയുള്ളവർക്കു മാത്രം വോട്ടവകാശം ഉണ്ടായിരുന്ന കാലം തിരുവല്ല തഹസീൽദാർ വെണ്മണിയിൽ വിളിച്ചു കൂട്ടിയ ഒരു പൗരയോഗത്തിൽ വച്ച് ആദ്യത്തെ വില്ലേജ് യൂണിയൻ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു. സർവ്വശ്രീ. മരത്തുംമൂട്ടിൽ ചെറിയാൻ തരകൻ, കള്ളോട്ടു മാധവക്കുറുപ്പ്, പുലുപ്പള്ളിൽ കെ.സി. ചാക്കോ, ചക്രത്തറ കേശവപിള്ള, കുറ്റിക്കൽ സി.ഒ. വർഗ്ഗീസ്, നാലൊന്നിൽ കൊച്ചുമ്മൻ, വാലുപറമ്പിൽ ടി.സി. തേവൻ എന്നിവരായിരുന്നു അംഗങ്ങൾ. ചക്കാലതെക്കേതിൽ ശ്ര. സി.റ്റി. ദാനിയേൽ വില്ലേജ് യൂണിയന്റെ ആദ്യത്തെ ക്ലാർക്കായി നിയമിക്കപ്പെട്ടു. ഇപ്പോൾ കല്യാത്രയിലുള്ള സഹകരണസംഘം കെട്ടിടത്തിലാണ് വില്ലേജ് യൂണിയൻ പ്രവർത്തിച്ചിരുന്നത്.


1953ൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നു. കല്ലമൺ മഠത്തിൽ ശ്രീ. ദേവർ ശ്രീധരർ പ്രസിഡന്റും സ്രീ. പി.ജി. അച്യുതൻ പിള്ള വൈസ് പ്രസിഡന്റുമായുള്ള ഭരണസമിതിയിൽ സർവ്വശ്രീ. പാതാനി ഇല്ലത്തു പരമേശ്വരൻ നമ്പൂതിരി, ചക്രത്തറ കേശവപിള്ള, തേക്കിൽ കെ. ചാക്കോ, കോഴശ്ശേരിൽ ഗോപാലപിള്ള, കള്ളോട്ടു മാധവക്കുറുപ്പ്, തുണ്ടിൽ കണ്ടൻ കാളി, ചക്രപ്പുര കുഞ്ഞുപിള്ള (അന്ന് കൊഴുവല്ലൂർ വെണ്മണി പഞ്ചായത്തിന്റെ ഭാഗമായിരുന്നു) അംഗങ്ങളുമായിരുന്നു. സർവ്വശ്രീ. മുരിക്കോലിൽ ഇടിക്കുള (പുന്തല), ചേപ്പനാലിൽ സി.വി. വർഗ്ഗീസ്, എസ്സ്. ഗോപാലൻ എന്നിവരും ഇടക്കാലത്ത് ഈ സമിതിയിൽ അംഗങ്ങളായിരുന്നു.

1963 ൽ നിലവിൽ വന്ന രണ്ടാമത്തെ പഞ്ചായത്തു ഭരണസമിതിയുടെ കാലാവധി, യഥാസമയം തെരഞ്ഞെടുപ്പു നടത്താതിരുന്നതിനാൽ, പതിനാറു വർഷം നീണ്ടു നിന്നു. സർവ്വശ്രീ. കെ.എസ്സ്. വാസുദേവശർമ്മ (പ്രസിഡന്റ്), ജി. വാസുദേവൻ പിള്ള (വൈസ് പ്രസിഡന്റ്), പരിയാരത്ത് സി. ജോർജ്ജ്, മഠത്തിലേത്ത് എം.എം. മാത്യു, കോഴശ്ശേരിൽ ദാമോദരക്കുറുപ്പ്, ചക്കാലേത്ത് സി.റ്റി. ദാനിയേൽ, കള്ളോട്ടു മാധവക്കുറുപ്പ്, തേക്കിൽ കെ. ജോർജ്ജ്, പടിഞ്ഞാറെത്തറ കുഞ്ഞച്ചൻ എന്നിവർ അടങ്ങിയതായിരുന്നു ഭരണസമിതി. ഏറ്റവും അധികം വനിതകൾ ഉള്ള വാർഡിൽ നിന്നും ഒരാളിനെ ഭരണസമിതിയിലേക്ക് നോമിനേറ്റു ചെയ്യാൻ അന്നു വ്യവസ്ഥയുണ്ടായിരുന്നു. ശ്രീമതി. കെ. ചന്ദ്രമതി (ഇന്നത്തെ രണ്ടാം വാർഡ് മെമ്പർ) അന്ന് നോമിനേറ്റു ചെയ്യപ്പെട്ട വനിതാ മെമ്പറായിരുന്നു. ഉദ്യോഗലബ്ധിയെത്തുടർന്ന് അവർ മെമ്പർ സ്ഥാനം രാജിവക്കുകയും പകരം ശ്രീമതി. എസ്.എൻ.സദനം ഗോമതി നോമിനേറ്റു ചെയ്യപ്പെടുകയുണ്ടായി.

1979 മുതൽ 84 വരെ ശ്രീ. കെ.ജി. ശങ്കരപ്പിള്ളയുടെ നേതൃത്വത്തിലുള്ള മൂന്നാമത്തെ പഞ്ചായത്തു ഭരണസമിതിയാണ് അധികാരത്തിൽ ഇരുന്നത്. ശ്രീ. പി.എം. കോശി വൈസ്പ്രസിഡന്റായിരുന്നു. സർവ്വശ്രീ. ആർ. തങ്കപ്പൻ പിള്ള, എം.എം. മാത്യു, വി.കെ. ചെല്ലപ്പൻ, പോത്തൻ ശാമുവേൽ, ഇ.എൻ. കൃഷ്ണപിള്ള, പി.എം. ജോർജ്ജ്, ശ്രീമതി. കെ.കെ. സരസമ്മ എന്നിവർ അംഗങ്ങളായിരുന്നു.

1985 മുതൽ 88 വരെ പഞ്ചായത്തുകളിൽ ജനകീയ ഭരണസമിതികൾ ഇല്ലായിരുന്നു.

1988 ൽ ശ്രീ. പി.എം. കോശി പ്രസിഡന്റും, ശ്രീ. ആർ. തങ്കപ്പൻ പിള്ള വൈസ്



പ്രസിഡന്റുമായി നാലാമത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. സർവ്വശ്രീ. എം.ഇ. ഈപ്പൻ, മോഹൻ കുമാർ, വി.കെ. ചെല്ലപ്പൻ, കെ.എൻ. വിശ്വനാഥൻ, ഏബ്രഹാം വർഗ്ഗീസ്, കോരുത് നൈനാൻ, ശ്രീമതി. പി. കെ. സുമതിയമ്മ, ശ്രീമതി. ഗ്രേസി ജോർജ്ജ് എന്നിവരായിരുന്നു മറ്റംഗങ്ങൾ.

കല്യാത്ര ജംഗ്ഷന് വടക്കു ഭാഗത്തുള്ള എൻ.എസ്സ്.എസ്സ്. കരയോഗമന്ദിരത്തിലാണ് പഞ്ചായത്താഫീസ് ആദ്യമായി പ്രവർത്തന മാരംഭിച്ചത്. പിന്നീട് ശ്രീ. കൃഷ്ണപുരം രാഘവൻപിള്ളയുടെ പക്കൽ നിന്നും വാങ്ങിയ വസ്തുവിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റി സ്ഥാപിച്ചു പരിമിതമായ സൗകര്യം മാത്രമുള്ള ഈ കെട്ടിടത്തിൽ 1995 വരെ ഓഫീസ് പ്രവർത്തിച്ചു.

കല്യാത്ര ജംഗ്ഷന് തെക്കുവശത്ത് പൊന്നുംവിലക്കെടുത്ത കോയിപ്പുറത്തു പുരയിടത്തിൽ പുതുതായി നിർമ്മിച്ച ഇരുനിലകെട്ടിടത്തിലാണ് ഇപ്പോൾ ഓഫീസ് പ്രവർത്തിക്കുന്നത്.

1995 ഒക്ടോബർ4-ാം തീയതി ശ്രീമതി. ഗ്രേസി ജോർജ്ജ് പ്രസിഡന്റായി അഞ്ചാമത്തെ പഞ്ചായത്തു ഭരണസമിതി രൂപീകരിക്കപ്പെട്ടു. ശ്രീ. വി.സി. കുഞ്ഞുകുട്ടി വൈസ്പ്രസിഡന്റായും പ്രൊഫ. ആർ. രാജഗോപാലൻ സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ശ്രീകുമാർ പുന്തല, ശ്രീമതി. കെ. ചന്ദ്രമതി, കുമാരി ചന്ദ്രികാതങ്കപ്പൻ, അഡ്വ. സഖറിയാ പുത്തനിട്ടി, ശ്രീ. കെ.ജി. സുധാകരക്കുറുപ്പ്, ശ്രീ. തോമസ് മാത്യു, പ്രൊഫ. ലീലാമ്മ തോമസ് എന്നിവർ അംഗങ്ങളുമാണ്.

96 ഒക്ടോബർ 7–ാം തീയതി ശ്രീമതി ഗ്രേസി ജോർജ് രാജിവച്ചതിനെ തുടർന്ന് ശ്രീമതി ലീലാമ്മ തോമസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റാന്റിംഗ് കമ്മിറ്റി ഇപ്പോൾ നിലവിലില്ല.

വെണ്മണിയുടെ ഇന്നലെകളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ഒട്ടേറെ സാമൂഹ്യ രാഷ്ട്രീയ സംഭവങ്ങൾ ഓർമ്മയിൽ തെളിഞ്ഞു വരുന്നു. ജന്മിത്തത്തിനെതിരെയുള്ള പോരാട്ടം കേരളമാകെ ശക്തി പ്രാപിച്ചിരുന്ന അൻപതുകളിൽ വെണ്മണിയിലും അതിന്റെ അലയടി ഉണ്ടായിട്ടുണ്ട്. 1952- ൽ കല്ലുമൺ മഠം വക ഭൂമിയിലെ മേലടി (കാവൽ) പ്രശ്നവുമായി ബന്ധപ്പെട്ട തൊഴിലാളി സമരം പ്രത്യേകം പരാമർശമർഹിക്കുന്നു. കളത്തിൽ ചാത്തൻ, പുത്തൻവിളയിൽ ജോർജ്ജ് എന്നിവർ കർഷകത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള നേതാക്കളായിരുന്നു. 1950 മുതൽ തന്നെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രവർത്തനം വെണ്മണിയിൽ ആരംഭിച്ചിരുന്നു. സർവ്വശ്രീ. കെ.ജി. ശങ്കരപ്പിള്ള, പി.ജി. അച്യുതൻ പിള്ള, മണ്ണാഴിയിൽ ഗോപാലപിള്ള, മണ്ണാഴിയിൽ കൃഷ്ണപിള്ള, ഈശാന ശർമ്മ, ദേവദത്ത ശർമ്മ എന്നിവർ ആദ്യകാല പ്രവർത്തകരായിരുന്നു. പ്രതികൂല സാഹചര്യങ്ങളെ നേരിട്ടുകൊണ്ട് വെണ്മണിയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് ത്യാഗപൂർണ്ണമായ പ്രവർത്തനം നടത്തിയ നേതാവാണ് ശ്രീ. കെ.ജി. ശങ്കരപ്പിള്ള.

വിമോചന സമരത്തെ തുടർന്ന് 1960ൽ നടന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ വിലക്കുകളെ ലംഘിച്ചുകൊണ്ട് സ്വന്തം സമ്മതിദാനാവകാശം സ്വതന്ത്രമായി വിനിയോഗിച്ചതിന്റെ പേരിൽ രക്തസാക്ഷിത്വം വരിച്ച വെണ്മണി ചാത്തൻ എന്നും സ്മരണീയനാണ്.

സംഭവ ബഹുലമായ കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ നിരവധി രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക നായകന്മാർ വെണ്മണിയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. സർവ്വശ്രീ. പട്ടം താണുപിള്ള, മന്നത്തു പത്മനാഭൻ, കുമ്പളത്തു ശങ്കുപിള്ള, ടി.എം. വർഗ്ഗീസ്, എ.കെ. ഗോപാലൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, എൻ. ശ്രീകണ്ഠൻ നായർ, എം.എൻ. ഗോവിന്ദൻ നായർ, പി.ടി. പുന്നൂസ്, ടി.വി. തോമസ്, കെ.സി. ജോർജ്ജ്, ആർ.എം. മനയ്ക്കാലത്ത്, എം.ആർ. മാധവവാര്യർ, കെ.ആർ. ഇലങ്കത്ത്, സി.എം. സ്റ്റീഫൻ, ശങ്കരനാരായണൻ തമ്പി,

തോപ്പിൽ ഭാസി, ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, ബിഷപ്പ് പൗലോസ് മാർ ഗ്രിഗോറിയോസ്, ശ്രീമതി. സുചേതാ കൃപലാനി, ബി.എൻ. ചക്രവർത്തി ഇ.എം.എസ്സ് നമ്പൂതിരിപ്പാട്, ഇ.കെ. നായനാർ, വി.എസ്സ്. അച്യുതാനന്ദൻ, കെ. കരുണാകരൻ, പി.കെ. വാസുദേവൻ നായർ, എ.പി. ഉദയഭാനു, എ.കെ. ആന്റണി, ശ്രീമതി. കെ.ആർ. ഗൗരിയമ്മ, വി.ആർ. കൃഷ്ണയ്യർ, തകഴി ശിവശങ്കരപ്പിള്ള, നിത്യചൈതന്യയതി, ബിഷപ് പൗലോസ് മാർ പൗലോസ്, സുകുമാർ അഴിക്കോട്, കടമ്മനിട്ട രാമകൃഷ്ണൻ എന്നിവർ ഇവരിൽ പ്രമുഖരാണ്.

വെണ്മണിയുടെ സാംസ്കാരിക മണ്ഡലത്തിന് മാറ്റുകൂട്ടുന്ന ഒട്ടേറെ സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും ഇവിടെ പ്രത്യേക പരാമർശം അർഹിക്കുന്നു. പ്രസിദ്ധമായ ക്ഷേത്രങ്ങളുടെ കൂട്ടത്തിൽ പ്രഥമ സ്ഥാനം അർഹിക്കുന്നത് ശാർങ്ങക്കാവ് ദേവീ ക്ഷേത്രമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രം ഏതുകാലത്തു സ്ഥാപിതമായി എന്നു വ്യക്തമല്ല. വനനിബിഢമായ ഈ പ്രദേശത്ത് ശാർങ്ങമഹർഷി എന്നൊരു താപസവര്യൻ തപസ്സിരുന്നതായും ഒരു വിഗ്രഹം പ്രതിഷ്ഠിച്ച് ആരാധിച്ചിരുന്നതായും വിശ്വസിക്കപ്പെടുന്നു. ശാർങ്ങ മഹർഷി തപസ്സിരുന്ന കാവ് പിൽക്കാലത്ത് ശാർങ്ങക്കാവ് എന്ന പേരിൽ അറിയപ്പെട്ടു. ശാർങ്ങമഹർഷിയുടെ കാലശേഷം പൂജാകർമ്മങ്ങൾ നടത്തുന്നതിനായി പന്തളത്തു രാജാവ് ഒരുബ്രാഹ്മണ കുടുംബത്തെ ഇവിടെ കൊണ്ടുവന്നു പാർപ്പിച്ചു. തലമുറകളായി ക്ഷേത്രത്തിന്റെ അവകാശം ഈ കുടുംബത്തിൽ നിക്ഷിപ്തമായിരിക്കുന്നു. മദ്ധ്യതിരുവിതാംകൂറിൽ എങ്ങും പ്രസിദ്ധമായ ശാർങ്ങക്കാവിലെ വിഷു മഹോത്സവം വമ്പിച്ച ജനാവലിയെ ആകർഷിക്കുന്നു.

കുതിരവട്ടം ശ്രീ ധർമ്മശാസ്താ ക്ഷേത്രം ചരിത്രമുറങ്ങുന്ന മറ്റൊരു പ്രശസ്ത ദേവാലയമാണ് . ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കുതിരപ്പട്ടാളം ഇവിടെ വന്നിരുന്നു എന്നും ധർമ്മശാസ്താവിന്റെ ശക്തികൊണ്ട് കുതിരകളെല്ലാം 'പെട്ടു'പോയെന്നും 'കുതിര പെട്ട സ്ഥലം' കാലക്രമത്തിൽ കുതിരവട്ടമായെന്നും ഐതീഹ്യം. ഇവിടുത്തെ 'ഇലന്തയും പടയും' എന്നറിയപ്പെടുന്ന പടയണി ഉത്സവം അടുത്ത ഗ്രാമപ്രദേശങ്ങളിലൊന്നും ഇല്ലാത്ത ഒരു വിശേഷാൽ പരിപാടിയാണ്.

വെണ്മണിയിലെ ക്രൈസ്തവ ദേവാലയങ്ങളിൽ ഏറ്റവും പുരാതനമായത് കല്യാത്രയ്ക്കു തെക്കുള്ള പഴയ പള്ളിയാണ്. (ഓർത്തഡോക്സ് പള്ളി).12-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നിലയ്ക്കൽ നിന്നും കടമ്പനാട്ടുനിന്നും ഇവിടെ എത്തിയ ക്രൈസ്തവർ അന്നത്തെ നാടുവാഴികളുടെ സഹായത്തോടെ ഇവിടെ ഒരു പള്ളി സ്ഥാപിച്ചു. 16-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ നാട്ടു രാജാക്കന്മാർ തമ്മിലുള്ള യുദ്ധത്തിനിടയിൽ ഈ ദേവാലയം തീ വച്ചു നശിപ്പിക്കപ്പെട്ടു. 17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പിള്ളർകാട് അമ്പലത്തിനു സമീപമുള്ള കൊച്ചുകോയിക്കലും വല്യകോയിക്കലും താമസിച്ചിരുന്ന പന്തളം രാജവംശത്തിൽപ്പെട്ടവരുടെ സഹായസഹകരണത്തോടു കൂടി ഇപ്പോഴത്തെ ദേവാലയം നില്ക്കുന്ന സ്ഥാനത്ത് ഒരു പള്ളി പണി കഴിപ്പിച്ചു. 1967-ൽ ഈ പള്ളി പുതുക്കിപ്പണിത് ഇന്നത്തെ നിലയിലാക്കി. എല്ലാ വർഷവും ചിങ്ങമാസത്തിൽ കൊണ്ടാടുന്ന ഈ പള്ളിയിലെ എട്ടു നോമ്പു പെരുനാൾ പ്രസിദ്ധമാണ്.

പുത്തൻപള്ളി എന്നറിയപ്പെടുന്ന വെണ്മണി സെഹിയോൻ മർത്തോമ്മാപള്ളി 1079 ധനുമാസം 23-ാം തീയതി വ്യാഴാഴ്ച ക്രിസ്തുമസ് ദിനത്തിൽ സ്ഥാപിതമായി. കൊല്ലവർഷം 1017ൽ മലങ്കരയിലുണ്ടായ നവീകരണ പ്രസ്ഥാനത്തോട് ആഭിമുഖ്യമുണ്ടായിരുന്ന വെണ്മണിയിലെ സുറിയാനി ക്രിസ്ത്യാനികൾ പുരാതനമായ വെണ്മണിപള്ളിയിൽ നിന്നും യാക്കോബായ കക്ഷിക്കാരുമായുണ്ടാക്കിയ ഉടമ്പടി പ്രകാരം കൊല്ലവർഷം1079ധനുമാസം18-ാം തീയതി ഇപ്പോ

ഴത്തെ പള്ളിസ്ഥാപിതമായത്.

കക്കടയിലും വെണ്മണിത്താഴത്തും സ്ഥിതിചെയ്യുന്ന രണ്ടു മുസ്ലീം ദേവാലയങ്ങൾ വളരെ പഴക്കമുള്ള രണ്ട് ആരാധനാലയങ്ങളാണ്. കക്കട പള്ളിയിലെ മകരം 25-ന്റെ നേർച്ച പ്രസിദ്ധമാണ്.

പ്രതിഭാധനരായ പല മഹത്വ്യക്തികളേയും സാഹിത്യ-സാംസ്കാരിക മണ്ഡലത്തിന് സംഭാവന ചെയ്യാൻ നമ്മുടെ നാടിനു കഴിഞ്ഞിട്ടുണ്ട്.

അർഹിക്കുന്ന അഗീകാരം ലഭിക്കാതെ പോയ ഒരനുഗ്രഹീത സാഹിത്യകാരനായിരുന്നു പുന്തല പാതാനി ഇല്ലത്തു ശ്രീ. പരമേശ്വരൻ നമ്പൂതിരി. (ശ്രീ. ഗദാധരൻ നമ്പൂതിരിയുടെ പിതാവ്). പന്തളം കേരളവർമ്മയുടെ സഹചാരിയായിരുന്ന അദ്ദേഹത്തിന്റെ പ്രധാന കൃതികൾ ഉമാകേരളം (ആട്ടക്കഥ), ഭഗവത്ദൂത് (ആട്ടക്കഥ), ഒറ്റതിരിഞ്ഞ കൊമ്പൻ, മംഗളമധുളി, കവിതാഞ്ജലി എന്നിവയാണ്. പുന്തല വിജ്ഞാനോദയം ഗ്രന്ഥശാലയുടെ സ്ഥാപകനും ആജീവനാന്ത പ്രസിഡന്റുമായിരുന്ന ഇദ്ദേഹം വെണ്മണിയിലെ ആദ്യത്തെ പഞ്ചായത്തു ഭരണസമിതിയിലെ അംഗമായിരിക്കെ 1956-ൽ അന്തരിച്ചു.

വിക്ടർ യൂഗോയുടെ പ്രസിദ്ധമായ 'ദി ഹഞ്ച് ബാക്ക് ഓഫ് നോത്രദാം' എന്ന കൃതി 'നോത്രദാമിലെ കൂനൻ' എന്ന പേരിൽ മലയാളിത്തിലേക്ക് പരിഭാഷപ്പെടുത്തിയ ശ്രീ. വെണ്മണി ശങ്കരവാര്യർ കേരള സാഹിത്യ ചരിത്രത്തിൽ സ്ഥാനം പടിച്ചിട്ടുണ്ട്.

'രാജകുമാരി' എന്ന ഒറ്റ നോവലിലൂടെ തന്റെ പ്രതിഭ പ്രകടിപ്പിച്ച വ്യക്തിയാണ് നാടാവള്ളി ശ്രീ. എൻ.എം. ദാനിയേൽ (ശ്രീ. രാജൻ ദാനിയേലിന്റെ പിതാവ്).

ഹരികഥാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്ന നിലയിൽ കേരളമെങ്ങും പ്രശസ്തനായ ശ്രീ. കൃഷ്ണപുരം രാഘവൻ പിള്ള ജന്മം കൊണ്ട് അന്യനാട്ടുകാരനെങ്കിലും വെണ്മണിയുടെ അഭിമാനമാണ്. 1913ൽ കൃഷ്ണപുരത്തു ജനിച്ച ഇദ്ദേഹത്തിന്റെ സാംസ്കാരിക ജീവിതത്തിന്റെ പുഷ്ക്കല കാലം വെണ്മണിയിൽ ആയിരുന്നു. അഖില ഭാരത അയ്യപ്പ സേവാ സംഘത്തിന്റെ രൂപീകരണത്തിൽ പ്രധാന പങ്കു വഹിച്ച ഇദ്ദേഹത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും 'കലാരത്നം' ബഹുമതി ലഭിച്ചിട്ടുണ്ട്. 1976 ൽ അന്തരിച്ചു.

അഹിന്ദി സംസ്ഥാനങ്ങളിലെ ഹിന്ദി പ്രചാരണത്തിന് ഗണ്യമായ സംഭാവന നൽകുന്ന ഗ്രന്ഥ കർത്താവിന് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് നേടിയ ശ്രീ. ആർ.സി. ദേവ് സാഹിത്യകാരനും അദ്ധ്യാപക ശ്രേഷ്ഠനുമാണ്. സ്വപ്രയത്നത്താൽ ഉയർന്നുവന്ന് മഹാരാജാസ് കോളേജ് പ്രൊഫസ്സർ പദവിയിൽ വരെ എത്തിയ ഇദ്ദേഹം വെണ്മണി പടിഞ്ഞാറ് വരമ്പത്ത് കുടുംബാംഗമാണ്.,

കേരളാസർക്കിൾ പോസ്റ്റ്മാസ്റ്റർ ജനറൽ ശ്രീ. തോമസ്സ് വർഗ്ഗീസ് വെണ്മണി സ്വദേശിയാണ്.

പ്രസിദ്ധ സംസ്കൃത പണ്ഡിതനും ഉന്നത വിദ്യാഭ്യാസ രംഗത്തെ കഴിവുറ്റ അദ്ധ്യാപകനുമായിരുന്ന യശ:ശ്ശരീരനായ പാറേത്ത് ഇല്ലത്ത് ശ്രീ. പരമേശ്വരൻ നമ്പൂതിരി, അമേരിക്കയിൽ സർവ്വകലാശാലാദ്ധ്യാപകൻ ആയിരുന്ന ആറ്റുപുറത്തു ശ്രീ. എ.ജെ. ചാണ്ടി, ജെ.എൻ. യു വിൽ സേവനം അനുഷ്ഠിക്കുന്ന തറയിലേത്ത് ശ്രീ. ടി.കെ. ഉമ്മൻ, വിദേശ സർവ്വകലാശാലകളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്ന ഡോ. തോമസ്സ് വർഗ്ഗീസ്, മലയാള ടി.വി. സീരിയൽ നിർമ്മാണ-സംവിധാന രംഗത്ത് അഗ്രഗാമിയായ ശ്രീ. ജി.കെ. അനിയൻ (പോണത്തേത്ത് യശ:ശ്ശരീരനായ ശ്രീ. പി.കെ. നാരായണപിള്ളയുടെ പുത്രൻ) എന്നിവർ നമ്മുടെ നാടിന് അഭമാനിക്കാവുന്ന വ്യക്തികളാണ്.

കുടുംബപാരമ്പര്യമായി ആയുർവ്വേദ ചികിത്സയിലും വിശിഷ്യാ വിഷ ചികിത്സയിലും പ്രശസ്തനായിരുന്ന ഇരട്ടവേലിൽ പടിഞ്ഞാറെ മൗട്ടത്ത് ശ്രീ. കൃഷ്ണപിള്ള (ശ്രീ.

എം.കെ. രാഘവപ്പണിക്കരുടെ പിതാവ്) ഒരു കാലഘട്ടത്തിൽ ആതുര സേവനരംഗത്ത് നാടിന്റെ അത്താണിയായിരുന്നു. പൊതുകാര്യ പ്രസക്തൻ കൂടിയായിരുന്ന ഇദ്ദേഹം പ്രതിഫലേച്ഛ കൂടാതെ ആതുര സേവനം നടത്തിയിരുന്നു.


പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനും ഗ്രന്ഥകാരനുമായ ഡോ. എം.എ. ഉമ്മൻ വെണ്മണിയുടെ പ്രശസ്ത പുത്രന്മാരിൽ ഒരാളാണ്. മലയിൽ പീടികയിൽ ശ്രീ. എം.ഒ. ഏബ്രഹാമിന്റെ (കുട്ടിസാർ) സീമന്ത പുത്രനാണ്. കേരളാ, കോഴിക്കോട് സർവ്വകലാശാലകളിലും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവണ്മെന്റിലും (IMG) പ്രൊഫസ്സറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. ഇപ്പോൾ ഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽസയൻസ് എന്ന സ്ഥാപനത്തിൽ സേവന മനുഷ്ഠിക്കുന്നു.

നമ്മുടെ നാടിന്റെ വികസനത്തിന് വ്യക്തികളും സന്നദ്ധസംഘടനകളും ട്രേഡ് യൂണിയനുകളും മറ്റും നൽകിയ സംഭാവന വിലപ്പെട്ടതാണ്. നമ്മുടെ ഗ്രാമത്തിലെ മിക്ക റോഡുകളും ആദ്യം നിർമ്മിച്ചത് സന്നദ്ധ പ്രവർത്തനത്തിലൂടെയാണ്. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിരിക്കുന്ന സ്ഥലം കൊട്ടാരത്തിൽ ശ്രീ. നീലകണ്ഠൻ നമ്പൂതിരി സൗജന്യമായി നൽകിയതാണ്. നമ്മുടെ പൂർവ്വികർ കാണിച്ച ത്യാഗമനോഭാവവും സേവന സന്നദ്ധതയും സമീപകാലത്തായി സമൂഹത്തിൽ നിന്നും അന്യമായിക്കൊണ്ടിരിക്കുകയാണ്. നാടിന്റെ വളർച്ചയാണ് സ്വന്തം വളർച്ച എന്ന ബോധനിലവാരത്തിലേക്ക് ഉയരാൻ നമുക്ക് കഴിയണം. ഉദാരമായ സാമ്പത്തിക സഹകരണവും സന്നദ്ധ സേവനവും ഉണ്ടായെങ്കിൽ മാത്രമേ നാം വിഭാവന ചെയ്യുന്ന വികസനം സാദ്ധ്യമാവു.

കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തെ ചരിത്രം പരിശോധിച്ചാൽ വിദ്യാഭ്യാസം, റോഡ്, ഗതാഗതം, വൈദ്യുതി, വാർത്താവിനിമയം തുടങ്ങിയ രംഗങ്ങളിൽ ഗണ്യമായ വളർച്ച നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നു കാണാം. എന്നാൽ കാർഷിക മേഖലയിൽ, പ്രത്യേകിച്ചും നെല്ലുല്പാദനത്തിൽ ഒരു വലിയ പിന്നോട്ടടിയാണ് സംഭവിച്ചിരിക്കുന്നത്. വ്യവസായിക രംഗത്ത് യാതൊരു വളർച്ചയും ഉണ്ടായിട്ടില്ല. ഗൾഫ് പണത്തിന്റെ വേലിയേറ്റത്തിൽ വൻ മുതൽ മുടക്കുള്ള കെട്ടിടങ്ങൾ പെരുകിയെങ്കിലും പട്ടികജാതി ദുർബ്ബല വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം രൂക്ഷമായി തുടരുകയാണ്.

ഈ ഭൂമി നമ്മുടെ സ്വന്തമല്ല. ഇതു കൂടുതൽ സമ്പൽ സമൃദ്ധമാക്കി വരുംതലമുറക്ക് കൈമാറുവാനായി നമ്മെ ഏല്പിച്ചിരിക്കയാണ്. ഈ മഹത്തായ ദൗത്യം നിറവേറ്റുക എന്ന ഭാരിച്ച ചുമതലയാണ് നമ്മിൽ അർപ്പിതമായിരിക്കുന്നത്. മൺമറഞ്ഞു പോയ നമ്മുടെ പൂർവ്വീകരുടെ നല്ല പാരമ്പര്യം നമുക്ക് മാർഗ്ഗ ദീപമാകണം. അതുവഴി ഒരു പുതിയ വികസന സംസ്കാരം ഉദിച്ചുയരുമെന്ന് നമുക്കു പ്രത്യാശിക്കാം.

❑



4

ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി

ആലപ്പുഴ ജില്ലയിൽ, ചെങ്ങന്നൂർ താലൂക്കിന്റെ തെക്കു കിഴക്കു ഭാഗത്തായി അക്ഷാംശം വടക്ക് 9°–11' നും 9°–16'നും രേഖാംശം കിഴക്ക് 76° – 39' നും 76° – 45' നും മദ്ധ്യത്തിലാണ് വെണ്മണി പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പശ്ചിമഘട്ടത്തിലെ അച്ചൻ കോവിൽ മലകളിൽ നിന്നുത്ഭവിച്ച് ഉദ്ദേശം 90 കി.മീ. ഒഴുകി പമ്പയോട് ചേർന്ന് വേമ്പനാട്ടു കായലിൽ പതിക്കുന്ന അച്ചൻ കോവിലാറ് ഏകദേശം 8 കി.മീ. നീളത്തിൽ വെണ്മണിയുടെ തെക്കേ അതിരിട്ടൊഴുകുന്നു. ഈ പഞ്ചായത്തിന്റെ കിഴക്ക്, പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽപെട്ട കുളനട പഞ്ചായത്തും വടക്ക് ആലപ്പുഴ ജില്ലയിലെ മുളക്കുഴ പഞ്ചായത്തും വടക്കു പടിഞ്ഞാറ് ആലാ പഞ്ചായത്തും നേരെ പടിഞ്ഞാറ് ചെറിയനാട് പഞ്ചായത്തും അതിർത്തി കുറിക്കുന്നു.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 1803 ഹെക്ടർ, 92 ആർ, 45 ച: മീ. (വില്ലേജ് ആഫീസിലെ കണക്ക്) ആണ്. ഇതിൽ 1284 ഹെക്ടർ, 42 ആർ 7 ച: മീ. പുരയിടവും 351 ഹെക്ടർ, 65 ആർ, 46 ച.മീ. നിലവുമാണ്. ശേഷിക്കുന്ന 167 ഹെക്ടർ, 84 ആർ, 93 ച.മീ. വിസ്തീർണ്ണത്തിൽ റോഡുകൾ, തോടുകൾ, ചാലുകൾ, കുളങ്ങൾ ഇവയെല്ലാം ഉൾപ്പെടുന്നു. വെണ്മണി പഞ്ചായത്തിന്റെ അധികാരാതിർത്തിയിൽ വരുന്ന അച്ചൻകോവിലാറിന്റെ ഭാഗത്തിന് 44 ഹെക്ടർ 73 ആർ വിസ്തീർണ്ണമുണ്ട്.

ഭൂപ്രകൃതി അനുസരിച്ച് വെണ്മണി പഞ്ചായത്തിനെ 7 വ്യത്യസ്ത മേഖലകളായി തിരിക്കാം.

1. കുന്നുകൾ
2. കുന്നിൻ പുറത്തുള്ള സമതലം
3. വലിയ ചരിവുകൾ
4. ചെറിയ ചരിവുകൾ
5. നദീതീര സമതലം
6. പാടങ്ങൾ
7. വെള്ളക്കെട്ടുകൾ

ഒന്നാം വാർഡിൽപ്പെടുന്ന ആമക്കുന്നു മോടിയും പത്താം വാർഡിൽപ്പെടുന്ന കുതിര വട്ടവുമാണ് വെണ്മണി പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. ചെങ്കൽ മണ്ണാണ് ഈ പ്രദേശത്തു കാണപ്പെടുന്നത്. ഏറ്റവും താഴ്ന്ന പ്രദേശം ഏഴാം വാർഡിലെ മുണ്ടോടി – ചേറ്റാളപ്പുഞ്ച ഭാഗമാണ്. 40%ത്തോളം വരുന്ന ഉയർന്ന പ്രദേശങ്ങൾ 1, 4, 9, 10 എന്നീ വാർഡുകളിലായി കിടക്കുന്നു. 2, 7, 8 എന്നീ വാർഡുകൾ പൂർണ്ണമായും താഴ്ന്ന പ്രദേശങ്ങളാണ്.

പ്രധാനമായും നാലുതരം മണ്ണുകളാണ് ഈ പഞ്ചായത്തിൽ കാണപ്പെടുന്നത്. സമതലങ്ങളിൽ പശിമരാശി മണ്ണും പാടങ്ങളിൽ കളിമണ്ണും, കുന്നുകൾ, ചരിവുകൾ എന്നിവിടങ്ങലിൽ ചരൽ കലർന്ന ചെമ്മണ്ണും ആറ്റു തീരങ്ങളിൽ ചൊരിമണലുമാണ്.

മഴക്കാലത്ത് ഏറ്റവും രൂക്ഷമായ വെള്ള പ്പൊക്കക്കെടുത്തിക്ക് ഇരയാകുന്ന പ്രദേശങ്ങൾ 2, 3 (പുന്തല) 5, 6, 7, 8 എന്നീ വാർഡുകളിലാണ്.

സംസ്ഥാനത്തിന്റെ ആളോഹരി കൃഷി ഭൂമി 0.07 ഹെക്ടർ ആയിരിക്കുമ്പോൾ വെണ്മണിയിലേത് 0.08 ഹെക്ടറാണ്. അതായത് സംസ്ഥാന ശരാശരിയേക്കാൾ അല്പം കൂടുതൽ.

ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത പൊതുവേ കുറവാണെങ്കിലും, ജല ലഭ്യത കൂടിയ ഒറ്റപ്പെട്ട പ്രദേശങ്ങളുമുണ്ട്. റബ്ബർ, തെങ്ങ്, മരച്ചീനി ഇവയാണ് കൃഷി ചെയ്യപ്പെടുന്ന പ്രധാനവിളകൾ. ചരിവു പ്രദേശങ്ങളിൽ റബ്ബർ, തെങ്ങ്, കമുക്, ഇവ കൃഷി ചെയ്യുന്നു. എക്കൽ കലർന്ന മണലുള്ള താഴ്ന്ന പ്രദേശങ്ങൾ ധാരാളം മഴവെള്ളം ശേഖരിക്കുന്ന ഭൂവിഭാഗമായതിനാൽ ജലലഭ്യത കൂടുതലാണ്. നെല്ല്, വാഴ, മരച്ചീനി, പച്ചക്കറി, വെറ്റില, തുടങ്ങിയവയാണ് ഇവിടുത്തെ പ്രധാന കൃഷികൾ.

ജലപ്രകൃതി

ഒരു വർഷത്തിൽ ശരാശരി 3100 മി,മീ. മഴ ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ഈ ജലം നേരിട്ടും ഭൂഗർഭമായിട്ടും തോടുകൾ, ചാലുകൾ, അരുവികൾ, കുളങ്ങൾ, നീരുറവകൾ, കിണറുകൾ എന്നിവയിലൂടെയും ഉപയോഗിക്കപ്പെടുന്നു. മുൻകാലങ്ങളിലെപ്പോലെ കൃത്യസമയത്തു വർഷപാതമുണ്ടാകാത്തതിനാൽ കൃഷിരംഗത്തു വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

ചാലുകൾ, കുളങ്ങൾ, കുഴികൾ എന്നിങ്ങനെ 14 പ്രധാന ജലാശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അതിന്റെ പട്ടിക താഴെ കൊടുക്കുന്നു.


1. വെട്ടുവേലിൽ ചാൽ
2. പള്ളകുളം ചാൽ
3. വാളകം ചാൽ
4. നാവോലിൽ ചാൽ
5. കോയിപ്പുറത്തു ചാൽ
6. പഴൂർക്കുഴി
7. കാവനാൽക്കുഴി
8. പത്തായക്കല്ലുകുഴി
9. കോമൻക്കുളങ്ങര ചാൽ
10. പല്ലോന്നിച്ചാൽ
11. പടിഞ്ഞാറ്റം ചാങ്ങച്ചാൽ
12. മുണ്ടോടിക്കുഴി
13. താന്തോന്നിക്കുളം
14. കുതിരവട്ടം ചിറ (ചാൽ)

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും ജലഉപഭോഗത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ കുന്നിൻപ്രദേശങ്ങളിലും ഉയർന്ന ചരിവു പ്രദേശങ്ങളിലും വേനൽക്കാലത്ത് കടുത്ത ജലദൗർലഭ്യം അനുഭവപ്പെടുന്നു.

മഴവെള്ളത്തിന്റെ മഹാഭൂരിഭാഗവും നദിയിലൂടെ ഒഴുകി സമുദ്രത്തിൽ പതിക്കുന്നു. ഒരു ഭാഗം ഭൂഗർഭജലമായും മാറുന്നു. പഞ്ചായത്തിലെ ജലസ്രോതസുകളുടെ സംരക്ഷണത്തിന് ശേഷി വർദ്ധിപ്പിക്കുന്നതിനു വേണ്ടി വൃക്ഷവൽക്കരണം ട്രഞ്ചിംഗ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ചെറുതും വലുതുമായ നിരവധി നീരൊഴുക്കു തോടുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. കൃഷിഭൂമിയുടെ പോഷണത്തിന് ഈ തോടുകൾ അനിവാര്യമാണ്. എന്നാൽ നീരൊഴുക്കു തോടുകൾ കൈയേറി നികത്തി സ്വന്തം ഭൂമിയോടു ചേർക്കാനുള്ള വ്യഗ്രതയാണ് പലരും കാണിച്ചിട്ടുള്ളത്. തക്ക സമയത്ത് ഇടപെട്ട് ഈ ദ്രോഹ നടപടി തടയാൻ അധികാരികൾ തയ്യാറാകാതിരുന്നത് മൂലമാണ് ഇങ്ങനെ സംഭവിച്ചത്. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും കൃഷിക്ക് ദോഷം വരുത്തുകയും ചെയ്യുന്ന ഇത്തരം പ്രവൃത്തികൾ മേലിൽ ഉണ്ടാകാതിരിക്കാൻ ഗ്രാമപഞ്ചായത്തു ശ്രദ്ധിക്കേണ്ടതുമാണ്.

ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം വെണ്മണിയിലെ ജനസംഖ്യ 20,326 ആണ്. (പട്ടിക–1 കാണുക) അതിൽ 9662 പുരുഷന്മാരും, 10,664 സ്ത്രീകളുമാണ്. 1000 പുരുഷന്മാർക്ക് 1103 സ്ത്രീകളാണുള്ളത്. ജനസാന്ദ്രത ച.കി.മീ. ന് 1173 ആണ്. അകെ വീടുകളുടെ എണ്ണം 5473. വീടൊന്നിന് 3.7 ആൾക്കാർ വീതമുണ്ട്. ബഹുഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. എന്നാൽ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും മറ്റു സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരും താരതമ്യേന ഈ പഞ്ചായത്തിൽ കൂടുതലുണ്ട്. മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലും ജോലി ചെയ്യുന്നവരുടെ എണ്ണവും ഒട്ടും കുറവല്ല.



പട്ടിക – 1

ജനസംഖ്യാ കണക്ക്.

വാർഡ് നമ്പരും പേരും	പഞ്ചായത്തിന്റെ വിസ്തൃതി	താമസ മുള്ള വീട്	മൊത്തം വീട്	മൊത്തം ജനസംഖ്യ			0-6 വയസ്സുവരെ പ്രായമുള്ളവർ			പട്ടികജാതി			സാക്ഷരർ	
	ച.കി.മി.			ആകെ	പുരു.	സ്ത്രീ.	ആകെ	പുരു.	സ്ത്രീ	പുരു.	സ്ത്രീ.	ആകെ.	പുരു.	സ്ത്രീ.
1. പുന്തല ഏറം		388	388	1692	787	905	186	83	103	63	54	117	764	740
2. പുന്തല ഏറം		390	396	1686	818	868	172	86	86	33	125	258	710	724
3. പുന്തല താഴം		363	367	1614	732	882	176	84	92	170	187	357	614	03
4. വെണ്മണി ഏറം		394	404	1733	827	906	163	84	79	320	329	649	714	752
5. വെണ്മണി ഏറം		460	461	2151	1011	1140	221	97	124	205	232	437	890	960
6. വെണ്മണി കിഴക്ക്	18.01	461	462	2074	997	1077	210	111	99	63	68	131	870	930
7. വെണ്മണി പടിഞ്ഞാറ്		580	580	2795	1423	1372	196	158	138	388	379	767	1214	1146
8. വെണ്മണി താഴം		462	462	2111	964	1147	215	112	103	91	107	198	837	987
9. കോട്ട്. കരോട്		503	503	2318	1062	1256	283	144	139	196	225	421	871	1015
10. കോ. കരോട്		467	467	2152	1041	1111	235	113	122	198	183	381	866	868
ആകെ		4471	4490	20326	9662	10664	2157	1072	1085	1827	1889		8254	8825

5.1

കൃഷിയും ജലസേചനവും

പരമ്പരാഗതമായി കാർഷിക വൃത്തി ജീവിതോപാധിയായി സ്വീകരിച്ച ഒരു ഗ്രാമമാണ് വെണ്മണി. 4451 ഏക്കർ ഭൂവിസ്തൃതിയും 21000 ജനസംഖ്യയുമുള്ള ഈ പഞ്ചായത്ത് അച്ചൻകോവിലാറിന്റെ തീരത്തായി സ്ഥിതിചെയ്യുന്നു. ഈ പ്രദേശത്തെ മുഖ്യകൃഷി നെല്ല്, മരച്ചീനി, കിഴങ്ങു വർഗ്ഗങ്ങൾ, നേന്ത്രവാഴ, കുടിവാഴ എന്നിവയാണ്. അടുത്തകാലം വരെ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ നേന്ത്രവാഴ, മരച്ചീനി, ഇടവിളകളായ ചേന, കാച്ചിൽ മുതലായ കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്യുകയും ആലപ്പുഴ ജില്ലയുടെ പടിഞ്ഞാറൻമേഖലകളിലേക്ക് കയറ്റി അയയ്ക്കുകയും ചെയ്തിരുന്നു. വിവിധങ്ങളായകാരണങ്ങളാൽആകൃഷികൾഉപേക്ഷിച്ച്റബ്ബർ കൃഷിചെയ്യുന്നതിൽ കർഷകർ ഇന്ന് ഉത്സുകരായിരിക്കുന്നു.

ഭൂരിഭാഗം ഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. 1802 ഹെക്ടർ വിസ്തൃതി ഉള്ളതിൽ പുഞ്ചയും വിരിപ്പുമായി 338 ഹെക്ടർ നിലമുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 പാടശേഖരങ്ങളാണുള്ളത്. ഏറ്റവും വിസ്തൃതികൂടിയ പുഞ്ചനിലം ചാങ്ങപ്പാടവും, ഏറ്റവും വിസ്തൃതിയുള്ള വിരുപ്പുനിലം മാമ്പറപ്പാടവുമാണ്. ബാക്കിയുള്ള പാടശേഖരങ്ങൾ ശരാശരി15 ഹെക്ടർ വിസ്തൃതിയുള്ളതാണ്. ആവക ഭൂമിയുടെ20%നെൽ കൃഷിചെയ്യുന്ന വയലുകളാണ്.

ജലസേചനത്തിനായി P.I.P വെണ്മണി ബ്രാഞ്ചു കനാലും മുളക്കുഴ ബ്രാഞ്ചുകനാലും ഉണ്ടെങ്കിലും ഭാഗികമായ ജലസേചനസൗകര്യമേ വെണ്മണി ബ്രാഞ്ചുകനാലിൽ നിന്നും ലഭിക്കുന്നുള്ളു. മുളക്കുഴ ബ്രാഞ്ചുകനാൽ പരാജയമാണ്. ഈ കുറവ് ഒരു പരിധിവരെ പരിഹരിക്കുന്നത് പഞ്ചായത്ത് വകയും മൈനർ ഇറിഗേഷൻ വകയുമായുള്ള ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം അച്ചൻകോവിലാറ്റിൽ ഏർപ്പെടുത്തിയിട്ടുള്ളതു കൊണ്ടാണ്.

പാടശേഖരങ്ങളിലെ ജലനിർഗ്ഗമന സൗകര്യങ്ങൾക്കുണ്ടായിരുന്ന തോടുകൾ മുഴുവൻ സ്വകാര്യ വ്യക്തികൾ സ്ഥാപിത താല്പര്യങ്ങൾ വച്ച് നികത്തിയതുമൂലം ഇന്ന് ഉപയോഗപ്രദമല്ല. മുൻകാലങ്ങളിൽ ജലസേചനത്തിനായി അച്ചൻകോവിലാറ്റിൽ അവിടെവിടെയായി ചിറകൾ കെട്ടുക പതിവായിരുന്നു. ഇന്ന് അതും നിലച്ചു. മണൽ വാരൽ മൂലം

ആറ് ക്രമാതീതമായി താഴുന്നതിനാൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ ജലംപോലും ഇപ്പോൾ ലഭ്യമല്ല.

ആദികാലങ്ങളിൽ ജലസേചനത്തിനായി ചക്രം, തോണി, തേക്കൊട്ട ഇവയാണ് ഉപയോഗിച്ചിരുന്നത്. കീടനിയന്ത്രണത്തിനായി കുട്ടവീശൽ, ചാരം പറപ്പിക്കൽ എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചിരുന്നു.

ഏതാണ്ട് 1960 മുതലാണ് ഏറിയതോതിലുള്ള രാസവളപ്രയോഗരീതിയും കീടനാശിനിപ്രയോഗവും നടപ്പിലായത്. ഈ പുതിയ സംവിധാനത്തിൽ നെല്ലുല്പാദനം ഗണ്യമായി വർദ്ധിച്ചു.


ഭൂവിനിയോഗം

ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1802 ഹെക്ടർ ആണെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. പഞ്ചായത്തിന്റെ ആറ്റുതീരത്തോടു ചേർന്ന പ്രദേശങ്ങളിൽ മണലു കലർന്നമണ്ണും അതിനു മുകളിലായി പശിമയുള്ള മണ്ണുമാണ്. ഇത് ആകെ വിസ്തീർണ്ണത്തിന്റെ ഏകദേശം 75% വരും ബാക്കി വരുന്നത് ചരൽ കലർന്ന ചുവന്ന മണ്ണും ചതുപ്പു ഉൾപ്പടെയുള്ള നിലങ്ങളുമാണ്. വിവിധ ഇനം വിളകളുടെ ഭൂവിനിയോഗം ചുവടെ ചേർക്കുന്നു.

പട്ടിക – 1

ക്രമ നമ്പർ	വിളഇനം (ഹെക്ടർ)	വിസ്തൃതി	ശതമാനം
1	തെങ്ങ്	825	
2	നെല്ല്	338	
3	മരച്ചീനി	295	
4	വാഴ (നേന്ത്രവാഴ കുടിവാഴ)	160	
5	കുരുമുളക്	031	
6	റബ്ബർ	228	
7	പച്ചക്കറി	200	
8	കമുക്	122	
9	ഇഞ്ചി	20	
10	കരിമ്പ്	2	
11	തരിശ്	4	
12	ചതുപ്പ്	120	

(ഇടവിളകളുടെ ഭൂവിനിയോഗം കൂടി കണക്കാക്കുന്നതുകൊണ്ടാണ് മൊത്തം വിസ്തീർണ്ണം യഥാർത്ഥ വിസ്തീർണ്ണത്തിൽ കവിഞ്ഞു കാണുന്നത്)



നെൽക്കൃഷി

നമ്പർ (ഹെക്ടറിൽ)	വിള	വിസ്തീർണ്ണം
ഒന്നാം വിള	നെല്ല്	88
രണ്ടാ വിള	നെല്ല്	88
മൂന്നാം വിള	നെല്ല്	250

സങ്കരയിനം നെല്ലുകൾക്ക് ഹെക്ടറിന് 3480 കിലോഗ്രാ വിളവുവരെ ലഭിക്കുന്നുണ്ട്. ജ്യോതി, പവിഴം, ചുവന്ന ത്രിവേണി, 1007 തുടങ്ങിയ ഇനങ്ങളാണ് കൃഷി ചെയ്തുവരുന്നത്.

കാർഷികവൃത്തി മാന്യമായ ഒരു തൊഴിലായി കർഷകരും സമൂഹവും കരുതിയിരുന്നു. എന്നാൽ ഇന്ന് കർഷകർ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരായി മാറിയിരിക്കുന്നു. ഇതിന്റെ ഫലമായി കൃഷിഭൂമി തരിശിടുവാനും ജീവിതയോധനത്തിനായി മറ്റു മേഖലകൾ തേടിപ്പോകുവാനുമുള്ള പ്രവണത കർഷകരിൽ വളർന്നു വരുന്നു.

കാർഷിക മേഖലയിലെ വേതനനിരക്ക് ഗണ്യമായ തോതിൽ ഉയർന്നിട്ടുണ്ടെങ്കിലും അദ്ധ്വാനത്തിന്റെ അളവ് മുമ്പത്തെ തോതിൽപോലും ലഭിക്കുന്നില്ല എന്നു മാത്രമല്ല, അത് അനുദിനം കുറഞ്ഞുവരികയുമാണ്.

പട്ടിക – 1

രാസവള കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി		രാസവളം കി.ഗ്രാം	കീടനാശിനി	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1	2	3 M.T	4	5 M.T	6 M.T	7	8 M.T	9 M.T	10	11 M.T
	സഹകരണം N	16			19			21		
	P	10	137	17	11	129	1.8	14	120	1.5
	K	15			17			19		
	N	28			36			33		
	സ്വകാര്യം P	14	146	1.9	11	140	23	19	132	2.1
	K	20			23			26		

വിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി കാർഷികരംഗത്തെ പരമ്പരാഗത തൊഴിലാളികളുടെ പിൻതലമുറക്കാർ കൃഷിപ്പണിയിൽ വൈമുഖ്യം കാണിച്ചുതുടങ്ങിയിട്ടുണ്ട്. ഇതുമൂലം ഈ രംഗത്തുണ്ടായിരിക്കുന്ന തൊഴിലാളികളുടെ ദൗർലഭ്യം ഒരു വലിയ പ്രശ്നമായി തീർന്നിരിക്കുന്നു.

നെൽകൃഷിരംഗത്തെ പലതരം ബുദ്ധിമുട്ടുകൾ കാരണം കർഷകകുടുംബങ്ങളിലെ പിൻതലമുറക്കാരും ഈ മേഖലയിൽ നിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുന്നു.

തൊഴിലില്ലായ്മയ്ക്ക് വഴിവയ്ക്കാത്തതും അദ്ധ്വാനഭാരം ലഘൂകരിക്കുന്നതു

മായ 'ഇടനിലസാങ്കേതികവിദ്യ' പ്രയോഗത്തിൽ വരുത്തി, കൃഷി ആദായകരവും ആകർഷകവുമാക്കി ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്.

തെങ്ങ്


ഈ പഞ്ചായത്തിലെ കർഷകരുടെ മുഖ്യ വരുമാനമാർഗ്ഗം തെങ്ങുകൃഷിയായിരുന്നു. കുറെക്കാലമായി അനുക്രമം വർദ്ധിച്ചുവരുന്ന തെങ്ങുരോഗങ്ങൾ മൂലം (കാറ്റുവീഴ്ച, ഓല മഞ്ഞളിപ്പ്, വേരുചീയൽ, നീരൊലിപ്പ്, ചെല്ലിയുടെ ആക്രമണം) ഭൂരിഭാഗം തെങ്ങുകളും നശിച്ചിരിക്കുകയാണ്.

വെണ്മണി പഞ്ചായത്തിനെകൂടി 'തെങ്ങുവെട്ട് പദ്ധതി'യിൽ ഉൾപ്പെടുത്തി ഈ പ്രതിസന്ധിക്ക് ഭാഗികമായെങ്കിലും പരിഹാരം കാണേണ്ടതാണ്.

പട്ടിക – 2

തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് ഏണ്ണം				രോഗം ബാധിച്ച തെങ്ങ്					
	തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	2 Ha	3	4	5	6	7	8	9	10	11
1	70	3250	9000	1250	950	265	275	8		1498
2	90	5075	10675	15750	1250	410	136	4		1800
3	65	4150	7225	11375	950	375	310	12		1647
4	75	4164	8961	13125	500	210	246	6		962
5	90	6765	8985	15750	1200	368	310	7		1885
6	75	4750	8375	13125	950	510	280	9		1749
7	100	6150	11350	17500	850	410	316	15		1591
8	80	4200	9800	14000	750	250	288	12		2891
9	80	5200	8800	14000	1160	468	315	11		
10	100	7165	10335	17500	968	565	218	9		1757



മറ്റുകൃഷികൾ

നേന്ത്രവാഴ, മരച്ചീനി, മധുരക്കിഴങ്ങുകളുൾപ്പടെയുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനത്തിലും ഗുണനിലവാരത്തിലും വെണ്മണി പണ്ടുമുതലേ പ്രസിദ്ധമായിരുന്നു.

വെണ്മണിവെറ്റില ഒരു കാലത്ത് കേരളമാകെപുകൾപെറ്റതായിരുന്നു.

ചാങ്ങമലയിലെ നേന്ത്രവാഴക്കുലയ്ക്കും വിത്തിനും പടിഞ്ഞാറൻ പ്രദേശങ്ങളിൽ നല്ല പ്രിയമായിരുന്നു. ഇന്നു കഥമാറി. വളത്തിന്റെ ക്രമാതീതമായ വില വർദ്ധനവും തൊഴിലാളികളുടെ ലഭ്യതക്കുറവും കാർഷികോല്പന്നങ്ങളുടെ വിലയിടിവും അധികാരികളുടെ അലംഭാവവും ഈ വക കൃഷികൾ ഉപേക്ഷിക്കുവാൻ കർഷകരെ നിർബന്ധിതരാക്കി. പകരം നാണ്യവിളയായ റബ്ബർ കൃഷിയിലേക്ക് കർഷകർ ശ്രദ്ധതിരിച്ചു.

കൃഷിഭവൻ

ഒരു ദശാബ്ദം മുമ്പാണ് വെണ്മണിയിൽ കൃഷിഭവൻ സ്ഥാപിതമായത്. കർഷകന്റെ സുഹൃത്തും വഴികാട്ടിയുമായി പ്രവർത്തിക്കേണ്ട ഈ സ്ഥാപനം ആ ദൗത്യം ഫലപ്രദമായി നിറവേറ്റാൻ ബഹുദൂരം പോകേണ്ടിയിരിക്കുന്നു. മറ്റു സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി, ഔദ്യോഗിക ചട്ടവട്ടങ്ങൾക്കപ്പുറം പോകാനുള്ള സേവനമനോഭാവം ഉണ്ടെങ്കിൽ മാത്രമെ കൃഷിഭവൻ കൊണ്ടുള്ള കാര്യമായ പ്രയോജനം കർഷകന് ലഭ്യമാവൂ.

സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ അർഹരായ കർഷകർക്കുതന്നെ യഥാസമയം കിട്ടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.

കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ അപ്പപ്പോൾ കർഷകനിൽ എത്തിക്കാനുള്ള സംവിധാനവും ഉണ്ടാകേണ്ടതാണ്.

കേരവികസനസമിതി, പാടശേഖരകമ്മിറ്റി തുടങ്ങിയവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കർഷകരെ സഹായിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

പട്ടിക – 3

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	745	525	600
കശുമാവ്	160		160
കുരുമുളക്	750	3000	5500
കവുങ്ങ്	500	150	5025
ഫലവൃക്ഷങ്ങൾ	175		3865
കൊക്കോ			95
സുഗന്ധവിള	20		325

പട്ടിക – 4

ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1	2	3	4	5	6	7
1993-94						
1994-95	100 Ha				491	1,18000
1995-96	29.5 Ha				149	20,000


മണ്ണ്, ജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകൾ ഇട്ടും മരങ്ങൾ അതിർത്തികളിൽ വച്ചു പിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണ്, ജലസംരക്ഷണപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിതക്രമത്തിലുണ്ടായ പരിവർത്തനങ്ങളും ഭൂമിയുടെ തുണ്ടുവൽക്കരണവും കാർഷികവൃത്തിയോടു വന്ന വിമുഖതയും മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു.

മണ്ണുസംരക്ഷണവകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. 'വാട്ടർഷെഡ്' വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ വകുപ്പിന്റെ പങ്ക് ഉത്തരവാദിത്വപൂർവ്വം നിർവ്വഹിക്കപ്പെടുന്നില്ല. നീർമറി പ്രദേശത്തിന്റെ (വെണ്മണിപഞ്ചായത്തില 9-ാാം വാർഡ് പൂർണ്ണമായും 4, 5, 6, 8, 10 വാർഡുകൾ ഭാഗികമായും നീർമറി വികസനപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്) വികസനപരമായ പ്രശ്നങ്ങൾ കാലോചിതമായും പ്രായോഗിക അനുഭവത്തിന്റെ വെളിച്ചത്തിലും പുന:സംവിധാനം ചെയ്തു നടപ്പിലാക്കേണ്ടതാണ്. ഈ പദ്ധതിക്കുവേണ്ടി മണ്ണു സംരക്ഷണവകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള ലക്ഷക്കണക്കിനു രൂപാ ചെലവഴിക്കപ്പെടാതെ കിടക്കുന്നത്, കർഷകർക്ക് പാലിക്കാൻ നിവൃത്തിയില്ലാത്ത നിബന്ധനകൾ മൂലമാണ്.

വളം

സഹകരണമേഖലയിലുള്ള മൂന്നും സ്വകാര്യമേഖലയിലുള്ള ഒൻപതും ഉൾപ്പെടെ 12 വളം വിപണനകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. കൃഷിക്ക് ഉപയോഗിക്കുന്നതിൽ 85% രാസവളങ്ങളാണ് ഇതിന്റെ ഉപയോഗക്രമം ശാസ്ത്രീയമായ രീതിയില്ലാത്തതു കൊണ്ട് കൃഷിച്ചെലവ് അനാവശ്യമായി വർദ്ധിക്കുന്നതിന് ഇടയാകുന്നുണ്ട്. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടക്കുന്നില്ല. വല്ലപ്പോഴും പരിശോധനക്കെന്നപേരിൽ കൊണ്ടുപോകുന്ന മണ്ണിന്റെ സാമ്പിൾ പരിശോധിച്ച് ഫലം അറിയിക്കാറില്ല. ജൈവവളങ്ങളുടെ ഉപയോഗം വളരെ കുറവാണ്. കൃഷിക്ക് ആവശ്യമായത്ര ജൈവവളവും ജൈവാണു വളപ്രയോഗവും വർദ്ധിപ്പിച്ച് രാസവളപ്രയോഗം പരിമിതപ്പെടുത്തേണ്ടതാണ്.



പട്ടിക – 5

കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം	തെങ്ങുകയറ്റയന്ത്രം	ഷോർട്ടബിൾ പമ്പുസെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ			
1	2	3	4	5	6	7	8	9	10
1		1	6	6	8				
2			12	1	9				
3			8	4	9			1	
4		1	25	1	12				
5			2	2	5				
6			8	2	8				
7		2	5	2	7				
8		1	14	2	10				
9	1		3	1	3			1	
10			2	2	2			1	

പട്ടിക – 6

കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1.2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)
1	2	3	4
1	368	32	-
2	374	22	4
3	391	33	6
4	454	16	5
5	487	12	6
6	562	18	10
7	522	22	6
8	554	18	8
9	564	14	4
10	552	11	7
ആകെ	4828	198	56

ചാലുകളും തോടുകളും കുളങ്ങളും

പഞ്ചായത്തിൽ നിലവിലുള്ള ചാലുകളും തോടുകളും വലുതും ചെറുതുമായ കുളങ്ങളും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷിയാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നില്ല. അനധികൃതകൈയേറ്റം മൂലം ഈ ജലസ്ത്രോസ്സുകളുടെ പലതിന്റേയും വിസ്തീർണ്ണം കുറഞ്ഞുപോയിട്ടുണ്ട്. തോടുകളും കുളങ്ങളും അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വകാര്യ ഉടമയിലുള്ള കുളങ്ങൾ വേണ്ടവിധത്തിൽ സംരക്ഷിക്കുന്നതിനുള്ള പ്രോത്സാഹനവും പ്രേരണയും നൽകേണ്ടതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് വെണ്മണി പഞ്ചായത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.


നെൽകൃഷി

1. മൈനർ ഇറിഗേഷൻ വകുപ്പ്, പുന്തലയിൽ സ്ഥാപിച്ചിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ മോട്ടോറിന് വെള്ളം ലഭിക്കുന്നതിലേക്ക് പുലിമുട്ട്, തടയണ തുടങ്ങിയ ഏതെങ്കിലും അനുയോജ്യമായ ജലസംഭരണ മാർഗ്ഗം സ്വീകരിക്കുക.
2. മേനിലം, ഇളനീർപ്പാടം തുടങ്ങിയ പ്രദേശങ്ങളിലെ ജലസേചനസൗകര്യത്തിന്, ചക്രത്തറതെക്കേതിൽ ഭാഗത്ത്, അച്ചൻകോവിലാറിന്റെ തീരത്ത് 25 HPയുടെ ഒരു ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ സ്ഥാപിക്കുക.
3. ശാർങ്ങക്കാവിലുള്ള മോട്ടോറിന്റെ ഭാഗത്ത് കനാലകളുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും, നിലവിലുള്ള മോട്ടോർ കൂടാതെ ഒരെണ്ണംകൂടി (25 HP) സ്ഥാപിക്കുകയും ചെയ്യുക.

   മോട്ടോറിന്റെ ഭാഗത്തുനിന്നും ആറ്റിലേക്കുള്ള തോട് സംരക്ഷണഭിത്തികെട്ടി ഉപയോഗപ്രദമാക്കുക.
4. ശാർങ്ങക്കാവിൽ നിന്നും വടക്കോട്ട് ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന കനാലിന്റെ തുടർച്ചയായി ഒരു കി.മീ. ഫീഡിംഗ് കനാൽ നിർമ്മിച്ച് വലിയ മൂലഭാഗം വരെ വെള്ളം എത്തിക്കുക.
5. അപ്പർ കുട്ടനാട്ടിലെ കർഷകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ, അപ്പർ കുട്ടനാടിന്റെ ഭാഗമായ ഈ പഞ്ചായത്തിലെ കർഷകർക്ക് കൂടി നല്കുക.

റോഡുകൾ – കൃഷിയാവശ്യത്തിന്

1. വെട്ടുവേലി പുഞ്ചയിൽ നിലവിലുള്ള റോഡിന്റെ വികസനപ്രവർത്തനങ്ങൾ നടത്തുക; ഒപ്പം ജലനിർഗ്ഗമന സൗകര്യവും ഏർപ്പെടുത്തുക.
2. പള്ളിപ്പുറം റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുക.
3. ചക്രത്തറപ്പടിയിൽ നിന്നും മേനിലം ഭാഗത്തേക്ക് ഒരു റോഡ് ജനപങ്കാളിത്തത്തോടെ നിർമ്മിക്കുക.
4. വാക്കയിൽ പടിക്കൽ നിന്നും കിഴക്കോട്ടുള്ള റോഡ് നെടിയകാലാപടിവരെ നീട്ടുക.
5. ആലുംതുരുത്ത് – പെരുംതുരുത്ത് റോഡ് സഞ്ചാരയോഗ്യമാക്കുകയും കാക്കത്തുരുത്തുവരെ നീട്ടുകയും ചെയ്യുക.



6. ശാർങ്ങക്കാവ് – കിഴക്കേത്തറ റോഡ്, തോപ്പിൽ താഴെവരെ നീട്ടി സഞ്ചാര യോഗ്യമാക്കുക.

7. പറനിലം – വല്യകൊല്ലാ റോഡ് സഞ്ചാരയോഗ്യമാക്കുക.

8. മാമ്പ്രപ്പാടം റോഡ് സഞ്ചാരയോഗ്യമാക്കുക.

ചാലുകളും തോടുകളും

1. വെണ്മണി പഞ്ചായത്ത് അത്യത്തിയിൽപെട്ട ചാങ്ങപ്പാടം ചാല് താഴ്ത്തിയെടുക്കുന്ന മണ്ണ് പുറം ബണ്ടുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുക.

2. ചാങ്ങപ്പാടം – ശാർങ്ങക്കാവ്തോട് (കിഴക്കേ തോട്) വീതിയിലും ആഴത്തിലും വെട്ടി ജലനിർഗ്ഗമന സൗകര്യം വിപുലമാക്കുക.

3. ശാർങ്ങക്കാവു പാലത്തിനു സമീപമുള്ള ഷട്ടർ മാറ്റി കൂടുതൽ ഉയരത്തിലും ബലത്തിലും രണ്ടു ഗള്ളി ഇലക്ട്രിക് ഷട്ടർ സ്ഥാപിക്കുകയും ആവശ്യമായ ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുക.

4. ആറ്റുതീരത്ത് ആവശ്യമായ ഭാഗങ്ങളിൽ മൺചിറ നിർമ്മിച്ച് വെള്ളപ്പൊക്കക്കെടുതിക്ക് അറുതി വരുത്തുക.

5. പടിഞ്ഞാറെ ചാങ്ങചാല് താഴ്ത്തി ജല സംഭരണശേഷി വർദ്ധിപ്പിക്കുക. മാവനാൽ മുക്കു മുതൽ വരിക്കേൽ പാലം വരെ ജലനിർഗ്ഗമനത്തോട് താഴ്ത്തിവെട്ടുക.

6. മാവനാൽ കലുങ്ക് നിർമ്മിക്കുകയും ജല നിർഗ്ഗമന സംവിധാനം കര്യക്ഷമമായി നടപ്പാക്കുകയും ചെയ്യുക. പി.ഐ.പി കനാലിന്റെ തുടർച്ചയായി ഫീഡിംഗ് കനാൽ നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

8. പള്ളക്കുളം – പത്തായക്കല്ല് തോട് വെട്ടുക.

9. മുണ്ടോടിക്കുഴിയുടെ ഭിത്തികെട്ടി താമരത്താർ വരെ തോടുവെട്ടുക.

10. പോണോത്രപ്പടി മുതൽ മുണ്ടോടിവരെ തോടു നിർമ്മിക്കുക; അവിടെ മുമ്പുണ്ടായിരുന്ന ലിഫ്റ്റ് ഇറിഗേഷൻ പമ്പ് പുന:സ്ഥാപിക്കുക.

11. വാളകംചാൽ കുഴിച്ച് അവിടെ നിന്നും വടക്കോട്ടുള്ള കരത്തോട് കോമൻ കുളങ്ങര ചാലിലേക്ക് എത്തിക്കുക.

    ചാലിന്റെ വടക്കേ മുക്കിന് കൊച്ചുനിലക്കൽ പടിവരെയുള്ള തോടിന് സംരക്ഷണഭിത്തി വേണ്ടിടത്ത് നിർമ്മിക്കുക.

12. ചക്കാലപ്പടി മുതൽ കിഴക്കോട്ട് കോമൻകുളങ്ങര, വാളകംപുഞ്ച എന്നിവയുടെ ജലസേചനത്തിന് ഒരു ഫീഡിംഗ് കനാൽ നിർമ്മിക്കുക.

13. വാളകം, പല്ലോന്നി, കോമൻകുളങ്ങര എന്നീ പാടശേഖരങ്ങളിൽ നിന്ന് ആഫ്രിക്കൻപായൽ നീക്കം ചെയ്യുക.

14. ഉളിയന്തറപള്ളിയുടെ പടിഞ്ഞാറു ഭാഗത്തുനിന്നും പുറപ്പെടുന്ന റോഡിന്റെ സൈഡിലൂടെ 500 മീറ്റർ നീളത്തിൽ ഫീഡിംഗ് കനാൽ നർമ്മിച്ച്, വെള്ളം പാടശേഖരത്തിൽ എത്തിക്കുക.

15. കൈമൂട്ടിൽപടി മുതൽ വെട്ടിക്കട വഴി മാമ്പ്രപ്പാടത്തേക്കുള്ള കനാൽ നിർമ്മിക്കുക.

16. മുട്ടിയപ്പാടത്തിന് ജലനിർഗ്ഗമനത്തോട് നിർമ്മിക്കുക.

17. കൊച്ചുനിലക്കൽ മുക്കിൽ ജലനിർഗ്ഗമനത്തിന് മോട്ടോർ സ്ഥാപിക്കുക.

18. മാമ്പാലപ്പടി-കളത്തിൽപടിവരെയുള്ള തോട് കോട്ടാപ്പാടംവരെ നീട്ടിവെട്ടുക.

19. താന്തോന്നിക്കുളം മുതൽ മുണ്ടോടിക്കുഴിവരെ തോടുവെട്ടി ജലനിർഗ്ഗമന സൗകര്യം ഏർപ്പെടുത്തുക.

തെങ്ങുകൃഷി

1. തെങ്ങുവെട്ട് പദ്ധതി' നടപ്പിലാക്കുക.

2. ഡ്രിപ്, സ്പ്രിംഗ്ലർ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക.

3. തെങ്ങിന് മരുന്നുതളി പദ്ധതി നടപ്പാക്കുക.

4. മരുന്നുതളിക്കുവേണ്ടി വരുന്ന ലേബർ ചാർജ്ജിന്റെ 50% പഞ്ചായത്ത് നൽകുക.

5. സർക്കാർ സബ്സിഡി റേറ്റിൽ കൊടുത്തുകൊണ്ടിരിക്കുന്ന വളം തെങ്ങുകളുടെ എണ്ണത്തിന് അനുസൃതമായി വർദ്ധിപ്പിക്കുക.

6. തെങ്ങ്, കമുക്, കുരുമുളക് ഇവക്ക് നഴ്സറി തുടങ്ങുക.

7. മണ്ണൊലിപ്പു തടയാൻ പുൽകൃഷി നടപ്പാക്കുക.

8. കുളം, കിണർ എന്നിവ നിർമ്മിക്കുന്നതിന് സബ്സിഡി ലഭ്യമാക്കുക.

9. കയ്യാല നിർമ്മിക്കുന്നതിന് മണ്ണുസംരക്ഷണ വകുപ്പിന്റെ സഹായം ലഭ്യമാക്കുക.

10. കാർഷിക ഇൻഷ്വറൻസിന്റെ പ്രീമിയം തുകയിൽ കുറവു വരുത്തുക.

11. മുഴുവൻ കേരകർഷകരേയും കേരവികസന സമിതിയിൽ വോട്ടവകാശമുള്ള അംഗങ്ങളാക്കുകയും ആനുകൂല്യങ്ങൾ യഥാസമയം വിതരണം നടത്തുകയും ചെയ്യുക.

12. നാളീകേരം എണ്ണക്കുരുവായി കണക്കാക്കി ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില നിശ്ചയിക്കണം.

കമുക്

1. രോഗപ്രതിരോധ ശക്തിയുള്ള കമുകിൻതൈകൾ വിതരണം ചെയ്യുക.

2. മരുന്നുതളി വ്യാപകവും സൗജന്യവുമാക്കുക.

വാഴ


1. നല്ലയിനം വാഴക്കന്നുകൾ ശേഖരിച്ച് കർഷകർക്ക് വിതരണം ചെയ്യുക. പ്രകൃതിക്ഷോഭം വന്ന് വിള നശിച്ചാൽ ഇൻഷുറൻസ് ആനുകൂല്യം കിട്ടുന്നതുപോലെ, രോഗഹേതുവാലുള്ള നഷ്ടത്തിനും ഇൻഷ്വറൻസ് ആനുകൂല്യം നൽകുക.

കുരുമുളക്

1. യഥാർത്ഥ കൃഷിക്കാർക്ക്, ഭൂമിയുടെ വിസ്തീർണ്ണമനുസരിച്ച് കരിമുണ്ട, നാരായക്കൊടി എന്നീ ഇനങ്ങളുടെ 'കൊടിത്തലകളും', വളവും, കീടനാശിനിയും, കുമിൾ നാശിനിയും സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

ഇഞ്ചി, മഞ്ഞൾ

1. സൗജന്യനിരക്കിൽ നല്ല വിത്തിഞ്ചി വിതരണം ചെയ്യണം, മഞ്ഞൾ കൃഷിക്ക് പ്രോത്സാഹനം നൽകണം.



പച്ചക്കറി

1. ചെങ്ങന്നൂർ താലൂക്കിൽ ഏറ്റവും ഫല ഭൂയിഷ്ഠമായ വെണ്മണിയിൽ പച്ചക്കറി ക്കൃഷി വ്യാപകമാണ്. അതുകൊണ്ട് ഈ ഗ്രാമത്തിനെ 'പച്ചക്കറി ഗ്രാമ'മായി പ്രഖ്യാപിക്കണം.
2. നല്ല വിത്തിനങ്ങൾ സൗജന്യമായി വിത രണം ചെയ്യുക.
3. അടുക്കളത്തോട്ടം, സ്കൂൾ പച്ചക്കറി ത്തോട്ടം, മഹിളാസമാജങ്ങളുടെ നേതൃ ത്വത്തിലുള്ള പച്ചക്കറിത്തോട്ടം എന്നി വയ്ക്ക് പ്രോത്സാഹനം നൽകുക.
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശക്ക് (4%) വായ്പ ലഭ്യ മാക്കുക.
5. ചെറിയനാട്, ആലാ, മുളക്കുഴ, വെണ്മണി എന്നീ പഞ്ചായത്തുകളെ ഉൾക്കൊള്ളിച്ച് ഒരു പച്ചക്കറി വിപണന കേന്ദ്രം വെണ്മണിയിൽ ആരംഭിക്കുക.

മരച്ചീനി

1. എലിനശീകരണ പരിപാടി ഗ്രാമപഞ്ചാ യത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തു മുഴുവൻ സമയബന്ധിതമായി നടപ്പാ ക്കുക.

റബ്ബർ

1. റബ്ബർ ബോർഡുവഴി വിതരണം ചെയ്യ പ്പെടുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന്, പഞ്ചായത്തിൽ നില വിലുള്ള മൂന്നു സൊസൈറ്റികളും, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിൽ അഫി ലിയേറ്റ് ചെയ്യേണ്ടതാണ്.
2. റബ്ബറിന്റെ ഇറക്കുമതി നിർത്തലാക്കി സ്വാഭാവിക റബ്ബറിന്റെ ഉല്പാദനം വർദ്ധി പ്പിക്കുവാൻ വേണ്ട പ്രോത്സാഹനം നൽകുക.

ഔഷധ സസ്യകൃഷി

1. പഞ്ചായത്തിൽ ഔഷധ സസ്യകൃഷിക്ക് നെഴ്സറി ആരംഭിക്കുക. കൃഷിക്ക് ആവ ശ്യമായ എല്ലാ പ്രോത്സാഹനവും നൽകുക.

പുഷ്പകൃഷി

1. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നീ ഇനങ്ങൾ ഉൾപ്പെടെയുള്ള പൂഷ്പച്ചെ ടികളുടെ നഴ്സറി ആരംഭിക്കുക; കൃഷി ക്കാർക്ക് പ്രോത്സാഹനം നൽകുക.

വെറ്റിലക്കൊടി

1. വെറ്റിലക്കൊടി കൃഷിക്ക് എല്ലാവിധ പ്രോത്സാഹനവും നൽകുക.

തേക്ക്, മാഞ്ചിയം

1. തേക്കിന്റേയും മാഞ്ചിയത്തിന്റേയും കൃഷി പ്രോത്സാഹിപ്പിക്കുക.

ജാതി, ഗ്രാമ്പൂ

1. ജാതിയുടേയും ഗ്രാമ്പൂവിന്റേയും കൃഷി പ്രോത്സാഹിപ്പിക്കുക. സ്പൈസസ് ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

കർഷകർക്ക്പെൻഷൻ

അർഹരായ മുഴുവൻ കർഷകർക്കും പെൻഷൻ അനുവദിക്കുക.

❑

5.2

മൃഗസംരക്ഷണം, മത്സ്യബന്ധനം


ഫലപുയിഷ്ടമായ മണ്ണുകൊണ്ടു അനുഗൃഹീതമായ വെണ്മണിയിലെ കാർഷികമേഖലയ്ക്ക് ഒരു തുണയായി മൃഗപരിപാലനരംഗം എന്നും സജീവമായിരുന്നു. പാലിനും ഉഴവിനും വണ്ടിവലിക്കുന്നതിനും വേണ്ടി ധാരാളം കന്നുകാലികളെ വളർത്തിയിരുന്ന ഒരു പ്രദേശമാണിത്. കുന്നുകളും താഴ്വാരങ്ങളും പാടങ്ങളും നിറഞ്ഞ ഈ പഞ്ചായത്തിലെ സമ്പദ്ഘടനയെ കൃഷിയും അതിന്റെ അനുബന്ധമായ കാലിവളർത്തലും കാര്യമായി സ്വാധീനിച്ചിരുന്നു.

പുറംപോക്കു ഭൂമിയിലും മാറിമാറി തരിശ്ശിടുന്ന സ്വകാര്യ ഭൂമികളിലും കാലികളെ മേയ്ക്കാൻ സൗകര്യം ഉണ്ടായിരുന്നു. കാലം മാറി, കാർഷികരീതി മാറി. കാർഷിക വ്യവസ്ഥയും കന്നുകാലി കൃഷിയും തമ്മിലുള്ള ബന്ധം അയഞ്ഞു.

ഇങ്ങനെയൊക്കെയാണെങ്കിലും കഴിഞ്ഞ ഒരു ദശാബ്ദമായി മൃഗസംരക്ഷണരംഗത്ത് ഒരു വലിയ മുന്നേറ്റമാണ് ഈ പഞ്ചായത്തിൽ ദൃശ്യമായിട്ടുള്ളത്.

കൃത്രിമ ബീജസങ്കലനം

കൃത്രിമ ബീജസങ്കലനം വഴി ഉല്പാദനശേഷി കുറഞ്ഞ നാടൻ ജനുസ്സുകളെ ജഴ്സി, ഹോൾസ്റ്റീൻ ബ്രൗൺസ്വിസ് എന്നീ വിദേശ ഇനങ്ങളുടെ സങ്കരഇനങ്ങളായി മാറ്റുവാൻ സാധിച്ചിട്ടുണ്ട്. ഇന്ന് ഈ പഞ്ചായത്തിലുള്ള 80% പശുക്കളിൽ നമ്മുടെ ബ്രീഡിംഗ് പോളിസി അനുസരിച്ചുള്ള വിദേശജനുസ്സുകളാണ്. ബാക്കി 20% പശുക്കളിൽ തന്നെ കുറഞ്ഞ തോതിൽ വിദേശ രക്തമുള്ളവ ധാരാളമാണ്. തനിനാടൻ പശുക്കളുടെ എണ്ണം 10%-ത്തിൽ താഴെ മാത്രമേ ഉണ്ടാകുകയുള്ളു. ഈ മാറ്റം കൈവരിക്കുന്നതിൽ മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനങ്ങളാണ് സഹായിച്ചിട്ടുള്ളത്. മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ നാലാം വാർഡിൽ ഒരു മൃഗാശുപത്രിയും ഒന്നാംവാർഡിൽ ICDP സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടവും 25 സെന്റ് സ്ഥലവും ഉണ്ട്. ഒരു ഡോക്ടർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റൻഡന്റ്, ഒരു പി.ടി.എസ് എന്നി



ങ്ങനെ ഉദ്യോഗസ്ഥരും ഉണ്ട്. ICDP സബ്സ്റ്റെന്ററിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഉണ്ട്. ഈ സ്ഥാപനം പ്രവർത്തിക്കുന്നത് പുന്തല ക്ഷീരോല്പാദക സഹകരണസംഘത്തിലാണ്. ഇങ്ങനെ കൃത്രിമബീജസങ്കലനം വഴി ഉല്പാദനക്ഷമതയും തദ്വാര ഈ മേഖലയിൽ നിന്നുള്ള ലാഭവും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയുടെ വളർച്ചക്ക് വഴിതെളിച്ച കൃത്രിമബീജ സങ്കലനം ചില പുതിയ പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

നാടൻ ജനുസ്സുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉല്പാദനക്ഷമത കൂടുതലുള്ള സങ്കര ഇനം പശുക്കളുടെ രോഗപ്രതിരോധ ശക്തി അല്പം കുറവാണ്. അതുകൊണ്ട് രോഗ സാദ്ധ്യതയിൽ വർദ്ധനവും വന്നിട്ടുണ്ട്. ഇതുകൂടാതെ വന്ധ്യതയും കർഷകനെ അലട്ടുന്ന പ്രശ്നമാണ്.

കൃഷിക്ക് ആവശ്യമായ സ്ഥലം.

കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത കൂടിയ സംസ്ഥാനമാണല്ലോ. കാർഷിക മേഖലയിൽ കഴിഞ്ഞ കാലത്തുണ്ടായ മാന്ദ്യത്തിനു കാരണം കൃഷി സ്ഥലങ്ങളിൽ വന്ന കുറവും തൊഴിലാളികളുടെ ദൗർലഭ്യവുമാണ്. കാർഷിക മേഖലയിലെ കയറ്റിറക്കങ്ങൾ തീർച്ചയായും ക്ഷീര കർഷക മേഖലയേയും ബാധിക്കും. എങ്കിൽ തന്നെ ഈ കാലഘട്ടത്തിലും മൃഗസംരക്ഷണ മേഖലയിൽ നേട്ടങ്ങൾ ഉണ്ടാവാനുള്ള ഒരു പ്രധാന കാരണം, സ്ഥലം കുറവുള്ള കർഷകന് തൊഴിലാളികളെ ആശ്രയിക്കാതെതന്നെ നടത്താവുന്ന ഒരു കാർഷിക വൃത്തിയാണ് പശുവളർത്തൽ എന്നു വന്നതുകൊണ്ടാണ്. വെൺമണി പഞ്ചായത്തിന്റെ ഭൂതകാലം പരിശോധിച്ചാൽ നല്ല രീതിയിൽ നെല്ല്, കപ്പ, കരിമ്പ് മുതലായവ കൃഷിചെയ്തിരുന്നു എന്നു മനസ്സിലാക്കാം. അന്ന് ക്ഷീര കർഷകർ തങ്ങളുടെ ഉരുക്കൾക്കുള്ള തീറ്റക്ക് ബുദ്ധിമുട്ടനുഭവിച്ചിരുന്നില്ല. എന്നാൽ ഇന്ന് കഥ മാറി. അത്യുൽപാദന ശേഷിയുള്ള കാലികളുടെ എണ്ണം വർദ്ധിക്കുകയും അതോടൊപ്പം തീറ്റയ്ക്കുള്ള ആവശ്യകത കൂടുകയും ചെയ്തപ്പോൾ നമുക്ക് തീറ്റപ്പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് തീവ്രമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് ഈ മേഖലയുടെ വളർച്ചയ്ക്ക് വളരെയധികം സംഭാവനകൾ നല്കിയവയാണ് ''ആപ്കോസ്'' മോഡലിലുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ. വെണ്മണി പഞ്ചായത്തിൽ 3 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ചെറിയാലുംമൂട്, താഴത്തമ്പലം, പുന്തല എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കർഷകന് മറ്റു കാർഷികമേഖലയെ അപേക്ഷിച്ചു നോക്കുമ്പോൾ സ്ഥിരമായ വിപണി ലഭിക്കുന്നു എന്നുള്ളതാണ് ഇതുകൊണ്ടുള്ള നേട്ടം. പ്രത്യേകിച്ചും മറ്റു കാർഷികോല്പന്നങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ സൂക്ഷിച്ചു വയ്ക്കാൻ പറ്റാത്ത ഉല്പന്നമാണല്ലോ പാൽ. അങ്ങനെയുള്ള സാഹചര്യത്തിൽ 'മിൽമ'യുടെ സേവനം പ്രശംസനീയമാണ്. ഒപ്പംതന്നെ ഉല്പാദന ചിലവിലുള്ള വർദ്ധനവിനനുസരിച്ച് പാൽവിലയിൽ ഉയർച്ച ഉണ്ടാകുന്നില്ല എന്നുള്ള പരാതിയും നിലനിൽക്കുന്നു. അയൽ സംസ്ഥാനങ്ങളിൽ ഉല്പാദനചിലവ് കുറവായതിനാൽ പാൽവില നമ്മുടെ സംസ്ഥാനത്തിനേക്കാൾ കുറവാണ്. ആയതിനാൽ പാൽ എടുക്കുമ്പോൾ ഉല്പാദകന് നൽകുന്ന വിലയും ഉപഭോക്താവിൽനിന്ന് ഈടാക്കുന്ന വിലയും തമ്മിലുള്ള അന്തരം

കുറയ്ക്കുന്നതിന് 'മിൽമ' തയ്യാറാകേണ്ടതാണ്. വെണ്മണിപഞ്ചായത്തിൽ3 സൊസൈറ്റികളിലായി ഏകദേശം 2000 ലിറ്റർ പാൽ പ്രതിദിനം ശേഖരിക്കുന്നുണ്ട്.3 സംഘങ്ങളിലും കൂടി 600 അംഗങ്ങളോളമുണ്ട്. പഞ്ചായത്തിലെ പ്രതിദിന പാൽ ഉല്പാദനം ഏകദേശം 4000 ലിറ്റർ വരും.

കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി വളർന്നു വന്നതും ധാരാളം സാധാരണ കുടുംബങ്ങൾക്കും തൊഴിലാളികൾക്കും അത്താമിയായിട്ടുള്ളതുമായ ഈ മേഖല ഇന്ന് ഒരു പ്രതിസന്ധിയെ നേരിടുകയാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഉല്പാദ ചിലവിൽ ഉണ്ടായ അഭൂതപൂർവ്വമായ വർദ്ധനവും അതിനനുസരിച്ച് പാലിന് വില വർദ്ധിക്കാത്തതും അതോടൊപ്പം തന്നെ മുൻകാലങ്ങളിൽ കർഷകർ അനുഭവിച്ചുപോന്ന സൗകര്യങ്ങളിൽ വന്ന കുറവുമാണ്. ഉദാഹരണമായി സൗകര്യമായ മേച്ചിൽ സ്ഥലങ്ങളുടെ അഭാവം, സംഭരിച്ചു നൽകാവുന്ന പുല്ലിന്റെ കാര്യത്തിൽ വന്ന വമ്പിച്ച ഇടിവ്, നെൽകൃഷികുറഞ്ഞതു കാരണം വൈക്കോലിന്റെ ലഭ്യതയിൽ വന്ന കുറവ് എന്നിവയാണ്. അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള വൈക്കോലിനെയണ് കർഷകർ ആശ്രയിക്കുന്നത്. അതിനും ഇന്ന് തീപിടിച്ച വിലയാണ്. കപ്പ, കരിമ്പ് മുതലായ കൃഷിയിൽ ഉണ്ടായ കുറവ് ക്ഷീരകർഷകനെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഈകാരണങ്ങളാൽ ഈ മേഖലയുമായി ബന്ധപ്പെട്ട ബഹുഭൂരിപക്ഷം കർഷകർ കാലിത്തീറ്റയെ ആശ്രയിച്ചാണ് ഇന്ന് പിടിച്ചു നിൽക്കുന്നത്. വർദ്ധിച്ചു വരുന്ന ഡിമാന്റും, ലഭ്യതക്കുറവും കാലിത്തീറ്റകളുടെ ദിനംപ്രതിയുള്ള വിലക്കയറ്റത്തിന് ഇടയാക്കുന്നു. അതുകൊണ്ട് 'ഫോഡറിന്റെ' ഉല്പാദനം വർദ്ധിപ്പിക്കുകയും കാലിത്തീറ്റയുടെ വിലപിടിച്ചു നിർത്തുകയും വേണം.

നിർദ്ദേശങ്ങൾ

1. വ്യാവസായിക അടിസ്ഥാനത്തിലുള്ള തീറ്റപ്പുൽ കൃഷിയും, സ്വന്തം ആവശ്യത്തിനുള്ള തീറ്റപ്പുൽ കൃഷിയും വ്യാപകമാക്കുക. (വ്യാവസായിക അടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ലാഭകരമായി നടത്താമെന്നുള്ളതിന് തെളിവാണ് ഈ പഞ്ചായത്തിലെ അഞ്ചാം വാർഡിലുള്ള അരീക്കരേത്ത് വർഗീസിന്റെ തീറ്റപ്പുൽ കൃഷി.)

2. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്നു മിൽക്കു സൊസൈറ്റികളുടെയും നേതൃത്വത്തിൽ വ്യവസായികാടിസ്ഥാനത്തിലുള്ള 3 തീറ്റപ്പുൽ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക.

3. ഇടവിളയായി തീറ്റപ്പുൽകൃഷി ചെയ്യുന്ന രീതി വ്യാപകമാക്കണം. ഹോഗോസിഗൽ, ഹൈബ്രിസ്നേപ്പിയർ, എന്നീ ഇനത്തിൽപ്പെട്ട പുല്ലുകൾ കൃഷിചെയ്യണം. തരിശ് ഇട്ടിരിക്കുന്ന പുഞ്ചകളിൽ പാരാഗ്രീൻ കൃഷിചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം.

4. കാലിത്തീറ്റയുടെ വില വർദ്ധനവ് തടയുന്നതിനായി എല്ലാവിധ കാലിത്തീറ്റയുടേയും നികുതി എടുത്തുകളയുക.

5. ക്ഷീരകർഷകനെ ഇടനിലക്കാരുടേയും കുത്തകവ്യവസായികളുടേയും ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനായി പഞ്ചായത്തിൽ ഒരു മിനിഫീഡ് മിക്സിംഗ് യൂണിറ്റ് ആരംഭിക്കുക. ഏതെങ്കിലും ഒരു ക്ഷീരോല്പാദക സഹകരണസംഘത്തിന് ഇതിന്റെ ചുമതല നൽകാവുന്നതാണ്. ഇതിന്റെ വിജയകരമായ പ്രവർത്തനം ഉണ്ടാകുകയാണെങ്കിൽ കർഷകർക്ക് മിതമായ നിരക്കിൽ നല്ല നിലവാരമുള്ള തീറ്റ ലഭ്യമാക്കുവാൻ സാധിക്കും എന്നു മാത്രമല്ല

തൊഴിൽ രഹിതായ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുരയും ചെയ്യും.

6. ഇപ്പോൾ കാലിത്തീറ്റ നിർമ്മാണത്തിൽ പങ്കുള്ള 'മിൽമ' കാലിത്തീറ്റ ഉല്പാദനത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുകയും, കർഷകർക്ക് ആവശ്യമുള്ള ത്രയും കാലിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കുവാൻ ശ്രമിക്കുകയും വേണം.

മൃഗസംരക്ഷണം – മത്സ്യബന്ധനം

പട്ടിക – 1

വളർത്തുമൃഗ സംഖ്യ


	കാള-നാടൻ		കാള-സങ്കരം		പശു-നാടൻ		പശു-സങ്കരം	
വാർഡ് നമ്പർ	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്
1	2	3	4	5	6	7	8	9
1 മുതൽ 10 വരെ	ഇല്ല	16	1	ഇല്ല	200	130	1840	1214

പട്ടിക – 1 ബി.

വാർഡ് നമ്പർ	എരുമ കറവ ഉള്ളത്	കറവ ഇല്ലാത്തത്	പോത്ത്	ആട്	പട്ടി	ആന	പന്നി
	10	11	12	13	14	15	16
1 മുതൽ 10 വരെ	1	4	8	868	3928	1	14

പ്രശ്നങ്ങൾ പരിഹാരങ്ങൾ

1. കാലിത്തീറ്റയുടെ വില വർദ്ധനവു കാരണം പശുക്കിടാങ്ങളെ വളർത്തിക്കൊണ്ടു വരുന്നതിൽ കർഷകർ വിമുഖത കാട്ടി തുടങ്ങിയിട്ടുണ്ട്. കാലിവളർത്തൽ ലാഭകരമാക്കണമെങ്കിൽ ആദ്യ പ്രസവത്തിലെ പ്രായം 30 മാസത്തിൽ താഴെയാകണം. ഇണചേർക്കുന്ന പ്രായത്തിലെത്തിയ നല്ല കിടാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിത്തുടങ്ങി. ഈ നിലയിൽ മുന്നോട്ടു പോവുകയാണെങ്കിൽ സമീപഭാവിയിൽ തന്നെ ഇന്നുള്ള പാലുല്പാനത്തിന് ഇടിവു സംഭവിക്കാം. അതുകൊണ്ട് പഞ്ചായത്തിലെ എല്ലാ ഇരുജാതി പശു



ക്കുട്ടികളേയും കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തണം.


2. കിടാരികൾക്ക് ധാതുലവണമിശ്രിതവും മീനെണ്ണയും നൽകുന്ന പദ്ധതി നടപ്പിലാക്കണം. കന്നുകുട്ടി പരിപാലന പദ്ധതി വ്യാപകമാക്കുന്നതിലൂടെ നല്ല തരം കറവ പശുക്കളെ ഭാവിയിലേക്ക് വാർത്തെടുക്കുവാനും അങ്ങനെ ഈ മേഖലയുടെ സമഗ്രമായ പുരോഗതിക്ക് വഴിതെളിക്കുവാനും സാധിക്കും.

3. ഇപ്പോഴത്തെ നിലവാരത്തിലും ഭാവിയിൽ ഉരുത്തിരിയാൻ പോകുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലും ഒരു കറവയിൽ 3000 ലിറ്റർ പാലെങ്കിലും ഉല്പാദിപ്പിക്കാൻ സാധിക്കാത്ത കറവ പശുക്കളെ വളർത്തുന്നത് ലാഭകരമല്ല. ആയതിനാൽ കൃത്രിമബീജദാനത്തിന് നൽകുന്ന ബീജം അത്യുല്പാദനശേഷിയുള്ള കാളകളുടേത് മാത്രമായിരിക്കണം. അതോടൊപ്പം കർഷകന് അവന്റെ ആവശ്യാനുസരണം തെരഞ്ഞെടുക്കാൻ എല്ലായിനം ബീജങ്ങളും ആശുപത്രിയിൽ ലഭ്യമാക്കണം.

പട്ടിക – 5

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹന സംബന്ധമായവ	382		100			8				
2	ശ്വാസകോശ സംബന്ധം	218		74			4				
3	ഉപാപചയ സംബന്ധം	30		12							
4	ത്വക് രോഗങ്ങൾ	136		8							
5	ധാതുലവണങ്ങളുടെ അഭാവം	74		4							
6	പരാഗ രോഗങ്ങൾ	762		116			20				
7	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	360	2	12							
8	വന്ധ്യത	62		4							
9	അകിടു വീക്കം	188		40							
10	മുടന്തൻ പനി	296									
11	പകർച്ചവ്യാധികൾ	88					20	2			
12	മറ്റു പല അസുഖങ്ങൾ	574		180			34				



4. വെണ്മണി മൃഗാശുപത്രിയിൽ പ്രീമിയം കാളകളുടെ ബീജം ലഭ്യമാക്കണം.

5. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കർഷകനെ സഹായിക്കുന്നതിനായി തുക അടച്ചുള്ള കുത്തിവെപ്പിനു ശേഷം ആവർത്തനം ഉണ്ടാകുന്നുവെങ്കിൽ രണ്ടു ബീജാധാനമെങ്കിലും സൗജന്യമാക്കണം.

6. വെണ്മണി പഞ്ചായത്തിലെ തൊഴിൽരഹിതരായ അഭ്യസ്ഥവിദ്യരെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്ന ഉദ്ദേശത്തോടു കൂടി രണ്ടു പശുക്കളുടേയും നാലു പശുക്കളുടേയും മോഡൽ ഡയറിയൂണിറ്റുകൾ ആരംഭിക്കണം. മോഡൽ ഡയറിയൂണിറ്റിന് പശുക്കളെ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനും ധനസഹായം നൽകണം.

7. ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഒരു ജനകീയ കമ്മിറ്റിയുടെ ശുപാർശ പ്രകാരമായിരിക്കണം.

8. ഈ പഞ്ചായത്തിൽ പശുക്കളെ വളർത്തുന്നവരിൽ ബഹു ഭൂരിപക്ഷവും കർഷകത്തൊഴിലാളികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്. അത്യുല്പാദനശേഷിയുള്ള വിലയേറിയ ഉരുക്കളെ സാമ്പത്തിക പരാധീനതകാരണം ശാസ്ത്രീയമായി നിർമ്മിച്ച തൊഴുത്തിൽ വളർത്താൻ അവർക്ക് കഴിയുന്നില്ല. അതിനാൽ ഉരുക്കൾക്ക് അകിടു നീരു ബാധിച്ച് വമ്പിച്ച നഷ്ടം അനുഭവിക്കുന്നവരാണ് ഈ കർഷകർ. ഇതിൽ നിന്ന് ഒരു സംരക്ഷണം എന്ന നിലയിൽ നല്ല കറവപ്പശുക്കളെ വളർത്തുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന തെരഞ്ഞെടുത്ത കർഷകർക്ക് അവരുടെ ആവശ്യാനുസരണം തൊഴുത്തു നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.

9. ക്രോസ്ബ്രിഡിംഗ് വഴി അത്യുല്പാദനശേഷിയുള്ള ഉരുക്കളെ വാർത്തെടുത്തെങ്കിലും രോഗപ്രതിരോധശക്തിയിൽ അല്പം കുറവുണ്ടായി എന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. ഇത്തരത്തിൽ വിലയേറിയ പശുക്കൾക്ക് അകിടുനീർ, എത്മോയിഡ് ട്യൂമർ മുതലായ മാരക രോഗങ്ങൾ വഴി മരണം സംഭവിക്കുന്നുണ്ട്. കർഷകനെ ഈ നഷ്ടത്തിൽ നിന്നും രക്ഷിക്കുന്നതിനായി എല്ലാ കറവുമാടുകൾക്കും സൗജന്യമായി പി.റ്റി.ഡി. കവറേജുള്ള ഒരു മാസ്റ്റർ പോളിസിയിൻകീഴിൽ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തണം. ഇത് വന്ധ്യതയിൽ കൂടിയുള്ള നഷ്ടത്തിനും ഒരു പരിധിവരെ പരിഹാരമാകും.

10. മൃഗാശുപത്രിയിൽ ഇന്ന് ലഭിക്കുന്ന മരുന്ന് തുലോം കുറവാണ്. മരുന്നിന്റെ സപ്ലൈ, ചികിത്സാ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കണം.

11. ആശുപത്രിയോടനുബന്ധിച്ച് എല്ലാ സൗകര്യങ്ങളോടുകൂടിയ ലാബോറട്ടറി പ്രവർത്തിക്കണം. ലാബ് ടെക്നീഷ്യനെ നിയമിക്കണം. ഇപ്പോൾ സ്വകാര്യ ലാബുകളെ ആശ്രയിച്ചാണ് കാര്യങ്ങൾ നടത്തുന്നത്.

12. ചികിത്സാ ചെലവു കുറയ്ക്കുന്നതിനായി സഹകരണാടിസ്ഥാനത്തിൽ ഒരു വെറ്റേറിനറി മെഡിക്കൽ സ്റ്റോർ സ്ഥാപിക്കണം.

13. നിലവിലുള്ള വെറ്റേറിനറി ഡിസ്പൻസറി വെറ്റേറിനറി ഹോസ്പിറ്റലായി ഉയർത്തണം.

14. ആശുപത്രിക്ക് ചുറ്റുമതിലും ട്രവിസും നിർമ്മിക്കണം.

15. അടിയന്തിര സന്ദർഭങ്ങളിൽ ഡോക്ടറുടെ സേവനം കർഷകർക്ക് ലഭിക്കുന്നതിനുവേണ്ടി ആശുപത്രിയിൽ ടെല ഫോൺ സൗകര്യം ഏർപ്പെടുത്തണം.

16. വെറ്റേർനറി ഡോക്ടർമാർ മൂന്നുവർഷം കൂടുമ്പോൾ സ്ഥലം മാറ്റം കിട്ടുന്നവരായതിനാൽ അവരുടെ സേവനം സ്ഥിരമായി പഞ്ചായത്തിനു ലഭിക്കുന്നതിനായി ക്വാർട്ടേഴ്സ് നിർമ്മിക്കണം.

17. കർഷകരുടെ സൗകര്യാർത്ഥം ലാഭനഷ്ടങ്ങൾ ഇല്ലാത്ത രീതിയിൽ ആശുപത്രിയിൽ മൊബൈൽ യൂണിറ്റ് (Mobile Unit) സ്ഥാപിക്കണം.

18. പുന്തല I.C.D.C ഉപകേന്ദ്രം വെറ്റേറിനറി ഡിസ്പൻസറിയായി ഉയർത്തണം. ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

19. പാറച്ചന്തയിൽ ഒരു I.C.D.P. ഉപകേന്ദ്രം തുറക്കണം. തുറക്കുന്ന കാലയളവുവരെ അവിടെ ഒരു ക്യാമ്പ് ഡിസ്പൻസറി പ്രവർത്തിക്കണം.

20. മുഴുവൻ ക്ഷീര കർഷകർക്കും പെൻഷൻ പദ്ധതി നടപ്പിലാക്കണം.

21. അധികം വരുന്ന പാൽ നഷ്ടപ്പെടാതിരിക്കുവാനും തൊഴിൽ രഹിതർക്ക് തൊഴിലവസരം സൃഷ്ടിക്കുവാനും ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റ് തുടങ്ങണം.

പട്ടിക – 2

വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പുവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
1 മുതൽ 10 വരെ	1897	4102	999	30	600	20

പട്ടിക – 3

പേവിഷബാധ – പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ് നൽകിയവരുടെ എണ്ണം	-	-	-	183	-	-
കുടിയേറ്റത്തിനുശേഷം കുത്തിവായ്പ നടത്തിയവയുടെ എണ്ണം	3	-	3	-	-	-

പട്ടിക – 4

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	2243	772	70
കിടാരി	961	496	24
എരുമ	5	3	NIL

22. സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിച്ചതോടുകൂടി രോഗങ്ങളും വർദ്ധിച്ചിട്ടുണ്ട്. ഇതിൽ നിന്നും കർഷകന് ആശ്വാസം നൽകുന്നതിനായി ഗോരക്ഷാക്യാമ്പുകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഈ ക്യാമ്പുകൾക്ക് കൂടുതൽ തുക വകകൊള്ളിക്കുകയും വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും വേണം.

23. .....ചെലവു കുറയ്ക്കുന്നതിന്റെ ഭാഗമാണല്ലോ രോഗപ്രതിരോധം. എല്ലാവിധ പകർച്ചവ്യാധികൾക്കുമുള്ള പ്രതിരോധകുത്തിവയ്പ് സൗജന്യമായി നൽകണം. പ്രതിരോധ കുത്തിവയ്പുകളുടെ വിജയകരമായ നടത്തിപ്പിനായി കൂടുതൽ തുക വകകൊള്ളിക്കണം.

24. നൂതനസാങ്കേതിക വിദ്യകളുടെയും മറ്റും അറിവ് കർഷകർക്ക് പകർന്നു കൊടുക്കുന്നതിനായി കർഷക പരിശീലനപരിപാടി വർഷത്തിൽ രണ്ടെണ്ണമെങ്കിലും നടത്തണം. കുറഞ്ഞത് 50 കർഷകരേയും സാങ്കേതിക വിദഗ്ദ്ധരേയും പങ്കെടുപ്പിക്കണം.

25. ഭ്രൂണമാറ്റപദ്ധതി നടപ്പിലാക്കണം.

26. ഒരു തുടക്കമെന്നോണവും ഒരു പ്രോത്സാഹനമെന്ന നിലയിലും മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും നല്ല കർഷകന് 25000/- രൂപയുടെയെങ്കിലും അവാർഡു നൽകണം. അത് കാലാകാലങ്ങളിൽ പുതുക്കണം. നല്ലകർഷകനെ തെരഞ്ഞെടുക്കുമ്പോൾ ഉല്പാദനം, നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം, ഗവേഷണം ഇതെല്ലാം പരിഗണിക്കേണ്ടതാണ്.

27. നിയമാനുസൃതമല്ലാത്ത ഇറച്ചിവെട്ട് ആരോഗ്യപരിപാലനരംഗത്ത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതിനാൽ നിയമാനുസൃതമല്ലാത്ത ഇറച്ചിവെട്ട് കർശനമായി നിയന്ത്രിക്കണം. ഇതിനായി പഞ്ചായത്തിൽ ശാസ്ത്രിയമായ ഒരു മിനി കശാപ്പുശാല സ്ഥാപിച്ച് ഇറച്ചി പരിശോധന നിർബന്ധമാക്കണം. ഇങ്ങനെ ശാസ്ത്രീയമായി നടത്തുന്ന കശാപ്പുശാലയിലെ ഇറച്ചിവെട്ടുകാർക്ക് വെറ്റിനറി കോളേജിൽ നിന്നും പരിശീലനം നൽകണം.

ആടുവളർത്തൽ

ഈ പഞ്ചായത്തിൽ ലാഭകരമായിനടത്താവുന്ന ഒരു കൃഷിയാണ് ആടുവളർത്തൽ എന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. എന്നാൽ ഈ മേഖലയിൽ വേണ്ടത്ര ശ്രദ്ധ പതിഞ്ഞുകാണുന്നില്ല. കർഷകരിൽ ആടുവളർത്തുന്നതിനുള്ള താല്പര്യം ജനിപ്പിക്കുന്നതിനും ഇതിന്റെ സാദ്ധ്യതകളെ ചൂഷണം ചെയ്യുന്നതിനുമായി വർഷത്തിൽ 100 ആടുവളർത്തൽ യൂണിറ്റു വീതം തുടങ്ങണം. ഓരോ യൂണിറ്റിനും രണ്ട് മലബാറിപെണ്ണാടുകളെ (ഇണചേർക്കാറായത്) വീതം സൗജന്യമായി നൽകണം. കർഷകർക്ക് ആടുകളെ ഇണചേർക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി എല്ലാ വാർഡിലേയും തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ആണാടുകളെ വിതരണം ചെയ്യണം. മൃഗാശുപത്രികളിൽ ആടുകൾക്ക് കൃത്രിമ ബീജസങ്കലനം നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കണം.

എരുമ വളർത്തൽ

വെണ്മണി പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ അച്ചൻകോവിലാറ് ഒഴുകുന്നു. അതോടനുബന്ധിച്ച് ധാരാളം വെള്ളക്കെട്ടുകളുള്ള സ്ഥലങ്ങളുമുണ്ട്. 1, 2, 3, 4, 5 എന്നീ വാർഡുകളുടെ തെക്കൻ മേഖലയും ഏഴാം വാർഡിന്റെ തെക്ക് പടിഞ്ഞാറൻ മേഖലയും പത്താം വാർഡിന്റെ ചിറയോടുചേർന്ന സ്ഥലങ്ങളും എരുമ വളർത്തലിന് വളരെ അനുയോജ്യമാണ്. പശുക്കളുമായി താരതമ്യം ചെയ്യുമ്പോൾ എരുമയ്ക്ക് രോഗപ്രതിരോധശക്തി കൂടുതലാണ്. എരുമയുടെ പാലിന് നെയ്യ് കൂടുതലായതിനാൽ കൂടുതൽ വിലയും ലഭിക്കും. വിജയകരമായി എരുമയെ വളർത്തുന്ന കർഷകത്തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. അതിനാൽ എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. സാദ്ധ്യതയുള്ള മേഖലയിൽ നിന്നും തെരഞ്ഞെടുത്ത കർഷകർക്ക് എരുമയെ വാങ്ങുന്നതിന് ധനസഹായം നൽകണം.


2. ഓരോ യൂണിറ്റിലും രണ്ട് എരുമവീതമുള്ള യൂണിറ്റുകൾ പ്രതിവർഷം സ്ഥാപിക്കണം.

3. എല്ലാ ക്ഷീരകർഷകരും ഒരു പോലെ നേരിടുന്ന പ്രശ്നമാണ് കറവക്കാരുടെ ദൗർലഭ്യം. ഇതിന് ഒരു പരിഹാരമെന്നോണം ഓരോ വാർഡിലും ഒന്നോ അതിലധികമോ മിൽക്കർ-കം-കളക്ടറെ നിയമിക്കുന്ന കാര്യം ക്ഷീരസഹകരണസംഘങ്ങൾ ആലോചിക്കണം.

4. Mobile Milking Machine ന്റെ സാദ്ധ്യതകളെപ്പറ്റി ചിന്തിക്കണം.

കോഴിവളർത്തൽ

ഇരുപതിനായിരിത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ പ്രതിദിന മുട്ട ഉല്പാദനം ഏകദേശം3000 മാത്രമാണ്. ഇത് ശോചനീയമായ ഒരു സ്ഥിതിയാണ്. പോഷകസമൃദ്ധമായ മുട്ട സാധാരണക്കാരന്റെ ഭക്ഷണത്തിന്റെ ഭാഗമായിത്തീരേണ്ടതാണ്. ഈ രംഗത്ത് ഒരു വലിയമാറ്റം നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അടുത്ത 5 വർഷംകൊണ്ട് നമ്മുടെ പഞ്ചായത്തിലെ മുട്ട ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് സമഗ്രമായ കോഴിവളർത്തൽ പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിലേക്ക് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.



1. പ്രതിവർഷം 500 കുടുംബങ്ങൾക്ക് 10 കോഴിയെ വീതം നൽകണം.

2. 50% സബ്സിഡി നിരക്കിൽ ഇങ്ങനെ വിതരണം ചെയ്യുന്ന കോഴിയെ പഞ്ചായത്തിൽതന്നെ കണ്ടെത്തണം. ഇതിനായി500വീതം കപ്പാസിറ്റിയുള്ള രണ്ട് എഗ്ഗർ നഴ്സറികൾ അതിൽ തല്പര്യമുള്ള കർഷകർക്ക് സബ്സീഡി നൽകി തുടങ്ങണം. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ (ആസ്ടോവൈറ്റ്, റോഡോവൈറ്റ്, R.I.R, ALP) ഹാച്ചറിയിൽനിന്നും വാങ്ങി ഈ എഗ്ഗർനഴ്സറികളിൽ 46 ദിവസം മുതൽ 59 ദിവസം വരെ വളർത്തി പ്രതിരോധ കുത്തിവയ്പുകളും നടത്തി വിതരണം ചെയ്യണം.

3. കോഴിവളർത്തൽ മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ് കോഴിവസന്ത എന്ന രോഗം ഇതിനെ ഫലപ്രദമായി തടയുന്നതിന് ഒരു പരിപാടി നടപ്പാക്കണം. ഇതിനും മറ്റുരോഗങ്ങൾക്കുമുള്ള പ്രതിരോധ കുത്തിവയ്പും മറ്റു പ്രതിരോധ നടപടികളും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഓരോ വാർഡിലേയും താല്പര്യമുള്ള കർഷകർക്ക് പരിശീലനപരിപാടി നടത്തേണ്ടതാണ്.

4. പുതിയ ഇനം കോഴികൾ വന്നതോടുകൂടി പൊരുന്ന ഇരിക്കുന്ന സ്വഭാവം കോഴികൾക്ക് നഷ്ടമായി. ഈ പ്രശ്നത്തിന് ഒരു പരിഹാരം എന്നനിലയിൽ പഞ്ചായത്തിൽ ഒരു മിനി ഇൻകുബേറ്റർ സ്ഥാപിക്കണം (1000 കപ്പാസിറ്റി) ഒരു നിശ്ചിത ഫീസീടാക്കിക്കൊണ്ട് കോഴിമുട്ടയോ താറാവിന്റെ മുട്ടയോ വിരിച്ചെടുക്കുന്നതിന് സാധിക്കും.

5. ബ്രോയിലർ കോഴിവളർത്തൽ ലാഭകരമായി നടത്തുന്ന രണ്ട് കർഷകർ ഈ പഞ്ചായത്തിലുണ്ട്. ഇനിയും കൂടുതൽ യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്. വർഷംതോറും 5 യൂണിറ്റു വീതം സ്ഥാപിക്കണം.

താറാവു വളർത്തൽ

പരമ്പരാഗതമായി താറാവു വളർത്തൽ ഉണ്ടായിരുന്ന ഈ പഞ്ചായത്തിൽ ഇന്ന് താറാവുകൃഷി അന്യംനിന്ന അവസ്ഥയിലായിട്ടുണ്ട്. ശ്രദ്ധവച്ചാൽ താറാവു കൃഷിക്ക് നല്ല സാദ്ധ്യതയുള്ള പ്രദേശമാണ്.

ഈ മേഖല പുനരുജ്ജീവിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പും ഗ്രാമപഞ്ചായത്തും മുൻകൈ എടുത്ത് താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ തയ്യാറാകേണ്ടതാണ്.

1. വർഷംതോറും രണ്ട് വലിയ യൂണിറ്റും (400 എണ്ണം) 25 ബാക്ക് യാർഡ് യൂണിറ്റും തുടങ്ങണം. ഇതിനുള്ള താറാവിനെ നിരണം താറാവുവളർത്തൽ കേന്ദ്രത്തിൽനിന്നും ലഭ്യമാക്കണം.

2. താറാവുകൃഷിക്കാർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയപ്രശ്നമാണ് താറാവു വസന്ത. ഇതിനെതിരായുള്ള വാക്സിനേഷൻ പ്രോഗ്രാം വിപുലമാക്കണം.

പന്നി വളർത്തൽ

പന്നിവളർത്തൽ ഇപ്പോൾതന്നെ വിജയകരമായി ഈ പഞ്ചായത്തിൽ നടത്തുന്നുണ്ട്. ഇത് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

സ്കൂളുകൾ, ഹോട്ടലുകൾ, കോൺ

വെന്റുകൾ മുതലായി ആഹാരസാധനങ്ങൾ അധികം വന്നു പുറംതള്ളുന്ന സ്ഥാപനങ്ങൾക്കും താല്പര്യമുള്ള കർഷകർക്കും രണ്ടു പന്നിക്കുഞ്ഞുങ്ങൾ (1 യൂണിറ്റ്) വീതം നൽകി ഇതിന് തുടക്കം കുറിക്കാം.

പേവിഷബാധ

പഞ്ചായത്തിൽ നായ്ക്കളെ വളർത്തുന്നതിന് ലൈസൻസിംഗ് സമ്പ്രദായം അടിയന്തിരമായി നടപ്പാക്കണം. നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരായ പ്രതിരോധകുത്തിവയ്പ് സൗജന്യമായി നടത്തണം.

മത്സ്യകൃഷി

മത്സ്യഉപഭോഗം ഉയർന്നതോതിലുള്ള ഒരു പഞ്ചായത്താണ് വെണ്മണി. പക്ഷേ ഉല്പാദനം തീരെ ഇല്ലെന്നുതന്നെ പറയാം. കടൽ മത്സ്യമാണ് ഇവിടെ വിതരണം നടത്തുന്നത്. കക്കടയിൽ ലോറിയിൽ എത്തുന്ന മത്സ്യവും കൊല്ലകടവ് ചന്തയിൽ നിന്നും സൈക്കിളിൽ കൊണ്ടുവരുന്ന മത്സ്യവുമാണ് ഇവിടെ പ്രധാനമായും വിറ്റഴിയുന്നത്. അപൂർവ്വമായി ആറ്റു മത്സ്യവും കിട്ടാറുണ്ട്. വേനൽക്കാലത്ത് ചാലുകളിൽ നിന്നും കുളങ്ങളിൽ നിന്നും നാമമാത്രമായി മത്സ്യം ലഭിക്കാറുണ്ട്.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി മത്സ്യകൃഷിക്ക് അനുയോജ്യമായ ചാലുകളും കുളങ്ങളുമുണ്ട്. കോമൻകുളങ്ങരചാൽ, പല്ലോന്തിച്ചാൽ, കുതിരവട്ടം ചിറ, ചാങ്ങപ്പാടം, പടിഞ്ഞാറ്റും ചാങ്ങ, പടുവ, വള്ളക്കുളം, പഴൂക്കുഴി തുടങ്ങിയ ജലാശയങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ഈച്ചാലുകൾ കോൺട്രാകട് അടിസ്ഥാനത്തിൽ നൽകി മത്സ്യകൃഷി നടത്താവുന്നതാണ്.

സാമ്പത്തികസഹായം നൽകി സ്വകാര്യകുളങ്ങളിലും മത്സ്യകൃഷി നടത്തേണ്ടതാണ്.


മത്സ്യകൃഷിക്കാവശ്യമായ പരിശീലനമോ പ്രവർത്തനമോ പഞ്ചായത്തിൽ നടത്താറില്ല.


മുയൽ വളർത്തൽ

ഔഷധഗുണമുള്ളതും രുചികരവുമായ ഇറച്ചിക്ക് ഉപയോഗിക്കാവുന്ന മുയലുകളെ വളർത്തുന്ന പല കുടുംബങ്ങളും പഞ്ചായത്തിൽ ഉണ്ടായിരുന്നു. ആവശ്യമായ ഉപദേശവും പ്രോത്സാഹനവും ലഭിക്കാതെ വന്നതിനാൽ മുയൽവളർത്തൽ ഇന്ന് നാമമാത്രമായിരിക്കുന്നു. സങ്കരയിനം മുയലുകളെ സൗജന്യനിരക്കിൽ കർഷകർക്കു നൽകി മുയൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഗൗരവമായി കണക്കിലെടുക്കുവാനും ഫലപ്രദമായി നടപ്പിലാക്കുവാനും തയ്യാറായാൽ മൃഗസംരക്ഷണ മത്സ്യബന്ധനമേഖലകളിൽ അടുത്ത അഞ്ചു വർഷം കൊണ്ട് വെണ്മണി പഞ്ചായത്തിന് ഒരു കുതിച്ചുകയറ്റം തന്നെ നടത്താൻ കഴിയുന്നതാണ്.

❑






5.3

വ്യവസായം

വെണ്മണി പഞ്ചായത്ത് വ്യവസായമേഖലയിൽ വളരെ പിന്നോക്കം നിൽക്കുന്നു. പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ഭൂരിഭാഗം കുടുംബങ്ങളും കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ്. പൊതുമേഖലാ വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിൽ40 വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാംകൂടി 243 തൊഴിലാളികൾ ജോലിചെയ്യുന്നു. വ്യവസായ യൂണിറ്റുകളുടെയും തൊഴിലാളികളുടെയും ഇനംതിരിച്ചുള്ള കണക്ക് പട്ടികയിൽ കൊടുത്തിരിക്കുന്നു.

ചെറുകിട വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന തീപ്പെട്ടിക്കൊള്ളി നിർമ്മാണയൂണിറ്റുകൾ 4 എണ്ണം. സ്ത്രീ തൊഴിലാളികളാണ് ഈ മേഖലയിൽ കൂടുതൽ. എന്നാൽ വേതന നിരക്ക് വളരെ കുറവാണ്. ഇഷ്ടിക നിർമ്മാണം, ഫർണീച്ചർ നിർമ്മാണം, എൻജിനീയറിംഗ് വർക്സ്, പ്രിന്റിംഗ് പ്രസ്സ്, സിപ്പ്-അപ്പ് യൂണിറ്റ്, റൈസ്മില്ലുകൾ എന്നിവ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾ കാര്യമായി പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.


ഈ പഞ്ചായത്തിൽ 11 റൈസ് മില്ലുകളും, 2 കാപ്പിപ്പൊടി മില്ലുകളും, 1 കറിപൗഡർ നിർമ്മാണയൂണിറ്റും, 3 സോമില്ലുകളും പ്രവർത്തിക്കുന്നു.



പട്ടിക – 1

തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

വിഭാഗം	യൂണിറ്റിന്റെ എണ്ണം	തൊഴിലാളികൾ		
		പുരു.	സ്ത്രീ	ആകെ
തീപ്പെട്ടിക്കൊള്ളി	4	10	50	60
ഇഷ്ടിക	23	95	25	120
റൈസ്മിൽ	11	11	-	11
കറിപൗഡർ	1	1	-	1
കാപ്പിപ്പൊടി	2	2	-	2
എൻജിനീയറിംഗ്	2	4	-	4
തടിഅറുപ്പ്	3	14	-	14
പ്രിന്റിംഗ് പ്രസ്	2	2	5	7
ഫർണീച്ചർ	4	5	-	5
സോഡാ നിർമ്മാണം	1	1	-	1
പ്ലാസ്റ്റിക് കണ്ടെയ്നർ	1	1	-	1
കൊപ്രവ്യവസായം	1	2	-	2
സിപ്പ്-അപ്പ് നിർമ്മാണം	1	2	-	2
ബേക്കറി യൂണിറ്റ്	1	3	-	3
സോമിൽ & പെൻസിൽ സ്ലാട്ട്	2	6	12	18



പ്രധാന തൊഴിൽ മേഖലകൾ

പഞ്ചായത്തിലെ ജനസംഖ്യ 20326 ആണ്. ഇതിൽ നല്ലപങ്കും കാർഷികമേഖലയിലും കെട്ടിടനിർമ്മാണരംഗത്തും പണിയെടുക്കുന്നവരാണ്. കാർഷികമേഖലയിലും കെട്ടിട നിർമ്മാണ രംഗത്തും പണിയെടുക്കുന്നവരിൽ നല്ല ശതമാനം സ്ത്രീകളുമുണ്ട്. സർക്കാർ ആഫീസുകളിലും വിദ്യാലയങ്ങളിലും ജോലി ചെയ്യുന്നവരും കുറവല്ല. പഞ്ചായത്തിലെ കിഴക്കൻ മേഖലയിൽ മത്സ്യവിതരണ ജോലിചെയ്യുന്ന ഏകദേശം50 കുടുംബങ്ങളുണ്ട്. കടകമ്പോളങ്ങളിൽ ജോലി ചെയ്യുന്ന ചെറിയ വിഭാഗവുമുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഉദ്ദേശം 243 പേർ ജോലിചെയ്യുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നവരുടെ സംഖ്യയും കുറവല്ല.

പ്രശ്നങ്ങൾ

ആലപ്പുഴ ജില്ലയുടെ കിഴക്കേ അറ്റത്തുള്ള പഞ്ചായത്താണു വെണ്മണി. 18.01 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണവും20326 ജനസംഖ്യയും വരുന്ന പഞ്ചായത്തിൽ, നിത്യോപയോഗ സാധനങ്ങളുടെ നല്ല വിപണിയുണ്ടായിട്ടും വിപണനത്തിനാവശ്യമായ ഉല്പന്നങ്ങളിൽ ഒരു ചെറിയ പങ്കെങ്കിലും ഉല്പാദിപ്പിക്കുവാൻ നമുക്കു കഴിയുന്നില്ല. വ്യവസായ വളർച്ചയ്ക്ക് ആവശ്യമുള്ള അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരതാ ഗതാഗത സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗസൗകര്യങ്ങൾ, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപ്പരത ഇവയെല്ലാം ഉണ്ടെങ്കിലും വ്യാവസായിക രംഗത്ത് വളർച്ച നേടാൻ കഴിയാതിരിക്കുന്നത് താഴെപ്പറയുന്ന കാരണങ്ങളാലാണ്.

1. പ്രധാന കാർഷികോല്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. വൈദ്യുതിക്ഷാമവും വോൾട്ടേജു കുറവും
3. വ്യാവസായികാവശ്യത്തിനുള്ള ജലം ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
4. പൊതുജനങ്ങൾക്ക് വ്യവസായസംരംഭങ്ങളെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ്.
5. പരമ്പരാഗത മേഖലയിൽ പരിചയ സമ്പന്നരുണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ കുറവ്.
6. റബ്ബറധിഷ്ടിതമായ വ്യവസായങ്ങളെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാന കുറവ്.
7. പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ടി വരുന്ന നടപടിക്രമങ്ങളിലെ തടസ്സങ്ങൾ. ആവശ്യമായ ധനസഹായം ലഭിക്കാനുള്ള പ്രയാസങ്ങൾ.
8. വ്യവസായ സബ്സിഡികൾ യഥാസമയം ലഭിക്കുന്നില്ല. വാങ്ങിയെടുക്കുവാനുള്ള ബുദ്ധിമുട്ടുകൾ.
9. ധനസഹായ സ്ഥാപനങ്ങളുട അമിതമായ പലിശ നിരക്ക്.
10. ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനും പ്രബലരായ വൻകിടക്കാർ ഉല്പാദിപ്പിക്കുന്നതുമായ ഉല്പന്നങ്ങളോട് കിടപിടിക്കുന്നതിനും ഇടത്തരക്കാരന്റെ ശേഷി ഇല്ലായ്മ.
11. റെഡിമെയ്ഡ് ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത കുറവ്.

12. വ്യവസായ വികസനവുമായി ബന്ധപ്പെട്ടുള്ള ശാസ്ത്രീയ ബോധവൽക്കരണ കുറവ്.

13. വ്യവസായങ്ങൾ സ്ഥാപിക്കാനുള്ള പഞ്ചായത്തിലെ സ്ഥലസൗകര്യ കുറവ്.

14. സാങ്കേതിത പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സാദ്ധ്യതയില്ലായ്മ.

സാധ്യതകൾ

വിദ്യാഭ്യാസ നിലവാരത്തിൽ പഞ്ചായത്തിലെ യുവതീയുവാക്കൾ ഒട്ടും പിറകിലല്ല. എന്നാൽ വിദ്യാഭ്യാസ, സാങ്കേതിക രംഗങ്ങളിൽ സമ്പന്നരായവരിൽ നല്ല ശതമാനം യുവതീയുവാക്കളും കേരളത്തിനു പുറത്ത് ഇൻഡ്യയിലും, വിദേശത്തുമായി ജോലി ചെയ്യുന്നു.

കാർഷിക മേഖലകഴിഞ്ഞാൽ കെട്ടിട നിർമ്മാണമേഖലയിലാണ് കൂടുതൽ തൊഴിലാളികൾ പണി ചെയ്യുന്നത്. വ്യാവസായിക മേഖലയിൽ തീപ്പെട്ടിക്കൊള്ളി നിർമ്മാണയൂണിറ്റുകളിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതൽ.


ഈ പഞ്ചായത്തിൽ നാളികേരം നല്ല രീതിയിൽ ലഭിക്കുന്നുണ്ടെങ്കിലും അതുപയോഗിച്ചുള്ള വ്യവസായങ്ങൾ ഒന്നും തന്നെയില്ല. തേങ്ങ, തൊണ്ട്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വ്യവസായത്തെക്കുറിച്ചും തേങ്ങാപ്പിണ്ണാക്കുപയോഗിച്ച് കന്നുകാലിത്തീറ്റ നിർമ്മിക്കുന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുവാൻ കഴിയും.

ഖാദിമേഖല

ഖാദിമേഖലയുമായി ബന്ധപ്പെടുത്തി നിരവധി ഇനങ്ങളിലുള്ള വ്യവസായ സംരംഭങ്ങൾക്ക് സാദ്ധ്യതയുണ്ട്. തേനീച്ച വളർത്തൽ വ്യാപകമാക്കുവാൻ കഴിയും.

പട്ടിക - 2

ഖാദിമേഖലയിൽ ആരംഭിക്കാവുന്ന യൂണിറ്റുകൾ (സഹകരണം)	1	കൊപ്ര സംസ്ക്കരണം
	2	വെളിച്ചെണ്ണ നിർമ്മാണം കന്നുകാലിത്തീറ്റ
	3	ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ)
	4	അച്ചാർ നിർമ്മാണം
	5	ജാമുകൾ
	6	റബ്ബർ ബാൻസ്
	7	ബേക്കറി
	8	മെറ്റൽ നിർമ്മാണം
	9	നോട്ടുബുക്കു നിർമ്മാണം
	10	റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
	11	ഈറ, മുള തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായം
	12	അലൂമിനിയം പാത്ര നിർമ്മാണം
	13	പ്ലാസ്റ്റിക് വ്യവസായം
	14	പേപ്പർ ബോക്സ് നിർമ്മാണം
	15	ഔഷധ ചെടിവളർത്തൽ കുറ്റിമുല്ല കൃഷി
	16	ഓട്ട് വ്യവസായം
	17	തേനീച്ചവളർത്തൽ



ഈ പഞ്ചായത്തിൽ നിന്നും സാങ്കേതിക പരിജ്ഞാനം ലഭിച്ച ധാരാളം പേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ നല്ലൊരുപങ്ക് ആളുകൾ അനുകൂലസാഹചര്യം ലഭിച്ചാൽ നാട്ടിൽ മുതൽ മുടക്കി ചെറുതും വലുതുമായ വ്യവസായങ്ങൾ ആരംഭിക്കുവാൻ സന്നദ്ധരാണ്. പഞ്ചായത്തിലെ വിപണികൾ മാത്രം ലഭിച്ചാൽപ്പോലും വളരുവാൻ സാദ്ധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ മുന്നോട്ടു വരുന്നതിനായി യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തി എടുക്കേണ്ടതുണ്ട്.

ജൈവവളം – കാലിത്തീറ്റ വ്യവസായം

കാർഷിക മേഖലയായ വെണ്മണി പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് വളരെ സാദ്ധ്യതകളുണ്ട്. രാസവളങ്ങളുടെ വിലക്കയറ്റം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ജൈവവളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ്. ഇതിനുള്ള അസംസ്കൃത വസ്തുക്കൾ ധാരാളമായി ഇവിടെ ലഭ്യമാണ്. ഈ സാഹചര്യത്തിൽ ജൈവവള യൂണിറ്റുകൾ ഈ പഞ്ചായത്തിൽ ഏറ്റവും സാദ്ധ്യതയുള്ള വ്യവസായമാണ്. കാലിത്തീറ്റ വ്യവസായത്തിനാവശ്യമായ നാളികേരവും ഇവിടെ സുലഭമാണ്.

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

പട്ടിക – 3

സഹകരണസംഘം (വനിത)	1	കറിപൗഡർ
	2	കരിങ്കല്ല് ഉടച്ച് ജില്ലിയാക്കൽ
	3	റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
	4	കാർഡ്ബോർഡ് കവർ നോട്ടുബുക്കു നിർമ്മാണം
സഹകരണസംഘം (ജനറൽ)	5	ഇഷ്ടിക നിർമ്മാണം
	6	കോഴിവളർത്തൽ
	7	സ്റ്റീൽ ഫർണീച്ചർ
	8	ഔഷധച്ചെടികളുടെ സംഭരണം
		കുറ്റിമുല്ല
	9	ഫാൻസിലതർ ഗുഡ്സ്
	10	പ്ലാസ്റ്റിക് സാധനങ്ങൾ
		റീഫിൽ
	11	ബേക്കറി
	12	റബ്ബർ ബാൻസ്
സഹകരണസംഘം (പട്ടികജാതി-പട്ടികവർഗ്ഗം)	13	തേനീച്ച വളർത്തൽ
	14	കരകൗശല വസ്തുക്കൾ
	15	കുട, പനമ്പ് നിർമ്മാണം

പഞ്ചായത്തിൽ കല്യാത്രക്കു സമീപം സർക്കാർ ഉടമസ്ഥതയിൽ ട്രാക്കോ കേബിളിന്റെ ഒരു യൂണിറ്റ് ആരംഭിക്കണം.

കോടുകുളഞ്ഞിക്കരോട് 10-ാം വാർഡ് കേന്ദ്രമാക്കി മെറ്റൽ നിർമ്മാണം ആരംഭിക്കണം.

സർക്കാർ ഉടമസ്ഥതയിൽ ഒരു ഇലക്ട്രോണിക് കംപോണൻസ് നിർമ്മാണ യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കണം.

സഹകരണമേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങളിലെ ഉല്പന്നങ്ങൾ ഏറ്റെടുക്കുവാനും വിതരണം നടത്തുവാനുമുള്ള വിപുലമായ പ്രവർത്തനങ്ങൾ നടത്തുവാൻ സഹകരണ മേഖലയ്ക്കു കഴിയണം.

ടൂറിസം വികസനം

ടൂറിസത്തെ ഒരു വ്യവസായമായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വെണ്മണി പഞ്ചായത്തിലെ കോടുകുളഞ്ഞിക്കരോട് പത്താം വാർഡിലെ ചിറയും ബന്ധപ്പെട്ട പ്രദേശങ്ങളും ഏറ്റെടുത്ത് ബൊട്ടാണിക്കൽ ഗാർഡൻ ആരംഭിക്കാൻ കഴിയും.

വൈദ്യുതി ഉല്പാദനവും വിതരണവും


വ്യവസായ വികസനത്തിനു തടസ്സമായി നിൽക്കുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുവാൻ പഞ്ചായത്തിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ചെയ്യണം.

വൈദ്യുതി സംരക്ഷണം

വൈദ്യുതിയുടെ അമിതമായ ഉപഭോഗം കുറയ്ക്കുന്നതിന് K.S.E.B, Anert, സർക്കാർ എന്നിവയുടെ സഹകരണത്തോടെ വീടുകളിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കണം.

ഗ്രാമസഭയിൽ ഉയർന്ന പ്രധാന നിർദ്ദേശങ്ങൾ

1. ആയുർവ്വേദ മരുന്നു നിർമ്മാണം ആരംഭിക്കണം.
2. പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ ഉല്പാദനം ആരംഭിക്കണം.
3. തൊടി നിർമ്മാണം, കരിമ്പാട്ടി ശർക്കര എടുക്കൽ ഇവ ആരംഭിക്കണം.
4. റബ്ബർ അധിഷ്ടിത വ്യവസായം ആരംഭിക്കണം.
5. പനമ്പ്, കച്ചി, ചിരട്ട ഇവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ നിർമ്മാണം ആരംഭിക്കണം.
6. പാൽ ഉല്പാദനം വർദ്ധിപ്പിച്ച് ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കണം.
7. റബ്ബർ, മരച്ചീനി, നാളികേരം ഇവ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണം.
8. ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങണം.
9. ഇരുമ്പാണി നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.
10. മെറ്റലടിക്കുന്ന യൂണിറ്റ് തുടങ്ങണം.



നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ വിവരം പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും അതിൽ നിന്നും വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ്ധപരിശീലനം നൽകുകയും ചെയ്യുക.

2. കരകൗശല രംഗത്ത് വിദഗ്ദ്ധമായ പരിശീലനം നൽകുന്നതിനാവശ്യമായCraft Development Centre സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

3. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളീകേര വികസന ബോർഡ്, കേര ഫെഡ്, തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലന ക്ലാസ്സ് സംഘടിപ്പിക്കണം.

4. റെഡിമെയ്ഡ് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീനരീതികളെപ്പറ്റിയും അതിന്റെ വിപണന സാദ്ധ്യതകളെപ്പറ്റിയും വിദഗ്ദ്ധ പരിശീലനം നൽകണം.

5. വെണ്മണിപഞ്ചായത്തിൽ വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആലപ്പുഴ ജില്ലാ വ്യവസായകേന്ദ്രം, ചെങ്ങന്നൂർ താലൂക്ക് വ്യവസായ ആഫീസ്, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ10 ദിവസം നീണ്ടു നിൽക്കുന്ന ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

6. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും 3 Phase ആക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കേണം.

7. കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും പ്രസ്തുത രംഗത്തെ വികസനം സാദ്ധ്യമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുക.

8. 'വ്യവസായ കേരളം' പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തുക.

9. പുതിയ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുവാനും ധനസഹായം ലഭിക്കാനും ഇന്ന് നിലവിലുള്ള നടപടി ക്രമം ലഘൂകരിക്കുക.

10. പഞ്ചായത്തിലെ ബാങ്കുകളിലെ നിക്ഷേപത്തിന്റെ 60% കുറഞ്ഞ പലിശനിരക്കിൽ വ്യവസായത്തിനായി വിതരണം ചെയ്യുക.

❑

5.4

റോഡ് ഊർജ്ജം മാർക്കറ്റ്

നാടിന്റെ സമഗ്രമായ വികസനത്തിന് മെച്ചപ്പെട്ട റോഡുകളും ഗതാഗത സൗകര്യവും അനുപേക്ഷണീയമാണ്. വെണ്മണി പഞ്ചായത്തിൽ ആകെ 135.56 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളുണ്ട്. ഇതിൽ 20 കിലോമീറ്റർ ദൂരം ടാറിട്ട P.W.D. റോഡുകളാണ്. വെണ്മണിയിലെ പഞ്ചായത്തു റോഡുകളുടെ മൊത്തം ദൈർഘ്യം 116.5 കിലോമീറ്ററാണ്. ഇതിൽ 108 കിലോമീറ്റർ പക്കാറോഡുകളും 8 കിലോമീറ്റർ ടാർ ചെയ്ത റോഡുമാണ്.


പ്രധാനപ്പെട്ട P.W.D. റോഡുകൾ താഴെപ്പറയുന്നവയാണ്.

1. കൊല്ലകടവ് – കുളനട റോഡ്
2. കോടുകുളഞ്ഞി – പുലക്കടവ് റോഡ്
3. മുളക്കുഴ – ഇല്ലത്തുമേപ്പുറം റോഡ്
4. കക്കട – പെണ്ണുക്കര റോഡ്

മുകളിൽ പറഞ്ഞ റോഡുകൾ നാലും ടാർ റോഡുകളാണെങ്കിലും കാലാകാലങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാലും ജലനിർഗമനത്തിന് ആവശ്യമായത്ര ഓടകൾ നിർമ്മിക്കാത്തതിനാലും ഈ റോഡുകളുടെ അവസ്ഥ മോശമാണ്. നിലവിലുള്ള ഓടകൾ തന്നെ അനുയോജ്യമായ ജലനിർഗ്ഗമനതോടുകളുമായി ബന്ധിപ്പിക്കാത്തതുമൂലം റോഡുകളിൽ വെള്ളക്കെട്ടും ഓടകളിലെ മലനീകരണവും ഒരു ശാപമായി തീർന്നിരിക്കുന്നു. വർഷകാലങ്ങളിൽ ഈ സ്ഥിതി അത്യന്തം ശോചനീയമാണ്. ഇതിന് സത്വര പരിഹാര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ 3, 4, 5, 6, 7, 8 വാർഡുകളിലെ മിക്കവാറും ഭാഗങ്ങൾ താഴ്ന്ന പ്രദേശമാകയാൽ വർഷകാലത്ത് വെള്ളക്കെട്ടുമൂലം ആഴ്ചകളോളം ഗതാഗത തടസ്സം അനുഭവപ്പെടാറുണ്ട്. ആയതിനാൽ ഇത്തരത്തിൽ റോഡിൽ വെള്ളക്കെട്ടുണ്ടാകുന്ന ഭാഗങ്ങൾ ഉയർത്തിയും ഓടകൾ നിർമ്മിച്ചും റോഡ് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കണം.

ഒരു പട്ടണത്തിന്റെ സ്വഭാവത്തിലേക്ക് അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ വാഹനങ്ങളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. വാഹനങ്ങ



ളുടെ വർദ്ധനയ്ക്ക് അനുസൃതമായി റോഡുകളുടെ സ്ഥിതി ശാസ്ത്രീയമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിനുള്ള സമയബന്ധിതമായ പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള പഞ്ചായത്തു റോഡുകളുടേയും P.W.D. റോഡുകളുടേയും ശോചനീയാവസ്ഥ അടിസ്ഥാനമാക്കിയുള്ളതാണ്. കൂടാതെ പുതിയ പല റോഡുകളുടേയും ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

പുതിയ റോഡുകൾക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങളിൽ പലതും നിലവിലുള്ള ഇടവഴികളും തോടുകളും മണ്ണിട്ട് ഉയർത്തി സഞ്ചാരയോഗ്യമാക്കുവാനുള്ളതാണ്. ഇത്തരം റോഡുകൾ നിർമ്മിക്കുന്നതോടൊപ്പം ജലനിർഗ്ഗമനത്തിന് ആവശ്യമായ ഓടകൾകൂടി നിർമ്മിക്കേണ്ടതാണ്.

പ്രധാന പ്രശ്നങ്ങൾ

1. റോഡുകളുടെ വശങ്ങളിൽ ഓടയില്ലാത്തതിനാൽ റോഡുകൾ താറുമാറാവുന്നു. മഴക്കാലത്തു ഗതാഗതം തടസ്സപ്പെടുന്നു.
2. റോഡിനരികിൽ പലയിടത്തും സുഗമമായ ഗതാഗതത്തിന് തടസ്സം ഉണ്ടാക്കുന്ന വിധം വൈദ്യുതി, ടെല ഫോൺപോസ്റ്റുകൾ നില്ക്കുന്നത് അപകട സാദ്ധ്യത വർദ്ധിപ്പിക്കുന്നു.
3. റോഡിൽ ഭവനനിർമ്മാണ സാമഗ്രികൾ സ്റ്റോക്കു ചെയ്യുന്നത് ഗതാഗതത്തെ ബാധിക്കുന്നു.
4. റോഡിന്റെ ഇരുവശങ്ങളും അനധികൃതമായി കയ്യേറുന്നതുമൂലം റോഡിന്റെ വീതികുറയുന്നു.
5. കാലാകാലങ്ങളിൽ റോഡിന്റെ അറ്റകുറ്റപ്പണി നടത്താതിരിക്കുന്നു.
6. റോഡിന്റെ അതൃത്തിയിൽ നിന്നും 3 മീറ്റർ തള്ളി മാത്രമേ കെട്ടിടം നിർമ്മിക്കാവൂ എന്ന നിബന്ധന കർശനമായി പാലിക്കപ്പെടുന്നില്ല.
7. പഞ്ചായത്ത് റോഡിന്റെ വശങ്ങളിൽ വസ്തു ഉടമകൾ മതിലും വേലിയും കെട്ടുന്നതിന് മുമ്പ് പഞ്ചായത്തിന്റെ അനുമതി വാങ്ങണം എന്ന നിയമവ്യവ്സഥ മറികടക്കുന്നു.
8. പഞ്ചായത്തു റോഡുകളുടെ വശങ്ങളിലുള്ള ചില താമസക്കാർ വീടുകളിലേക്കുള്ള സഞ്ചാരസൗകര്യത്തിനുവേണ്ടി ജലനിർഗമനത്തോടുകൾ നികത്തി നീരൊഴുക്ക് തടസ്സപ്പെടുത്തുന്നതുമൂലം വർഷകാലത്ത് വെള്ളം കയറി റോഡ് താറുമാറാകുന്നു.
9. വാഹനഗതാഗതത്തിന് തടസ്സം ഉണ്ടാക്കുന്നവിധം റോഡുകളിലേക്ക് തള്ളി നില്ക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റാത്തത്.
10. കവലകളിൽ റോഡിന്റെ മദ്ധ്യത്തിലായി നിയമവിരുദ്ധമായി തൂണുകളും മറ്റും കുഴിച്ചിട്ട് ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നത്.


സാധ്യതകൾ

1. റോഡുസംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.
2. ബഹുജനപങ്കാളിത്തത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുക.
3. റോഡ് സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുക.

റോഡ് വികസനം സംബന്ധിച്ച നിർദ്ദേശങ്ങൾ


A ടാറിംഗ് B വീതികൂട്ടൽ C ഉയർത്തൽ D സംരക്ഷണഭിത്തി E മെയിന്റനൻസ്

ക്രമനമ്പർ വാർഡ്	റോഡിന്റെ പേര്	A	B	C	D	E
101	അംബീമുക്ക് - കുറ്റിമുക്ക്	x	-	-	-	-
201	SNDP കലുങ്കു മുതൽ - പൊയ്കമുക്ക്	x	x	-	-	-
301	താഴെപ്പടി - കുറ്റിമുക്ക്	-	-	-	-	x
401	ഇടശേരേത്തുപടി - താപ്പൂർ കടവ് - തെങ്ങിൽപ്പടി	x	-	x	-	-
501	കല്ലിരിത്തിനാൽപ്പടി - പൊയ്കമുക്ക്	x	-	x	-	x
601	വാലുപറമ്പിൽ പടി - തുണ്ടിവാൽ റോഡ്	-	-	-	-	x
701	B.K.V. സ്കൂൾ - കരിങ്ങാലിക്കടവ് റോഡ്	x	-	-	-	-
102	പൈക്കാട്ട്മുക്ക് - കോളൂത്രപള്ളത്ത് കടവ്	-	-	x	-	-
202	വരട്ടാലിൽ മുക്ക് - കരിപ്പാലിൽ മുക്ക്	-	-	x	-	-
302	പുല്ലുതറപ്പടി - കുമ്പഴമൂല റോഡ്	-	x	-	-	x
402	ചെറുവേലിപ്പടി - ആലുംതുരുത്ത് - പെരുന്തുരുത്ത്	x	x	-	x	-
502	ഐരാണിക്കുടി കടത്തുകടവ് റോഡ്	x	x	-	-	-
602	തുതിക്കാട്ടുമഠത്തിൽക്കടവ് റോഡ്	-	-	x	-	x
702	മുഞ്ഞനാട്ടു നിലം മുതൽ മേൽനിലം വരെ	-	x	x	-	-
802	കൊട്ടാരത്തിൽ കടവ് റോഡ്	-	x	x	-	-
902	ചക്രത്തറതോട്, കുഴിവോത്രത്തോട്	-	x	x	-	-
1002	ചക്കാലപ്പള്ളത്തു കടവ് - പുല്ലപതറപ്പടി റോഡ്	x	x	x	-	-
1102	ആട്ടിൻകൂട്ടിൽപ്പടി - പള്ളിക്കടവു റോഡ്	x	x	x	-	-
1202	പള്ളിക്കടവ് - കുള്ളിക്കടവ് റോഡ്	-	x	x	-	x
1302	ചിറ്റയ്ക്കാട്ട്പടി - നെടിയകാല റോഡ്	-	x	x	-	x
1402	ചക്രത്തറപ്പടി - മേൽനിലം	x	-	-	-	x
1502	കരിപ്പാലി - അമ്പലവെട്ടം	-	-	-	-	x
103	പൊയ്ക - പുറ്റുതറ - കുറ്റിമുക്ക്	x	-	-	-	-
203	കുറ്റിമുക്ക് - പൊയ്കയിൽ കുളം മലവഴിറോഡ്	x	-	-	-	-




ക്രമനമ്പർ വാർഡ്	റോഡിന്റെ പേര്	A	B	C	D	E
303	വലിയ ചക്കാലപ്പടി – വല്ലഭം തുരുത്ത് – പള്ളിപ്പുറം	x	-	x	-	-
403	നരിവേലിൽ – കുഴിയംവെട്ടത്തു – കൊട്ടിളപ്പാട്ട്	-	-	-	x	x
503	തെങ്ങിൽപ്പടി – വെട്ടുവേലി പുഞ്ചക്കര – നെടിയകാല	-	-	-	-	x
603	പൊയ്കമുക്ക് – മുള്ളൻകുഴി	-	-	-	-	x
703	പൊയ്കമുക്ക് – ഇടയിലപ്പറമ്പ്	-	-	-	-	x
803	പടിഞ്ഞാറെപൊയ്ക കല്ലുവരമ്പ്	-	-	-	-	x
903	തച്ചപ്പടി – കിഴക്കിനാൽ – നഗരൂർ – പുറ്റുതറ	-	-	-	-	x
104	ഞാലിപ്ലാവിലപ്പടി – ചാങ്ങപ്പാടം	-	x	-	-	x
204	കുറ്റിയ്ക്കൽപ്പടി – പടിഞ്ഞാറുംചാങ്ങ – ശ്മശാനം – തിരുമല റോഡ്	-	x	-	-	x
304	പന്തുവെട്ടുംപറമ്പിൽപടി – കൊച്ചുപ്ലാവിള	-	x	-	-	x
404	വരട്ടാർ കലുങ്ക് – കുളക്കാട്ടിൽപ്പടി	-	x	-	x	x
504	ചാമക്കാവുപാലം – വടക്കോട്ട് – PIP കനാൽബണ്ട്	-	x	-	-	-
604	ഇല്ലത്തുമേപ്രം – ആശുപത്രി റോഡ്	x	-	-	-	-
704	കൊല്ലന്റെപടി – തുണ്ടിൽപ്പടി	x	x	-	-	-
804	തുണ്ടിൽപ്പടി – മന്നത്തുതറ	x	-	-	-	x
904	ശാർങ്ങക്കാവ് – ചേന്താറ്റുപടി റോഡ്	-	-	x	-	x
105	ഇല്ലത്തുമേപ്രം – പുലക്കടവ് (റീടാറിംഗ്)	x	-	-	-	-
205	കുറ്റിയ്ക്കൽപ്പടി – കുറ്റിക്കാട്ട്പടി	x	-	-	-	-
305	ചൂരലുവെട്ടത്തുപടി – പുലൂപ്പള്ളിൽ വഴി	-	x	-	-	x
405	ആറ്റിലേത്ത്പടി – കളീക്കൽപടി (പള്ളക്കുളം വഴി)	-	-	-	-	x
505	പുതുശേരിപ്പടി – തേവാനക്കടവ്	-	x	-	-	-
605	തുരുത്തിമുക്ക് – ആറാട്ടുകടവ്	-	-	-	-	x
705	തേവാനകോളനി – കുറ്റിലയ്ത്തത്പടി	-	-	-	-	x
805	കോയിക്കൽപ്പടി – പള്ളക്കുളം	-	-	-	-	x
905	പുത്തൻകണ്ടത്തിൽപ്പടി – കളത്തിൽപ്പടി	-	-	-	-	x
1005	ആശാരേത്തുപടി – കൊണ്ടോടിപ്പടി	-	-	-	-	x

ക്രമനമ്പർ വാർഡ്	റോഡിന്റെ പേര്	A	B	C	D	E
1105	ആശാരേത്തുപടി - മഹാദേവർക്ഷേത്രപ്പടി	-	-	-	-	x
1205	ആശാരേത്തുപടി - തുരുത്തിമുക്ക് റോഡ്	-	-	-	-	x
1305	മഠത്തിൽപ്പടി - കാഞ്ഞിരംതറപ്പടി	-	-	-	-	x
1405	തോണ്ടത്രപ്പടി - മുണ്ടോലിറോഡ്	-	-	x	-	x
1505	ചെറുമിലേത്തുപടി - ആറ്റുപ്പള്ളത്തു വഴി	-	-	-	-	x
1605	ദൈവത്തുംമൂട്ടിൽപ്പടി - കൊളത്താപ്പള്ളി	-	-	-	x	x
1705	മനയ്ക്കൽപ്പടി - കോളൂത്രപ്പടി	-	-	-	-	x
1805	പാറേത്ത് LPS - മഠത്തിൽപ്പടി	-	-	-	-	x
1905	കീത്തോത്ത്പടി - തെങ്ങുംതറപ്പടി	-	-	-	-	x
2005	വിഷ്ണോത്തിപ്പടി - വയണപ്പുഴപ്പടി	-	-	-	-	x
2105	വരട്ടാർ - പുത്താറ്റിൻകര	x	-	-	-	-
106	കുറ്റിയ്ക്കൽപ്പടി - പോക്കാട്ടിൽപ്പടി	-	-	-	x	x
206	ഇലഞ്ഞിക്കൽപ്പടി - കൈമളേത്ത്പടി	-	-	x	-	x
306	പോക്കാട്ടിൽപ്പടി - പുളിയ്ക്കൽപ്പടി	-	-	x	-	x
406	കടാംപള്ളിപ്പടി - മാവനാൽ റോഡ്	-	-	x	-	x
506	മഠത്തിലേത്ത്പടി - കരിമ്പാലിൽപടി	-	-	x	-	x
606	വെപ്പുംതറപ്പടി - ആലപ്പുറത്ത്പടി	-	-	x	-	x
706	ആതുക്കാട്ടേത്ത്പടി - പുളിക്കൽപടി റോഡ്	-	-	x	-	x
806	കുറുങ്കാട്ടിൽപ്പടി - മേവിളപ്പടി	-	-	x	-	x
906	തെക്കടത്തു കോയിക്കൽപ്പടി - ചെറുതുരുത്തിപ്പടി	x	-	x	x	-
1006	ചെറിയാലുംമൂട് - കൊച്ചുമുറിക്കടവ്	x	-	x	x	-
1106	മരത്തുംമൂട്ടിൽപ്പടി - ചെറിയാലുംമൂട്	x	-	-	-	-
1206	ചെറിയാലുംനൂട് - മഹാദേവർക്ഷേത്രം	x	-	-	-	-
1306	ചായക്കാന്റയ്യത്തുപടി - യാക്കോബായപ്പള്ളി	x	-	-	-	-
1406	കൊച്ചുമുറിക്കടവ് - പുലക്കടവ് റോഡ്	-	-	-	-	x
1506	തരകന്റെ വടക്കടത്ത് - പുത്തൻ പുരപ്പടി	-	-	x	-	x



ക്രമനമ്പർ വാർഡ്	റോഡിന്റെ പേര്	A	B	C	D	E
1606	പിള്ളർകാട് - തെക്കടത്ത്പടി	-	-	-	-	x
1706	കാഞ്ഞിരവിളപ്പടി - തെങ്ങിലേത്ത്പടി	-	-	x	-	-
107	ചിറക്കരപ്പടി - കരിമാഞ്ചിറ റോഡ്	x	-	x	-	-
207	മുളമുക്ക് - ചക്കുളത്ത് കടവ്	x	-	x	-	-
307	തര്യൻ ജംഗ്ഷൻ - കൂരച്ചാലിൽ കടവ്	x	-	x	-	-
407	കോഴശ്ശേരിപ്പടി - മുണ്ടോടി റോഡ്	x	-	-	-	-
507	ആശ്രമപ്പടി - തെക്കേഭാഗം റോഡ്	x	-	-	-	-
607	തട്ടയ്ക്കാട്ടുപടി - ഇടയോടി	-	-	x	-	-
707	വരമ്പത്തുപടി - മാതുകുളത്തുപടി	x	-	-	-	-
807	പുളിക്കൽപ്പടി - താഴ്വാനകോളനി	-	x	-	-	-
907	മുളമുക്ക് - വടക്കേകോളനി റോഡ്	x	-	-	-	-
1007	പഴൂർപ്പടി - പൂനേത്ത് കോളനി	x	-	-	-	-
1107	തെങ്ങിൽപ്പടി - തൈപ്പറമ്പ് കനാൽബണ്ട് റോഡ്	x	-	-	-	x
108	താഴത്തമ്പലം - മരുന്തർമുക്ക്	x	-	-	-	-
208	താഴത്തമ്പലം - വരമ്പൂർമുക്ക്	x	-	-	-	-
308	താഴത്തമ്പലം - ആശ്രമംപടി	x	-	-	-	-
408	മല്ലശ്ശേരിൽപ്പടി - കാരിക്കാണിൽപ്പടി ബണ്ട്	x	-	-	-	-
508	താഴത്തമ്പലം - പഴൂർമുക്ക് റോഡ്	-	-	-	-	x
608	താഴത്തമ്പലം - ഉമ്മരംകാലാപ്പടി	-	x	-	-	x
708	പുലൂപ്പള്ളിപ്പട - മാമ്പ്രപ്പാടം റോഡ്	-	-	-	-	x
808	വരമ്പൂർമുക്ക് - കരിങ്ങാട്ടൽ മണ്ണിൽതറ	x	-	x	-	-
908	പേരങ്ങാട്ടുപടി - ശ്രാട്ടിൽപ്പടി - കാരിക്കാണിപ്പടി	-	-	x	-	x
1008	ചെറുവല്ലൂർ - നല്ലൂർക്കളം റോഡ്	-	-	-	-	x
1108	ഒട്ടാങ്ങൽ - താന്തോന്നിക്കുളം	-	-	-	-	x
1208	പുളിമൂട്ടിൽപ്പടി - വല്യത്തുപടി	-	-	-	-	x
1308	വരമ്പൂർ കുറ്റിയിൽപ്പടി - വാഴയിൽപ്പടി	-	-	-	-	x

ക്രമനമ്പർ വാർഡ്	റോഡിന്റെ പേര്	A	B	C	D	E
1408	ഉളിയന്ത്ര – എണ്ണമ്പി കോളനിറോഡ്	-	-	-	-	x
109	ആശ്രമത്തിൽപടി – താഴത്തമ്പലം	x	-	-	-	-
209	പറയപ്പടിക്കൽപടി – പൊയ്കയിൽ റോഡ്	-	-	-	-	x
309	സഹകരണസംഘംപടി – മന്നത്തുപടി റോഡ്	-	-	-	-	x
409	പഴൂർമുക്ക് – നിലയ്ക്കൽ തോട്	-	-	-	-	x
509	പഴൂർമുക്ക് – ശാലേംറോഡ്	-	-	-	-	x
609	തറയിൽപ്പടി – തോട്ടോടിപ്പടിറോഡ്	-	-	-	-	x
709	ആലുംചുവട് – ഗുരുമന്ദിരം റോഡ്	-	x	-	-	x
809	ചാങ്ങമലക്കോളനി – ഉമ്മരൻകാലാ – താഴത്തമ്പലം റോഡ്	-	x	-	-	x
909	ചാരോണിപ്പടി – ആമ്പലം റോഡ് – ചരിവുപറമ്പ് റോഡ് (കോവങ്ങൻകുളങ്ങര ചാലിന് സമാന്തരമായി)	-	x	-	-	x
1009	ശാലേം സ്കൂൾ – പാറപ്പുറത്തുമുക്ക് റോഡ്	-	-	-	-	x
1109	കറുകത്തറപ്പടി – പുത്തൻവീട്ടിൽപ്പടി	-	x	-	-	x
1209	കൊച്ചുകളീക്കൽപടി – നല്ല വീട്ടിൽപ്പടി – തുണ്ടത്തിൽപ്പടി	-	x	-	-	x
1309	ശാലേംപള്ളി – കോമൻകുളങ്ങര	-	-	-	-	x
1409	ചാങ്ങമല L.P.S - മണ്ണാടിപ്പടി	-	x	-	-	x
1509	തിരുമലപ്പടി – വാളകംപുഞ്ച	-	-	-	-	x
1609	കളത്തിൽപ്പടി – കള്ളോട്ടുപടി	-	-	-	-	x
1709	പൊയ്കപ്പടി – കോമൻകുളങ്ങര	-	x	-	-	x
1809	ആഞ്ഞിലിമൂട്ടിൽപടി – രക്ഷാസേനപ്പള്ളി	-	-	-	-	x
1909	പുളിഞ്ചിക്കാട്ടിൽമുക്ക് – എരുത്തുവാതുക്കൽ	-	-	-	-	x
2000	രക്ഷാസേനപ്പള്ളി – കൊച്ചുകളീക്കൽപ്പടി	x	-	-	-	-
1010	ഉളിയന്തറ – പാറേചന്ത	x	-	-	-	-
2010	പൊട്ടക്കുളം പാറേചന്ത	x	-	-	-	-
3010	വെട്ടിപ്പടി – മങ്ങാട്ടുകുഴി	-	-	-	-	x
4010	വാലുപറമ്പിൽപ്പടി – ചിറമോടി	-	-	-	-	x



ക്രമനമ്പർ വാർഡ്	റോഡിന്റെ പേര്	A	B	C	D	E
5010	പല്ലോന്നിപ്പടി - പുളിനില്ക്കുന്നതിൽപടി	-	x	-	-	x
6010	രക്ഷാസൈനൃപ്പള്ളി - ഹോസ്പിറ്റൽ റോഡ്	-	-	-	-	x
7010	പാറേചന്ത - കോളനി	x	-	-	-	-
8010	പാറേചന്ത - ചിറവാതുക്കൽ	x	x	-	x	-
9010	കാഞ്ഞിരയ്ക്കൽപ്പടി - പൂമൂട്ടിൽപ്പടി	-	-	-	x	x
1010	പാറേചന്ത - കോട്ടാപ്പാടംപടി	-	x	-	-	x
1110	കോടുകുളഞ്ഞി H.S. - പറപ്പട്ടിവഴി	-	x	-	-	x
1210	പൂവണ്ണാൽ - വെട്ടിപ്പടി	-	x	-	-	x
1310	കാണിയ്ക്കാംണ്ഡപം - പല്ലാന്നിൽചാൽ	x	-	-	-	-
1410	കോടുകുളഞ്ഞി കരയോഗമന്ദിരം - കരോടു കരയോഗമന്ദിരം	x	-	-	-	-
1510	പാലമൂട്ടിൽപടി - മരന്തൂർപൊയ്ക	-	-	-	-	x
1610	കുറിയടത്തുപടി - വെട്ടിയിൽപടി	-	-	-	-	x
1710	കുതിരവട്ടം - പുലിമല	x	-	-	-	-
1810	പാറേചന്ത-ഹരിജൻ കോളനി-ചിറവാതുക്കൽ-മൈക്രോവേവ്	x	-	-	-	-

കൂടുതലായി നിർദ്ദേശിക്കപ്പെട്ടത്

വാർഡ് - I

1. കല്ലുരുത്തിനാൽ പടി കലുങ്ക് പണിയണം
2. തടത്തിമുക്ക് S.N.D.P. സ്കൂൾറോഡ്. (പാങ്ങായിമല കൊച്ചാമക്കുന്നു വഴി)
3. കഞ്ഞിക്കുഴി - കക്കടറോഡ് നന്നാക്കണം.
4. തേവലക്കണ്ടത്തിൽപടി മുതൽ ടാർചെയ്യണം.
5. പത്തിയാപ്പള്ളി താഴെപ്പള്ളി റോഡ് ടാർ ചെയ്യണം.
6. കക്കട - പെണ്ണുക്കരറോഡിൽ സംരക്ഷണ ഭിത്തികെട്ടണം.

വാർഡ് - II

1. ആലുംതുരുത്ത് കോളനിറോഡ്
2. ചെറുവേലിപ്പടി - ആലുംതുരുത്ത് വീതികൂട്ടി ആവശ്യമായ സ്ഥാനത്ത് സംരക്ഷണഭിത്തി കെട്ടി ടാർ ചെയ്യണം.
3. പുതിയാമഠത്തിൽ തെക്കേപ്പടി മുതൽ ആലുംമൂടുവരെ പുതിയ റോഡു പണിയണം.
4. പാവൂരേത്ത് പടി - അംബീമുക്ക് റോഡ് PWD ഏറ്റെടുത്ത് ഒന്നരമീറ്റർ ഉയർത്തി ചില ബസുകൾ അതുവഴി തിരിച്ചുവിടാൻ ശ്രമിക്കണം.

5. അമ്പലവെട്ടത്തും പുന്തല കരയോഗമന്ദിരത്തിന് എതിർവശത്തും വെയിറ്റിംഗ് ഷെഡ് നിർമ്മിക്കണം.

6. കുഴിയംവെട്ടത്തുപടി മുതൽ നരിവേലി വഴി കൊക്കോരേത്ത് റോഡ് ഉയർത്തിയും വീതി കൂട്ടിയും ടാർ ചെയ്യണം.

7. 1, 2, 3 വാർഡുകളുടെ മദ്ധ്യത്തിലുള്ള നരിവേലി ഭാഗം ഏറ്റെടുത്ത് വ്യവസായം, മാർക്കറ്റ്, സ്റ്റേഡിയം ഇവയ്ക്ക് പ്രയോജനപ്പെടുത്തണം.

വാർഡ് III

1. കിഴക്കനാപടി മുതൽ മാഞ്ചാലിവഴി തുണ്ടിപ്പടി റോഡ് ഗതാഗതയോഗ്യമാക്കണം.

2. ഐക്കരപടി മുതൽ മലയാറ്റൂർ വരെ പുതിയ റോഡ് നിർമ്മിക്കണം.

3. ആലുംതുരുത്ത് – പെരുന്തുരുത്ത് ബണ്ട് – റോഡ് ടാർ ചെയ്യണം.

വാർഡ് IV

ചുണ്ടമലപ്പടി – തേവാനമോടി ലക്ഷം വീടുകോളനി റോഡ് ടാർചെയ്യണം.

വാർഡ് VI

കല്യാത്ര ജംഗ്ഷനിൽ നിന്നും കിഴക്കോട്ടു ചെറുതുരുത്തിപടി വരെയുള്ള റോഡിന് ഓട വേണം.

വേർഡ് VII

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1. ഉമ്മരം കാലാപടി ചക്കശ്ശേരിൽപടി റോഡ്

2. മുട്ടത്തുപടി – പള്ളിയാരേത്തുപടി റോഡ്

3. പുഞ്ചോണിക്കാവ് പീടിക – വല്യത്തുപടി റോഡ്

4. തറയിലേത്തുപടി – വാടയ്ക്കൽപടി റോഡ്

5. കൈമൂട്ടിൽപടി – മാമ്പ്രപ്പാടം റോഡ്

6. തെങ്ങിൻപടി – ഉളിയന്ത്രറോഡ് (P.I.P കനാൽസൈഡ് ഉപയോഗിച്ച്)

വാർഡ് – 4

പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഭാഗത്തുനിന്നും പുത്താറ്റിൻകരയിലേക്ക് അച്ചൻകോവിലാറിന്റെ അരികിലൂടെയുള്ള വഴി പലയിടത്തും ഇടിഞ്ഞുപോയിരിക്കുന്നു. അനേകം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന ഈ വഴി, സംരക്ഷണഭിത്തി കെട്ടി സഞ്ചാരയോഗ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ബസ് സർവ്വീസ്

1. ചെങ്ങന്നൂർ നിന്നും തിരുവനന്തപുരത്തേക്ക് വെണ്മണി വഴി ഓടിക്കൊണ്ടിരുന്ന ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് പുനരാരംഭിക്കേണ്ടതാണ്.

2. നിലച്ചുപോയ കായംകുളം – പത്തനംതിട്ട ബസ് സർവ്വീസ് (KSRTC) പുനസ്ഥാപിക്കണം.

3. ഏതാനും സ്വകാര്യബസുകൾ പാവൂരേത്ത് പടി – അംബീമുക്ക് റോഡിലൂടെ തിരിച്ചുവിടണം.

4. ചെങ്ങന്നൂർ ഉളിയന്ത്ര – പാറച്ചന്ത – ശാലേംസ്കൂൾ – ഇല്ലത്തുമേപ്രം വഴി

പന്തളത്തിന് KSRTC ഒരു പുതിയ സർവ്വീസ് ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

ഊർജ്ജം

1. ആമുഖം

ചെങ്ങന്നൂർ താലൂക്കിന്റെ തെക്കേഅറ്റത്തു അച്ചൻകോവിലാറിന്റെ തീരത്തു സ്ഥിതിചെയ്യുന്ന വെണ്മണി പഞ്ചായത്ത് ഫലഭൂയിഷ്ടവും പ്രകൃതിരമണീയവുമായ പ്രദേശമാണ്. ജനങ്ങളിൽ ഭൂരിപക്ഷവും ഇടത്തരം – ദരിദ്രകൃഷിക്കാരും തൊഴിലാളികളുമാണ്. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ജോലിചെയ്യുന്നവരും വ്യാപാര വ്യവസായരംഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ കൃഷിയുമായി ബന്ധപ്പെട്ടവരുമാണ്.


ഗാർഹിക – കാർഷിക – വ്യാപാര – വ്യവസായ ആവശ്യങ്ങൾക്ക് മുഖ്യമായും ഉപയോഗിക്കുന്ന ഊർജ്ജം വിദ്യുച്ഛക്തി ആണ്.ഏതാണ്ട് 45 വർഷങ്ങൾക്ക് മുൻപ് (അന്ന് വില്ലേജ് യൂണിയൻ നിലവിലുണ്ടായിരുന്നു). ആലാ വില്ലേജിലെ കോടുകുളഞ്ഞിയിൽ സ്ഥാപിച്ചിരുന്ന ട്രാൻസ്ഫോർമറിൽ നിന്ന് കല്യാത്രഭാഗത്തേക്ക് Low Tension ലൈൻ വലിച്ച് വൈദ്യുതി എത്തിച്ചിരുന്നു. അന്ന് 20 ഉപഭോക്താക്കൾ മാത്രമാണ് ഉണ്ടായിരുന്നത്.

ഇന്ന് നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി വിതരണത്തിനായി 20 km. 11. K.V. ലൈനും 110 k.m. Low Tension ലൈനും 17 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. 4092 ഉപഭോക്താക്കളും 1500 തെരുവ് വിളക്കുകളുമുണ്ട്.

ആലപ്പുഴ റവന്യൂജില്ലയിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്തിലെ 1, 3 വാർഡുകളും രണ്ടാം വാർഡിലെ ഭൂരിഭാഗം പ്രദേശവും പത്തനംതിട്ട ജില്ലയിലെ പന്തളം ഇലക്ട്രിക്കൽ മേജർസെക്ഷന്റെ പരിധിയിലും 4 മുതൽ 10 വരെ വാർഡുകളും രണ്ടാം വാർഡിന്റെ കുറെ ഭാഗവും കൊല്ലകടവ് എലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിലുമാകുന്നു.

1985 മുതൽ കല്യാത്രയിൽ, കൊല്ലകടവ് സെക്ഷന്റെ കീഴിൽ ജൂനിയർ എൻജിനീയർ ആഫീസ് പ്രവർത്തിച്ചു വരുന്നു. ഒരളവുവരെ ഈ ഓഫീസ് ഇവിടുത്തെ ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നു.

ആലപ്പുഴ ജില്ലയിലുള്ള മാവേലിക്കര 66 KV, S.S, ചെങ്ങന്നൂർ 110 K.V. S.S. എന്നിവിടങ്ങളിൽ നിന്ന് ഈ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നു.



അനുബന്ധം – 10

വെണ്മണി ഗ്രാമപഞ്ചായത്ത്

10.1 വൈദ്യുതിസംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

a)	ഗാർഹികം	3699
b)	വ്യാപാരം	313
c)	വ്യാവസായികം	29
d)	കാർഷികം	51

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി

a)	Ordinary	107	1.10.1991
b)	OTP	13	1.3.1996
c)	OYEC	30	1.8.1996

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a)	ബൾബ്	25W - 40W (1362) 60W (73) 100W
b)	ട്യൂബ്	80W (65)
c)	മെർക്കുറി വേപ്പർ	Nil
d)	സോഡിയം വേപ്പർ	Nil

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ:


5. തൻ വർഷത്തെ കണക്ഷൻ

ഓർഡിനറി	50
OTP	13
OYEC	48

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. പുന്തല	2. കുറ്റിമുക്ക്	3. പൊയ്കമുക്ക്
4. ആലം തുരുത്ത്	5. അറന്തക്കാട്	6. പുലക്കടവ്
7. ചെറിയാലമൂട്	8. പുളിക്കപ്പാലം	9. പടിഞ്ഞാറേതുരുത്ത്
10. വരമ്പൂർ	11. ഉളിയന്ത്ര	12. താഴത്തമ്പലം
13. മരത്തുംമൂടുപടി	14. ചാമക്കാവ്	15. ചാങ്ങമല
16. പാറേചന്ത	17. കല്യാത്ര	

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക Rs. 17973/-



10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻകോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യ സ്ലാബിൽ വൈദ്യു. ഉപ. എണ്ണം	പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടും. എണ്ണം
1	2	3	4	5
1	പെരുംതുരുത്ത്	20	16	4
2	കളമശ്ശേരി ചാങ്ങമല	6	6	-
3	ലക്ഷംവീടു ചാങ്ങമല	16	12	4
4	മന്നത്തുറ ചാങ്ങമല	10	8	2
5	തേവാനകോളനി	16	13	3
6	താഴ്വനകോളനി	15	5	16
7	പൂനേത്തു	15	13	2
8	പടിഞ്ഞാറേതുരുത്ത്	30	25	5
9	കരീലത്തറ	8	8	-
10	പാറേചന്ത	10	8	2

II പ്രശ്നങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കളിൽ ഗാർഹിക ഉപഭോക്താക്കൾ 90.35%വും കാർഷിക ഉപഭോക്താക്കൾ 1.25%വും വ്യാപാര ഉപഭോക്താക്കൾ 7.65% വ്യവസായിക ഉപഭോക്താക്കൾ .75% വുമാണ്. ഗാർഹിക – വ്യാപാര ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജു കുറവു മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. ഈ ദു:സ്ഥിതി എല്ലാ ഗ്രാമസഭകളിലും ഉന്നയിച്ചിട്ടുണ്ട്.

2. നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ പാറേചന്ത, പുന്തല, പുലക്കടവ്, കല്യാത്ര എന്നിവിടങ്ങളിലുള്ളവ അധികഭാരം വഹിക്കുന്നുണ്ട്. തൽഫലമായി പീക്ക്ലോഡ് സമയത്ത് ലോ ടെൻഷൻ സൈഡിലെ ഫ്യൂസ് കൂടെക്കൂടെ പോവുകയും ആ പ്രദേശങ്ങൾ ഇരുട്ടിലാവുകയും ചെയ്യുന്നു.

3. പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ ലോഡ്ഷെഡ്ഡിംഗിനു പുറമേ 11 k.v. ലൈനിലും ലോ ടെൻഷൻ ലൈനിലും അടിക്കടി വിദ്യുച്ഛക്തി വിതരണം ഇല്ലാതാവുകയും ചെയ്യുന്നു. ഇതുമൂലം ഉപഭോക്താക്കൾ പലവിധ ദുരിതങ്ങൾ അനുഭവിക്കേണ്ടി വരുന്നു.

4. മീറ്റർ റീഡിംഗ് യഥാസമയം എടുക്കാതിരിക്കുന്നതിനാൽ അഡീഷണൽബില്ല് പ്രകാരം ഭീമമായ തുക ഉപഭോക്താക്കൾ അടയ്ക്കേണ്ടി വരുന്നു. ഇത്തരം അഡീഷണൽ ബില്ലുകളിൽ ഒരു ഭാഗം

തയ്യാറാക്കപ്പെടുന്നത് തെറ്റായ മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിലാണെന്നും പരിശോധനയിൽ ബോധ്യപ്പെടുന്നു.

5. 1500 തെരുവു വിളക്കുകൾ ഈ പഞ്ചായത്തിലുണ്ട്. ഇതിന്റെ കറന്റ്ചാർജ്ജ് ഇനത്തിൽ പ്രതിമാസം 17923 രൂപ ഗ്രാമപഞ്ചായത്ത് അടയ്ക്കുന്നുണ്ട്. എന്നാൽ അധികം വഴിവിളക്കുകളും കത്തുന്നില്ലായെന്നുള്ളത് ഒരു ദു:ഖ സത്യമാണ്. ദീർഘകാലമായി കത്താതെ കിടക്കുന്ന അനേകം ബൾബുകൾക്കും കറന്റ്ചാർജ്ജ് കൃത്യമായി അടയ്ക്കുന്നുണ്ട്.

6. വീടുകൾ വൈദ്യുതീകരിക്കാനായി ഡെപ്പോസിറ്റ് അടച്ച് കാത്തിരിക്കുന്നവർ 150 പേരുണ്ട്. ഇവരിൽ ദുർബലവിഭാഗത്തിൽപ്പെട്ടവരുടെ കാത്തിരിപ്പിന്റെ ദൈർഘ്യം 5 വർഷം കഴിഞ്ഞിരിക്കുന്നു.

7. പഞ്ചായത്തിലെ എല്ലാ പ്രദേശത്തും വൈദ്യുതി ഇനിയും എത്തിയിട്ടില്ല.

8. എല്ലാ റോഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

9. കാർഷിക ആവശ്യത്തിന് എല്ലായിടത്തും വൈദ്യുതി എത്തിച്ചിട്ടില്ല.

10. ഈ പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് ഇല്ലാത്തതിനാൽ ജനങ്ങൾ പന്തളം സെക്ഷൻ ആഫീസിനേയും കൊല്ലകടവ് സെക്ഷൻ ആഫീസിനേയും ആശ്രയിക്കേണ്ടി വരുന്നു.

III പരിഹാര നിർദ്ദേശങ്ങൾ

A അടിയന്തിരമായി ചെയ്യേണ്ടത്

1. അധികഭാരം വഹിക്കുന്ന പാറേചന്ത, പുന്തല, പുലക്കടവ്, കല്യാത്ര ട്രാൻസ്ഫോർമറുകളുടെ അധിക ലോഡ് ആയതിനോടേറ്റവും അടുത്തുള്ള ട്രാൻസ്ഫോർമറുകളിലേക്ക് മാറ്റുക.

2. ശാലേം സ്കൂളിനടുത്തും പള്ളിപ്പുറത്തും സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറുകൾ എനർജൈസ് (Energise) ചെയ്യുക.

3. വൈദ്യുതി ജീവനക്കാരും പഞ്ചായത്ത് ജനപ്രതിനിധികളും കൂടിച്ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി കത്താതെ കിടക്കുന്ന തെരുവുവിളക്കുകൾ കണ്ടുപിടിക്കുക.


4. കത്താതെ കിടക്കുന്ന ബൾബുകൾ കത്തിക്കുകയോ അതിനു സാധ്യതയില്ലാത്ത പക്ഷം കറന്റുചാർജ്ജിൽ ആവശ്യമായ റിബേറ്റ് അനുവദിക്കുകയോ ചെയ്യുക.

5. ജനറൽ കാറ്റഗറിയിൽ 10/91 മുതൽ പണം അടച്ചിട്ടുള്ളവർക്കും OTPയിൽ 3/96 മുതൽ പണമടച്ചിട്ടുള്ളവർക്കും OYECയിൽ 8/96 മുതൽ പണമടച്ചിട്ടുള്ളവർക്കും കണക്ഷൻ നൽകുക.

6. വൈദ്യുതി വിതരണരംഗത്തേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും അറ്റകുറ്റപ്പണികൾക്കാവശ്യമായതും നല്ല നിലവാരമുള്ളതുമായ മെറ്റീരിയൽസ് ലഭ്യമാക്കുകയും ചെയ്യുക.

7. വോൾട്ടേജ് ഇംപ്രൂവ്മെന്റിന് അംഗീകാരം ലഭിച്ചിട്ടുള്ള തുരുത്തിപ്പടിയിൽ (5-10 വാർഡ്) ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

8. 11 KV ലൈനുകളിലേയും LT (ലോ



ടെൻഷൻ) ലൈനുകളിലേയും അറ്റകുറ്റപ്പണികൾ ചെയ്യുക.

9. യഥാസമയം മീറ്റർ റീഡിംഗ് എടുക്കുവാനുള്ള സംവിധാനം ചെയ്യുക. മീറ്റർ കാർഡിൽ റീഡിംഗ് രേഖപ്പെടുത്തുക.

B. ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടത്

1. വോൾട്ടേജ് ഇംപ്രൂമെന്റിനായി താഴെപ്പറയുന്ന സ്ഥാനങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
   - (a) തടത്തിൽമുക്ക്
   - (b) ആയുർവ്വേദാശുപത്രിക്കു സമീപം
   - (c) കുറ്റിക്കൽപടി
   - (d) തേവാനകോളനി
   - (e) കൂരച്ചാലിൽ കടവിനു കിഴക്ക് (കുറ്റിയിൽ മുക്ക്)
   - (f) താന്തോന്നിക്കുളത്തിനു സമീപം
   - (g) കൊഴുവല്ലൂർ ഗുരുമന്ദിരത്തിനു സമീപം

2. വഴിവിളക്കുകൾ ഇല്ലാത്ത റോഡിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുക.

3. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ L.T ലൈൻ (ലോ ടെൻഷൻ) വലിക്കുക.

4. പന്തളം മേജർ സെക്ഷന്റെ പരിധിയിലുള്ള ഈ പഞ്ചായത്തുപ്രദേശത്തെ ഉപഭോക്താക്കളെ കൂടി ചേർത്ത് ഇപ്പോൾ നിലവിലുള്ള സബ് എൻജിനീയർ ഓഫീസ് സെക്ഷൻ ആഫീസായി ഉയർത്തുക. (11 K.V. ലൈൻ 20 KM, ട്രാൻസ്ഫോർമേഴ്സ് 17 + 2, LT ലൈൻ 110 KM, കൺസ്യൂമേഴ്സ് 4092, തെരുവുവിളക്കുകൾ – 1500)

IV. ഊർജ്ജം – പാചകത്തിന്

പരമ്പരാഗതമായി പാചകത്തിന് വിറക് ഉപയോഗിക്കുന്ന രീതിയാണ് 80 ശതമാനം വീടുകളിലും നിലവിലുള്ളത്. ബാക്കി 20% വീടുകളിൽ ഭാഗികമായി വിറകും ഗ്യാസും മണ്ണെണ്ണയും വൈദ്യുതിയും ഗോബർഗ്യാസും ഉപയോഗിക്കുന്നു. പുകയില്ലാത്ത അടുപ്പുകൾ പലവീടുകളിലുമുണ്ട്. പുകയില്ലാത്ത അടുപ്പിന്റെ ഉപഭോഗം വർദ്ധിപ്പിക്കാൻ കേരളശാസ്ത്ര സാഹിത്യപരിഷത്തും സ്വകാര്യ ഏജൻസികളും ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ ഗോബർഗ്യാസ് ഉല്പാദിപ്പിക്കുവാൻ ഖാദിബോർഡും പ്രോത്സാഹനം നൽകേണ്ടതാണ്.

V. ഊർജ്ജം ഇഷ്ടിക നിർമ്മാണത്തിന്

ഇഷ്ടിക നിർമ്മാണത്തിന് (ഏതാനും വാർഡുകളിൽ മാത്രം) വിറകാണ് ഉപയോഗിക്കുന്നത്. ന്യായവിലക്ക് വിറക് ലഭ്യമാക്കാനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്.

VI കൊല്ലപ്പണിക്ക്

പരമ്പരാഗതമായ തൊഴിലായ കൊല്ലപ്പണിക്ക് കരിയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ഈ പഞ്ചായത്തിൽ തന്നെ കരി ന്യായവിലക്ക് ലഭ്യമാക്കാൻ ഏർപ്പാടുണ്ടാക്കണം.

പട്ടിക – 1

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

ക്രമനമ്പർ	പേര്	കപ്പാസിറ്റി
1	പുന്തല	160 KV
2	കുറ്റിമുക്ക്	100 KV
3	പൊയ്കമുക്ക്	63 KV
4	ആലുംതുരുത്ത്	63 KV
5	അറന്തക്കാട്	63 KV
6	പുലക്കടവ്	100 KV
7	ചെറിയാലുംമൂട്	100 KV
8	പുളിക്കൽ പാലം	100 KV
9	പടിഞ്ഞാറെതുരുത്ത്	100 KV
10	വരമ്പൂർ	100 KV
11	ഉളിയന്തറ	100 KV
12	താഴത്തമ്പലം	100 KV
13	മരത്തുംമൂട്ടിൽപടി	100 KV
14	ചാമക്കാവ്	100 KV
15	ചാങ്ങമല	100 KV
16	പാറേച്ചന്ത	160 KV
17	കല്യാത്ര	160 KV

പട്ടിക – 2

എനർജൈസ് ചെയ്യാത്ത ട്രാൻസ്ഫോർമറുകൾ

1	പള്ളിപ്പുറം	100 KV
2	ശാലോംസ്കൂൾ	100 KV

പട്ടിക – 3

നിലവിലുള്ള ലൈനും ഉപഭോക്താക്കളും

1	11KV ലൈൻ	20 കി.മീ
2	L.T. ലൈൻ	110 കി.മീ
3	കൺസ്യൂമേഴ്സ്	4092
4	തെരുവുവിളക്ക്	1500

പട്ടിക – 4


പണമടച്ചിട്ടുള്ളതും കമക്ഷൻ ലഭിക്കാത്തതും

1	ഓർഡിനറി	107
2	O.T.P	13
3	OYEC	30

പട്ടിക – 5

വോൾട്ടേജ് ഇംപ്രൂവ്മെന്റിന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥാപനം	കപ്പാസിറ്റി	11 KV ദൂരം
1	1	തടത്തിൽമുക്ക്	100 KVA	1 KM
2	2	ആയുർവ്വേദാശുപത്രിക്കു സമീപം	100 KVA	1 KM
3	4	കുറ്റിക്കൽപടി	100 KVA	1 KM
4	5	തേവാനകോളനി	100 KVA	1 KM
5	7	കുരച്ചാലിൽ കടവിനു സമീപം (കുറ്റിമുക്ക്)	100 KVA	
6	7	മുളമുക്ക്	100 KVA	0.50 KM
7	8	താന്തോന്നികുളത്തിനു സമീപം	100 KVA	1 KM
8	9	ഗുരുമന്ദിരത്തിനു സമീപം	100 KVA	1 KM



പട്ടിക – 6

ഗാർഹിക ആവശ്യത്തിനും കാർഷികാവശ്യത്തിനുമായി പുതിയ L.T. ലൈൻ നിർമ്മിക്കേണ്ട സ്ഥാനങ്ങൾ


ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥാനം
1	1	താഴെതെക്കേതിൽപ്പടി – കുറ്റീമുക്ക് റോഡ്
2	3	പൊയ്കയിൽ മുക്ക് – മുള്ളൻകുഴി
3	3	പടിഞ്ഞാറെപൊയ്ക – കല്ലുവരമ്പ്
4	3	മലയാറ്റൂർപടി – പട്ടാളശ്ശേരി
5	3	കുരുച്ചിക്കാട്ട് മോടിയിലേക്ക്
6	3	പാവൂരേത്ത്പടി – നടുവിലേത്ത്പടി (സന്തോഷം ഭവനം വഴി)
7	4	പുത്തൻവിള ഭാഗത്തേക്ക്
8	4	വില്ലിക്കൂട്ടത്തിൽ ഭാഗത്തേക്ക്
9	4	വലിയമല ഭാഗത്തേക്ക്
10	4	കന്നുവെട്ടിപ്പടി ഭാഗത്തേക്ക്
11	4	വരട്ടാർ – പുത്താറ്റിൻകര റോഡ്
12	5	തേവാനകോളനി – കുറ്റിഅയ്യത്തുപടി (പാറക്കടവു വഴി)
13	5	ചൂരൽവെട്ടത്തുപടി – പുലൂപ്പള്ളിപ്പടി
14	5	കോയിക്കൽപ്പടി – ചൂരൽവെട്ടത്തുപടി
15	7	മാത്യാകുളത്തുമുക്ക് – ഉദിനില്ക്കും റോഡ്
16	9	കോമൻകുളങ്ങരചാലിന്റെ വടക്കേകരയ്ക്കുനിന്നു കിഴക്കോട്ട്
17	9	പൊയ്കപ്പടി – കോവൻകുളങ്ങരചാൽ
18	9	ചക്കിട്ടപ്പടി – സഹകരണസംഘം റോഡ്
19	9	കറുകത്തറപ്പടി – പുത്തൻപുരയ്ക്കൻ റോഡ്
20	10	വെട്ടികിഴക്കേപ്പടി – തെങ്ങയ്യത്തുപടി

പഞ്ചായത്തിൽ വൈദ്യുതിലൈൻ വലിക്കാത്തതും പട്ടികയിൽ പറയാത്തതുമായ എല്ലാ റോഡിലും ലൈൻ വലിക്കുക.

പട്ടിക – 7


വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥാനങ്ങൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്
1	I	കക്കട ജംഗ്ഷൻ – കരിങ്ങാലികടവ്
2	I	മുസ്ലീംപള്ളിക്ക് കിഴക്ക്, കക്കട
3	I	പാങ്ങായിമല – S.N.D.P. ഗുരുമന്ദിരം
4	I	താഴെതെക്കേപ്പടി – കുറ്റീമുക്ക്
5	III	കുറ്റീമുക്ക് – മനയിടപ്പടി
6	III	തച്ചടിപ്പടി – തച്ചോണത്തുപടി
7	III	പടിഞ്ഞാറെപൊയ്ക – വടക്കേക്കര അമ്പലം
8	IV	പുത്തൻവിള ഭാഗത്തേക്കുള്ള റോഡ്
9	IV	വില്ലിക്കൂട്ടത്തിൽ ഭാഗത്തേക്കുള്ള റോഡ്
10	IV	വലിയമലഭാഗത്തേക്കുള്ള റോഡ്
11	IV	കന്നുവെട്ടിഭാഗത്തേക്കുള്ള റോഡ്
12	V	ആശാരേത്തുപടി – കൊണ്ടോടിപ്പടി
13	V	ആശാരേത്തുപടി – തുരുത്തിമുക്ക് (മേപ്പുഞ്ച വഴി)
14	V	തുരുത്തീമുക്ക് – നെല്ലിപ്പള്ളേത്തുപടി (കോളൂത്ര വഴി)
15	V	മേപ്പുഞ്ചചൂരൽ വെട്ടത്തുപടി
16	V	ചൂരൽവെട്ടത്തുപടി – പുലുപ്പള്ളിപടി
17	V	മഠത്തിൽപടി – കാഞ്ഞിരംതറ പടി
18	V	കോയിക്കൽപടി – ചൂരൽവെട്ടത്തു പടി
19	V	കുറ്റിക്കാട്ടുപടി – കുരുമ്പിലേത്തുപടി
20	V	പാറേത്തു പള്ളിക്കുടം – മഠത്തിൽപടി
21	V	കൊച്ചുപള്ളി മുക്ക് – തേവാനക്കടവ്
22	V	തുണ്ടത്തിൽപടി – വടക്കേമഠത്തിൽപടി
23	V	തേവാനകോളനി – കുറ്റി അയ്യത്ത്പടി (പാറക്കടവ് വഴി)
24	VI	കുറ്റിക്കൽപടി – പോക്കാട്ടിൽ പടി
25	VI	വൈപ്പിൻതറപടി – മാവനാൽ – തിരുമലക്ഷേത്രം



നമ്പർ	വാർഡ്	റോഡിന്റെ പേര്
26	VI	കടാംപള്ളിപ്പടി – മാവനാൽ – തിരുമലക്ഷേത്രം
27	VI	മഠത്തിലേത്ത്പടി – കരിമ്പാലിൽ പടി
28	VI	കുറുങ്കാട്ടിൽപടി – മേവിളപ്പടി
29	VI	ആതുക്കാട്ടേത്തുപടി – പുളിക്കൽപടി
30	VI	ഇലഞ്ഞിക്കൽപടി – ഐക്കരേത്തുപടി
31	VII	കോഴശ്ശേരിപ്പടി – കരിമാഞ്ചിറ (കരിംമാഞ്ചിറ വഴി)
32	VII	മാത്യാകുളത്തുമുക്ക് – ഉതിനില്ക്കും റോഡ്
33	VII	തട്ടയ്ക്കാട്ടുപടി – ഇടയിലേപ്പടി
34	VII	തെങ്ങിൻപടി – സെന്റ്. ജൂഡ് സ്കൂൾ
35	VII	തെങ്ങിൽപടി – കൊച്ചുവീട്ടിൽപടി (കനാൽ റോഡ്)
36	IX	പഴൂർമുക്ക് – കടപ്പള്ളിപാലം
37	IX	പഴൂമുക്ക് – നിലയ്ക്കൽ വടക്കേപ്പടി
38	IX	മണ്ണാടിപ്പടി – പുത്തൻപുരയ്ക്കൽപടി
39	IX	ഗുരുമന്ദിരം – എരുത്തുവാതിൽപടി
40	IX	ഉളിയന്ത്ര – പാറയിൽ ചന്ത
41	IX	താഴത്തമ്പലം – ആശ്രമംപടി
42	IX	തിരുമലപടി – വാളകംപുഞ്ച
43	IX	ഗുരുമന്ദിരം – പാറപ്പുറം
44	IX	കൊച്ചുകളീക്കൽപടി – ശാലോംസ്കൂൾ
45	IX	കൊച്ചുകളീക്കൽപടി – രക്ഷാസൈന്യം പള്ളി
46	IX	പറയപ്പടിക്കൽപടി – പൊയ്കയിൽ കുഴി
47	IX	ഉമ്മരംകാലാപ്പടി – കിഴക്കോട്ട്
48	IX	അരിയിടത്തുപടി – പാറയിൽചന്ത
49	VII	വത്തിരത്തുകടവ് – പനക്കുന്നിൽപടി റോഡ്
50	VIII	വരമ്പുർമുക്ക് – വളയത്തിൽ കോളനി
51	VIII	വെട്ടിക്കടവ് – മാമ്പ്രപ്പാടം റോഡ്

നമ്പർ	വാർഡ്	റോഡിന്റെ പേര്
52	VIII	വരമ്പൂർമുക്ക് – താഴത്തമ്പലം
53	VIII	ഒട്ടാങ്ങൽ – താന്തോന്നിക്കുളം
54	X	വെട്ടിയിൽപ്പടി – ഉറിയിടത്തുപടി
55	X	ചിറയിൽകിഴക്കേതിൽപടി – ബങ്കിലാത്തിൽപടി
56	X	മൈക്കോവേവ് – ചിറവാതുക്കൽപടി കോളനി
57	X	വാലുപറമ്പിൽ പടിച്ചിറ – കുതിരവട്ടം പുലിമല
58	X	കോടുകുളഞ്ഞി ഹൈസ്കൂൾ – പറപ്പട്ടിൽറോഡ്
59	IV	കൊല്ലന്റെപടി – തുണ്ടിൽപ്പടി
60	VI	മഠത്തിലേത്തുപടി – കരിമ്പാലിൽ കിഴക്കേതിൽപ്പടി
61	VI	പുളിക്കൽപ്പാലം – ബഥേൽപടി
62	IV	വരട്ടാർ – പുത്താറ്റിൻകുര റോഡ്
63	II	പറയന്റെപടി – കുറ്റിയ്ക്കാട്ടു മണ്ണിൽ റോഡ്
64	II	ചക്കാലപ്പള്ളത്തുപടി – പുല്ലുതറപടി
65	II	തെങ്ങിൻതറ പടി – ഇലവുംമൂട്ടിൽ പടി
66	II	ആലുംതുരുത്തിൽ കോളനിറോഡ്
67	II	തെങ്ങിൽപ്പടി – ആട്ടിൻവീട്ടിൽ പടി
68	II	കരയോഗമന്ദിരം – കോബ്രാറ്റുപടി
69	III	തുണ്ടിൽപ്പടി – ഇളപ്പിന്റെ വടക്കേൽപ്പടി റോഡ്
70	VIII	ഉളിയന്തറപ്പടി – വലിയാക്കൻ പടി
71	VIII	പേരങ്ങാട്ടു പടി – കരിങ്ങാട്ടു പടി
72	VIII	മാനാടി പടി – ആഞ്ഞിലവിള റോഡ്
73	VIII	കൊച്ചുപഴമ്പള്ളി പടി – മുട്ടത്തു പടി – കഞ്ഞോണി പടി
74	VIII	വളയന്തറപ്പടി – പുളിമൂട്ടിൽ പടി
75	VIII	പുഞ്ഞോത്തിക്കാവിൽ പീടിക – നെടുന്തറപ്പടി
76	VIII	കരിപ്പേട്ടി പടി – കുറിപ്പിന്റെയ്യത്ത്
77	VIII	പുഷ്പവിലാസം – മാമ്പ്രപ്പാടം
78	VIII	വരമ്പൂർ മുക്ക് – വാഴയിൽ പടി



തെരുവുവിളക്കുകൾ ഇല്ലാത്ത എല്ലാ വർഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

മെർക്കുറി വേപ്പർ ലാമ്പ്

ഓരോവാർഡിലും പ്രധാന ജംഗ്ഷനുകളിൽ M.V. ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്.

സോഡിയം വേപ്പർ ലാമ്പ്

ഓരോ വാർഡിലും പ്രധാനപ്പെട്ട ഒരു ജംഗ്ഷനിൽ ഒരു സോഡിയം വേപ്പർ ലാമ്പു വീതം സ്ഥാപിക്കേണ്ടതാണ്. (പാറേചന്ത, കല്യാത്രചന്ത, കല്യാത്രജംഗ്ഷൻ, ചാമക്കാവ്, കക്കട, പൊയ്കമുക്ക്, ഇല്ലത്തുമേപ്പുറം, വരമ്പൂർ, താഴത്തമ്പലം)

സോളാർ വിളക്കുകൾ താഴെപ്പ്റയുന്ന സ്ഥാനങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

1. പെരുന്തുരത്തി കോളനി
2. ചാങ്ങമല ലക്ഷം വീടു കോളനി
3. തേവാനകോളനി
4. പടിഞ്ഞാറെ തുരുത്തുകോളനി
5. പാറേചന്ത കോളനി
6. ഭൂവനേത്തുകോളനി
7. താഴ്വാന കോളനി
8. മന്നത്തുതറ കോളനി
9. ആലന്തുരുത്തു കോളനി

ബിൽ കളക്ഷൻ കൗണ്ടർ

കല്യാത്രയുള്ള സബ്ബ് എൻജിനിയർ ഓഫീസിൽ നിന്നും ഏകദേശം 4 കിലോമീറ്റർ ദൂരെയുള്ളതും ഗതാഗത സൗകര്യമില്ലാത്തതുമായ പത്താം വാർഡിലും സമീപപ്രദേശങ്ങളിലുമുള്ള വൈദ്യുതി ഉപഭോക്താക്കൾ വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഇതിന് പരിഹാരമായി പാറച്ചന്തഭാഗത്തോ, ഗ്രാമോദ്ധാരണ വായനശാലാ ഭാഗത്തോ ഒരു പ്രത്യേകം ബിൽ കളക്ഷൻ സെന്റർ സ്ഥാപിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 1,2,3 വാർഡുകളിലെ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം അംബീമുക്കിനും ഒരു ബിൽ കളക്ഷൻ സെന്റർ സ്ഥാപിക്കണം.

സൗരോർജ്ജ തെരുവുവിളക്കുകൾ

നിലവിലുള്ള തെരുവുവിളക്കുകൾ കൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കുന്നില്ല. പഞ്ചായത്തിലെ 50% വിളക്കുകൾ മാത്രമേ കത്തുന്നുള്ളു. ഗുണനിലവാരം കുറഞ്ഞ ബൾബുകളും മറ്റ് സാമഗ്രികളും ഉപയോഗിക്കുന്നതുമൂലം വൈദ്യുതിയുടെ ഉപഭോഗം കൂടുകയും, ഉള്ള ബൾബുകൾ തന്നെ അതിവേഗം ഫ്യൂസാകുകയും ചെയ്യുന്നു. കത്തുന്ന ബൾബുകൾക്ക് തന്നെ വോൾട്ടേജ് ക്ഷാമം മൂലം വേണ്ടത്ര പ്രകാശവുമില്ല.

വൈദ്യുതി പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കുന്നതിനും തെരുവുവിളക്കുകൾ കൂടുതൽ പ്രയോജനകരമായി ഉപയോഗിക്കുന്നതിനും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. വിദേശ-തദ്ദേശ ഏജൻസികളിൽ നിന്നും, കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും സാങ്കേതിക- സാമ്പത്തിക സഹായം സ്വീകരിച്ച് സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിച്ച് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

മിനി ഡീസൽ വൈദ്യുതിനിലയം

ഒരു മിനിഡീസൽ വൈദ്യുതി നിലയം

സ്ഥാപിച്ച് വെണ്മണി പഞ്ചായത്തിലെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

മാർക്കറ്റ്

വെണ്മണി പഞ്ചായത്തിൽ രണ്ട് അംഗീകൃത മാർക്കറ്റുകൾ കല്യാത്രയിലും പാറച്ചന്തയിലും പ്രവർത്തിക്കുന്നു. ഈ രണ്ട് മാർക്കറ്റുകളും മുൻകാലങ്ങളിൽ നല്ലനിലയിൽ നടന്നിരുന്നെങ്കിലും ഇന്ന് സ്ഥിതി ശോചനീയമാണ്. പാറച്ചന്തയിൽ മുമ്പുണ്ടായിരുന്ന കന്നുകാലിച്ചന്ത കർഷകർക്ക് ഒരനുഗ്രഹമായിരുന്നു. പുലക്കടവിലും ഒരു കന്നുകാലിച്ചന്ത ഉണ്ടായിരുന്നു.

കല്യാത്ര മാർക്കറ്റിന് വളരെയധികം വികസന സാദ്ധ്യതകൾ ഉണ്ട്. കല്യാത്ര മാർക്കറ്റിനുള്ളിൽ ഷോപ്പിംഗ് സ്റ്റാളുകൾ നിർമ്മിച്ച് കൂടുതൽ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. മാർക്കറ്റ് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. ഈ മാർക്കറ്റിന്റെ വികസനപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കർഷകരുടേയും വ്യാപാരികളുടേയും തൊഴിലാളികളുടേയും രാഷ്ട്രിയ പാർട്ടികളുടേയും വിപുലമായ ഒരു യോഗം വിളിച്ചുചേർക്കേണ്ടതാണ്. ആദ്യഘട്ടത്തിൽ ഒരുവർഷത്തേക്ക് നികുതി പിരിവ് ഒഴുവാക്കിക്കൊണ്ട് എല്ലാ വ്യാഴാഴ്ചയും ചന്തനടത്തുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. അന്നേദിവസം പഞ്ചായത്ത് അതിർത്തിയിലുള്ള അന്തിച്ചന്തകൾ പ്രവർത്തിക്കാൻ പാടില്ലെന്ന് നിബന്ധനവയ്ക്കേണ്ടതാണ്.

പാറേചന്ത മാർക്കറ്റിന്റെ സ്ഥലം അളന്നു തിട്ടപ്പെടുത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്. അമ്പീമുക്കിന് ഒരു അന്തിച്ചന്ത തുറന്നു പ്രവർത്തിക്കേണ്ടതാണ്.

പുലക്കടവ് പാലം


പുലക്കടവിൽ ഒരു പാലം എന്നത് വെണ്മണി നിവാസികളുടെ ഒരു ചിരകാല അഭിലാഷമാണ്. ഇത് സാക്ഷാത്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ചെങ്ങന്നൂർ മാവേലിക്കര താലൂക്കുകളിലെ ജനങ്ങളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായക പങ്കു വഹിക്കാൻ കഴിയുന്ന ഈ പാലം പണി തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അധികാരികളുടെ മേൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ പഞ്ചായത്ത് ഇനി ഒട്ടും അമാന്തിച്ചുകൂടാ.

പാറേചന്തയിലും പൊയ്കയിലും കമ്മ്യൂണിറ്റി ഹാൾ

വെണ്മണി പഞ്ചായത്തിലെ മൂന്നും പത്തും വാർഡുകളിൽ ഒരു ചെറിയ യോഗം ചേരുന്നതിനു പോലും സൗകര്യമുള്ള പൊതുസ്ഥാപനങ്ങൾ ഇല്ല. ഈ കുറവ് പരിഹരിക്കുന്നതിനായി പാറേചന്തയിലും പൊയ്കയിലും ഓരോ കമ്മ്യൂണിറ്റി ഹാൾ അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

കല്യാത്ര മൈതാനം

പഞ്ചായത്തിന്റെ ഹൃദയ ഭാഗമായ കല്യാത്രയിലെ മൈതാനം നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമാണ്. ഇവിടം മനോഹരമാക്കി സംരക്ഷിക്കേണ്ട ചുമതല പഞ്ചായത്തിനുണ്ട്. വിദഗ്ദ്ധോപദേശം സ്വീകരിച്ച് അനുയോജ്യമായ രീതിയിൽ കല്യാത്ര മൈതാനം ഉപയോഗയോഗ്യവും ആകർഷകവുമാക്കി തീർക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.



5.5

പാർപ്പിടവും സാമൂഹ്യക്ഷേമവും

ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളിൽ വച്ച് വിദ്യാഭ്യാസപരമായും സാസ്കാരികമായും വളരെ മുൻപന്തിയിൽ നില്ക്കുന്ന ഒരു പ്രദേശമാണ് വെണ്മണി. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തികമേഖലയിലെ നിർണ്ണായകഘടകമാണ്. ഈ വിദേശ പണത്തിന്റെ പ്രയോജനം വികസന മേഖലയിൽ ഒട്ടും തന്നെ പ്രതിഫലിക്കുന്നില്ല. ആധുനിക സുഖസൗകര്യങ്ങളോടുകൂടിയ കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുന്നതിനാണ് ഈ പണത്തിന്റെ നല്ലൊരു പങ്കും വിനിയോഗിക്കുന്നത്. അന്തസ്സിന്റെ പ്രതീകമാണ് ആർഭാടപൂർണ്ണമായ ഭവന നിർമ്മാണമെന്ന വികലമായ ധാരണയാണ് ഇത്തരത്തിൽ ഈ രംഗത്ത് പണം മുടക്കാൻ ഇവരെ പ്രേരിപ്പിക്കുന്നത്.

അതേസമയം ദേശിയതലത്തിൽ തന്നെ പരിഹാരം കാണാതെ നില്ക്കുന്ന രൂക്ഷമായ പാർപ്പിട പ്രശ്നത്തിന്റെ ഭാഗമെന്നോണം വെണ്മണി പഞ്ചായത്തിലും വാസയോഗ്യമായ വീടുകളുടെ ദൗർലഭ്യം അനുഭവിക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങളുണ്ട്. മുൻകാലങ്ങളിൽ പുല്ലു കൊണ്ടും വൈയ്ക്കോൽ കൊണ്ടും മേഞ്ഞ വീടുകൾ ധാരാളമുണ്ടായിരുന്നെങ്കിലും ഇപ്പോൾ അത്തരം വീടുകൾ കാണാനില്ല.

ദുർബല വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും പെട്ടവർക്കു വേണ്ടി വിവിധ ഭവന നിർമ്മാണ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞതയും ഭവന നിർമ്മാണത്തിന് നൽകുന്ന സഹായധനത്തിന്റെ അപര്യാപ്തതയും ഇക്കാര്യത്തിന് സർക്കാർ നീക്കിവയ്ക്കുന്ന തുകയുടെ കുറവും ഈ പ്രശ്നത്തിൽ സർക്കാരിനുള്ള ആത്മാർത്ഥതതന്നെ സംശയിക്കാൻ ഇടയാക്കുന്നതരത്തിലാണ്. യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു പാർപ്പിടനയം ആവിഷ്കരിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകളും ഗ്രാമപഞ്ചായത്തുകളും തയ്യാറാകേണ്ടതാണ്.

നമ്മുടെ പ്രദേശത്ത് ഭവനനിർമ്മാണ വായ്പ നൽകുന്ന ഏജൻസികളിൽ പ്രധാനപ്പെട്ടവ കാർഷികവികസന ബാങ്കിന്റെ ചെങ്ങന്നൂർ ശാഖയും ചെങ്ങന്നൂർ ആസ്ഥാനമായുള്ള ഭവനനിർമ്മാണ സഹകരണസംഘവുമാണ്. വെണ്മണിയിൽ രണ്ടു വാണിജ്യബാങ്കുകളും ആലപ്പുഴ ജില്ലാ സഹകരണബാങ്കിന്റെ ശാഖയും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇടത്തരക്കാർക്കും പാവപ്പെട്ടവർക്കും ഭവന നിർമ്മാണ വായ്പ നൽകാൻ ഈ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നു.

കാർഷികവികസന ബാങ്കിൽ നിന്നും മറ്റും ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ ഇന്ന് അനുഭവിക്കുന്നുണ്ട്. അതിൽ പ്രധാനമായവ താഴെപ്പറയുന്നവയാണ്.

1. കർക്കശമായ ജാമ്യവ്യവസ്ഥ
2. അമിതമായ പലിശ
3. തക്കസമയത്ത് വായ്പ ലഭിക്കാത്ത സ്ഥിതി

ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ നൽകുക.
2. പലിശനിരക്ക് കുറയ്ക്കുക.
3. പ്ലോട്ടടിസ്ഥാനത്തിൽ തവണവ്യവസ്ഥയോടു കൂടി വീടുകൾ നിർമ്മിച്ചു നൽകുക.
4. വായ്പയും ധനസഹായവും അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.

സാധാരണക്കാരായ ജനങ്ങൾക്ക് ഭവന നിർമ്മാണം വളരെയേറെ ദുഷ്കരമാക്കുന്ന സാഹചര്യങ്ങളാണ് നിലനില്ക്കുന്നത്. ഇവയ്ക്ക് പരിഹാരം കാണാൻ കഴിയുന്നില്ലെങ്കിൽ പാർപ്പിട പ്രശ്നം കൂടുതൽ രൂക്ഷമാവുകതന്നെ ചെയ്യും.


1. കെട്ടിടനിർമ്മാണത്തിനു വേണ്ട അസംസ്കൃത സാധനങ്ങളുടെ അമിതമായ വിലവർദ്ധന.
2. വിദഗ്ധ തൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും ഒപ്പം വർദ്ധിച്ച കൂലി നിരക്കും.
3. വാസയോഗ്യമായ ഭൂമിയുടെ വിലയിലുണ്ടായ കുതിച്ചു കയറ്റം.

1995-96ലെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 5473 വീടുകളാണുള്ളത്.

പട്ടിക – 1

കെട്ടിടങ്ങളുടെ വിവരം

വാർഡ്	മേൽക്കൂര			
	വാർത്തത്	ഓട്	ഓല	ഷീറ്റ്
1	146	216	88	5
2	153	227	109	4
3	84	243	106	9
4	112	212	132	3
5	124	278	76	12
6	188	241	61	14
7	211	255	160	14
8	150	341	127	1
9	193	307	80	9
10	129	281	131	3



ഇടത്തരം വരുമാനക്കാർക്കും പാവപ്പെട്ടവർക്കും ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന നിരവധി പദ്ധതികൾ നിലവിലുണ്ട്. കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന ഇന്ദിരാ ആവാസ് യോജന (IAY) യിൽ ഉൾപ്പെടുത്തി ധനസഹായം നൽകി കുറെവീടുകൾ ഈ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ J.R.Y, Million Well Schemeഎന്നിവയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും മറ്റും അനേകം വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1971-72 കാലത്ത് ലക്ഷംവീടു പദ്ധതി പ്രകാരം വെണ്മണിപഞ്ചായത്തിൽ പണി തീർത്ത വീടുകളിൽ മിക്കവാറും എല്ലാംതന്നെ തകർന്ന് നിലം പതിക്കാത്ത രീതിയിൽ ആയിട്ടുണ്ട്. ഈ വീടുകൾ മുഴുവൻ പുതുക്കിപ്പണിയുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പ്രകൃതിക്ഷോഭം മൂലം നഷ്ടപ്പെടുന്ന ഭവനങ്ങൾക്ക് റവന്യൂ വകുപ്പു മുഖേന അനുവദിക്കുന്ന സഹായധനം തികച്ചും അപര്യാപ്തമാണ്. ഇതു വർദ്ധിപ്പിക്കേണ്ടതാണ്.

ഒരു കുടുബത്തിലെ അംഗങ്ങളുടെ എണ്ണവും ആവശ്യകതയും ആയിരിക്കണം ഒരു വീടിന്റെ മാനദണ്ഡമായി സ്വീകരിക്കേണ്ടത്. ചെറിയ കുടുംബം സന്തുഷ്ടകുടുംബം എന്നതുപോലെ 'ചെറിയ കുടുംബം ചെലവ് കുറഞ്ഞവീട്' എന്ന ആശയം സമൂഹം ഉൾക്കൊള്ളേണ്ടതാണ്. ലാറിബെക്കറുടെ ചെലവുകുറഞ്ഞവീട് (Low cost building) എന്ന പ്രചാരം സിദ്ധിച്ച ആശയം പൂർണ്ണമായ അർത്ഥത്തിൽ പ്രയോഗത്തിൽ വരുത്തുവാൻ വീടുനിർമ്മിക്കുന്നവരിൽ മിക്കവരും തയ്യാറാകുന്നില്ല. സ്വന്തം വീട് അന്തസ്സിന്റെയും സമ്പന്നതയുടേയും പ്രതീകമായി പ്രദർശിപ്പിക്കുവാനുള്ള പ്രവണതയാണ് പൊതുവേ കാണുന്നത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയും കൂലിച്ചെലവും അടിക്കടിവർദ്ധിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്ന് ഇതാണ്.

നമ്മുടെ പഞ്ചായത്തിലെ ദുർബലവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലുംപെട്ട നൂറുകണക്കിനാളുകൾ സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനാവാതെ കഴിയുകയാണ്. ഗ്രാമസഭാ യോഗങ്ങളിൽ ഉയർന്നുവന്ന വ്യക്തിഗതമായ ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വീടിനും കക്കൂസിനും വേണ്ടിയുള്ളതാണ്. അടുത്ത അഞ്ചു വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിടപ്രശ്നത്തിന് ഒരു വലിയ പരിധിവരെ പരിഹാരം കാണുന്നതിനുള്ള സമയബന്ധിത പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. രണ്ടോമൂന്നോ പഞ്ചായത്തുകൾക്കായി എൻജിനിയർമാർ, മറ്റു സാങ്കേതിക വിദഗ്ധന്മാർ, നിർമ്മാണതൊഴിലാളികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കണം.
2. കമ്പി, സിമന്റ് തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സംഘത്തിൽ നൽകുന്നതിന് സിവിൽസപ്ലൈസ് കോർപ്പറേഷന്റെ മാതൃകയിലുള്ള ഏജൻസിയെ അധികാരപ്പെടുത്തുക.
3. 1500 ച. അടി പ്ലിന്ത് ഏറിയായിൽ കവിഞ്ഞ വീടുകൾ പണിയുമ്പോൾ

ഉണ്ടാകുന്ന ചിലവിന്റെ ഒരു ശതമാനത്തിൽ കുറയാതെയുള്ള തുക ഭവന നിർമ്മാണ ഫണ്ടിലേക്ക് ഈടാക്കുവാനുള്ള അധികാരം പഞ്ചായത്തിനു നൽകുക.

4. കേരള ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ചിട്ടുള്ള മൈത്രിഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അവകാശം പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കേണ്ടതാണ്. സ്പോൺസറുടെ വിഹിതമെന്ന നിലയിൽ 1000 രൂപാ വീതം പഞ്ചായത്തിൽ നിന്നും നൽകേണ്ടതാണ്.

5. ഭവനനിർമ്മാണ വായ്പക്കുള്ള അപേക്ഷകൾ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുക.

6. ഇടത്തരക്കാർക്ക് (Middle Income Group) വായ്പ എടുക്കുന്നതിനുള്ള പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഫീസ് നിർത്തലാക്കുക.

7. പണിയുടെ ഘട്ടംഘട്ടമായുള്ള റിപ്പോർട്ട് നൽകുന്നതിനുള്ള ചുമതല വാർഡ് മെമ്പർക്കു നൽകുക.

8. ചെലവു കുറഞ്ഞ ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രചരണം വ്യാപകമാക്കുക.

9. സർക്കാർ ഏജൻസികൾ ഭവനനിർമ്മാണത്തിനു നൽകുന്ന ധനസഹായം പഞ്ചായത്തു മുഖേന വിതരണം ചെയ്യുക.

10. കെട്ടിട നിർമ്മാണച്ചെലവിന്റെ ക്രമാതീതമായ വർദ്ധന കണക്കിലെടുത്ത് വായ്പയും സബ്സിഡിയും ഇന്നുള്ളതിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിക്കുക.

11. പ്രകൃതിക്ഷോഭം മൂലം വീടുനഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനു നൽകുന്ന സംഖ്യ 25000 രൂപയാക്കി ഉയർത്തുക. അതിന്റെ പരിശോധനാ ചുമതലയും വിതരണച്ചുമതലയും പഞ്ചായത്തിനു നൽകുക.

12. ദുരഹിതർക്ക് വീടു വയ്ക്കുവാൻ പുറമ്പോക്ക്, മിച്ചഭൂമി തുടങ്ങിയവയിൽ നിന്ന് അഞ്ച് സെന്റ് വീതം നൽകുക.

13. പഞ്ചായത്തു വക ഭവന നിർമ്മാണ പദ്ധതികൾ നിർമ്മിതികേന്ദ്രങ്ങളെക്കൊണ്ട് നടത്തിക്കുകയും അതിനായി പഞ്ചായത്തു തലത്തിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്യുക.

14. ഭവന നിർമ്മാണത്തിന്, ഗുണഭോക്താക്കളുടെ അദ്ധ്വാനവും സന്നദ്ധ സംഘടനകളുടെ സേവനവും പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

സാമൂഹ്യക്ഷേമം

ഇൻഡ്യയിൽ വച്ച് ഏറ്റവും വിപുലമായ സാമൂഹ്യസുരക്ഷിതത്വ ശൃംഖല കേരളത്തിന്റേതാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി അസംഘടിത മേഖലയെക്കൂടി സുരക്ഷിതത്വ സംവിധാനത്തിനുള്ളിൽ

കൊണ്ടുവരാൻ കഴിഞ്ഞു എന്നതാണ് കേരളത്തിന്റെ നേട്ടം. 60 വയസ്സിനു മുകളിലുള്ള ജനസംഖ്യയുടെ ഏതാണ്ട് 30% വിവിധ പെൻഷൻ പദ്ധതികളിൽ അംഗങ്ങളാണ്. 1992- 93ൽ 68.5 കോടി രൂപ അഥവാ സംസ്ഥാന റവന്യൂ ചെലവിന്റെ1.8%പെൻഷനുകൾക്കുവേണ്ടി ചെലവാക്കി.

രണ്ടു തരത്തിലുള്ള സ്കീമുകൾ ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ട്. ഒന്നാമത്തേത് പൂർണ്ണമായും സംസ്ഥാന സർക്കാർ ഫണ്ടിനെ ആശ്രയിച്ചുള്ള അഗതി, വിധവപെൻഷനുകൾ തുടങ്ങിയവയാണ്. രണ്ടാമത്തേതാകട്ടെ തൊഴിൽ ഉടമയുടെയും തൊഴിലാളിയുടേയും പങ്കാളിത്തത്തോടെ വിവിധ ബോർഡുകൾക്കു കീഴിൽ നടപ്പാക്കപ്പെടുന്നവയാണ്. ഇത്തരം 18 നിധികൾ നിലവിലുണ്ട്. നേരിട്ടു വകുപ്പുകൾക്ക് കീഴിലുള്ള ലോട്ടറി ഏജന്റ്, ആധാരമെഴുത്ത്, വക്കീൽ ഗുമസ്ഥന്മാർ എന്നിവർക്കുവേണ്ടിയുള്ള ഫണ്ടുകൾ ഒഴികെ ബാക്കി 15 എണ്ണം ജനാധിപത്യപരമായി നിയന്ത്രിക്കപ്പെടുന്ന ബോർഡുകൾക്ക് കീഴിലാണ്.


താഴ്ന്ന വരുമാനക്കാരുടേയും ദുർബല ജനവിഭാഗങ്ങളുടേയും ജീവിത നിലവാരം ഉയർത്താനുള്ള വിവിധ പരിപാടികളാണ് സാമൂഹ്യക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാമവികസനവകുപ്പിൽ നിന്നും നടത്തിയ IRDP സർവ്വേപ്രകാരം നമ്മുടെ പഞ്ചായത്തിൽ 902 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുള്ളതായി കാണുന്നു. ഇതിൽ223പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടുന്നു.

നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം 275 ആണ്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ175 ആണ്. സഹായം ലഭിച്ചവർ ഉൾപ്പടെ ഇപ്പോഴും ദാരിദ്ര്യരേഖക്കു താഴെയുള്ളവർ 864 കുടുംബങ്ങളാണെന്ന് സർവ്വേ റിപ്പോർട്ടിൽ കാണുന്നു. (പട്ടിക 1 കാണുക).

I.R.D.P. പദ്ധതി ദുർബലവിഭാഗങ്ങൾക്ക് ശരിയായ വിധത്തിൽ പ്രയോജനപ്പെടണമെങ്കിൽ സമൂലമായ അഴിച്ചുപണി നടത്തേണ്ടിയിരിക്കുന്നു. അശാസ്ത്രിയമായ മാനദണ്ഡമനുസരിച്ച് വരുമാനം നിശ്ചയിച്ചും ബാഹ്യ സമ്മർദ്ദങ്ങൾക്കു വിധേയമായും ഗുണഭോക്താക്കളെ കണ്ടെത്തുന്ന സമ്പ്രദായം മാറേണ്ടതാണ്. പദ്ധതികളെപ്പറ്റിയുള്ള അജ്ഞത, സങ്കീർണ്ണമായ നടപടിക്രമങ്ങൾ, ഉദ്യോഗതലത്തിലുള്ള അനാസ്ഥ ഇവയെല്ലാം പദ്ധതിയുടെ പരാജയത്തിന് കാരണമായി ഭവിച്ചു. ബോധവൽക്കരണത്തിന്റേയും മോണിറ്ററിംഗിന്റേയും അഭാവം മൂലം ധനസഹായം ലഭിച്ചവർ തന്നെ അതു ദുരുപയോഗപ്പെടുത്തുകയും ധനകാര്യസ്ഥാപനങ്ങളുടെ കടക്കെണിയിൽപ്പെട്ടു പോവുകയും ചെയ്യുന്നു.

ട്രൈസം

ഗ്രാമവികസന വകുപ്പിൽനിന്നും18നും 35നും മദ്ധ്യേപ്രായമുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പൂർണ്ണമായും കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന പരിശീലന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം വെണ്മണി പഞ്ചായത്തിൽ പരിശീലനം നേടിയവരുടെ വിവരം പട്ടിക 3-ൽ ചേർത്തിരിക്കുന്നു.




പട്ടിക – 1

IRDP സർവ്വേപ്രകാരം – ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ച തുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I	60	10	12	10	-	60
II	82	25	16	13	-	82
III	85	27	24	20	-	85
IV	97	44	6	26	-	97
X	80	15	36	12	-	80
V	80	13	-	-	-	-
VI	61	4	-	-	-	-
VII	141	47	181	94	-38	-460
VIII	76	13	-	-		
IX	140	25	-	-	-	-
ആകെ	902	223	275	175	38	864

പട്ടിക II

വാർദ്ധക്യ കാല പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	അവശ കലാകാര പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മാ വേതനം	ക്ഷയരോഗ ധന സഹായം	കാൻസർ രോഗ ധന സഹായം
27	67	-	-	-	-	-	-



പട്ടിക – III

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വർഷം	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
1990–91	ഇലക്ട്രീഷ്യൻ	3	3
1990–91	ഖാദി വീവിംഗ്	2	2
1991–92	പ്രിന്റിംഗ്	1	1
1991–92	എംബ്രോയിഡറി, ഗാർമെന്റ് മേക്കിംഗ്	1	1
1991–92	ഓട്ടോ മെക്കാനിസം	1	1
1991–92	ട്രാക്ടർ മെക്കാനിസം	1	1
1992–93	തയ്യൽ പരിശീലനം	2	2
1992–93	ഖാദി വീവിംഗ്	2	1
1992–93	എംബ്രോയിഡറി	2	
1992–93	പ്ലംബിംഗ്	1	
1992–93	ഓട്ടോമെക്കാനിസം	1	
1992–93	ഡ്രൈവിംഗ്	1	
1992–93	റേഡിയോറിപ്പയറിംഗ്	1	1
1992–93	ട്രാക്ടർ & ട്രില്ലർ മെക്കാനിസം	1	1
1993–94	പ്രിന്റിംഗ് & കമ്പോസിംഗ്	5	5
1993–94	ട്യൂബ് വർക്കൈസിംഗ്	2	
1993–94	സൈക്കിൾ റിപ്പയറിംഗ്	1	
1994–95	പ്രിന്റിംഗ് & കമ്പോസിംഗ്	1	1
1994–95	പ്ലംബിംഗ്	1	1
1994–95	ഡ്രൈവിംഗ്	3	2
1994–95	വെൽഡിംഗ്	1	1
1994–95	ടി.വി & റോഡിയോ മെക്കാനിസം	1	
1994–95	ഗാർമെന്റ് മേക്കിംഗ്	1	
1995–96	പ്രിന്റിംഗ് & കമ്പോസിംഗ്	1	1

പരിശീലനം ലഭിച്ച മുഴുവൻ പേർക്കും സ്വയം തൊഴിലിൽ ഏർപ്പെടുവാൻ സാധിക്കുന്നില്ലായെന്നാണ് കണക്കുകൾ കാണിക്കുന്നത്. അഭിരുചിക്കനുസരിച്ച് പരിശീലനം ലഭിക്കേണ്ടവരെ തെരഞ്ഞെടുക്കാത്തതുകൊണ്ടും പരിശീലനത്തിനു ശേഷം സ്വയംതൊഴിൽ കണ്ടെത്താൻ ആവശ്യമായ മൂലധനം നൽകി സഹായിക്കാത്തതുകൊണ്ടുമാണ് പദ്ധതി പരാജയപ്പെടാൻ ഇടയാകുന്നത്. പരിശീലന കാലത്തെ വേതനം മാത്രം ലക്ഷ്യമാക്കി വരുന്നവരെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

RAP (ടൂൾകിറ്റ്)

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ഉപകരണങ്ങൾ നൽകുന്ന പരിപാടിയാണിത്. ഈ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം രണ്ടാം വാർഡിൽ 3 പേർക്കും മൂന്നാം വാർഡിൽ ഒരാൾക്കും ടൂൾകിറ്റ് ലഭിച്ചതായി കണക്കുകൾ കാണിക്കുന്നു. 25ൽ പരം പേർ ഈ സഹായം പ്രതീക്ഷിച്ച് കഴിയുന്ന അപേക്ഷകരാണ്.

വനിതാവികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്താകയാൽ വിദൂരത്തുള്ളവർക്ക് ബന്ധപ്പെടാൻ ബുദ്ധിമുട്ടുണ്ട്. ഈ കോർപ്പറേഷന്റെ പ്രവർത്തനം വികേന്ദ്രീകരിച്ച് ജില്ലാതലത്തിൽ ആഫീസുകൾ തുറക്കുകയും കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തേണ്ട ചുമതലയും കോർപ്പറേഷൻ ഏറ്റെടുക്കേണ്ടതാണ്.

ക്ഷേമപദ്ധതികൾ

1. വാർദ്ധക്യകാല പെൻഷൻ

65 വയസ്സ് പൂർത്തിയായവരും പ്രായപൂർത്തിയായ ആൺമക്കൾ ഇല്ലാത്തവരും താഴ്ന്ന വരുമാനക്കാരുമായ ആൾക്കാർക്കാണ് ഈ ആനുകൂല്യം നൽകുന്നത്. പ്രതിമാസം 100 രൂപയാണ് പെൻഷൻ, നമ്മുടെ പഞ്ചായത്തിൽ ..... പേർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. ഈ പെൻഷൻ പദ്ധതിയുടെ മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കേണ്ടതാണ്. ആൺമക്കൾ ഉണ്ടെങ്കിലും അവരുടെ യാതൊരു സഹായവും ലഭിക്കാത്ത അനേകം നിരാലംബരായ വൃദ്ധരുണ്ട്. അവർക്കു കൂടി ഈ ആനുകൂല്യം ലഭ്യമാക്കുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

വിധവാ പെൻഷൻ


വൈധവ്യം സംഭവിച്ചവർക്കും ഭർത്താവ് ഉപേക്ഷിച്ചവർക്കും വിവാഹമോചനം നേടിയവർക്കും നൽകുന്ന ആനുകൂല്യമാണിത്. പെൻഷൻ തുക ഇപ്പോൾ 100 രൂപയാണ്. ആൺ മക്കൾക്ക് 20 വയസ്സു പൂർത്തിയാകുന്നതുവരെ മാത്രമേ വിധവകൾക്ക് പെൻഷന് അർഹതയുള്ളു. നമ്മുടെ പഞ്ചായത്തിൽ ..... വിധവകൾക്ക് പെൻഷൻ ലഭിച്ചുവരുന്നു.

വികലാംഗപെൻഷൻ

ശാരീരികമായ അംഗവൈകല്യമുള്ളവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പെൻഷനാണിത്. പെൻഷൻ തുക പ്രതിമാസം 100 രൂപയാണ്. അംഗവൈകല്യ സർട്ടിഫിക്കറ്റ് ഡോക്ടറന്മാരിൽ നിന്നും ലഭിക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ടുണ്ട്.

തൊഴിലില്ലായ്മ വേതനം

35 വയസ്സിനു താഴെയുള്ള തൊഴിലില്ലാത്തവർക്ക് നൽകിവരുന്ന ആനുകൂല്യമാണിത്. പ്രതിമാസം 70 രൂപയാണ് വേതനം നൽകുന്നത്. ഇതിന് അർഹതയുള്ള നിരവധിപേർക്ക്



നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിക്കുന്നില്ല.

കർഷകത്തൊഴിലാളി പെൻഷൻ

തൊഴിൽ വകുപ്പു മുഖേന60 വയസ്സിനു മേൽ പ്രായമുള്ള കർഷകതൊഴിലാളികൾക്കു ലഭിക്കുന്ന പെൻഷനാണിത്. ഇപ്പോൾ പെൻഷൻ തുക 70 രൂപയാണ്. യഥാർത്ഥ കർഷകത്തൊഴിലാളിക്കു തന്നെയാണ് ഈ ആനുകൂല്യം ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കർഷകത്തൊഴിലാളി പെൻഷനു വേണ്ടിയുള്ള അപേക്ഷ ഇപ്പോൾ വില്ലേജ് ആഫീസിൽ സ്വീകരിക്കുന്നില്ല. മുമ്പ് സ്വീകരിച്ച പലരുടേയും അപേക്ഷകളിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നു പരാതിയുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ മേലിൽ പഞ്ചായത്തു മുഖേനയാണ് നൽകുക എന്ന പ്രഖ്യാപനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഇതു സംബന്ധമായ ഉത്തരവുകൾ ഒന്നും ഇതുവരെയും പുറത്തുവന്നിട്ടില്ല. അതുകൊണ്ട് പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ ഇപ്പോൾ വില്ലേജ് ആഫീസിലോ പഞ്ചായത്താഫീസിലോ സ്വീകരിക്കപ്പെടുന്നില്ല എന്നതാണ് ദു:ഖകരമായ അവസ്ഥ.

വിവാഹത്തിന് ധനസഹായം

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന്2000രൂപാ ധനസഹായം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. വിവാഹത്തിന് ഒരു മാസം മുമ്പ് അപേക്ഷ തഹസീൽദാർക്ക് നൽകേണ്ടതാണ്. തക്കതായ കാരണംകൊണ്ട് സമയത്തിനുള്ളിൽ അപേക്ഷിക്കാതിരുന്നാൽ അതിന്റ കാരണങ്ങൾ കാണിച്ച് മാപ്പപേക്ഷ നൽകിയാൽ ആവശ്യമായ അന്വേഷണങ്ങൾക്കു ശേഷം ധനസഹായം അനുവദിക്കാൻ തഹസീൽദാർക്ക് അധികാരമുണ്ട്. ഈ പദ്ധതിയെപ്പറ്റിയുള്ള അറിവില്ലായ്മ മൂലം അർഹരായ പലർക്കും ഈ ആനുകൂല്യം ലഭിക്കാതെ പോകുന്നുണ്ട്.

അംഗൻവാടികൾ

ആരോഗ്യമുള്ള അമ്മയും കുഞ്ഞും നാടിന്റെ സമ്പത്താണെന്ന സത്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സാമൂഹ്യ ക്ഷേമരംഗത്ത് വിലപ്പെട്ട സേവനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുന്ന സ്ഥാപനങ്ങളായ അംഗൻവാടികൾക്ക് സർക്കാർ നൽകിയിരിക്കുന്ന പ്രാധാന്യം ഇതിനു തെളിവാണ്.

പഞ്ചായത്തിലെ മുഴുവൻ വീടുകളും വിവിധ അംഗൻവാടികളുടെ പരിധിയിലാക്കി, സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യസംരക്ഷണം, ആരോഗ്യവിദ്യാഭ്യാസം, പോഷകാഹാര വിതരണം, ശുചിത്വബോധവൽക്കരണം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ പരിപാടികളാണ് അംഗൻവാടികളിലൂടെ നടപ്പാക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ അംഗൻവാടികളില്ല. എന്നാൽ ICDS (സംയോജിത ശിശു വികസനപദ്ധതി) പദ്ധതിപ്രകാരം 16 അംഗൻവാടികൾ പഞ്ചായത്തിൽ ഉടനെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി ഇതിന് സ്ഥലവും കെട്ടിടവും കണ്ടുപിടിക്കേണ്ടതുണ്ട്. നല്ല രീതിയിൽ പൊതുജന സഹകരണമുണ്ടെങ്കിൽ മാത്രമേ ഈ സ്ഥാപനങ്ങൾ തുടങ്ങാനും ഫലപ്രദമായി നടത്തിക്കൊണ്ടു പോകാനും കഴിയൂ.

നിർദ്ദേശങ്ങൾ

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടുപിടിക്കാൻ ഇന്നവലം

ബിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കേണ്ടതാണ്. ദാരിദ്ര്യരേഖ നിർണ്ണയിക്കുന്നതിന് ഇന്ന് നിശ്ചയിച്ചിരിക്കുന്ന 11000 രൂപാ 18000 രൂപയായി ഉയർത്തേണ്ടതാണ്.

2. IRDP എന്ന പദ്ധതിയെപ്പറ്റി ഭൂരിപക്ഷം പേർക്കും അറിവില്ല. ദാരിദ്ര്യ രേഖക്കു താഴെയുള്ളവരെ കണ്ടുപിടിക്കാൻ സമഗ്രമായ ഒരു സർവ്വേ നടത്തേണ്ടതാണ്.

3. ട്രൈസം പദ്ധതിയുടെ നടപടിക്രമങ്ങൾ പരിഷ്കരിക്കുക. പരിശീലകരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച അറിയിപ്പുകൾ യഥാസമയം എല്ലാവരുടേയും ശ്രദ്ധയിൽപെടത്തക്കവണ്ണം പ്രസിദ്ധീകരിക്കുക. പരിശീലനം ലഭിച്ചവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ഉപദേശവും സഹായവും നൽകുക.

4. എല്ലാ ക്ഷേമപദ്ധതികളുടേയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുക.

5. വാർദ്ധക്യകാലപെൻഷന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൂടുതൽ വ്യക്തമായി നിർവ്വചിക്കുക.

6. ആൺമക്കൾക്ക് 20 വയസ്സ് പൂർത്തിയാകുന്നതുവരെ മാത്രമേ വിധവകൾക്ക് പെൻഷൻ ലഭിക്കാൻ അർഹതയുള്ളു എന്ന വ്യവസ്ഥ നീക്കം ചെയ്യുക. മക്കളുടെ തൊഴിലും വരുമാനവും കണക്കിലെടുക്കാതെ തന്നെ വിധവകൾക്ക് പെൻഷൻ നൽകേണ്ടതാണ്.

7. വികലാംഗരുടെ പെൻഷൻ അവരുടെ അംഗവൈകല്യത്തിന്റെ തോതനുസരിച്ച് വർദ്ധിപ്പിക്കേണ്ടതാണ്.


8. തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുള്ള പ്രായപരിധി 40 വയസ്സാക്കി ഉയർത്തണം.

9. കർഷകത്തൊഴിലാളി പെൻഷൻ അർഹതയുള്ളവർക്കുതന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പട്ടിക – IV

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽസംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
1	2	3	4	5
IV	ഗ്രാമീണകൈത്തൊഴിൽ (കുട്ട, വട്ടി, മുറം, പനമ്പ് മുതലായവയുടെ നിർമ്മാണം)	1992–93	10 (Sc)	പദ്ധതി തുടർന്നുകൊണ്ടിരിക്കുന്നു. ആവശ്യമായ ധനസഹായം നൽകി കഴിഞ്ഞു. കൂട്ടായ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വായ്പ – 17500 സഹായധനം – 17500 ആകെ – 35000 രൂപ
VI	കറവമാട് വളർത്തൽ	94–95	14	സാമാന്യം തൃപ്തികരമായി നടന്നു പോകുന്നു.
VIII IX	കറവമാട് വളർത്തൽ	95–96	10	സാമാന്യം തൃപ്തികരമായി നടന്നു പോകുന്നു.



5.6

വിദ്യാഭ്യാസം

ആലപ്പുഴജില്ലയുടെ കിഴക്കേ അതിർത്തിയിൽ ചെങ്ങന്നൂർ താലൂക്കിന്റെ തെക്കേ അറ്റത്ത് അച്ചൻകോവിലാർ അതിരിട്ടു കിടക്കുന്ന വെണ്മണി ഗ്രാമപഞ്ചായത്ത് ചെങ്ങന്നൂർ, മാവേലിക്കര, പന്തളം എന്നീ പട്ടണങ്ങളിൽ നിന്നും കൃത്യം പത്തു കിലോമീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും കാർഷികമേഖലയെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന പഴയകാലത്ത് ഒരുനൂറ്റാണ്ടിനുമപ്പുറത്ത് ദിവസവും 20 കിലോമീറ്റർ നടന്ന് മാവേലിക്കര ബി.എച്ച്. ഹൈസ്കൂളിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കാൻ വെണ്മണിയിൽ നിന്നും വിദ്യാർത്ഥികൾ പോയിരുന്നു എന്നതോർക്കുമ്പോൾ, വിജ്ഞാനത്തിനുവേണ്ടിയുള്ള ഈ നാടിന്റെ ദാഹം എത്ര ശക്തമായിരുന്നു എന്ന് ഏതൊരാൾക്കും മനസ്സിലാകും. വിരലിലെണ്ണാവുന്നവർക്കു മാത്രമാണ് ഈ സൗഭാഗ്യം അന്ന് അനുഭവിക്കാൻ കഴിഞ്ഞിരുന്നതെങ്കിലും അതു മൊത്തത്തിൽ വെണ്മണിയുടെ സാമൂഹ്യ, സാമ്പത്തിക പുരോഗതിക്ക് രാസത്വരകമായി തീർന്നിട്ടുണ്ട്. പന്തളം, മാവേലിക്കര, ചെങ്ങന്നൂർ എന്നി പട്ടണങ്ങളുമായുള്ള സമദൂര സാമീപ്യം ഉന്നത വിദ്യാഭ്യാസരംഗത്ത് ബഹുദൂരം മുന്നോട്ടു പോകുവാൻ വെണ്മണിയെ സഹായിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തികരംഗങ്ങളിൽ മോശമല്ലാത്ത നിലവാരം പുലർത്തുന്ന ഗ്രാമങ്ങളിൽ ഒന്നാണ് വെണ്മണിയെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ കല്ല്യാത്രയിൽ ആരംഭിച്ച ഗവ. ലോവർ പ്രൈമറി സ്കൂളാണ് ഔപചാരിക മേഖലയിൽ ഈ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം. കൂരിരുട്ടിൽ കൈത്തിരിപോലെ വിജ്ഞാനത്തിന്റെ ആദ്യവെളിച്ചം പകർന്നുകൊണ്ട് കാൽ നൂറ്റാണ്ടോളം കാലം ഈ ഗ്രാമത്തിലെ ഓരേയൊരു വിദ്യാലയമായി പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം വെണ്മണിയുടെ വിദ്യാഭ്യാസവളർച്ചക്ക് അടിത്തറ പാകിയിരുന്നു എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.

വിദ്യാഭ്യാസം സാർവ്വത്രികമാകാതിരുന്ന അക്കാലത്ത് ഓരോ ക്ലാസ്സിലും പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ പരിമിതമായിരുന്നു. നാലാം ക്ലാസ്സ് ജയിച്ചാൽ തുടർന്നു പഠിക്കുന്നതിന് വളരെയേറെ ക്ലേശങ്ങൾ സഹിച്ച് ദൂരെയുള്ള പട്ടണങ്ങളിലെ സ്കൂളുകളിലേക്ക് പോകേണ്ടിയിരുന്നു. ആ ഒരൊറ്റ കാരണംകൊണ്ടുതന്നെ പലരും നാലാക്ലാസ്സ് പൂർത്തിയാക്കുന്നതോടു കൂടി പഠനത്തോടു തന്നെ വിടപറയുകയും ചെയ്തിട്ടുണ്ട്. ഈ ദുരവസ്ഥക്ക് ഒരു മാറ്റം വരുന്നത് 1920 കളിലാണ്. ഈ കാലഘട്ടത്തിലാണ് മാർതോമാ സഭയുടെ നേതൃത്വത്തിൽ വെണ്മണിയിൽ ആദ്യമായി ഒരു അപ്പർപ്രൈമറി സ്കൂൾ സ്ഥാപിതമാകുന്നത്. അതോടൊപ്പം പല ലോവർപ്രൈമറി സ്കൂളുകളും വെണ്മണിയുടെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത ഏജൻസികളുടെ ചുമതലയിൽ ആരംഭിക്കുകയുണ്ടായി. വെണ്മണിതാഴം എൽ.പി.എസ്സ്, ചാങ്ങമല ഇ.എ.എൽ.പി.എസ്സ് കൊഴുവെണ്ടാറ്റ്സ്കൂൾ, ശാലേം എൽ.പി.എസ്സ്, പാറേത്ത് എം.എസ്സ്. സി.എൽ.പി.എസ്സ്, പുന്തല ഗവ. ജെ.ബി.എസ്സ് എന്നിവ ആ കാലഘട്ടത്തിൽ ആരംഭിച്ച സ്കൂളുകളാണ്. ഒരു പൂർണ്ണ പ്രൈമറിസ്കൂളാക്കി മാറ്റാനുള്ള സൗകര്യങ്ങൾ ഇല്ലാതിരുന്നതു കൊണ്ട് കൊഴുവെണ്ടാറ്റുസ്കൂളിന്റെ പ്രവർത്തനം പിന്നീട് നിലച്ചുപോയി. വിദ്യാർത്ഥികളുടെ കുറവും സർക്കാരിൽ നിന്നും ഒരു ക്ലാസ്സിന് മാസം തോറും കിട്ടുന്ന തികച്ചും അപര്യാപ്തമായ എട്ടു രൂപാ ഗ്രാന്റും വിദ്യാലയനടത്തിപ്പ് ക്ലേശകരമായ ഒരു സേവനമാക്കിത്തീർത്തിരുന്നു.

ഒരു ഗ്രാന്റുസ്കൂളായി പ്രവർത്തനം തുടങ്ങിയ വെണ്മണിതാഴം എൽ.പി. സ്കൂൾ പിൽക്കാലത്ത് സർക്കാരിലേക്കു സറണ്ടർ ചെയ്യപ്പെട്ടത് ആ സ്കൂളിലെ അദ്ധ്യാപകരുടെ നിരന്തരമായ സമ്മർദ്ദം ഒന്നു കൊണ്ടുമാത്രമാണെന്നറിയുന്നു. സർക്കാർ സ്കൂളുകളിൽ മെച്ചപ്പെട്ട വേതനവും സേവനസ്ഥിരതയും സുരക്ഷിതത്വവും ലഭിച്ചിരുന്നു എന്നതാണ് പല ഗ്രാന്റ് സ്കൂളുകളും അദ്ധ്യാപകരുടെ സമ്മർദ്ദ ഫലമായി സർക്കാരിലേക്ക് സറണ്ടർ ചെയ്യപ്പെടാൻ കാരണം. പിന്നീട് പുന്തല ബി.കെ.വി.എൻ.എസ്സ്.എസ്സ്.യു.പി. സ്കൂൾ കൂടി സ്ഥാപിതമായപ്പോൾ ലോവർപ്രൈമറി, അപ്പർപ്രൈമറിസ്കൂൾ രംഗത്ത് ആശാവഹമായ സ്ഥിതിയുണ്ടായിരുന്നു. എങ്കിലും ഒരു ഹൈസ്കൂളിനുവേണ്ടി വെണ്മണിക്കാർ 1950-വരെ കാത്തിരിക്കേണ്ടി വന്നു. 1950-ലാണ് കല്യാത്രയുള്ള എം.റ്റി.യു.പി.എസ്സ് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നത്, അതിനുശേഷം1968-69ൽ ലോഹ്യാമെമ്മോറിയൽ അപ്പർ പ്രൈമറിസ്കൂൾ പ്രവർത്തനം ആരംഭിക്കുകയും 1971-72ൽ അതൊരു ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. അതോടുകൂടി വെണ്മണി പഞ്ചായത്തിൽ14 വിദ്യാലയങ്ങൾ നിലവിൽവന്നു. രണ്ട് ഹൈസ്കൂൾ മൂന്ന് അപ്പർപ്രൈമറി സ്കൂൾ, ഒൻപത് ലോവർപ്രൈമറി സ്കൂൾ കൂടാതെ നാല് പ്രീപ്രൈമറി നഴ്സറിസ്കൂളുകളും പഞ്ചായത്തിലുണ്ട്. അവയിൽ രണ്ടെണ്ണം ഗവ. ജെ.ബി. സ്കൂളിലാണ് പ്രവർത്തിക്കുന്നത്. (കല്യാത്ര, പുന്തല). ഇവക്കുപുറമേ 16 ആശാൻ പള്ളിക്കൂടങ്ങളും പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 1 A

സ്കൂളിന്റെ പൊതുവിവരം


ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ			കാമ്പസ്സിന്റെ വിസ്തീർണ്ണം ഏക്കർ	കളി സ്ഥലത്തിന്റെ വിസ്തീർണ്ണം ഏക്കർ	റിമാർക്സ്
			ആൺ	പെൺ	ആകെ	പുരു.	സ്ത്രീ	ആകെ			
1	എം.റ്റി.എച്ച്.എസ്സ് U.P. H.S.	എയ്ഡഡ്	 183 393	 146 313	 1035	 5	 33	 38	 3	 2	
2	എൽ.എം.എച്ച്.എസ്സ് U.P. H.S.	എയ്ഡഡ്	 61 80	 64 58	 263	 3	 15	 18	 3	 2	
3	ബി.കെ.വി എൻ.എസ്സ്.എസ്സ് പുതല U.P.S	എയ്ഡഡ്	 111	 114	 225	 1	 9	 10	 2	 1	
4	ശാലോം L.P. U.P.	എയ്ഡഡ്	 59 96	 81 118	 354	 	 11	 11	 1.05	 1	
5	എസ്സ്.എൻ.ഡി.പി പുതല ഘ.ജ.s	എയ്ഡഡ്	 50	 83	 133	 1	 4	 5	 0.30		
6	എം.റ്റി പുതല L.P.S	എയ്ഡഡ്	 41	 37	 78		 3	 3	 0.18		
7	E.A.L.P.S ചാങ്ങമല	എയ്ഡഡ്	 34	 29	 63		 4	 14	 0.10		
8	എം.എസ്സ്.സി L.P.S	എയ്ഡഡ്	 49	 61	 110		 4	 4	 0.28	 0.10	
9	തച്ചപ്പള്ളി L.P.S.		42	37	79		3	3	0.14		1 Tr Post vacant
10	വെണ്മണിതാഴം L.P.S.	എയ്ഡഡ്	 58	 43	 101		 3	 3	 0.66	 0.50	1 Tr Post vacant
11	സെന്റ്ജൂഡ്സ് (EM) L.P. U.P.	അൺ എയ്ഡഡ്	 149 66	 152 62	 429	 1	 13	 14	 1.75	 1.00	
12	ജെ.ബി.എസ്സ് പുതല L.P.S.	ഗവണ്മെന്റ്	 58	 57	 115		 4	 4	 0.60	 0.44	H.M. Post vacant
13	ജെ.ബി.എസ്സ് വെണ്മണിL.P. U.P.	ഗവണ്മെന്റ്	 113 25	 106 30	 274	 2	 8	 10	 0.72	 0.40	
	ആകെ		1668	1591	3259	13	114	127			

ഉന്നതവിദ്യാഭ്യാസത്തിന് അടുത്തുള്ള പട്ടണങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നാളിതുവരെയുള്ളത്. നിലവിലുള്ള രണ്ട് ഹൈസ്കൂളുകളിൽ ഒന്നിൽപോലും പ്ലസ്സ്ടു കോഴ്സോ, വൊക്കേഷണൽ ഹയർസെക്കണ്ടറികോഴ്സോ അനുവദിച്ചിട്ടില്ല. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് 'ടെക്നിക്കൽ സ്കൂളോ, പോളിടെക്നിക്കോ വെണ്മണിയിൽ ഇല്ല. ആകെയുള്ളതു മൂന്നു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മാത്രമാണ്. ഇക്കഴിഞ്ഞ നവംബർ മാസത്തിൽ ഒരു കമ്പ്യൂട്ടർ ട്രെയിനിംഗ്സെന്റർ കല്യാത്രയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ അപ്പർപ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻക്ലാസ്സുകൾ നടത്തുന്ന അഞ്ചു സ്ഥാപനങ്ങൾ കല്യാത്ര, പുന്തല, കോടുകുളഞ്ഞി എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ പതിനഞ്ചുവർഷത്തിനുള്ളിൽ വിദ്യാഭ്യാസരംഗത്തു കടന്നുവന്നിട്ടുള്ള പ്രവണതകൾ പരിശോധിച്ചാൽ അൺഎയ്ഡഡ് ഇംഗ്ലീഷ്മീഡിയം സ്കൂളുകളോട് അതിരറ്റ അഭിനിവേശം, സാമ്പത്തികശേഷി ഉള്ളവർ മാത്രമല്ല, സാധാരണ ഇടത്തരക്കാരും പ്രകടിപ്പിക്കുന്നു എന്നു കാണാം. ഇതിന്റെ ഫലമായി കുറെ വിദ്യാർത്ഥികൾ പട്ടണപ്രദേശങ്ങളിലെ അൺഎയ്ഡഡ് അംഗീകൃത ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ തേടി പോയിട്ടുണ്ട്. ഇത് എന്തുകൊണ്ടാണന്ന് ചിന്തിക്കേണ്ടതാണ്.

ഗവണ്മെന്റ് സ്കൂൾക്കും സാധാരണ എയ്ഡഡ് സ്കൂളുകൾക്കും നേരെ ഉയർത്തുന്ന ചില ആക്ഷേപങ്ങളുണ്ട്. അവിടെ വിദ്യാർത്ഥിപ്രക്ഷോഭങ്ങൾ മൂലം ക്ലാസ്സുകൾ നഷ്ടപ്പെടുന്നു. അച്ചടക്കമില്ല; അദ്ധ്യാപകർ കാര്യക്ഷമമായി പഠിപ്പിക്കുന്നില്ല; നിലവാരം തകരുന്നു എന്നിങ്ങനെ പോകുന്ന ആരോപണങ്ങൾ. എല്ലാറ്റിനുമുപരി മലയാളം മീഡിയത്തിൽ പഠിച്ചാൽ വിദ്യാർത്ഥിയുടെ ഭാവി അപകടത്തിൽ എന്നൊരു മിഥ്യാധാരണയും കുറെ രക്ഷിതാക്കളിൽ കടന്നു കൂടിയിട്ടുണ്ട്. ഫീസ്സിനും പലതരം ആവർത്തന ചെലവുകൾക്കും മാസം തോറുംഒരു വലിയ തുക ചെലവഴിക്കുന്ന രക്ഷാകർത്താക്കളിൽ ചിലർ ഇതൊരു അഭിമാന പ്രശ്നമായികൂടി കണക്കാക്കുന്നു എന്നത് അത്ഭുതകരമാണ്. മാതൃഭാഷയോടുള്ള അവഗണന സമൂഹത്തിൽ വളരാനും രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കാനും മാത്രം ഉതകുന്ന ഇത്തരം വിദ്യാലയങ്ങൾ, വിദ്യാഭ്യാസത്തിന്റെ കാതലായ ലക്ഷ്യങ്ങൾ നേടുന്നതിന് ഒട്ടും പര്യാപ്തമല്ല എന്നതാണ് ആപൽക്കരമായ സത്യം.

വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും കുറയുന്നു എന്നത് ഗവ. സ്കൂളുകളേയും സാധാരണ എയ്ഡ്സ് സ്കൂളുകളേയും നേരിടുന്ന പ്രശ്നമാണ്. ഇതിനെങ്ങിനെ പരിഹാരം കാണാം എന്ന് ഉറക്കെ ചിന്തിക്കേണ്ടകാലം കഴിഞ്ഞിരിക്കുന്നു. പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശാസ്ത്രീയമായി പുന:സംവിധാനം ചെയ്യേണ്ടതാണ്. കേരളത്തിൽ നിലവിലുള്ള പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതിയും CBSE, ICSE എന്നിവയുടെ പാഠ്യപദ്ധതികളും തമ്മിലുള്ള അന്തരം ലഘൂകരിക്കേണ്ടതാണ്. ഒരേ പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകളിൽ, മീഡിയം ഏതായാലും പാഠപുസ്തകങ്ങളിൽ ഏകീകരണം വരുത്തേണ്ടതാണ്.



പട്ടിക 1 B

LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

വിഭാഗം	ആകെ വിദ്യാർത്ഥികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	%
LP	1339	653	686	51.23
UP	1076	542	534	49.63
HS	844	473	371	43.95
ആകെ	3259	1668	1591	48.81 (49)

പട്ടിക 1 C

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കണക്ക്

വിഭാഗം	ആകെ വിദ്യാർത്ഥികൾ	SC/ST വിദ്യാർത്ഥികൾ	%
LP	1339	279	20.83
UP	1076	291	27.04
HS	844	246	29.14
ആകെ	3259	816	25.03 (25)

ഇപ്പോൾ13 വിദ്യാലയങ്ങളിലായി3259 വിദ്യാർത്ഥികളും 127 അദ്ധ്യാപകരുമാണ് വിദ്യാഭ്യാസരംഗത്തുള്ളത്. വിദ്യാർത്ഥികളിൽ 49% പെൺകുട്ടികളാണ്. അദ്ധ്യാപകരിൽ 85% വനിതകളാണ്. എൽ.പി., യു.പി., എച്ച്. എസ്സ്. എന്നീ മൂന്നു വിഭാഗങ്ങളിലുമായി ആകെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 816 ആണ്. ഇത് പഞ്ചായത്തിൽ ആകെയുള്ള വിദ്യാർത്ഥികളുടെ 25% ആണ്.

വിദ്യാർത്ഥികളുടെ കുറവ് രൂക്ഷമായി നേരിടുന്ന സ്കൂളുകൾ ചാങ്ങമല ഇ.എ.എൽ. പി.എസ്സ് (63 വിദ്യാർത്ഥികൾ) പുന്തല എം. റ്റി.എൽ.പി.എസ്സ് (78), തച്ചപ്പള്ളി എൽ.പി. എസ്സ് (79) എന്നിവയാണ്. പഠനനിലവാരം ഉയർത്തുവാനും ഭൗതികസാഹചര്യങ്ങൾ മെ

ച്ചപ്പെടുത്തുവാനും അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും കൂട്ടായി പ്രവർത്തിക്കുകയും അദ്ധ്യാപകരക്ഷാകർത്തൃസമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും മാതൃസംഘങ്ങൾ മാസത്തിൽ ഒരിക്കൽ കൂടി ആശയവിനിമയം നടത്തുകയും വേണം. അതോടൊപ്പം ആധുനിക വിജ്ഞാനശാഖകളിൽ അദ്ധ്യാപകർ തികഞ്ഞബോധമുള്ളവരായിരിക്കാൻ, അവർക്ക് കാലാ കാലങ്ങളിൽ വിദഗദ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകേണ്ടതുമാണ്.

പട്ടിക 1 D

പഠനംനിർത്തിയവരുടെ കണക്ക്

വിഭാഗം	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	
SC/ST	5	8	13	M.T.H.S.ൽ 12 SC/ST
മറ്റുള്ളവർ	5	6	11	വിദ്യാർത്ഥികളും 5 മറ്റുള്ളവരും
ആകെ	10	14	24	പഠിത്തം നിർത്തി പോയിട്ടുണ്ട്


വിവിധ കാരണങ്ങളാൽ കഴിഞ്ഞവർഷം പഠനം പൂർത്തിയാക്കാതെ ഇടക്കുവച്ച് 24 വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിട്ടുണ്ട്. ഇതിൽ 13 പേരും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപെട്ടവരാണ്. പഠിത്തം അവസാനിപ്പിച്ച 24 വിദ്യാർത്ഥികളിൽ 17 പേരും വെണ്മണി എം.റ്റി.എച്ച്.എസ്സിലെ വിദ്യാർത്ഥികളാണ്. അതിൽതന്നെ 12 വിദ്യാർത്ഥികൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നു. ഈ പ്രവണത തടയുന്നതിന് ഫലപ്രദമായ നടപടികൾ പി.ടി.എ.യുടെ പിന്തുണയോടെ ഉണ്ടാകേണ്ടതാണ്. കൊഴിഞ്ഞു പോകലിനുള്ള സാമൂഹ്യ, സാമ്പത്തിക കാരണങ്ങൾ വിലയിരുത്തുകയും വേണം.

പട്ടിക II

ഗവണ്മെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

പഞ്ചായത്തിലുള്ള ആകെ അദ്ധ്യാപകർ	2 ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ. അദ്ധ്യാപകരുടെ എണ്ണം %	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്കൂളുകളിലെ വിദ്യാർത്ഥികൾ	%
127	14	11	3259	389	11.9

പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളിൽ (3259) വെറും 389 വിദ്യാർത്ഥികൾ (11.9%) മാത്രമാണ് രണ്ട് സർക്കാർ എൽ.പി. സ്കൂളുകളിലായി പഠിക്കുന്നത്. ആകെയുള്ള 127 അദ്ധ്യാപകരിൽ 14 പേരാണ് (11%) സർക്കാർ സ്കൂളുകളിൽ സേവനം അനുഷ്ഠിക്കുന്നത്. അതുകൊണ്ട് വിദ്യാർത്ഥികളുടെ പഠനനിലവാരം നിർണ്ണയിക്കുന്നതിൽ അതിപ്രധാനമായ പങ്കു വഹിക്കുന്നത് സ്വകാര്യമേഖലയിലെ വിദ്യാലയങ്ങളാണെന്നതിന് സംശയമില്ല.



പട്ടിക III A

S.S.L.C വിജയശതമാനം (കഴിഞ്ഞ 5 വർഷം)

ക്രമ നമ്പർ	സ്കൂളിന്റെപേര്	1991-92	92-93	93-94	94-95	95-96
1	എം.റ്റി.എച്ച്.എസ്സ്	50.6	56.89	69.07	59.73	50
2	എൽ.എം.എച്ച്.എസ്സ്	33.96	48.07	43.39	53.85	56.52

പട്ടിക III B

1996-97 ലെ പാദവാർഷികപരീക്ഷയിൽ 3 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിലെ വിദ്യാർത്ഥികൾക്കു കിട്ടിയ മാർക്കു വിവരം

ക്ലാസ്സുകൾ	30% ത്തിൽ താഴെ മാർക്കു ലഭിച്ചവർ	30% മുതൽ 39% വരെ മാർക്കു ലഭിച്ചവർ	40% മുതൽ 49% വരെ മാർക്കു നേടിയവർ	50% മുതൽ 59% വരെ മാർക്ക് നേടിയവർ	60% വും അതിൽ കൂടുതലും മാർക്കു നേടിയവർ
III	55	33	54	56	146
IV	38	23	43	55	178
V	50	37	48	62	118
VI	71	47	60	58	136
VII	96	71	46	59	115
VIII	99	50	54	40	21
IX	182	53	34	37	26
X	85	37	50	41	36

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളും കഴിഞ്ഞ അഞ്ചുവർഷക്കാലം എസ്സ്.എസ്സ്.എൽ.സി പരീക്ഷയിൽ നേടിയ വിജയശതമാനവും, മൂന്നു മുതൽ പത്തുവരെ സ്റ്റാൻഡേർഡുകളിലെ വിദ്യാർത്ഥികൾ 1996-97ലെ പാദവാർഷികപരീക്ഷയിൽ നേടിയ മാർക്കിന്റെ കണക്കും പട്ടികയായി കൊടുത്തിരിക്കുന്നു. ഒരു പ്രദേശത്തെ വിദ്യാർത്ഥികളുടെ പൊതുവായ വിദ്യാഭ്യാസ നിലവാരം നിർണ്ണയിക്കുന്നതിന് ഇപ്പോൾ ലഭ്യമായിട്ടുള്ള മാനദണ്ഡം എസ്സ്.എസ്സ്.എൽ.സി പരീക്ഷയിലെ വിജയശതമാനം മാത്രമാണ്. ഇത് പരിശോധിക്കുമ്പോൾ രണ്ട് ഹൈസ്കൂളുകളും ഉന്നതനിലവാരം പുലർത്തുന്നു എന്നു പറയാൻ വയ്യ. കഴിഞ്ഞ മൂന്നു വർഷമായി എം.റ്റി.എച്ച്.എസ്സിലെ വിജയശതമാനം കുറഞ്ഞുകൊണ്ടിരിക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 1996 മാർച്ചിൽ അത് 50%ൽ

നിൽക്കുന്നു. അതേ സമയം എൽ.എം.എച്ച്. എസ്സിലെ വിജയശതമാനം ക്രമമായി ഉയരുകയും 1996 മാർച്ചിൽ 56.5%ൽ എത്തി നിൽക്കുന്നതായും കാണാം. തോൽവിയുടെ കൈപ്പുനീർകുടിക്കുന്നവരിൽ ഏറെയും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ്. താഴ്ന്ന നിലവാരത്തിൽ നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, അവർ ഏതുവിഭാഗത്തിൽപ്പെടുന്നു എന്നു നോക്കാതെ അപ്പർപ്രൈമറിതലം മുതൽ തന്നെ പ്രത്യേക കോച്ചിംഗ് കൊടുക്കുക എന്നുള്ളതാണ് ഇതിനുള്ള ഒരു പോംവഴി. പത്താംക്ലാസ്സിൽ എത്തുമ്പോൾ മാത്രം പ്രത്യേത കോച്ചിംഗ് കൊടുക്കുന്നത് കതിരേൽ വളം വയ്ക്കുന്നതുപോലെയാണ്.

പഞ്ചായത്തിൽ ഒരുവർഷം 140നും 150നും ഇടയിൽ വിദ്യാർത്ഥികൾ SSLC പരീക്ഷ ജയിക്കുന്നുണ്ട്. ഇവരിൽ90% പേരും ഉപരിപഠനത്തിനായി അഭയം പ്രാപിക്കുന്നത്, പന്തളം, ചെങ്ങന്നൂർ, മാവേലിക്കര എന്നിവിടങ്ങളിലെ റഗുലർകോളേജുകളെയോ, പാരലൽ കോളേജുകളെയോ മറ്റു സ്ഥാപനങ്ങളെയോ ആണ്. കഴിഞ്ഞ 44 വർഷത്തെ ചരിത്രത്തിൽ പഞ്ചായത്തിലെ രണ്ടു സ്കൂളുകളിൽ നിന്നും ഒരു വിദ്യാർത്ഥിക്കുപോലും സംസ്ഥാനത്തെ 15 റാങ്കിനുള്ളിൽ വരാൻ കഴിഞ്ഞിട്ടില്ല എന്നവസ്തുത വിരൽ ചൂണ്ടുന്നത് നിലവാര തകർച്ച എന്ന സത്യത്തിനു നേർക്കാണ്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ കാലങ്ങളിൽ നടന്നിട്ടുള്ള ശ്രദ്ധേയമായ പ്രവർത്തനം1990–91ലെ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തോടനുബന്ധിച്ച് കേരളശാസ്ത്രസാഹിത്യപരിഷത്തിന്റെ നേതൃത്വത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനമാണ്. എന്നാൽ നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനുള്ള ഒരു പരിപാടിയും പഞ്ചായത്തിൽ നടന്നിട്ടില്ല. ആധുനിക ദൃശ്യ, ശ്രാവ്യ പഠനോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള തുടർവിദ്യാഭ്യാസം നൽകുന്നില്ലെങ്കിൽ നവസാക്ഷരർ വീണ്ടും നിരക്ഷരതയുടെ കൂരിരുട്ടിൽ നിപതിക്കുമെന്നതിനു സംശയമില്ല.

അരനൂറ്റാണ്ടുകാലം പഴക്കമുള്ള വെണ്മണിഗ്രാമപഞ്ചായത്തു ഗ്രന്ഥശാലയും പുന്തല വിജ്ഞാനോദയം ഗ്രന്ഥശാലയും കോടുകുളഞ്ഞിക്കരോട് ഗ്രാമോദ്ധാരണ വായനശാലയുമാണ് പഞ്ചായത്തിലെ മൂന്ന് ഗ്രന്ഥശാലകൾ. ഇവയുടെ പ്രവർത്തനം അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഒരുണർവ്വുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിലും യുവാക്കളിലും വായനാശീലം വളർത്തിയെടുക്കണം. സാഹിത്യസമ്മേളനം, പുസ്തകപ്രദർശനം, കവിയരങ്ങ്, അക്ഷരശ്ലോകസദസ്സ് എന്നിവ ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാവുന്നതാണ്. കലാസമിതികളുടെ പ്രവർത്തനം കൂടുതലും സാംസ്കാരിക രംഗത്താണ്.

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകരക്ഷാകർത്തൃസമിതികളും മാതൃസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്തെ സാമൂഹിക ഇടപെടൽ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനും സഹായിക്കും. എം.റ്റി.എച്ച്.എസ്സ്‌ലേയും കല്യാത്ര ഗവ. ജെ. ബി. സ്കൂളിലേയും പി. ടി. എയുടെ പ്രവർത്തനം ഏറെ പ്രശംസനീയമാണ്. നിരവധി നിർമ്മാണ, സാമൂഹ്യപ്രവർത്തനങ്ങൾ ഈ രണ്ടു പി.ടി.എകളും ഏറ്റെടുത്ത് വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. സ്കൂൾകെട്ടിടം, ചുറ്റുമതിൽ, അകസാമാനങ്ങൾ, മൂത്രപ്പുര, കക്കൂസ്, ശുദ്ധജലവിതരണം, ഉച്ചക്കഞ്ഞി, യൂണിഫോം എന്നിവയൊക്കെ അതിൽപ്പെടുന്നു. വിദ്യാഭ്യസത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ പി. ടി.എകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

പട്ടിക IV

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

അക്കാദമിക് സൗകര്യങ്ങൾ	ലൈബ്രറി	ലാബ്	ഫാനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റെക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ / വി.സി.പി	സിനിമാ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ബ്ലാക്ക് ബോർഡ് ആവശ്യമുള്ള	മാതൃസംഘം സജീവം	ക്ലസ്റ്റർ പി.ടി.എ പ്രവർത്തിക്കുന്നുണ്ടോ?
ഉള്ളത്	13	13	9	4	9					1	30	12	13
ഇല്ലാത്തത്	–	–	4	9	4	13	13	13	13	12		1	

പട്ടിക V

ഭൗതിക സാഹചര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ വിദ്യാർ	ആകെ അദ്ധ്യാ ത്മികൾ	മൂത്ര പ്പുര പകർ	കക്കൂ സ്	കുടി വെള്ളം	വൈ ദ്യുതി	കളി സ്ഥലം	ചുറ്റു മതിൽ
1	എം.റ്റി.എച്ച്.എസ്സ്	1035	38	3	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഭാഗികം
2	എൽ.എം.എച്ച്.എസ്സ്	263	18	3	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
3	ബി.കെ.വി.എൻ എസ്സ്.എസ്സ്.യു.P.S.	225	10	2	1	ഉണ്ട്	ഇല്ല	ഉണ്ട്	ഭാഗികം
4	ശാലോം U.P.S	354	11	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5	എസ്സ്.എൻ.ഡി.പി L.P.S.	133	5	1	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഭാഗികം
6	എം.റ്റി. L.P.S. പുന്തല	78	3	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7	ഇ.എ. L.P.S.. ചാങ്ങമല	63	4	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
8	എം.എസ്സ്.സി L.P.S.	110	4	1	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
9	തച്ചപ്പുള്ളിL.P.S.	79	3	1	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
10	വെണ്മണിതാഴം L.P.S.	101	3	1	1	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
11	സെന്റ്ജൂഡ്സ് (E.M.) L.P.S. & U.P.S.	429	14	3	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
12	ജെ.ബി.എസ്സ് പുന്തല L.P.S.	115	4	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഭാഗികം
13	ജെ.ബി.എസ്സ് വെണ്മണിL.P.S.	274	10	2	ഇല്ല	ഉണ്ട്	ഉണ്ട്	പരിമിതം	ഉണ്ട്
	ആകെ	3259	127	21	7				

മൂത്രപ്പുരയില്ലാത്ത സ്കൂൾ – 1

കക്കൂസ് ഇല്ലാത്തത് – 7

കുടിവെള്ളമില്ലാത്തത് – 2

വൈദ്യുതിഇല്ലാത്തത് – 5

കളിസ്ഥലമില്ലാത്തത് – 5

ചുറ്റുമതിലില്ലാത്തത് – 6

പുന്തല ജെ.ബി.എസ്സിൽ മൂത്രപ്പുരയും കക്കൂസും ഇല്ല.


ശരാശരി 161 പേർക്ക് 1 മൂത്രപ്പുരയും 484പേർക്ക് 1 കക്കൂസുമാണ് നിലവിലുള്ളത്.

കഴിഞ്ഞ ഒരുവർഷമായി എം.റ്റി.എച്ച്. എസ്സ് 'ന്യൂക്ലിയസ്സ്' ആയി വിദ്യാഭ്യാസ കോംപ്ലക്സിന്റെ പ്രവർത്തനം പഞ്ചായത്തിൽ നടക്കുന്നുണ്ട്. പഠനനിലവാരം ഉയർത്തുക എന്നതാണ് ഇതിന്റെ പ്രധാനലക്ഷ്യം. പൊതുവായ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും മുഴുവൻ അദ്ധ്യാപകരും അർപ്പണബോധത്തോടും പരസ്പരസഹകരണത്തോടും കൂടി പ്രവർത്തിക്കുകയും ചെയ്താൽ ലക്ഷ്യത്തിലെത്തുമെന്നതിന് സംശയമില്ല. പ്രാഥമിക ആവശ്യങ്ങൾ പോലും നിർവ്വഹിക്കാൻ സൗകര്യമില്ലാത്ത പല എൽ.പി.സ്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. അക്കാഡമിക് സൗകര്യങ്ങളുടെ പരിമിതിയും ആധുനിക വിജ്ഞാനത്തിൽ അവഗാഹം നേടുവാൻ അദ്ധ്യാപകർക്കു നൽകുന്ന പരിശീലനത്തിന്റെ അപര്യാപ്തതയും ഭൗതികസാഹചര്യങ്ങളുടെ ശോചനീയാവസ്ഥയുമെല്ലാം വിദ്യാഭ്യാസനിലവാരത്തകർച്ചക്ക് കാരണങ്ങളാണ്.

നിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്നതുപോലെ പ്രധാനമാണ് സമർത്ഥരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും അവരുടെ നേട്ടങ്ങളിൽ അനുമോദിക്കുകയും അവാർഡുകൾ നൽകുകയും ചെയ്യുക എന്നത്. പല സ്കൂൾ പി. ടി. എകളും വർഷംതോറും ഓരോ സ്റ്റാൻഡേർഡിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കു നേടി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് അവാർഡുകളും പാരിതോഷികങ്ങളും നൽകി അഭിനന്ദിക്കുന്നുണ്ട്. നാല്, അഞ്ച്, ഏഴ്, പത്ത് എന്നീ സ്റ്റാൻഡേർഡുകളിൽ നിന്നും ഓരോ വർഷവും പഞ്ചായത്തിൽ ഏറ്റവും ഉയർന്ന മാർക്കു നേടി വിജയിക്കുന്ന ജനറൽ വിഭാഗം വിദ്യാർത്ഥിക്കും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിക്കും കാഷ് അവാർഡുകൾ നൽകി അഭിനന്ദിക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ പ്രത്യേക താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കാഷ് അവാർഡു തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ പത്തു വാർഡുകളിലേയും ഗ്രാമസഭകളിൽ വിദ്യാഭ്യാസരംഗത്തെ വിവിധ പ്രശ്നങ്ങളെപ്പറ്റി വ്യക്തവും വിശദവുമായ ചർച്ചകൾ നടന്നിട്ടുണ്ട്. അവിടെ ഉയർന്നുവന്ന നിർദ്ദേസങ്ങളും ഉരിത്തിരിഞ്ഞുവന്ന നിഗമനങ്ങളും പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക, ദ്വിതീയ വിവരങ്ങളും അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അക്കാഡമിക്സൗകര്യങ്ങൾ, ഭൗതികസാഹചര്യങ്ങൾ, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുള്ള കാലതാമസം, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, ഒഴിവുള്ള തസ്തികകൾ നികത്തുന്നതിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപകരുടെ സേവനകാലപരിശീലനം, വിദ്യാർത്ഥികളുടെ വൻതോതിലുള്ള ക്ലാസ്സ് കയറ്റം, അദ്ധ്യാപകരക്ഷാകർത്തൃസമിതി, ഉച്ചക്കഞ്ഞി വിതരണം, നിലവാരം കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ്, പാഠ്യേതരപ്രവർത്തനങ്ങൾ, ഏഴാം സ്റ്റാൻഡേർഡിലെ പൊതുപരീക്ഷ, മൂല്യനിർണ്ണയം, അദ്ധ്യാപകരുടെ പ്രവർത്തനം വിലയിരുത്തുന്ന സ്കൂൾപരിശോധന, വിദ്യാർത്ഥികളിലെ വായനാശീലം, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ളവയുടെ Upgradation, അൺഎയ്ഡഡ് അംഗീകൃതസ്കൂളുകൾക്ക് കടിഞ്ഞാണിടൽ, വിദ്യാഭ്യാസത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം, തുടർ സാക്ഷരാതാപ്രവർത്തനം എന്നിത്യാദിവിഷയങ്ങളെപ്പറ്റി വാർഡുകളിലെ ഗ്രാമസഭകളിൽ വിശദമായ ചർച്ചകൾ നടന്നിട്ടുണ്ട്.

ഗ്രാമസഭകളിലെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചുവർഷം നടപ്പാക്കേണ്ട വിദ്യാഭ്യാസ പരിപാടികളുടെ വിശദവിവരം അടിയിൽ കൊടുക്കുന്നു.



I അക്കാഡമിക് സൗകര്യങ്ങൾ

1. വാർഡുതലത്തിൽ ബാലവാടികൾ സ്ഥാപിക്കുക. നിലവിലുള്ള പ്രൈമറിസ്കൂളുകളോടനുബന്ധിച്ച് ആവശ്യമുള്ളിടത്ത് പ്രീ പ്രൈമറിക്ലാസ്സുകൾ തുടങ്ങുക. അവയുടെ പ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധചെലുത്തുക.

2. ആധുനിക വിജ്ഞാനത്തിൽ അറിവു നേടുവാൻ അദ്ധ്യാപകർക്ക് ഫലപ്രദമായ ഇടക്കാല പരിശീലനം നൽകുക.

3. ജൂൺ ഒന്നിന് മുൻപു തന്നെ പാഠ പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംവിധാനമുണ്ടാക്കുക.

4. വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ടുബുക്കുകൾ നിർമ്മിച്ച് വിതരണം ചെയ്യുവാൻ ഒരു ബുക്ക് മാനുഫാക്ടറിംഗ് സെന്റർ പഞ്ചായത്തിൽ ആരംഭിക്കുക.

5. ആവശ്യമായ ചാർട്ടുകളും മാപ്പുകളും മറ്റു പഠനോപകരണങ്ങളും കുറവുള്ളതിന്റെ കണക്കെടുത്ത് അവവാങ്ങി വിതരണം ചെയ്യുക. സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. പ്രൈമറി സ്കൂളുകളിൽ റീഡിംഗ് കോർണ്ണർ ആരംഭിക്കുക.

6. അദ്ധ്യാപകർക്കുള്ള 'കൈപുസ്തകം' അവർക്കു ലഭിക്കുവാൻ നടപടി സ്വീകരിക്കുക.

7. വിദ്യാർത്ഥികളുടെ ക്ലാസ്സ്കയറ്റത്തിന്റെ (Promotion) മാനദണ്ഡം പുന:പരിശോധിക്കുക.7–ാം ക്ലാസ്സിൽ പൊതു പരീക്ഷ പുന:സ്ഥാപിക്കുക.

8. നാലാം ക്ലാസ്സ് വിജയിക്കുന്ന വിദ്യാർത്ഥിക്ക് മലയാളം എഴുതാനും വായിക്കാനും കഴിയും എന്നുറപ്പുവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുക.

9. പഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാനവിവരങ്ങൾ ലഭിക്കുവാൻ വേണ്ട കോച്ചിംഗ് ക്ലാസ്സ് തൊഴിൽ രഹിതരായ അഭ്യസ്തവിദ്യാരെക്കൊണ്ട് നടത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

10. പ്രൈമറിതലത്തിൽ സംഗീതത്തിനും, ചിത്രകലക്കും, സ്പോർട്ട്സിനും കൂടുതൽ സമയം അനുവദിക്കുകയും അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.

11. അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം 1:20 ആക്കുക.

12. എല്ലാ സ്കൂളുകളിലും പി.ടി.എകളും മാതൃസംഘങ്ങളും കൂടുതൽ സജീവമാക്കുവാൻ പ്രയത്നിക്കുക.

13. സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗുണകരമാകത്തക്ക നിലയിൽ ത്രീവവും ശക്തവുമാക്കുക.

14. സാക്ഷരതാ തുടർവിദ്യാഭ്യാസത്തിന്റെ സുഗമമായ നടത്തിപ്പിന് പഞ്ചായത്തുതലത്തിൽ ഒരു കോ–ഓർഡിനേറ്ററെ നിയമിക്കുക. ദൃശ്യ, ശ്രാവ്യ ഉപകരണങ്ങളുടെ സഹായത്താൽ തുടർ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുക.

15. പഞ്ചായത്തിൽ നിലവിലുള്ള 16 ആശാൻപള്ളിക്കൂടങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക. ആശാന്മാർക്കു നൽകുന്ന വാർഷിക ഗ്രാന്റ് Rs. 900/- ആയി വർദ്ധിപ്പിക്കുക. മാസംതോറും Rs.75/- വീതം നൽകുക.

16. പഞ്ചായത്തിൽ ഇപ്പോഴുള്ള രണ്ട് ഹൈസ്കൂളുകളിൽ ഒന്നിൽ 'പ്ലസ്സ്ടൂ' കോഴ്സും മറ്റേതിൽ 'വൊക്കേഷണൽ ഹയർസെക്കണ്ടറി' കോഴ്സും ആരംഭിക്കുക.

17. പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഒരു 'പോളി ടെക്നിക്' ആരംഭിക്കുക.

18. അൺഎയ്ഡഡ് അംഗീകൃത ഇംഗ്ലീഷ്മീഡിയം സ്കൂളുകളുടെ സർവ്വതന്ത്ര സ്വതന്ത്രമായ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടുക. അത്തരം സ്കൂളുകൾ ദേശിയ വിദ്യാഭ്യാസനയത്തിനു വിരുദ്ധമായ പ്രവർത്തനങ്ങൾ വളർത്തുകയും വിദ്യാഭ്യാസത്തിന്റെ സാമൂഹ്യലക്ഷ്യങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യുന്നു എങ്കിൽ അവ നിർത്തലാക്കാനുള്ള നിയമനിർമ്മാണം നടത്തുക.

19. V, VI, VII സ്റ്റാൻഡേർഡുകളിൽ Trained Graduates നെ മാത്രം അദ്ധ്യാപകരായി നിയമിക്കുക.

20. ഒന്നു മുതൽ നാലുവരെ സ്റ്റാൻഡേർഡുകളിൽ മലയാളം മീഡിയത്തിൽ മാത്രം പഠിപ്പിക്കുക. എല്ലാ സ്റ്റാൻഡേർഡുകളിലും മലയാളം ഒന്നാം ഭാഷയായി നിർബന്ധമായി പഠിപ്പിക്കുക.

21. പുന്തല ബി.കെ.വി. യു.പി.എസ്സ്. ഒരു ഹൈസ്ക്കൂളാക്കി ഉയർത്തണം.

II ഭൗതികസാഹചര്യങ്ങൾ

1. കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന സ്കൂളുകൾക്ക് അതു ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

2. മൂത്രപ്പുര, കക്കൂസ് എന്നിവ ഇല്ലാത്ത സ്കൂളുകൾക്ക് അടിയന്തിരമായി അവനിർമ്മിച്ചു കൊടുക്കുക.

3. ഫർണീച്ചർ ആവശ്യത്തിന് ഇല്ലാത്ത സ്കൂളുകളിൽ പി.ടി.എ.യുടെ സഹായത്തോടുകൂടി അവ നിർമ്മിച്ചു കൊടുക്കുക.

4. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് ജനപങ്കാളിത്തത്തോടുകൂടി അത് നിർമ്മിച്ചു കൊടുക്കുക.

5. വൈദ്യുതി ഇല്ലാത്ത സ്കൂളുകൾക്ക് അടിയന്തിരമായി വൈദ്യുതി കണക്ഷൻ നൽകുക. എല്ലാ വിദ്യാലയങ്ങൾക്കും വൈദ്യുതി സൗജന്യമായി നൽകുക.

6. വിദ്യാലയാന്തരീക്ഷം കൂടുതൽ ആകർഷകവും ആനന്ദപൂർണ്ണവുമാക്കിത്തീർക്കുക. പൂന്തോട്ടവും പച്ചക്കറിത്തോട്ടവും വിദ്യാലയവളപ്പിൽ നിർമ്മിക്കുക.

III പാഠ്യേതര പ്രവർത്തനങ്ങൾ

1. വിദ്യാർത്ഥികളുടെ ഊർജ്ജസ്വലതയെ ത്വരിപ്പിക്കുവാനും അവരെ കർമ്മോൽസുകരാക്കുവാനും പറ്റിയ നിരവധി പാഠ്യേതരപ്രവർത്തനങ്ങളുണ്ട്. സ്കൂൾ ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയ്യെഴുത്തു മാസികകൾ, കലാകായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ, പഠന- വിനോദയാത്രകൾ, ക്വിസ്സ്പരിപാടികൾ തുടങ്ങി അനേകം പ്രവർത്തനങ്ങൾ അനായാസം ഏറ്റെടുക്കാവുന്നതാണ്.

2. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ഫിലിം ലൈബ്രറി സ്ഥാപിക്കുകയും സ്വന്തമായി ഒരു 16mm പ്രൊജക്ടർ വാങ്ങുകയും ചെയ്യുക. വിദ്യാഭ്യാസ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഫിലിമുകൾ മാസത്തിൽ ഒരിക്കൽ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള ചുമതല പഞ്ചായത്ത് ഏറ്റെടുക്കുക.

അദ്ധ്യാപകരും വിദ്യാർത്ഥികളും അദ്ധ്യാപകരക്ഷാകർത്തൃ സമിതികളും മൊത്തത്തിൽ സമൂഹവും അധികാരതലങ്ങളും ഒന്നിച്ചു പ്രവർത്തിച്ചാൽ വിദ്യാഭ്യാസരംഗത്ത് ഇന്നുള്ള ശോചനീയാവസ്ഥ നിഷ്പ്രയാസം നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. സർവ്വോപരിവിജ്ഞാനത്തോടൊപ്പം ദേശീയബോധവും മതേതരത്വചിന്തയും ജനാധിപത്യബോധവും മാനവികതയും വിദ്യാർത്ഥികളിൽ വളർത്തുന്ന സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ എന്ന വിശ്വാസം സാർത്ഥകമാക്കിത്തീർക്കുവാനും സാധിക്കും. ❑

5.7

ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം

1. ആരോഗ്യം

ഒരു രാജ്യത്തിന്റെ ഭാവി അതിൽ അധിവസിക്കുന്ന ജനങ്ങളുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. ജനങ്ങളുടെ ആരോഗ്യത്തിന് ശുദ്ധവായു, ശുദ്ധജലം, പോഷകാഹാരം, ശുചിത്വം എന്നിവ അനിവാര്യമാണ്.

18.02 ച:കി.മീ വിസ്തീർണ്ണമുള്ള വെണ്മണിപഞ്ചായത്തിൽ 5473 വീടുകളുണ്ട്. മൊത്തം ജനസംഖ്യ 20326 ആണ്.

മുൻകാലങ്ങളിൽ പാരമ്പര്യ വൈദ്യന്മാരെയാണ് ജനങ്ങൾ രോഗചികിത്സക്കായി ആശ്രയിച്ചിരുന്നത്. കാലക്രമത്തിൽ ആയൂർവ്വേദം, ഹോമിയോപ്പതി, അലോപ്പതി, വിഷചികിത്സ തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങൾ നിലവിൽ വന്നു.

1962-ലാണ് വെണ്മണിയിൽ ആദ്യമായി ഇല്ലത്തുമേപ്പുറത്ത് സർക്കാർ ഡിസ്പെൻസറി സ്ഥാപിതമായത്. അന്നുവരെ വിദഗ്ദ്ധ ചികിത്സക്കായി മാവേലിക്കര, ചെങ്ങന്നൂർ പ്രദേശങ്ങളിലെ സർക്കാർ സ്വകാര്യ ആശുപത്രികളെയാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്.

ഇല്ലത്തുമേപ്പുറം ഗവ. ഡിസ്പെൻസറി അടുത്തകാലത്ത് പ്രാഥമിക ആരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടു. ഇതോടനുബന്ധിച്ച് 2, 4, 5, 7, 9 എന്നീ വാർഡുകളിൽ സബ്സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഇതിൽ 4-10 വാർഡിലെ സബ്സെന്റർ PHC യിലും മറ്റുള്ളവ വാടകകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

വെണ്മണി പഞ്ചായത്തിന്റെ മുൻഭരണ സമിതിയുടെ കാലത്ത് ശ്രീ. പി.എം. കോശി ചെയർമാനായി രൂപീകരിച്ച ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ PHC യുടെ പുതിയ കെട്ടിടം പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.12 കിടക്കകളുള്ള ഒരു വാർഡും അനുബന്ധ സൗകര്യങ്ങളുമുള്ള ഒരു ഇരുനിലകെട്ടിടമാണ് പണിയുന്നത്. MP ഫണ്ടിൽ നിന്നും ലഭിച്ച 5 ലക്ഷം രൂപയും പൊതുജനങ്ങളിൽ നിന്നും

സംഭാവനയായി കിട്ടിയ 280000 രൂപയും ഉപയോഗിച്ചാണ് കെട്ടിടം പണിയുന്നത്. 740000 രൂപയാണ് എസ്റ്റിമേറ്റ് തുക. 130000 ജില്ലാ കളക്ടറെ ഏൽപിച്ചു കഴിഞ്ഞു.

നിർമ്മിതി കേന്ദ്രമാണ് പണിയുടെ ചുമതല ഏറ്റെടുത്തിരിക്കുന്നത്. മൊത്തം 6,35,000 രൂപ നിർമ്മിതിയുടെ പക്കൽ എത്തി എങ്കിലും കെട്ടിടം പണിയിൽ ഇപ്പോൾ അലംഭാവം കാണിക്കുന്നു. സംഭാവന നൽകിയവരുടെ കൂട്ടത്തിൽ 50000 രൂപ നൽകിയ ഒരാളും 35000 വീതം നൽകിയ 2 പേരും അവരുടെ ബന്ധുക്കളുടെ സ്മാരകം എന്ന് സൂചിപ്പിക്കുന്ന ബോർഡ് വെക്കണമെന്ന വ്യവസ്ഥയിലാണ് സംഭാവന നൽകിയത്. ഇതിന് ജില്ലാ കളക്ടറുടെ അനുമതി ഇതുവരെയും ലഭിക്കാത്തതിനാൽ ''നിർമ്മിതി'' അതിന് തയ്യാറാകുന്നില്ല. ഇതിനുവേണ്ട അനുമതി എത്രയും വേഗം നൽകി കെട്ടിടം പണിപൂർത്തിയാക്കാൻ ആലപ്പുഴ ജില്ലാകളക്ടറുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

1994-ൽ പുന്തല എൻ.എസ്സ്.എസ്സ്. കരയോഗമന്ദിരത്തിൽ ഒരു ആയൂർവ്വേദ ഡിസ്പെൻസറി സ്ഥാപിതമായതോടെ പഞ്ചായത്തിൽ ആതുരശുശ്രൂഷാ രംഗത്ത് രണ്ടാമത്തെ സർക്കാർ സ്ഥാപനം നിലവിൽ വന്നു.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഡോക്ടർ ഉൾപ്പെടെ 14 ജീവനക്കാരും ആയൂർവ്വേദ ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 4 ജീവനക്കാരും സേവനം അനുഷ്ഠിക്കുന്നു.

ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് ഈ സ്ഥാപനങ്ങൾ തികച്ചും അപര്യാപ്തമാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ മിക്കപ്പോഴും മരുന്നിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ആയൂർവ്വേദ ഡിസ്പെൻസറിയിലും രോഗികളുടെ എണ്ണത്തിനനുസരിച്ച് മരുന്ന് ലഭ്യമല്ല.

പ്രാഥമികാരോഗ്യകേന്ദ്രം, കേന്ദ്രമാക്കിയാണ് സമഗ്ര ആരോഗ്യപരിരാടി നടപ്പാക്കേണ്ടത്. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നത് പഞ്ചായത്തിന്റെ പ്രഥമപ്രവർത്തനമായിരിക്കണം. നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രത്തേയും അതിലെ ജീവനക്കാരുടെ കടമകളേയും പറ്റി ജനങ്ങൾ ബോധാവാന്മാരായിരിക്കണം.

1. മെഡിക്കൽ ആഫീസർ – പ്രവർത്തിസമയം – രാവിലെ 8-12; ആശുപത്രി

   വൈകിട്ട് 2-4 ഫീൽഡ്വർക്ക് (ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം പരിഗണിക്കുക; സബ്സെന്റർ ക്ലിനിക്കിൽ പങ്കെടുക്കുക)

2. സ്റ്റാഫ് നെഴ്സ് – ചികിത്സാരംഗത്ത് ഡോക്ടറെ സഹായിക്കുക.

3. ഫാർമസിസ്റ്റ് – മരുന്നുകളുടെ വിതരണം.

4. നഴ്സിംഗ് അസിസ്റ്റന്റ് – ഡോക്ടറെ ചികിത്സയിൽ സഹായിക്കുക.

5. അറ്റൻഡർ – ആശുപത്രിക്കകം വൃത്തിയാക്കുക.

6. പാർട്ട് ടൈം അറ്റന്റർ – ആശുപത്രിയുടെ പരിസരം വൃത്തിയാക്കുക.

7. ഓഫീസ് സ്റ്റാഫ് – പി.എച്ച്.സി യുടെ ഭരണപരമായ കാര്യങ്ങളിൽ ഡോക്ടറെ സഹായിക്കുക.

8. ഹെൽത്ത് ഇൻസ്പെക്ടർ – 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറന്മാരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുകയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും നിർദ്ദേശം നൽകുകയും സഹായിക്കുകയും ചെയ്യുക.

9. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ നാലു ജൂനിയർ പബ്ലിക് ഹെൽത്ത് നെഴ്സസിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും നിർദ്ദേശം നൽകുകയും

പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്യുക.

10. ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ 5000 ജനസംഖ്യക്ക് ഒരു ആരോഗ്യ പ്രവർത്തകൻ വീതമുണ്ട്. ഒരാളുടെ പ്രവർത്തനമേഖലയെ20 ആയി തിരിച്ച് ഓരോ ദിവസവും ഒരുDay Blockലുള്ള വീടുകൾ സന്ദർശിക്കുക. ആ വീടുകളിലെ എല്ലാവിധ ആരോഗ്യപ്രശ്നങ്ങളും പഠിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. രോഗനിവാരണപ്രവർത്തനങ്ങൾ നടത്തുക. ആരോഗ്യവിദ്യാഭ്യാസം നൽകുക. ഹോട്ടൽ, ചായക്കട തുടങ്ങിയ ഭക്ഷണ വിതരണകേന്ദ്രങ്ങൾ പരിശോധിച്ച് ആരോഗ്യ പൂർണ്ണമായ നിലയിൽ പ്രവർത്തിക്കാൻ നേതൃത്വം നൽകുക.

ഫീൽഡ് വർക്ക് – രാവിലെ 8-12

ഓഫീസിൽ – വൈകിട്ട് 2-4

ഇവർ കുടുംബക്ഷേമ പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്.

11. ജൂണിയർ പബ്ലിക് ഹെൽത്ത് നെഴ്സ് – 5000 ജനസംഖ്യക്ക് ഒരു J.P.H.N വീതമുണ്ട്. ഇവർക്ക് ഒരു സബ്സെന്ററുമുണ്ട്. മാതൃ–ശിശു സംരക്ഷണപ്രവർത്തനം, രോഗപ്രതിരോധ പ്രവർത്തനം, കുടുംബക്ഷേമപ്രവർത്തനം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയവ നടത്തുക.

രാവിലെ 8-12 വരെ ഫീൽഡ്വർക്ക്

വൈകിട്ട് 2-4 വരെ സബ്സെന്ററിൽ

ആഴ്ചയിൽ ഒരു ദിവസം സബ്സെന്ററിൽ ഗർഭിണികളേയും ഒരു ദിവസം കുട്ടികളേയും പരിശോധിച്ച് ചികിത്സ നടത്തേണ്ടതാണ്. ഇതിൽ ഡോക്ടർമാർ പങ്കെടുക്കേണ്ടതാണ്.

12. ലെപ്രസി ഇൻസ്പെക്ടർ – 25000 ജനസംഖ്യക്ക് ഒരാൾ. രാവിലെ 7-11.30

വൈകുന്നേരം 3.30 - 5 പ്രവർത്തിക്കണം.

കുഷ്ഠരോഗ നിർണ്ണയവും ആരോഗ്യ വിദ്യാഭ്യാസവും ചികിത്സയുമാണ് പ്രധാന പ്രവർത്തനം.

വെണ്മണി പഞ്ചായത്തിൽ 7, 9 എന്നീ വാർഡുകളിൽ ഓരോ സ്വകാര്യ അലോപ്പതി ആശുപത്രിയുണ്ട്. 6-ാംവാർഡിൽ ഒരു സർക്കാർ ഗ്രാന്റ് ആയുർവ്വേദ വൈദ്യശാലയുമുണ്ട്. പാരമ്പര്യവിഷ ചികിത്സാരംഗത്ത് പ്രാവീണ്യം നേടിയ മൗട്ടത്ത് ശ്രീ. എം. കെ. രാഘവപ്പണിക്കരുടെ സേവനം സ്മരണീയമാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ അലോപ്പതി, ആയുർവ്വേദ, ഹോമിയോ ചികിത്സാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. (പട്ടിക 1) കാണുക.

പട്ടിക – 3

1) a) പഞ്ചായത്തിലെ ആകെ ജനസംഖ്യ	:	20326
b) പുരുഷന്മാർ	:	9662
c) സ്ത്രീകൾ	:	10664
2) a) പട്ടികജാതി ജനസംഖ്യ	:	3716
b) പട്ടികവർഗ്ഗ ജനസംഖ്യ	:	NIL
3) അംഗൻവാടികളുടെ എണ്ണം	:	
4) a) ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ	:	180
b) 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	200
c) 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	180
d) 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	378
5) a) വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം	:	124
b) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം	:	124
6) മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള)	:	171
7) a) കഴിഞ്ഞവർഷത്തിൽ ആകെ ജനനങ്ങൾ	:	171
b) ചാപിള്ള ജനനങ്ങൾ	:	NIL

ആരോഗ്യനിലവാരം

വെണ്മണി പഞ്ചായത്തിൽ95-96ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്171 ജനനങ്ങളും110 മരണങ്ങളുമാണ്. ബഹുഭൂരിപക്ഷം ജനനങ്ങളും പഞ്ചായത്തിനു വെളിയിലുള്ള സ്വകാര്യസർക്കാർ ആശുപത്രികളിൽ നടക്കുന്നതിനാൽ ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല. പഞ്ചായത്തിലെ ജനന മരണനിരക്കും, ശിശുമരണനിരക്കും സംസ്ഥാന ശരാശരിക്ക് അനുസൃതമാണ്. മാരകമായ പകർച്ച വ്യാധികൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പറയത്തക്ക വ്യവസായശാലകൾ ഒന്നും ഇല്ലാത്തതുകൊണ്ട് അന്തരീക്ഷമലിനീകരണവും ജലമലിനീകരണവും ഇല്ല എന്നു തന്നെ പറയാം. നല്ല കാലാവസ്ഥയും ഭൂപ്രകൃതിയുമാണ് ഇവിടെയുള്ളത്. ഇക്കാരണങ്ങളാൽ ജനങ്ങളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചമാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ കണക്കനുസരിച്ച് 95-96ൽ 113 ജലജന്യരോഗങ്ങളും 11 വായുജന്യരോഗങ്ങളും 12 പ്രാണിജന്യരോഗങ്ങളും ഉണ്ടായിട്ടുണ്ട്.

പട്ടിക –4


കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	ബി.സി.ജി	ഡി.പി.റ്റി				പോളിയോ				ഡി.റ്റി				മിസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽ താഴെ														
1-3 വയസ്സ്	165	288	264	331	262	288	264	331	262	1	272	1	1	144
3-6 വയസ്സ്														

ടെറ്റനസ് ടോക്സോയിസ് (TT)

	1D	2D	BD
ഗർഭിണികൾ	182	108	-

- ❑ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം - 145
- ❑ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം - 485
- ❑ വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം - 595
- ❑ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം - 171
- ❑ വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം - Nil



ശുദ്ധജലവിതരണം

വെണ്മണിയിലെ 1, 2, 4, 9, 10 എന്നീ വാർഡുകൾ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ്. ശുദ്ധജല വിതരണത്തിനുള്ള പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല. എന്നാൽ പഞ്ചായത്ത് ഭരണസമിതിയുടെ നിരന്തരമായ ശ്രമഫലമായി സർക്കാരിൽ നിന്നും ഇപ്പോൾ ഒരു ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. വെണ്മണി, ആലാ, ബുധനൂർ എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി കുതിരവട്ടം ക്ഷേത്രത്തിനു സമീപത്തായി വാട്ടർടാങ്കും ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിച്ച് പൈപ്പ് ലൈൻ ഇടുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. പമ്പയാറ്റിൽ നിന്നാണ് ടാങ്കിലേക്ക് വെള്ളമെത്തിക്കുന്നത്. ഈ പദ്ധതി പൂർത്തീകരണത്തിന് ഏതാനും വർഷങ്ങൾ എടുക്കുമെങ്കിൽ പോലും ശുദ്ധജലത്തിനു വേണ്ടിയുള്ള നമ്മുടെ ദാഹത്തിന് ഒരു ശാശ്വതശമനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

പഞ്ചായത്തിൽ ജനങ്ങൾ ഇപ്പോൾ ശുദ്ധജലത്തിനാശ്രയിക്കുന്നത് വീടുവളപ്പിലുള്ള കിണറുകളേയും ഏതാനും പൊതു കിണറുകളേയും കുഴൽ കിണറുകളേയുമാണ്. അച്ചൻകോവിലാറിന്റെ സാമിപ്യം ഒരു വലിയ വിഭാഗം ജനങ്ങൾക്ക് വർഷം മുഴുവൻ അനുഗ്രഹമാണ്. പഞ്ചായത്തിൽ 6 കുഴൽകിണറുകളും 9 പൊതുകിണറുകളും 12 പൊതുകുളിക്കടവുകളുമുണ്ട്.

അച്ചൻകോവിലാറ്റിൽ നിന്നുള്ള മണൽവാരൽ നിർബാധം നടക്കുന്നതിനാൽ സമീപപ്രദേശങ്ങളിലുള്ള കിണറുകളിൽ വേനൽക്കാലത്ത് ജലവിതാനം താണ് കുടിവെള്ളക്ഷാമത്തിന് ഇടയാകുന്നു.

പരിസരശുചിത്വം

വ്യവസായശാലകൾ ഇല്ലാത്തതിനാൽ വൻതോതിൽ പരിസരമലിനീകരണ പ്രശ്നമില്ലെങ്കിലും പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും ശുചിത്വക്കുറവ് ഒരു പ്രശ്നമായി നിലനിൽക്കുന്നുണ്ട്. മലിനജലം കെട്ടികിടക്കുന്ന നിരവധി കുളങ്ങളും, തോടുകളും, ഓടകളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തു പ്രദേശത്തെ നഗരവൽക്കരണ പ്രവണതയും ജല നിർഗ്ഗമന മാർഗ്ഗങ്ങളിൽ ഉണ്ടാകുന്ന തടസ്സവും മൂലം പ്രശ്നം കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയുണ്ട്. കൊതുകുശല്യം നമ്മുടെ പ്രദേശത്ത് അനുദിനം വർദ്ധിച്ചു വരികയാണ്. ശുചീകരണത്തിന്റെ അഭാവം മാരകമായ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാൻ ഇടയാകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

ഹോട്ടലുകൾ ഉൾപ്പടെ നൂറിൽപ്പരം കടകളുള്ള കല്യാത്ര ടൗണിൽ അടിഞ്ഞുകൂടുന്ന ചപ്പുചവറുകളും മറ്റും നീക്കംചെയ്യുന്നതിനുള്ള ഒരു പരിപാടിക്ക് ദീർഘവീക്ഷണത്തോടെ രൂപം നൽകേണ്ടതാണ്.

വെള്ളം, വായു, ഭക്ഷണം എന്നിവയിലൂടെയാണല്ലൊ മിക്ക പകർച്ചവ്യാധികളും വ്യാപിക്കുന്നത്. പരിസരമലിനീകരണം രോഗബാധസാധ്യത വർദ്ധിപ്പിക്കുന്നു. എല്ലാ വീടുകൾക്കും ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള കക്കൂസുകൾ ഇല്ലാത്തത് പരിസരമലിനീകരണത്തിന് ഒരു പ്രധാനകാരണമാണ്.

കക്കൂസു നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ	പരിഹാരമാർഗ്ഗങ്ങൾ
1. സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധസംഘടനകൾ, തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്.
2. സ്ഥലപരിമിതി (കോളനികൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റ്സ്ഥലങ്ങൾ)	പൊതുവായി സെപ്റ്റിക്ക്ടാങ്ക് നിർമ്മിച്ച് പരിഹാ രമുണ്ടാക്കാവുന്നതാണ്.
3. അലസമനോഭാവം (വിഷയം ഗൗരവമായി എടുക്കാത്തതിനാൽ)	**ആരോഗ്യബോധവൽക്കരണം:** ജനനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾ ആരോഗ്യ പ്രവർത്തകരോട് സഹകരിച്ച് ചർച്ചാ ക്ലാസ്സുകൾ, ഫിലിംപ്രദർശനം, സെമിനാറുകൾ മുതലായവ ഫലപ്രദമായി നടത്തുക.

നിർദ്ദേശങ്ങൾ

1. എല്ലാ വാർഡിലും കക്കൂസുകളില്ലാത്ത ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ വീട്ടുകാർക്കും കക്കൂസുകൾ ലഭ്യമാക്കുക.


   (ചെങ്ങന്നൂർ ബ്ലോക്കിൽ ചെറിയനാട് പഞ്ചായത്തിൽ വിദേശസഹായത്താൽ നിർമ്മിച്ച ഇരട്ടക്കുഴി കക്കൂസ് അഭികാമ്യമാണ്). ചെലവുകുറഞ്ഞ ഇരട്ടക്കുഴി കക്കൂസുകൾ ഗുണഭോക്താവിന്റെ സഹകരണത്തോടും പഞ്ചായത്തിന്റെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടും നിർമ്മിച്ചു നൽകാവുന്നതാണ്.

2. ഗ്രാമപഞ്ചായത്തിലെ മാർക്കറ്റുകൾ, ജംഗ്ഷനുകൾ, തുടങ്ങിയ പൊതുസ്ഥലങ്ങൾ ശുചീകരിക്കുന്നതിന് ഒരു Part time സ്വീപ്പറെ നിയമിക്കുക.

3. വെയിസ്റ്റ് ശേഖരിച്ച് നശിപ്പിക്കുന്നതിനുള്ള സ്ഥലവും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ്.

4. ഇറച്ചിക്കടകൾ നടത്തുന്നതിന് Slaughter House (സ്ലോട്ടർ ഹൗസ്) നിർമ്മിക്കുക. ഇറച്ചിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക. (വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കേറ്റുള്ള മൃഗങ്ങളെ മാത്രം കശാപ്പു ചെയ്യുക). അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. പഞ്ചായത്തിൽ നാലാംവാർഡിൽ നിലവിലുള്ള പൊതു ശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുകയും അവിടെ ശവസംസ്കാരം നടത്തുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുക.



6. പ്രധാന റോഡുകളുടെ വശങ്ങളിൽ ഓടകൾ നിർമ്മിച്ച് മലിനജലം ഒഴുക്കിക്കളയുക.

7. പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ മൂത്രപ്പുരകൾ സ്ഥാപിക്കുക.

8. ചപ്പുചവറുകൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിന് പ്രധാന ജംഗ്ഷനുകളിൽ Dust Bin സ്ഥാപിക്കുക.

9. ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.

10. ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡു സമ്പ്രദായം നടപ്പിലാക്കുക.

ആരോഗ്യം – നിർദ്ദേശങ്ങൾ

1. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ വാർഡ് പണി എത്രയും വേഗം പൂർത്തീകരിച്ച് ആവശ്യമായ ഉപകരണങ്ങളും സ്റ്റാഫും ലഭ്യമാക്കുക.

2. P.H.C.യുടെ സ്ഥലം അളന്നുതിട്ടപ്പെടുത്തി ചുറ്റുമതിൽ നിർമ്മിക്കുക.

3. P.H.C.യിൽ Inpatient വിഭാഗം തുടങ്ങുന്നതോടുകൂടി ആവശ്യമായ ക്വാർട്ടേഴ്സ് നിർമ്മിക്കുക.

4. P.H.C.യിലോട്ടുള്ള approach road ടാർ ചെയ്ത് ഉപയോഗയോഗ്യമാക്കുക.

5. സബ്സെന്ററുകൾക്ക് ഗവ: കെട്ടിടം പണിതു നൽകുക.

6. പുന്തല രണ്ടാംവാർഡിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിക്കു സ്വന്തമായി വസ്തുവും കെട്ടിടവും ഉണ്ടാക്കുക.

7. ഗ്രാമപഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് നടപടി എടുക്കുക.

8. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഒരു ലേഡി ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

9. പാരാമെഡിക്കൽസ്റ്റാഫിന്റെ ഒഴിവുകൾ നികത്തുക.

10. P.H.C.യിൽ ഒരു ലാബറട്ടറി സ്ഥാപിക്കുക.

2. കുടിവെള്ളം

1. ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകൾക്കും ശുദ്ധജലം ലഭ്യമാകത്തക്കരീതിയിൽ ടാങ്കുകൾ നിർമ്മിച്ച് ജലവിതരണം നടത്തുക.

2. 2, 7, 8, 9, 10 എന്നീ വാർഡുകളിൽ പൊതുകിണറുകൾ നിർമ്മിക്കുക.

3. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും കിണറുകൾ കെട്ടിയുയർത്തുന്നതിന് (ചുറ്റും കെട്ടുന്നതിന്) പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം നൽകുക.

4. കുടിവെള്ളസ്രോതസ്സ് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആറ്റിൽ നിന്നുമുള്ള (അച്ചൻകോവിലാറ്) മണൽ വാരൽ നിയന്ത്രിക്കുക.

5. അനുവദിക്കപ്പെട്ടിരിക്കുന്ന 16 അംഗൻവാടികൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

(പൊതുനിർദ്ദേശങ്ങൾ)

1. യോഗകേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗപരിശീലന കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക. ജനങ്ങളുടെ കായികവും മാസികവുമായ ആരോഗ്യ വളർച്ചയ്ക്കു ഇതു വളരെ സഹായകരമാണ്.

2. പൊതുജനാരോഗ്യ വിദ്യാഭ്യാസം

സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടെ പൊതുജനാരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള ഏർപ്പാടുകൾ ത്വരിതപ്പെടുത്തുക.

3. സ്കൂൾ ആരോഗ്യപദ്ധതി

സർക്കാർ ആരോഗ്യപ്രവർത്തകർ സ്കൂളുകൾ സന്ദർശിച്ച് വിദ്യാർത്ഥികളുടെ ആരോഗ്യനില പരിശോധിച്ച് ഹെൽത്ത് സമ്പ്രദായം നടപ്പിലാക്കുക.

4. വയോജന ആരോഗ്യകേന്ദ്രം

സമൂഹത്തിൽ വർദ്ധിച്ചു വരുന്ന വൃദ്ധജനങ്ങൾക്കു കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വയോജന ആരോഗ്യകേന്ദ്രം ഓരോ വാർഡിലും ഏർപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. വൃദ്ധജനങ്ങളുടെ ശാരീരികവും മാനസികവുമായ ഉയർച്ചയ്ക്കു സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ തന്മൂലം സാധിക്കുന്നതാണ്.


5. ഹെൽത്ത്കാർഡ് സംവിധാനം

ഓരോ വ്യക്തിയുടെയും ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ഹെൽത്ത് കാർഡ് ഓരോ വ്യക്തിക്കും ഉണ്ടായിരുന്നാൽ രോഗനിർണ്ണയത്തിന് അതു വളരെയേറെ സഹായകരമാണ്. അതുകൊണ്ട് രക്തഗ്രൂപ്പ്, രോഗപ്രതിരോധകുത്തിവയ്പ് തുടങ്ങിയ വിവരങ്ങളടങ്ങിയ ഹെൽത്ത് കാർഡ് ഓരോ വീട്ടിലും നൽകുകയും ഗവണ്മെന്റ് ആരോഗ്യപ്രവർത്തകർ ചിട്ടയായി ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്യുക.

6. നിയമാവലി

മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് തിരുവിതാംകൂർ – കൊച്ചി പബ്ലിക് ഹെൽത്ത ആക്ട് ഇവ സംയോജിപ്പിച്ച് പൊതുജനാരോഗ്യപരിപാലനത്തിന് പഞ്ചായത്തിൽ കൂടുതൽ അധികാരങ്ങൾ നൽകി ആരോഗ്യ രംഗം സംശുദ്ധമാക്കാൻ ശ്രമിക്കുക.

സർവ്വോപരി സർക്കാരിൽനിന്നും നിയമിച്ചിട്ടുള്ള ആരോഗ്യപ്രവർത്തകരോട് സഹകരിച്ച് മായംചേർക്കൽ, മദ്യപാനം, പുകവലി മുതലായ അനാരോഗ്യപ്രവണതകളിൽ നിന്നും വിമുക്തരായി ആരോഗ്യംസമ്പത്ത് (Health is Wealth) എന്ന മഹദ്വാക്യം പ്രാവർത്തികമാക്കാൻ ഗ്രാമപഞ്ചായത്ത് മുൻകൈയ്യെടുക്കണം.



പട്ടിക – 1

ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ (199596)


ഏതു വിഭാഗം ചികിത്സാ സംവിധാനം	ആശുപത്രി		ഡിസ്പെൻസറി		മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ		മൊത്തം ജീവനക്കാരുടെ എണ്ണം
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
1	2	3	4	5	6	7	8
അലോപ്പതി	1	2-		2	4		14+3+1+6 = 24
ആയുർവ്വേദം			1	2+2			4+2 = 6
ഹോമിയോ				2			2

പട്ടിക – 2

വാർഡ് നമ്പർ	ശുചീകരണാവശ്യത്തിനുള്ള ജീവനക്കാർ	മൂത്രപ്പുരകൾ	കക്കൂസുകൾ	പൈപ്പുവെള്ളം		പൊതു കുഴൽകിണർ	പൊതു കിണർ	കുളിക്കടവുകൾ	ശ്മശാനങ്ങൾ	അറവുശാലകൾ	മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം
				പൊതു ടാപ്പുകൾ	ഹൗസ് കണക്ഷനുകൾ						
1	2	3	4	5	6	7	8	9	10	11	12
1						1		1			
2								3			
3						1					
4							1	2	1		
5						2	3	3			
6		1	1					1			
7								1			
8							1	1			
9						1	2				
10						1	2				

പൊതുജനാരോഗ്യ ചെലവ് : 20,613/- രൂപ

മൊത്തംചെലവിന്റെ എത്ര ശതമാനം : 1.7%



5.8

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നൂറ്റാണ്ടുകളായി കൊടിയ ചൂഷണത്തിനും അവഗണനയ്ക്കും വിധേയരായവരാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ. നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന അയിത്തം, തീണ്ടൽ, തൊടീൽ എന്നീ സാമൂഹ്യ അനാചാരങ്ങൾ മൂലം തികഞ്ഞ അവഗണയുടെ കയ്പ്നീർ കുടിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു ഇവർ. സ്വാഭാവികമായും ഈ വിഭാഗത്തിന്റെ സാമൂഹ്യ-സാമ്പത്തിക പദവി വളരെ ശോചനീയമായിരുന്നു. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ, തൊഴിലാളി വർഗ്ഗ സംഘടനകൾ എന്നിവയുടെ നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായി ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഇന്ന് സമൂഹത്തിൽ കുറെയൊക്കെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂപരിഷ്കരണനിയമങ്ങൾ, സാർവത്രിക-സൗജന്യ വിദ്യാഭ്യാസം, സംവരണം, വിവിധ ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കിയതുമൂലം ഇവരുടെ സാമൂഹ്യ സാമ്പത്തിക നില പടിപടിയായി ഉയർന്നു വരുന്നുണ്ട്. ജനസംഖ്യയുടെ 25%ത്തോളം വരുന്ന ഈ വിഭാഗം ജനങ്ങൾ സമൂഹത്തിൽ അംഗസംഖ്യകൊണ്ടും അദ്ധ്വാനശക്തി കൊണ്ടും അവഗണിക്കാൻ പറ്റാത്ത ഒരു ശക്തിയാണ്.

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ (20326)യുടെ 18.3% പട്ടികജാതി വിഭാഗമാണ് (3716). ഇവിടെ അംഗീകരിക്കപ്പെട്ട22 പട്ടികജാതി കോളനികളുണ്ട്. അംഗീകാരം കിട്ടാത്ത ഏഴാം വാർഡിലെ കരിയിലത്തറ, എട്ടാം വാർഡിലെ വളയത്തിൽ കോളനി, പത്താം വാർഡിലെ മണ്ണാടി കോളനി എന്നിവ അംഗീകാരത്തിനായി കാത്തിരിക്കുന്നു.

കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലത്തിനിടയിൽ വിദ്യാഭ്യാസ-സാമൂഹ്യ- സാമ്പത്തിക നില മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മറ്റു വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവരുടെ സ്ഥിതി ആശാവഹമല്ല. ക്ഷേത്രപ്രവേശന വിളംബരവും സമീപകാലത്തുണ്ടായ ഒട്ടേറെ പുരോഗമനപരമായ നിയമനിർമ്മാണങ്ങളും ഇവരുടെ സാമൂഹ്യ പദവി ഉയർത്തിയെ

ങ്കിലും ഉച്ചനീചത്വത്തിൽ നിന്നും പൂർണ്ണമായും മോചനം നേടുവാൻ കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസം

പുതിയ തലമുറയിൽ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി ഇവരെ കൈപിടിച്ചുയർത്താൻ സർക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും അത് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ് ഇതിന് ഒരു പ്രധാന കാരണമാണ്. അപ്പർ പ്രൈമറി, സെക്കണ്ടറി തലങ്ങളിൽ ഉണ്ടാകുന്ന കൊഴിഞ്ഞുപോക്കിൽ 50%വും ഈ വിഭാഗ വിദ്യാർത്ഥികളാണ്.1995-96സ്കൂൾ വർഷത്തിൽ വെണ്മണി പഞ്ചായത്തിൽ പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോയിട്ടുള്ള 24 പേരിൽ 13 പേരും പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. (വിദ്യാഭ്യാസ റിപ്പോർട്ടു കാണുക). വിദ്യാർത്ഥികളിൽ ഭൂരുഭാഗവും പത്താം ക്ലാസ്സിൽ പരാജയപ്പെടുകയും അതോടെ വിദ്യാഭ്യാസത്തിന് വിരാമമിടുകയും ചെയ്യുന്നു.S.S.L.Cക്കു മുകളിൽ വിദ്യാഭ്യാസം നേടിയവർ10%ത്തിൽ കുറവാണെന്നു കണക്കാക്കപ്പെടുന്നു.


തൊഴിൽ

പട്ടികജാതി വിഭാഗത്തിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ്. കാർഷികമേഖലയിലുണ്ടായ തകർച്ചയും ഈ മേഖലയിൽ റബ്ബർ കൃഷിയുടെ കടന്നു കയറ്റവും, യന്ത്രവൽക്കരണവും തൊഴിലില്ലായ്മയ്ക്ക് വഴിവച്ചിട്ടുണ്ട്. ഇതുമൂലം ഒരു നല്ല വിഭാഗം തൊഴിലാളികൾ കെട്ടുിടനിർമ്മാണ രംഗത്തേക്കു മാറി പോയിട്ടുണ്ട്. കുട്ട, വട്ടി, പരമ്പ്, പായ് തുടങ്ങിയ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്ന ഈ വിഭാഗം തൊഴിലാളികൾ തങ്ങളുടെ ഉല്പന്നങ്ങൾക്ക് കമ്പോളം കിട്ടാതെ വന്ന പരിതസ്ഥിതിയിൽ രംഗം വിട്ടു പോകാൻ നിർബന്ധിതരായിട്ടുണ്ട്. ഈ രംഗത്തു പിടിച്ചു നിൽക്കുന്ന തൊഴിലാളികൾ തന്നെ, അസംസ്കൃതസാധനങ്ങളുടെ ലഭ്യതക്കുറവു മൂലം കടുത്ത പ്രതിസന്ധിയിലാണ്.

പാർപ്പിടം

പട്ടികജാതി ജനവിഭാഗങ്ങളെ അലട്ടുന്ന രൂക്ഷമായ പാർപ്പിട പ്രശ്നത്തിന് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ടിയിരിക്കുന്നു. ഏകദേശം 5% കുടുംബങ്ങൾക്കു മാത്രമാണ് സർക്കാർ ഏജൻസികൾ മുഖേന ഭവനങ്ങൾ നിർമ്മിച്ചുകിട്ടിയിട്ടുള്ളത്. ഇത് കൂടുതലും കോളനികളിലാണ്. 50% കുടുംബങ്ങൾ ഇന്നും ഓലക്കുടിലുകളിലാണ് താമസിക്കുന്നത്. ഭവന നിർമ്മാണത്തിനായി സർക്കാർ അനുവദിക്കുന്ന തുക നിർദ്ദേശിക്കപ്പെടുന്ന തരത്തിലുള്ള വീടിന് ഒട്ടും പര്യാപ്തമല്ല. കൈവശ ഭൂമിയുടെ ഉടമസ്ഥാവകാശരേഖകൾ ഇല്ലാത്തതുകൊണ്ട് ഭവനനിർമ്മാണ ആനുകൂല്യങ്ങൾ പലതും ലഭിക്കാതെ പോകുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടു മൂലം വീടുപണി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പലരുടെയും അവകാശരേഖകൾ ആഫീസുകളിൽ നിന്നും തിരിച്ചുകിട്ടാത്ത സ്ഥിതിയുമുണ്ട്.

വീടുവയ്ക്കാൻ സ്വന്തമായി 2 സെന്റ് സ്ഥലംപോലുമില്ലാത്ത നിരവധി കുടുംബങ്ങളുണ്ട്. ഭൂരഹിതരുമുണ്ട്. ഇവർക്ക് ഭൂമിയും വീടു വയ്ക്കാനുള്ള ധനസഹായവും നൽകി ഇവരെ അധിവസിപ്പിക്കേണ്ടതാണ്. ലക്ഷം വീടുകോളനികളിലെ വീടുകൾ എല്ലാം തന്നെ തകർച്ചയുടെ വക്കിലാണ്. ഇവർക്ക് പുതിയ വീടുകൾ നിർമ്മിച്ചു കൊടുക്കാൻ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. ഇരട്ട വീടുസമ്പ്രദായം ഒട്ടും ആശാസ്യമല്ല.



പട്ടിക ജാതിക്കാർ അനുഭവിക്കുന്ന മറ്റൊരു ബുദ്ധിമുട്ടാണ് ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച കക്കൂസുകളുടെ അഭാവം. ഇതു പൊതുജനാരോഗ്യരംഗത്ത് വളരെയേറെ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നുണ്ട്. ഒരു സാമൂഹ്യപ്രശ്നമായിക്കണ്ട് ഇതിന് അടിയന്തിര പരിഹാരം ഉണ്ടാക്കേണ്ടതാണ്.

കുടിവെള്ളം, വൈദ്യുതി

കുടിവെള്ളക്ഷാമം പഞ്ചായത്തിലെ മിക്ക വാർഡുകളിലും പൊതുവെ ഉണ്ടെങ്കിലും, ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് പട്ടികജാതി വിഭാഗത്തെയാണ്. സ്വന്തമായി കിണറില്ലാത്ത കുടുംബങ്ങളാണ് ഭൂരിപക്ഷവും. 6 കുഴൽകിണറുകൾ നിലവിലുണ്ടെങ്കിലും അതിലെ വെള്ളം ഉപയോഗയോഗ്യമല്ല. 9 പൊതുക്കിണറുകൾകൊണ്ട് ഏതാനും കുടുംബങ്ങൾക്കു മാത്രമേ പ്രയോജനം ലഭിക്കുന്നുള്ളു. വീട്ടുവളപ്പിൽ കിണറുകൾ കുഴിയ്ക്കുന്നതിന് ധനസഹായം നൽകിയും നിർദ്ദിഷ്ടമായ കുതിരവട്ടം ശുദ്ധജലവിതരണ പദ്ധതി എത്രയും വേഗം നടപ്പിലാക്കിയും ഈ പ്രശ്നത്തിനു പരിഹാരം കാണേണ്ടതാണ്.

പട്ടികജാതി വിഭാഗത്തിന്റെ വീടുകളിൽ 10% ത്തോളം ഇനിയും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. വയറിംഗ് നടത്തി കണക്ഷനു വേണ്ടി ദീർഘകാലമായി കാത്തിരിക്കുന്ന കുറെ വീടുകളുമുണ്ട്. അടിയന്തിരമായി മുഴുവൻ വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യം


പട്ടികജാതി വിഭാഗക്കാരുടെ ആരോഗ്യ പരിപാലനത്തിന് കൂടുതൽ ശ്രദ്ധ ആവശ്യമാണ്. പോഷകാഹാരക്കുറവ്, പരിസരശുചിത്വമില്ലായ്മ, അലക്ഷ്യമായ ജീവിതശൈലി എന്നിവ മൂലം ആരോഗ്യരംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. ഇല്ലത്തുമേപ്പുറം സർക്കാർ ആശുപത്രിയിലും പുന്തല സർക്കാർ ആയൂർവ്വേദാശുപത്രിയിലും ചികിത്സ തേടി എത്തുന്നവരിൽ ബഹുഭൂരിപക്ഷവും പട്ടികജാതിക്കാരാണ്. സ്വകാര്യ ആശുപത്രികളെ സമീപിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ടാണ് ഇതിനു പ്രധാന കാരണം. പക്ഷെ ഈ രണ്ടു സ്ഥാപനങ്ങളിലും മരുന്നിന്റെ ലഭ്യത വളരെ കുറവായതിനാലും ലാബറട്ടറി സൗകര്യം ഇല്ലാത്തതിനാലും ഫലപ്രദമായ ചികിത്സ ലഭിക്കുന്നില്ല. ഈ രണ്ടുസ്ഥാപനങ്ങളിലേയും ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്താൽ ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്നത് പട്ടിക ജാതിക്കാർക്കായിരിക്കും.

പട്ടികജാതി സഹകരണസംഘം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 18% വരുന്ന പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ഒരു സഹകരണസംഘം സ്ഥാപിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നത് വലിയ പോരായ്മയാണ്. ഏതാനും വർഷം മുമ്പ് ഇല്ലത്തുമേപ്പുറം കേന്ദ്രമാക്കി ഒരു സഹകരണസംഘം സ്ഥാപിക്കാൻ ശ്രമം നടത്തിയെങ്കിലും അതു വിജയിച്ചില്ല. ഈറ്റ, മുള, ചൂരൽ തുടങ്ങിയവ ഉപയോഗിച്ചുള്ള പരമ്പരാഗതതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്, അവരുടെ തൊഴിൽ മേഖല വികസിപ്പിക്കാനും ഭവനനിർമ്മാണമുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്ക് ധനസഹായം നൽകുവാനും ഒരു പട്ടികജാതി സഹകരണസംഘം പഞ്ചായത്തു മുഴുവൻ പ്രവർത്തന മേഖലയാക്കി രൂപീകരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. കാർഷിക മേഖലയിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കണം.
2. പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്ക് വീടുവയ്ക്കാൻ സഹായം നൽകുക.
3. വ്യവസായികാടിസ്ഥാനത്തിലുള്ള പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
4. പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും അഭ്യസ്ഥവിദ്യർക്ക് ധനസഹായം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.
5. വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭിച്ചവർക്ക് വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ തുക പൂർണ്ണമായി അനുവദിക്കുകയും ചെയ്യുക.
6. വായ്പ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് യഥാസമയം പരിശോധിക്കുകയും ദുരുപയോഗം തടയുകയും ചെയ്യുക.
7. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം സ്ഥാപിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
8. പഞ്ചായത്തു ഭൂമി വാങ്ങി പാട്ട വ്യവസ്ഥയിൽ പട്ടികജാതി സ്ത്രീകൾക്കു നൽകി പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുകയും ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ മാർക്കറ്റ് കണ്ടെത്തുകയും ചെയ്യുക.
9. വീടു പുതുക്കിപണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ അനുവദിക്കുക.
10. ലക്ഷം വീടു കോളനികളിലെ വീടുകൾ മുഴുവൻ പുതുക്കിപ്പണിയുക.
11. 5 മുതൽ 10 വരെ സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.
12. വനിതാവ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് പട്ടികജാതി സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും തൊഴിലും നൽകുക
13. കോടുകുളഞ്ഞിക്കരോട് തീവ്രസാങ്കേത കോളനിയിൽ, വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട പദ്ധതികൾ പൂർത്തീകരിക്കുക. അവിടെ തകരാറിലായിരിക്കുന്ന ടെലിവിഷൻ സെറ്റ് റിപ്പയർ ചെയ്യുക.
14. പൊതുജനാരോഗ്യം, പരിസരശുചിത്വം, നിയമകാര്യങ്ങൾ എന്നിവ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
15. എല്ലാ കോളനികളിലും വായനശാലകൾ സ്ഥാപിക്കുകയും ഉദാരമതികളായ വ്യക്തികളെക്കൊണ്ട് പത്രങ്ങളും മാസികകളും നൽകുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുകയും ചെയ്യുക.
16. ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം പഞ്ചായത്തിനെ അറിയിക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകുകയും അവരുടെ പഠനം പുനരാരംഭിക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുകയും ചെയ്യുക.
17. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെക്കും കോളനികളിലേക്കുമുള്ള റോഡുകൾ, നിലവിലുള്ള നിബന്ധനകളിൽ അയവുവരുത്തി ടാർ ചെയ്യുക.
18. പട്ടികജാതിക്കാരായ വിധവകൾക്കുള്ള പെൻഷൻ മാസം 250 രൂപയായി വർദ്ധിപ്പിക്കുക.
19. കർഷകത്തൊഴിലാളി പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുക.



പട്ടിക – 1

പട്ടികജാതി കോളനികൾ

ക്രമ നമ്പർ	വാർഡ് നമ്പർ	പേര്
1	I	നെടിയകാലാ കോളനി
2	II	കുറ്റിക്കാട്ടുമണ്ണിൽ കോളനി
3	II	വല്ലഭംതുരുത്ത് – പള്ളിപ്പുറം കോളനി
4	II	പുന്തല ലക്ഷം വീടു കോളനി
5	III	പെരുന്തുരത്തു കോളനി
6	III	കുറിച്ചിമോടി കോളനി
7	III	ആലുംതുരുത്തു കോളനി (IHDP)
8	IV	തുണ്ടത്തിൽ കോളനി I
9	IV	തുണ്ടത്തിൽ കോളനി II
10	IV	മന്നത്തുതറ കോളനി
11	IV	കിഴക്കേത്തറ കോളനി
12	IV	ചാങ്ങമല കോളനി
13	V	മുളംപള്ളിമലയിൽ കോളനി
14	V	തേവാനമോടി കോളനി
15	V	താവനമോടി ലക്ഷം വീടു കോളനി
16	VII	പടിഞ്ഞാറേതുരുത്തി കോളനി
17	VII	കിഴക്കേതുരുത്തി കോളനി
18	VII	പടിഞ്ഞാറ്റുംമുറി കോളനി
19	VII	പൂവനേത്ത് ലക്ഷം വീടു കോളനി
20	VII	കരിയിലത്തറ കോളനി
21	VIII	വളയത്തിൽ കോളനി
22	IX	ചാങ്ങമല ലക്ഷം വീടു കോളനി
23	X	കോടുകുളഞ്ഞിക്കരോട് ലക്ഷം വീടു കോളനി (IHDP)
24	X	മണ്ണടി കോളനി

പട്ടിക – II

CRSP കക്കൂസുകൾ

വർഷം	അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചത്
1994-95	33	17
1995-96	33	27
ആകെ	66	44


പട്ടിക – III

ഭവനനിർമ്മാണം

വർഷം	അനുവദിച്ച വീടുകൾ	പൂർത്തീകരിച്ചത്	പൂർത്തീകരിക്കാനുള്ളത്
1991-92	19	19	-
1992-93	7	5	2
1993-94	12	9	3
1994-95	32	26	6
1995-96	18	13	5
ആകെ	88	72	16

പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി നൽകുന്ന ആനുകൂല്യങ്ങൾ സർക്കാരിന്റെ ഔദാര്യമെന്ന മട്ടിൽ കാണാതെ അവരുടെ പുരോഗതി സമൂഹത്തിന്റെയാകെ പുരോഗതിയുടെ ഭാഗമാണെന്ന ബോധത്തോടെ പ്രവർത്തിച്ചാൽ മാത്രമേ അവരുടെ പൂർണ്ണമായ വിശ്വാസം ആർജ്ജിക്കാനും സാമൂഹ്യനീതി ഉറപ്പാക്കാനും കഴിയൂ.

❑



5.9

സഹകരണം

സ്വാതന്ത്ര്യ പ്രാപ്തിക്കുവളരെ മുമ്പു തന്നെ നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരുന്നു. ആദ്യ കാല സഹകരണസംഘങ്ങൾ ജാതി-മതാടി സ്ഥാനത്തിലാണ് സംഘടിപ്പിച്ചിരുന്നത്. സാമൂ ഹ്യമാറ്റത്തിന്റെ ഫലമായി ഇവയിൽ മിക്ക വയും രൂപാന്തരം പ്രാപിച്ച് ഇന്നത്തെ നിലയി ലുള്ള സർവ്വീസ് സഹകരണസംഘങ്ങളായി മാറി. കാർഷികവായ്പാ വിതരണത്തിനും സമ ഗ്രഗ്രാമീണ വികസനത്തിനും സഹായമേ കാൻ പറ്റിയ ഏറ്റവും നല്ല ഗ്രാമീണതല ഏജൻസി പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ 3 സർവ്വീസ് സംഘങ്ങളും 3 സ്കൂൾ സഹകര ണസംഘങ്ങളും 3 ക്ഷീരോല്പാദക സഹക രണസംഘങ്ങളും ഒരു സെറികൾച്ചർ സഹക രണസംഘവും നിലവിലുണ്ട്.

1929-ൽ മാർത്തോമാ സഭാ വിഭാഗക്കാർ വെണ്മണിയുടെ ഹൃദയഭാഗത്തു രൂപീകരിച്ച താണ്. 118-ാം നമ്പർ വെണ്മണി സർവ്വീസ് സഹകരണസംഘം കാലക്രമത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും അംഗത്വത്തിന് അർഹ തയുള്ള സർവ്വീസ് സഹകരണസംഘമായി മാറി. പരിമിതമായ അംഗസംഖ്യയോടു കൂടി ആരംഭിച്ച ഈ സ്ഥാപനം4000ത്തോളം അംഗ ങ്ങളും 60 ലക്ഷം രൂപ നിക്ഷേപവുമുള്ള ഒരു സഹകരണബാങ്കായി ഉയർന്നുവെങ്കിലും പ്രവർത്തന പരിധിയിലുള്ള മുഴുവൻ ജനങ്ങ ളുടേയും സാമ്പത്തിക ആവശ്യങ്ങൾ നിറവേ റ്റാൻ പര്യാപ്തമായ വിധത്തിൽ പ്രവർത്തന ക്ഷമമാകണമെങ്കിൽ ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. വെണ്മണി. പഞ്ചായ ത്തിലെ ആറും ഏഴും വാർഡുകൾ പൂർണ്ണ മായും നാല്, അഞ്ച്, എട്ട് വാർഡുകൾ ഭാഗി കമായും ഈ സംഘത്തിന്റെ പ്രവർത്തനപരി ധിയിൽ പെടുന്നു.

കൊല്ലവർഷം 1112ൽ സ്ഥാപിതമായ 2640നമ്പർ കോടുകുളഞ്ഞികരോട് സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തന പരി ധിയിൽ 9,10 വാർഡുകൾ പൂർണ്ണമായും നാലാം വാർഡ് ഭാഗികമായും ഉൾപ്പെടുന്നു. സംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടി ടവും ഉണ്ട്. ഈ സംഘത്തിൽ നിക്ഷേപം വളരെ കുറവാണ്. അനുക്രമം വളർച്ച മുര ടിച്ചു പോയ ഈ സ്ഥാപനം കരകയറാൻ കഴി യാത്ത പ്രതിസന്ധിയെ നേരിടുന്നു.

ഇല്ലത്തുമേപ്പുറം ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച 3875-ാം നമ്പർ പട്ടി കജാതി വിവിധോദ്ദേശ സഹകരണസംഘം

പിന്നീട് ഒരു സർവ്വീസ് സഹകരണസംഘ മായി മാറുകയും വെണ്മണി രണ്ടാം വാർഡിൽ (പുന്തല) പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ സഹകരണ സംഘത്തിന്റേയും പ്രവർത്തനം ഒട്ടും തൃപ്തികരമല്ല.

മൾബറി കൃഷി പ്രോത്സാഹിപ്പിക്കുന്ന തിനു വേണ്ടി ഒരു സെറികൾച്ചർ സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല.

നിലവിലുള്ള3 സ്കൂൾ സഹകരണസം ഘങ്ങളുടെയും പ്രവർത്തനം വിദ്യാർത്ഥി കൾക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ വിതരണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. നോട്ടുബുക്കുകളും മറ്റു പഠനോപകരണ ങ്ങളും സ്റ്റേഷനറി സാധനങ്ങളും വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കി, ഇവ യുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടിയി രിക്കുന്നു.

3 ക്ഷീരോല്പാദക സഹകരണസംഘ ങ്ങൾ ആറാം വാർഡിലെ ചെറിയാലുംമൂട് ജംഗ്ഷനിലും വാർഡിലെ ഒന്നാം വാർഡിലെ അമ്പീമുക്കിലും, എട്ടാം വാർഡിലെ താഴത്ത മ്പലത്തിലും പ്രവർത്തിച്ചു വരുന്നു. (ഈ സംഘങ്ങളുടെ കൂടുതൽ വിവരങ്ങൾ മൃഗ സംരക്ഷണ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്).

നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളു ടേയും കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഇവിടുത്തെ സഹകരണസംഘങ്ങളെ പ്രാപ്തമാക്കുന്ന തിന് ഉതകുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്നു സർവ്വീസ് സഹകരണസംഘങ്ങ ളിൽ 118-ാം നമ്പർ സംഘം മാത്രമാണ് ഫലപ്രദമായ പ്രവർത്തനം നടത്തുന്നത്. 3875-ാം നമ്പർ ചാങ്ങമല സർവ്വീസ് സഹകരണസംഘവും 2640-ാം നമ്പർ കോടുകുളഞ്ഞികരോട് സർവ്വീസ് സഹ കരണസംഘവും കരകയറാൻപറ്റാത്ത ആഴമേറിയ പ്രതിസന്ധിയിലാണ്. ഈ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ പെടുന്ന പ്രദേശത്തെ ജനങ്ങൾക്ക് ന്യായമായി ലഭിക്കേണ്ട ആനുകൂല്യ ങ്ങൾ ലഭിക്കുന്നില്ല എന്നുള്ളത് ദു:ഖക രമായ ഒരവസ്ഥയാണ്. ഇതിനു പരി ഹാരം കണ്ടേ മതിയാവൂ.

ഈ സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യു കയും 118-ാം നമ്പർ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ വെണ്മണിപ ഞ്ചായത്ത് പ്രദേശം മുഴുവൻ ഉൾക്കൊ ള്ളിക്കുകയും ചെയ്യുന്നത് അഭിലഷണീ യമാണ്. ലിക്വിഡേറ്റ് ചെയ്യപ്പെടുന്ന സംഘങ്ങളുടെ സ്ഥാനത്ത് വെണ്മണി 118-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഓരോ ശാഖ സ്ഥാപിച്ചു കൊണ്ട് ആ പ്രദേശങ്ങളിലെ ജനങ്ങ ളുടെ താല്പര്യം സംരക്ഷിക്കാൻ കഴി യുന്നതാണ്.

2. അർഹരായ എല്ലാവർക്കും സഹകരണ സംഘത്തിൽ അംഗത്വം ലഭിക്കുന്നതിന് സമയബന്ധിതമായ ഒരു പദ്ധതി ആവി ഷ്കരിക്കണം.

പദ്ധതിയുടെ ഒന്നാംവർഷം ഒരു കുടും ബത്തിലെ ഒരാളെയെങ്കിലും അംഗമാ ക്കുക. ഈ പ്രക്രിയ ഓരോ വർഷവും തുടരുക. അഞ്ചാം വർഷത്തോടുകൂടി അർഹരായ മുഴുവൻ പേരേയും സംഘ ത്തിൽ അംഗങ്ങളാക്കി മാറ്റാൻ കഴി യണം.

3. പുന്തലയിലും കോടുകുളഞ്ഞിക്കരോട്ടും നിർദ്ദേശിക്കപ്പെട്ട ബ്രാഞ്ചുകളോട് ചേർന്ന് N.C.D.C പോലുള്ള ധനസ ഹായ സ്ഥാപനങ്ങളുടെ സഹായ ത്തോടെ ഓരോ ഗോഡൗൺ പണിയു കയും അവിടെ വളവും കീടനാശിനിയും കാർഷികോല്പന്നങ്ങളും ശേഖരിച്ച്

വിതരണം ചെയ്യുകയും വേണം.

4. കാർഷികവായ്പ യഥാസമയം അർഹരായവർക്ക് നൽകുകയും NABARD ൽ നിന്നും ലഭിക്കുന്ന ധനസഹായം പൂർണ്ണമായി ഉപയോഗിക്കുകയും ചെയ്യുക.

5. ധനകാര്യസ്ഥാപനങ്ങളെ മാത്രം ആശ്രയിക്കാതെ സ്വന്തമായി ധനം ആർജ്ജിക്കാൻ പ്രാഥമികസഹകരണസംഘങ്ങൾ ശ്രമിക്കേണ്ടതാണ്. അംഗങ്ങളിൽ നിന്നും അല്ലാത്തവരിൽ നിന്നും നിക്ഷേപങ്ങൾ സമാഹരിച്ച് വിഭവശേഷി വർദ്ധിപ്പിക്കേണ്ടതാണ്. നിക്ഷേപത്തിൽ നിന്ന് നിശ്ചിത ശതമാനം Fluid Resources' ആയി മാറ്റിവച്ചതിനു ശേഷം ബാക്കിത്തുക വായ്പ നൽകാൻ വിനിയോഗിക്കേണ്ടതാണ്.

6. വെണ്മണി പഞ്ചായത്തിൽ S.B.Tയുടെ ഒരു ബ്രാഞ്ചുംS.B.Iയുടെ ഒരു ബ്രാഞ്ചും, ജില്ലാ സഹകരണബാങ്കിന്റെ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്നു ബാങ്കുകളിലും കൂടി ഉദ്ദേശം 50 കോടിയോളം രൂപാ നിക്ഷേപമുണ്ട്. ഈ വസ്തുത കണക്കിലെടുക്കുമ്പോൾ 118-ാം നമ്പർ സഹകരണബാങ്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി നിക്ഷേപ സമാഹരണയജ്ഞം ഊർജ്ജിതപ്പെടുത്തിയാൽ ഇന്നുള്ള നിക്ഷേപം പതിന്മടങ്ങായി വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഒരു വർഷം ഒരു കോടി എന്ന കണക്കിൽ5 വർഷം കൊണ്ട് നിക്ഷേപം 5 കോടിയായി വർദ്ധിപ്പിക്കാൻ കഴിയും.

7. IRDP ധനസഹായത്തിന് അർഹതയില്ലാത്ത ചെറുകിട, ഇടത്തരം കർഷകർക്ക്, കാലിവളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിക്കുന്നതിന് ആവശ്യമായ ധനസഹായം ഈ ബാങ്ക് നൽകേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ;

a) ഒരു വർഷം 50 അംഗങ്ങൾക്ക് അത്യുല്പാദനശേഷിയുള്ള പശുക്കളെ വാങ്ങുന്നതിന് പശു ഒന്നിന് പതിനായിരം രൂപാ വീതം വായ്പ നൽകുക.

b) ഒരു വർഷം 10 അത്യുല്പാദനശേഷിയുള്ള എരുമകളെ വാങ്ങുന്നതിന് എരുമ ഒന്നിന് ഇരുപതിനായിരം രൂപാ വീതം വായ്പനൽകുക.

c) ആടുകളെ വാങ്ങുന്നതിന് ആടൊന്നിന് ആയിരത്തി അഞ്ഞൂറു രൂപാ വീതം ഒരു വർഷം 50 പേർക്ക് ധനസഹായം നൽകുക.

8. ഒരു വർഷം 10 വെറ്റിലക്കൃഷിത്തോട്ടയുടമകൾക്ക് പതിനായിരം രൂപാ വീതം വായ്പ നൽകുക.

9. ഒരു വർഷം10പച്ചക്കറിക്കൃഷിത്തോട്ടം ഉടമകൾക്ക് പതിനായിരം രൂപാ വീതം വായ്പ നൽകുക.

10. ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവയെ വളർത്തുന്നതിന് ഒരു വർഷം10 കോഴിക്കൃഷിക്കാർക്ക് പതിനായിരം രൂപാ വീതം വായ്പ നൽകുക.

11. വളരെ ആദായകരമായ ഒരു തൊഴിലായ പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വർഷം യൂണിറ്റ് ഒന്നിന് പതിനായിരം രൂപാ വച്ച് 10 യൂണിറ്റിന് വായ്പ നൽകുക.

12. കൈത്തൊഴിലുകാർ, ചെറുകിട ഇടത്തരം വ്യാപാരികൾ, വ്യവസായികൾ എന്നിവർക്ക് ധനസഹായം നൽകുക.

13. കൺസ്യൂമർ ലോണുകൾ കൂടുതൽ ഉദാരമായി നൽകുക.

14. കൃഷിയും കന്നുകാലിവളർത്തലും വിപുലമാകുന്നതോടുകൂടി പഞ്ചായത്തിലെ ക്ഷീരോല്പാദനം പലമടങ്ങു വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. അപ്പോൾ ഇന്നുള്ള മൂന്നു ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ സംഭരണശേഷി മതിയാകാതെ വരുന്നതാണ്. ഈ സ്ഥിതി നേരിടാൻ ഇല്ലത്തുമേപ്പുറം, വര

മ്പൂർ, പാറേചന്ത എന്നിവിടങ്ങളിൽ പുതിയ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

സാധ്യതകൾ

1. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതോടെ118-ാം നമ്പർ സംഘത്തിലും ക്ഷീര സംഘങ്ങളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. കൂടാതെ നൂറുകണക്കിന് ആളുകൾക്ക് പരോക്ഷമായി തൊഴിൽ സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

2. ലിക്വിഡേറ്റ് ചെയ്യപ്പെടുന്ന സഹകരണ സംഘങ്ങളിലെ ജീവനക്കാരെ 118-ാം നമ്പർ സർവ്വീസ് സഹകരണബാങ്കിൽ പുതിയതായി വരുന്ന ഒഴിവുകളിൽ നിയമിച്ച് സംരക്ഷണം നൽകേണ്ടതാണ്.

3. ആലപ്പുഴ ജില്ലയിൽപെട്ട വെണ്മണി പഞ്ചായത്ത് പത്തനംതിട്ടജില്ലയിലെ തിരുവല്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കാർഷികവികസന ബാങ്കിന്റെ പ്രവർത്തനപരിപരിധിയിലാണ്. അതുകൊണ്ട് കൂടുതൽ സൗകര്യാർത്ഥം ചെങ്ങന്നൂർ ആസ്ഥാനമായി ഒരു കാർഷികവികസന ബാങ്ക് ആരംഭിക്കേണ്ടതാണ്.

4. ചെങ്ങന്നൂർ താലൂക്ക് ഹൗസിംഗ് സൊസൈറ്റിയുടെ ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് അർഹരായ മുഴുവൻ അപേക്ഷകർക്കും വായ്പ അനുവദിക്കേണ്ടതും വായ്പാപരിധി വർദ്ധിപ്പിക്കേണ്ടതുമാണ്.


5. സഹകരണ, ക്ഷീരവികസന, കൃഷിവകുപ്പുകൾ പ്രത്യേകതാല്പര്യമെടുത്ത് മേൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പിലാക്കുന്നതായാൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ലാതെ 118-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിച്ച് വെണ്മണി പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാവുന്നതാണ്.

കേന്ദ്രസർക്കാരിന്റെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വകാര്യവൽക്കരണവും, ഉദാരവൽക്കരണവും, ആഗോളവൽക്കരണവും സഹകരണപ്രസ്ഥാനത്തെ ശ്വാസം മുട്ടിക്കുകയാണ്. ഇതിൽനിന്നും ഒരു മോചനം നേടണമെങ്കിൽ സഹകരണരംഗത്തെ രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കുകയും സർക്കാരിനെകൊണ്ട് സഹകരണനിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും വേണം.

സഹകരണസ്ഥാപനങ്ങൾ ധർമ്മസ്ഥാപനങ്ങൾ എന്ന നിലവിട്ട് വാണിജ്യവ്യവസായ സ്ഥാപനങ്ങളായി മാറുകയും സമത്വത്തിന്റെയും സാമൂഹ്യ നീതിയുടെയും സാമ്പത്തികപുരോഗതിയുടെയും മാധ്യമങ്ങളാണ് എന്ന് തെളിയിക്കുകയും ചെയ്യണം.

മാറണം,മാറ്റണം

"ഇന്നത്തെ പ്രവർത്തനശൈലി, മൂലധനശേഷി, വിദഗ്ദ്ധശേഷി, ജീവനക്കാരുടെ കാര്യക്ഷമതയില്ലായ്മ, കാലോചിതമായ പരിശീലനമില്ലായ്മ, മാനേജ്മെന്റിന്റെ അലസത, പരിവർത്തനത്തിനുള്ള വിമുഖത ഇതെല്ലാം പേറി സഹകരണസ്ഥാപനങ്ങൾക്ക് മറ്റ് ഏജൻസികളുമായി മത്സരിച്ച് പ്രവർത്തിക്കണമെങ്കിൽ തങ്ങളുടെ ഘടന, പ്രവർത്തനശൈലി, പ്രവർത്തന പരിധി, ഇടപാടുനടത്തുന്നരീതി, ഇടപാടുകളുടെ വ്യാപ്തി, പര്യാപ്തത എന്നിങ്ങനെ പലകാര്യങ്ങളിലും മാറ്റം വരുത്തിയേ തീരൂ"



പട്ടിക – 1

ബാങ്കുകളിലെ നിക്ഷേപ-വായ്പാ വിവരം

ക്രമ നമ്പർ	ബാങ്കിന്റെ പേര്	വായ്പത്തുക 1995-96	നിക്ഷേപം 1995-96	അനുപാതം നിക്ഷേപം : വായ്പ	ശതമാനം
1	2	3	4	5	6
1	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ, വെണ്മണി	130 ലക്ഷം	1200 ലക്ഷം	10 : 1	10%
2	ആലപ്പുഴ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് വെണ്മണി	34.75 ലക്ഷം	151 ലക്ഷം	30 : 7	23%
3	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വെണ്മണി	സാങ്കേതിക ന്യായങ്ങൾ പറഞ്ഞ്, വിവരങ്ങൾ നൽകാൻ വിസമ്മതിച്ചു.			

5.10

വനിതാക്ഷേമം


ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ, കരിയും പുകയുമേറ്റ് കഴിഞ്ഞിരുന്ന സ്ത്രീ, ഇന്ന് അരങ്ങത്ത് എത്തി ആത്മവിശ്വാസവും അവകാശബോധവുമുള്ളവളായിത്തീർന്നിരിക്കുന്നു.

ആർഷഭാരതത്തിന്റെ സിവിൽകോഡ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന മനുസ്മൃതിയിൽ 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നു രേഖപ്പെടുത്തിയത് അടിമത്ത ചങ്ങലയിൽ അമർന്നു കിടന്ന ഭാരതസ്ത്രീകളുടെ ദുഃരവസ്ഥയെ സൂചിപ്പിക്കുന്നു.

ഒട്ടേറെ അനാചാരങ്ങൾ കൊടികുത്തിവാണിരുന്ന ഫ്യൂഡൽ നാടുവാഴി സാമൂഹ്യവ്യവസ്ഥയിൽ സ്ത്രീകൾക്ക് ഏല്ക്കേണ്ടിവന്നിട്ടുള്ള പീഢനങ്ങൾ വർണ്ണനാതീതമാണ്. ബാല്യവിവാഹം, ബഹുഭാര്യാത്വം, വിധവകളെ ഒറ്റപ്പെടുത്തൽ എന്നിങ്ങനെ പ്രാകൃതവും, ആധുനിക മനുഷ്യനെ സംബന്ധിച്ചിടത്തോളം അവിശ്വസനീയവുമായ അസംബന്ധങ്ങൾക്ക് അടിപ്പെട്ടു കഴിയുകയായിരുന്നു അന്നത്തെ സ്ത്രീ. സ്വന്തം ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പോലും അവകാശം നിഷേധിക്കപ്പെട്ടിരുന്ന അവളെ ഭർത്താവിന്റെ ചിതയിൽ ഹോമിയ്ക്കുന്നതു പോലും അന്നത്തെ ആചാരമായിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തോടെ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിക്കുകയും അതിന്റെ ഗുണഫലങ്ങൾ സ്ത്രീകൾക്ക് അനുഭവവേദ്യമാവുകയും ചെയ്തു. 1827-ൽ പാസ്സാക്കിയ 'സതി' നിരോധന നിയമവും 1856-ലെ വിധവാവിവാഹ നിയമവും 1920 കളിൽ സ്ത്രീകൾക്ക് വോട്ടവകാശം നൽകിക്കൊണ്ടുള്ള നിയമവും നിലവിൽ വന്നത് സ്ത്രീകളുടെ സാമൂഹ്യപുരോഗതിക്ക് അടിത്തറ പാകി.

സ്വാതന്ത്ര്യ സമരപ്രസ്ഥാനം ശക്തി പ്രാപിച്ചതോടെ സ്ത്രീ വിദ്യാഭ്യാസം കൂടുതൽ വ്യാപകമാവുകയും സാമൂഹ്യരംഗത്തേക്ക് സ്ത്രീകൾ കടന്നു വരികയുമുണ്ടായി. നമ്മുടെ പഞ്ചായത്തിലും ഒരു നൂറ്റാണ്ടിനു മുമ്പ് ആദ്യവിദ്യാലയം സ്ഥാപിതമായതോടെ വിജ്ഞാനത്തിന്റേയും സാമൂഹ്യമാറ്റത്തി



ന്റേയും കൈത്തിരിതെളിഞ്ഞു. ഭാരതം സ്വാതന്ത്ര്യം നേടിയ1947 ആഗസ്റ്റ്15ന് പ്രഭാതത്തിൽ, രാജഭരണത്തിന്റെ കർക്കശമായ വിലക്കുകളെ തൃണവൽ ഗണിച്ചുകൊണ്ട് കല്യാത്ര മൈതാനത്ത് പതാക ഉയർത്തിയ ഒരു പറ്റം ദേശാഭിമാനികളുടെ കൂട്ടത്തിൽ ഒരു വനിതയും ഉണ്ടായിരുന്നു എന്നത് ഇന്നും നമ്മെ അഭിമാന പുളകിതരാക്കുന്നു. ദേശാഭിമാന പ്രചോദിതയായി പൊതുരംഗത്ത് പ്രത്യക്ഷപ്പെട്ട ആ വനിത പുത്തൻ പുരയ്ക്കൽ ശ്രീമതി കുഞ്ഞമ്മയായിരുന്നു എന്ന കാര്യം ഒരു പക്ഷേ, പുതിയ തലമുറക്ക് അജ്ഞതമായിരിക്കും. (ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം നേടിയ ഇവർ ഇപ്പോൾ ഡോക്ടറായി സേവനം അനുഷ്ഠിച്ചു വരുന്നു).

പഴയകാലത്തെ സ്ഥിതി എന്തായാലും കഴിഞ്ഞ നാലു ദശാബ്ദക്കാലമായി വെണ്മണിയിൽ വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ കൈവരിച്ച നേട്ടം അസൂയാവഹമാണ്. ഒരു കാർഷിക ഗ്രാമമായ ഈ പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക പുരോഗതിയിൽ ഗണ്യമായ ഒരു പങ്കുവഹിക്കാൻ ഇതുമൂലം സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 1991-ലെ സെൻസസ് പ്രകാരം 10,664 സ്ത്രീകളുണ്ട്. അവരിൽ8,825പേർ (83.6%)സാക്ഷരരാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ വർദ്ധനവും, പന്തളം, മാവേലിക്കര, ചെങ്ങന്നൂർ എന്നീ സമീപ പട്ടണങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പുരുഷന്മാരോടൊപ്പം തന്നെ സ്ത്രീകൾക്കും വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കി. അങ്ങിനെ ഉന്നത വിദ്യാഭ്യാസം നേടി കേരളത്തിലും, മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും ജോലിചെയ്യുന്ന വെണ്മണിക്കാരായ സ്ത്രീകൾ നൂറുകണക്കിന് വരും. ഇത് വരും തലമുറയുടെ ഐശ്വര്യപൂർണ്ണമായ ഭാവിക്ക് അടിത്തറയായി ഭവിക്കുന്നു എന്നത് അഭിമാനകരമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ഇന്നത്തെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം നമ്മുടെ പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ നിരവധി യുവതികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കിയിട്ടുണ്ട്. സേവനമേഖലയിലൊഴികെ മറ്റെങ്ങും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തൃപ്തികരമല്ല. പ്ലാസ്റ്റിക്, പോളിത്തീൻ ഉല്പന്നങ്ങളുടെ മലവെള്ളപ്പാച്ചിലിൽ അകപ്പെട്ട് പരമ്പരാഗത തൊഴിലുകൾ പലതും ഒഴുകിപ്പോയിരിക്കുന്നു. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും തൊഴിലില്ലായ്മയുടെ ഒരു കാരണമാണ്. പായ്, പനമ്പ്, കുട്ട, വട്ടി എന്നിവ നെയ്തു വില്പന നടത്തിയിരുന്നവർ തൊഴിൽ രഹിതരായി.

തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം ഇവിടേയും അംഗീകരിക്കപ്പെട്ടിട്ടില്ല; കൂലിയിൽ വലിയ അന്തരം നിലനില്ക്കുന്നു.

സ്ത്രീകളുടെ തൊഴിലില്ലായ്മയെപ്പറ്റി പറയുമ്പോൾ തന്നെ മിക്കവാറും സ്ത്രീകൾ സ്വന്തം വീടുകളിൽ രാപകൽ അദ്ധ്വാനിക്കുകയാണെന്ന വസ്തുത വിസ്മരിച്ചുകൂടാ. ഈ അദ്ധ്വാനത്തിന്റെ മൂല്യം കണക്കാക്കുന്നില്ല എന്നു മാത്രമല്ല, അതൊരു തൊഴിലായി സമൂഹം പരിഗണിക്കുന്നുമില്ല. പാചകം ചെയ്യുക, കുട്ടികളെ പരിചരിക്കുക, ആടുമാടുകളെ നോക്കുക, വിറകുശേഖരിക്കുക, തുണി അലക്കുക എന്നിങ്ങനെ ഒരു നൂറു കൂട്ടം പണികളിൽ ഏർപ്പെട്ട്, വിശ്രമത്തിനും വിനോദത്തിനും സമയം ലഭിക്കാതെ പുറം ലോകം നഷ്ടപ്പെട്ട ജീവിതമാണ് കൂടുതൽ സ്ത്രീകളും നയിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യസംരക്ഷണ പരിപാടികൾ നല്ലൊരു പരിധിവരെ വിജയകരമാണ്. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധ ചികിത്സ കിട്ടുന്നുണ്ട്. എന്നാൽ ഈ പഞ്ചായ

ത്തിൽ അംഗനവാടികൾ ഒന്നും തന്നെയില്ലാത്തതിനാൽ അവിടെ നിന്നും കിട്ടേണ്ട അനുപൂരക പോഷകാഹാരം കിട്ടാതെ പോകുന്നു എന്നത് ഒരു വലിയ നഷ്ടം തന്നെയാണ്.

കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വമേധയാ സ്വീകരിക്കുന്നതിൽ വളരെ മുൻപന്തിയിലാണ് ഇവിടുത്തെ സ്ത്രീകൾ. പ്രായാടിസ്ഥാനത്തിൽ ദമ്പതികളെ സംബന്ധിച്ച വിവരങ്ങൾ (പട്ടിക – 1) സൂചിപ്പിക്കുന്നത് 20 വയസ്സിൽ താഴെ പ്രായമുള്ള വിവാഹിതകളുടെ എണ്ണം വളരെ കുറവാണ്.

പട്ടിക – 1

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ
(സ്ത്രീകളുടെ പ്രായക്രമം)

വയസ്സ്	ദമ്പതികളുടെ എണ്ണം
15 - 9	15
20 - 24	260
25 - 29	560
30 - 34	577
35 - 39	491
40 - 44	183


ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ അമ്മമാരെ സംബന്ധിച്ച വിവരങ്ങൾ

അമ്മമാരുടെ എണ്ണം	കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ എണ്ണം
1 കുട്ടി - 612	1 കുട്ടി - 419
2 കുട്ടികൾ - 939	2 കുട്ടികൾ - 886
2ൽ കൂടുതൽ കുട്ടികൾ - 428	2ൽ കൂടുകൽ കുട്ടികൾ - 382

വനിതാ വ്യവസായ യൂണിറ്റുകളും സ്വയം തൊഴിൽ സംരംഭങ്ങളും പഞ്ചായത്തിൽ വളരെ കുറവാണ്. കൂടുതൽ സ്ത്രീകളെ ഈ രംഗത്തേക്ക് കൊണ്ടുവരുവാനുള്ള ബോധവൽക്കരണവും സാങ്കേതിക പരിശീലനം നല്കുവാനുള്ള ക്രമീകരണവും പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്.

സാമൂഹ്യ –സാംസ്കാരിക – രാഷ്ട്രീയ രംഗങ്ങളിൽ പുരുഷന്മാരോടൊപ്പം നിന്ന് പ്രവർത്തിക്കുവാൻ തയ്യാറുള്ള സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകാലത്ത് വനിതാ സ്ഥാനാർത്ഥികളെ കണ്ടുപിടിയ്ക്കുവാൻ നേരിടുന്ന ബുദ്ധിമുട്ട് ഇതിനൊരു തെളിവാണ്. സ്വമേധയാ മുന്നോട്ടു വരുന്ന ചില ഒറ്റപ്പെട്ട ഉദാഹരണങ്ങൾ ഒഴിച്ചാൽ സമ്മർദ്ദത്തിന് വിധേയരായി രംഗത്തു വരുന്നവരാണധികവും. രാഷ്ട്രീയ കക്ഷികളുടെ വനിതാ വിഭാഗങ്ങളുടെ പ്രവർത്തനം വളരെ കുറവാണ്. ജാതി–മതാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ള മഹിളാസമാജങ്ങളുടെയും പ്രവർത്തനം ചുരുങ്ങിയ വൃത്തങ്ങളിൽ ഒതുങ്ങിനില്ക്കുന്നു. 10 അംഗങ്ങളുള്ള വെണ്മണി ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് ഉൾപ്പെടെ 4 വനിതാ അംഗങ്ങളുണ്ട്.

സ്ത്രീകൾ ഉണർന്നു പ്രവർത്തിച്ചാൽ സാമൂഹ്യ തിന്മകൾക്കെതിരെ ഫലപ്രദമായി പ്രതികരിക്കുവാൻ കഴിയും എന്നതിന് നിരവധി ഉദാഹരണങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 7, 2, 3 എന്നീ വാർഡുകളിൽ മദ്യ വിപത്തിനെതിരേ ദിവസങ്ങളോളം നീണ്ടു നിന്ന സമരങ്ങളിൽ സ്ത്രീകൾ വഹിച്ച സജീവമായ പങ്ക് എടുത്തുപറയേണ്ടതാണ്.



പഞ്ചായത്തിവെ വാർഡ് അടിസ്ഥാനത്തിലുള്ള സ്ത്രീകളുടെ എണ്ണം (1991ലെ സെൻസസ്)

വാർഡ് നമ്പർ	സ്ത്രീകളുടെ എണ്ണം	പട്ടികജാതി സ്ത്രീകളുടെ എണ്ണം	സാക്ഷരരുടെ എണ്ണം
1	905	54	740
2	868	125	724
3	882	187	703
4	906	329	752
5	1140	232	760
6	1077	68	930
7	1372	379	1146
8	1147	107	987
9	1256	225	1015
10	1111	183	868
ആകെ	10664	1889	8825

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
2. വിവിധ തൊഴിൽ മേഖലകളിൽ വേണ്ടത്ര പ്രാതിനിധ്യവും അവസരവും ലഭിക്കുന്നില്ല.
3. തൊഴിലിനാവശ്യമായ സാങ്കേതിക വിജ്ഞാനം ഉൾപ്പെടെയുള്ള പരിശീലനം ലഭിക്കുന്നില്ല.
4. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.
5. ഭാഗികമായി നടപ്പാക്കിയ മദ്യനിരോധനം പോലും പ്രാവർത്തികമാക്കാൻ കഴിയാത്തതുകൊണ്ട് സ്ത്രീകൾ കൂടുതൽ ദുരിതം അനുഭവിക്കേണ്ടി വരുന്നു.
6. വിവിധ തരത്തിലുള്ള സ്ഥാപനങ്ങളിലും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം കുറവാണ്.
7. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം കുറവാണ്.
8. സ്ഥിരം ജോലിയുള്ള സ്ത്രീകൾക്ക് ഇന്ന് അനുവദിച്ചിരിക്കുന്ന പ്രസവകാലാവധി അമ്മയുടേയും കുഞ്ഞിന്റേയും ആരോഗ്യസംരക്ഷണത്തിന് അപര്യാപ്തമാണ്.
9. ജനസംഖ്യാനുപാതികമായി എല്ലാ മേഖലകളിലും സ്ത്രീകൾക്ക് പ്രാതിനിധ്യം ലഭിക്കുന്നില്ല.
10. സ്ത്രീകൾക്ക് മാത്രമായുള്ള സാംസ്കാരിക പ്രവർത്തനം പഞ്ചായത്തിലില്ല.
11. ഉപഭോക്തൃ സംസ്കാരത്തിന്റെ കടന്നാക്രമണത്തിൽ സ്ത്രീത്വം അപമാനിക്കപ്പെടുന്നു.
12. മാധ്യമങ്ങളിൽ (ഇലക്ട്രോണിക് മാധ്യമങ്ങളിൽ പ്രത്യേകിച്ചും) സ്ത്രീകളെ പരസ്യത്തിനു വേണ്ടി വികലമായി പ്രദർശിപ്പിക്കുന്നു.
13. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ തോതിൽ ധന സഹായം ലഭിക്കുന്നില്ല. വെണ്മണിS.B.Tബ്രാഞ്ച് ഇക്കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

14. സർക്കാർ തലത്തിലുള്ള സഹായങ്ങൾ ഏതൊക്കെ ഏജൻസികളിൽ നിന്ന് ലഭ്യമാകും എന്നതിനെപ്പറ്റി സ്ത്രീകൾ വേണ്ടത്ര ബോധവതികളല്ല.

15. അന്ധവിശ്വാസങ്ങൾ താരതമ്യേന സ്ത്രീകൾക്ക് കൂടുതലാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന സംരംഭങ്ങൾ ആരംഭിക്കണം.

2. വനിതാ വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങണം. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുന്ന പരിശീലന പരിപാടി നടപ്പിലാക്കണം. സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും നേതൃത്വപരമായ പങ്ക് വഹിക്കുവാൻ അവരെ പ്രാപ്തരാക്കുന്നതിന് ഔദ്യോഗിക പദവികൾ പങ്കുവയ്ക്കുകയും വേണം.

3. എല്ലാവിധ മദ്യവും പൂർണ്ണമായും നിരോധിക്കുകയും ഫലപ്രദമായി നടപ്പാക്കുകയും വേണം. ആവശ്യമായ ബോധവൽക്കരണം നടത്തണം.

4. വനിതകൾക്ക് നിയമ സംരക്ഷണം ലഭിക്കുന്നതിനുള്ള ബോധവൽക്കരണം നൽകണം. സ്ത്രീ പീഢനങ്ങൾക്കെതിരേ പ്രതിരോധം സംഘടിപ്പിക്കേണ്ടത് പുരുഷന്മാരുടെ കൂടി ചുമതലയാണ്.

5. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

6. പ്രസവാവധി ആറുമാസമായി വർദ്ധിപ്പിക്കേണ്ടതാണ്.

7. ജനസംഖ്യാനുപാതികമായി എല്ലാ മേഖലകളിലും സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നൽകേണ്ടതാണ്.

8. വനിതകൾക്കായി സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുക.

9. പുന്തല, പാറേച്ചന്ത, ഇല്ലത്തുമേപ്പുറം, മുളമുക്ക് എന്നിവിടങ്ങളിൽ ഓരോ ക്രഷേ സ്ഥാപിക്കുക.


10. അശ്ലീല പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നത് നിയമം മൂലം നിരോധിക്കണം.

11. സ്ത്രീകളെ ഉപഭോഗവസ്തുക്കളുടെ പരസ്യ പ്രചാരണത്തിന് ഉപകരണങ്ങളായി മാധ്യമങ്ങളിൽ വികൃതമായി അവതരിപ്പിക്കുന്നത് നിയമം മൂലം തടയേണ്ടതാണ്.

12. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്കും വനിതാ വ്യവസായ യൂണിറ്റുകൾക്കും വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുക. വായ്പക്കായി നീക്കി വയ്ക്കുന്ന തുക ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും അതിൽ തന്നെ സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾക്ക് 30% നീക്കി വയ്ക്കുകയും വേണം. സ്ത്രീ അപേക്ഷകരില്ലാതെ വന്നാൽ ആ തുകകൂടി പൊതു വായ്പയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്.

13. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കണം.

❑



5.11

സംസ്കാരം

സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ലാ മനുഷ്യരുടെ വിശ്വാസങ്ങളും മൂല്യബോധവും ആചാരാനാചാരങ്ങളും എല്ലാം അതിൽപ്പെടും. സമൂഹത്തെ പരസ്പരം ബന്ധിപ്പിച്ചു നിർത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണ്. എന്നും മനുഷ്യസമൂഹത്തിന്റെ ഘടനയ്ക്ക് പ്രേരകമായും പോഷണമായും വർത്തിച്ചിരുന്നത് സംസ്കാരമാണ്. മതത്തിന്റെയും മാനവികതയുടേയും ധർമ്മദീക്ഷയുടേയും ഒക്കെ പേരിൽ മനുഷ്യരുടെ മനസ്സിൽ മാറ്റം വരുത്തി സാംസ്കാരികപരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേക്കും മേന്മയിലേക്കും നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാന നായകർ ശ്രമിച്ചുപോന്നിട്ടുള്ളത്. ജാതിമത ഭിന്നതകളും ഭാഷാ ഭേദങ്ങളും വർഗ്ഗ വിഭജനവുമെല്ലാം വിവിധ സാംസ്കാരിക ധാരകൾക്ക് ജന്മം നൽകുന്നു. ഇവയെ വിശദീകരിച്ചും വിശകലനം ചെയ്തും പഠിച്ച് കാലോചിതമായി ത്യാജ്യഗ്രാഹ്യവിവേചനത്തോടെ നന്മയ്ക്കും മേന്മയ്ക്കുമായി തെരഞ്ഞെടുക്കുകയും അവയെ ഉയർത്തിപ്പിടിക്കുകയുമാണ് നമ്മുടെ കർത്തവ്യം.

കേരളം പരശുരാമസൃഷ്ടിയാണെന്നും തുളുനാട്ടിലും കേരളത്തിലുമായി അറുപത്തിനാലു ഗ്രാമങ്ങൾ അദ്ദേഹം ബ്രാഹ്മണർക്കായി ദാനം ചെയ്തുവെന്നുമാണ് ഐതീഹ്യം. അവയിലൊന്നാണ് വെണ്മണിയെന്നും, ഗ്രാമപരദേവത വിഷ്ണുവാണെന്നും, പുരാതനമായ ഒരു വിഷ്ണുക്ഷേത്രം ഇവിടെ ഉണ്ടായിരുന്നുവെന്നും (ഇത് കല്യാത്രയ്ക്കു തെക്കുവശമുള്ള തൃക്കണ്ണാപുരം ക്ഷേത്രമാണെന്ന് വിശ്വസിക്കപ്പെടുന്നു) 'കേരളോൽപ്പത്തി' തുടങ്ങിയ ഗ്രന്ഥങ്ങളിൽ കാണുന്നു. അതെന്തൊക്കെയായാലും കേരളത്തിലെ ഏറ്റവും പഴക്കമുള്ള ഗ്രാമങ്ങളിൽ ഒന്നാണ് വെണ്മണി എന്നതിൽ സംശയമില്ല. സാംസ്കാരികമായും സാമൂഹ്യമായും ഉയർന്ന ജീവിത നിലവാരം പുലർത്തുന്ന ഒരു ജനവിഭാഗമാണ് എക്കാലവും ഇന്നാട്ടിലുണ്ടായിരുന്നത്.

വളരെ സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം വെണ്മണിക്കുണ്ട്. മദ്ധ്യ തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ജാതിമതഭേദമെന്യേ വളരെയധികം ജനങ്ങളെ ആകർഷിക്കുന്ന ശാർങ്ങക്കാവിലെ മേട വിഷു മഹോത്സവം വളരെ പ്രസിദ്ധമാണ്. അപൂർവ്വമായി കാണുന്ന വേലത്തേരും പൗരാണിക ആയോധന മുറകളെ അനുസ്മരിപ്പിക്കുന്ന

വേലകളിയും ഇവിടുത്തെമാത്രം പ്രത്യേകതയാണ്. കൂടാതെ കുതിര, കാള, ആന, ഭീമൻ, അർജ്ജുനൻ, പാഞ്ചാലി തുടങ്ങിയ വൈവിദ്ധ്യമാർന്ന കെട്ടുകാഴ്ചകളും ഗരുഡൻ പറക്കലും ഈ ഉത്സവമേളയ്ക്ക് കൊഴുപ്പുകൂട്ടുന്നു. നാനാജാതി മത വിഭാഗങ്ങളിൽപ്പെട്ട ആബാലവൃദ്ധം ജനങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായ ഈ ഉത്സവം ഇന്നാട്ടിലെ മതസൗഹാർദ്ദത്തിന്റെ മഹത്തായ പ്രതീകമാണ്. ഉത്സവത്തോടനുബന്ധിച്ച് രണ്ടു ദിവസം നീണ്ടുനില്ക്കുന്ന വ്യാപാരമേളയിൽ കാർഷികോല്പന്നങ്ങൾ ഗൃഹോപകരണങ്ങൾ തുടങ്ങി എല്ലാവിധ വസ്തുക്കളുടേയും ക്രയവിക്രയം നടക്കുന്നു.

വിവിധ ക്രൈസ്തവസഭകളുടേയും വൈ.എം.സി.എ.യുടേയും സംയുക്ത ആഭിമുഖ്യത്തിൽ വർഷങ്ങളായി നടത്തിവരുന്ന ക്രിസ്തുമസ്സ്റാലിയും കരോളും വെണ്മണിയിലെ സാംസ്കാരിക രംഗത്തെ സമ്പന്നമാക്കുന്ന മറ്റൊരു ആഘോഷപരിപാടിയാണ്. നിശ്ചലദൃശ്യങ്ങളും ദീപാലങ്കാരങ്ങളും ചേർന്ന് ആകർഷകമാകുന്ന ഈ റാലിയിലും കരോളിലും ഇതരമത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ കാണിക്കുന്ന താല്പര്യവും സഹകരണവും ഇവിടെ നിലനില്ക്കുന്ന മതസൗഹാർദ്ദത്തിന് മകുടോദാഹരണമാണ്.

അച്ചൻകോവിലാറിന്റെ തീരത്തു സ്ഥിതിചെയ്യുന്ന ശാർങ്ങക്കാവ് ദേവീക്ഷേത്രം കൂടാതെ ചെറുതും വലുതുമായ അനേകം ആരാധനാലയങ്ങൾ വെണ്മണിയിലുണ്ട്. കല്യാത്ര ദേവീക്ഷേത്രം വെണ്മണിമഹാദേവർ ക്ഷേത്രം, പിള്ളർകാട് ശ്രീകൃഷ്ണക്ഷേത്രം, തിരുമല ശിവക്ഷേത്രം, ശബരിമാംമൂട് ദേവീക്ഷേത്രം (താഴത്തമ്പലം) കുതിരവട്ടം ശ്രീധർമ്മശാസ്താക്ഷേത്രം, വെട്ടിക്കാട്ടേത്ത് ദേവീക്ഷേത്രം, ഐനംകണ്ടത്തിൽ ദേവീക്ഷേത്രം, പുന്തല ഏറം ദേവീക്ഷേത്രം (അമ്പലവട്ടം) എന്നിവ എടുത്തുപറയാവുന്നവയാണ്.

നിരവധി ക്രൈസ്തവ ദേവാലയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വെണ്മണി ഓർത്തഡോക്സ് (യാക്കോബായ) പള്ളിയും വെണ്മണി സെഹിയോൻ മാർത്തോമ്മ പള്ളിയും ഏറെ പഴക്കമുള്ളവയാണ്.


കക്കടയിലും താഴത്തമ്പലത്തിലുമായി രണ്ടു മുസ്ലീം ദേവാലയങ്ങൾ ഉണ്ട്.

കലാസാഹിത്യമണ്ഡലങ്ങളിൽ അഭിമാനകരമായ സംഭാവന നൽകാൻ വെണ്മണിക്ക് കഴിഞ്ഞിട്ടുണ്ട്. വിക്ടർയൂഗോയുടെ 'ദി ഹഞ്ച്ബാക്ക് ഓഫ് നോത്രദാം' എന്ന കൃതി 'നോത്രദാമിലെ കൂനൻ' എന്ന പേരിൽ പരിഭാഷപ്പെടുത്തിയ വെണ്മണി ശങ്കരവാര്യർ, 'രാജകുമാരി' എന്ന നോവലിന്റെ കർത്താവായ ശ്രീ. എൻ.എം. ദാനിയേൽ നാടാവള്ളിൽ, പ്രസിദ്ധ കഥകളി സാഹിത്യകാരനും, കവിയും സാമൂഹ്യപ്രവർത്തകനുമായിരുന്ന പുന്തല പാതാനി ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി എന്നിവർ സാഹിത്യചരിത്രത്തിൽ സ്ഥാനം പിടിച്ചവരാണ്.

ഹരികഥാകഥനത്തിലൂടെ മലയാളക്കരയാകെ ഭക്തിരസസാന്ദ്രമാക്കിയ ശ്രീകൃഷ്ണപുരം രാഘവൻപിള്ള നിത്യസ്മരണീയനാണ്.

അയത്ന ലളിതമായ സംഗീതനാദധാര കൊണ്ട് കലാപ്രേമികളുടെ മനം കവർന്ന ശ്രീ വെണ്മണി കുഞ്ഞുകുഞ്ഞു ഭാഗവതരും അദ്ദേഹത്തിന്റെ മകനും ഇൻഡ്യൻ രാഷ്ട്രപതിയിൽ നിന്നും പുരസ്കാരം നേടിയ പ്രസിദ്ധ ഹാർമോണിസ്റ്റമായ ശ്രീ വെണ്മണി വിജയകുമാറും മദ്ധ്യതിരുവിതാംകൂറിലെങ്ങും സംഗീതസദസ്സുകളിലൂടെ താൻ നേടിയ പ്രശസ്തിക്ക് മാറ്റു കൂട്ടുമാറ് സംഗീത അഭ്യസനം തപസ്യയാക്കിമാറ്റിയ ശ്രീ വെണ്മണി സുകുമാരനും ഈ നാടിന്റെ രാഗബോധത്തിന്റെ പ്രതീകങ്ങളാണ്.

കലാകായിക സംസ്കാരിക പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്ന നിരവധി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ ഈ പഞ്ചായത്തിലുണ്ട്. പക്ഷേ ഈ സംഘടനകൾക്ക് വേ



ണ്ടത്ര പ്രോത്സാഹനം എങ്ങുനിന്നും ലഭിക്കുന്നില്ല. ഇത്തരം ഒട്ടേറെ ക്ലബ്ബുകൾ ഉദയംചെയ്യുകയും താമസിയാതെ അസ്തമിക്കുകയും ചെയ്യാറുണ്ട്. സർക്കാരിൽ നിന്നും പഞ്ചായത്തിൽ നിന്നും പൊതുജനങ്ങളിൽ നിന്നും നിർലോഭമായ സഹായസഹകരണങ്ങൾ ലഭിച്ചെങ്കിൽ മാത്രമേ ഇത്തരം പ്രസ്ഥാനങ്ങൾക്ക് നിലനില്ക്കാനാവൂ.

വെണ്മണിയിൽ പ്രവർത്തിക്കുന്ന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ:-

1.	ദീപാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കല്യാത്ര
2.	ഐക്യവേദി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പടിഞ്ഞാറെതുരുത്തി
3.	ഐശ്വര്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വെണ്മണി
4.	സമത ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വെണ്മണി
5.	കോസ്മോസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വെണ്മണി
6.	തനിമ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, താഴത്തമ്പലം
7.	തരംഗിണി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, താഴത്തമ്പലം
8.	കലാലയാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വെണ്മണി
9.	വിവേകാനന്ദോദയം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പുന്തലത്താഴം
10.	യംഗ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പുന്തല
11.	പാസ്ഫാം ക്ലബ്ബ്, പുന്തല
12.	യുവജനവേദി, പുന്തല
13.	പ്രണവം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വെണ്മണി
14.	വീനസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വെണ്മണി
15.	തുഷാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പുന്തല
16.	യുവതരംഗം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വരമ്പൂര്

എൻ.എസ്സ്.എസ്സ്., എസ്.എൻ.ഡി.പി., അഖിലകേരള വിശ്വകർമ്മ മഹാസഭ, കേരള പുലയർ മഹാസഭ, വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി, കേരള സാംബവ മഹാസഭ, കേരള വീരശൈവ മഹാസഭ, കേരള സിദ്ധനർ മഹാസഭ, കേരള തണ്ടാർ മഹാസഭ, മുസ്ലീം ജമായത്ത് തുടങ്ങിയ സമുദായ സംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.



മിക്കവാറും എല്ലാ പ്രധാന രാഷ്ട്രീയ കക്ഷികളുടേയും ഘടകങ്ങൾ വെണ്മണിയിൽ പ്രവർത്തിക്കുന്നുണ്ട്.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്), കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ, കേരളകോൺഗ്രസ്സ് (ജെ), കേരളകോൺഗ്രസ്സ് (എം), കേരളാകോൺഗ്രസ്സ് (ജേക്കബ്), കേരളാകോൺഗ്രസ്സ് (ബി), ജനതാദൾ, ഭാരതീയ ജനതാപാർട്ടി, ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്, നാഷനൽ ഡെമോക്രാറ്റിക് പാർട്ടി എന്നീ രാഷ്ട്രീയ പാർട്ടികളും ഡി.വൈ.എഫ്., ഭാരതീയ യുവമോർച്ച, യൂത്ത്ഫ്രണ്ട് എന്നീ യുവജനസംഘടനകളും പ്രവർത്തിച്ചുവരുന്നു.

പ്രശ്നങ്ങൾ, പരിഹാരങ്ങൾ

1. വായനശാലകൾ എല്ലാ വാർഡുകളിലും അത്യാവശ്യമാണ്. അവ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കണം. എല്ലാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബുകളോടും അനുബന്ധിച്ച് വായനശാലകളും ഗ്രന്ഥശാലകളും രൂപീകരിക്കുന്നതിനും, ഗ്രന്ഥശാലകളോടനുബന്ധിച്ച് ആർട്ട്സ് ക്ലബും ബാലവേദികളും മറ്റും രൂപീകരിക്കുന്നതിനും പ്രോത്സാഹനം നല്കണം. ആനുകാലിക പ്രസിദ്ധീകരണങ്ങൾ പൊതുജനങ്ങളിൽ നിന്നും സംഭാവനയായി സ്വീകരിക്കാവുന്നതാണ്.

2. പഞ്ചായത്തിലെ എല്ലാ കലാ-കായിക-സാംസ്കാരിക സമിതികളും ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. വാർഡു മെമ്പർ ചെയർമാനായും വാർഡിലെ സാംസ്കാരിക സംഘടനാ പ്രതിനിധികൾ അംഗങ്ങളായും വാർഡുതല സാംസ്കാരിക വേദി രൂപീകരിക്കണം. ഈ വേദിയുടെ ആഭിമുഖ്യത്തിൽ വാർഡിലെ ഓരോ വർഷത്തേയും സാംസ്കാരിക പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.


3. കലാസമിതികളുടേയും ലൈബ്രറികളുടേയും പഞ്ചായത്തുതല കേന്ദ്ര സാംസ്കാരിക സമിതി രൂപീകരിക്കണം. രണ്ടു പ്രതിനിധികൾ വീതമടങ്ങുന്ന പൊതുസമിതിയും തിരഞ്ഞെടുത്ത നിർവ്വാഹക സമിതിയും ഉണ്ടാകുന്നതു നന്ന്. ഈ കേന്ദ്രസമിതി, ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഏറ്റവും നല്ല സംഘടനയ്ക്കും ലൈബ്രറിയ്ക്കും ഓരോ വർഷവും അവാർഡ് നൽകണം.

4. നാടൻകലകളെക്കുറിച്ചും കലാരൂപങ്ങളെക്കുറിച്ചും പഠന ശിബിരം, പ്രദർശനം, ഇവ ആർട്സ് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ വേണ്ട പ്രോത്സാഹനം നൽകണം. നാടൻകലകളിൽ പരിശീലനം നേടുവാൻ ആവശ്യമായ കളരികൾ നടത്തണം. മദ്ധ്യവേനലവധിക്കാലത്ത് കലാ-സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിന് അവസരം ഒരുക്കണം.

5. എല്ലാ വർഡുകളിലും അംഗനവാടികൾ ആവശ്യമാണ്. അംഗനവാടികളോടനുബന്ധിച്ച് നൃത്ത സംഗീത വിദ്യാലയങ്ങൾ നടത്തുവാൻ മുൻകൈ എടുക്കണം.

6. സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുകയും, അക്ഷരസംഘങ്ങളും ജനവിദ്യാകേന്ദ്രങ്ങളും സജീവമാക്കുകയും വേണം. ജനവിദ്യാകേന്ദ്രങ്ങൾ വായനശാലകളാക്കി മാറ്റണം.

7. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും പുസ്തക വിതരണം നടത്തുന്നതിന് സഞ്ചരിക്കുന്ന ലൈബ്രറിയൂണിറ്റുകൾ ഉണ്ടാക്കണം. വനിതകളുടെയും കുട്ടികളുടേയും വായനാശീലം വളർത്തുന്ന



തിന് വീടുകളിൽ പുസ്തകമെത്തിക്കുന്ന ഗ്രമീണപുസ്തക വിതരണ പദ്ധതി നടപ്പാക്കണം.

8. പൊതുജനങ്ങൾ അറിയേണ്ട എല്ലാ വിവരങ്ങളും നൽകുന്ന ഒരു ഇൻഫർമേഷൻ സെന്റർ പഞ്ചായത്ത് ലൈബ്രറിയോടനുബന്ധിച്ച് പ്രവർത്തിക്കണം. താല്പര്യമുള്ള യുവജനങ്ങളുടെ സൗജന്യസേവനം ഈ കേന്ദ്രത്തിൽ പ്രയോജനപ്പെടുത്തണം.

9. സ്കൂൾ ലൈബ്രറിസംവിധാനം ഫലപ്രദമാക്കുകയും നിർബന്ധമായും ഒരു വായനശാല (Reading Room) സ്കൂളിൽ പ്രവർത്തിപ്പിക്കുകയും വേണം. ഓരോ ക്ലാസ്സിനും ആഴ്ചയിൽ ഒരു പിരീഡെങ്കിലും വായനശാലയിൽ വിനിയോഗിക്കാൻ നീക്കിവയ്ക്കണം. രാവിലെ10ന് മുൻപും വൈകിട്ട് നാലിനു ശേഷവും ഓരോ മണിക്കൂർ സ്കൂൾ വായനശാല പ്രവർത്തിക്കുവാൻ സംവിധാനം ഉണ്ടാക്കണം.

10. പഞ്ചായത്ത് കേന്ദ്ര കലാസമിതി, ഓണാഘോഷം, കേരളോത്സവം എന്നിവ ഏറ്റെടുത്ത് ജനപങ്കാളിത്തത്തോടെ നടത്തുകയും പഞ്ചായത്തുതലത്തിൽ കലാ–കായിക–സാഹിത്യ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുകയും വേണം.

11. കലാ–സാംസ്കാരിക സമ്മേളനങ്ങൾ, ചെറിയയോഗങ്ങൾ എന്നിവ നടത്തുന്നതിന് ഒരു സാംസ്കാരിക കേന്ദ്രവും അതോടനുബന്ധിച്ച് ഒരു ഹാളും എല്ലാ വാർഡിലും ഉണ്ടാകണം. ലൈബ്രറിഹാളുകൾ, സ്കൂൾഹാളുകൾ എന്നിവ ഉള്ളിടങ്ങളിൽ അവ മതിയാകും. സ്ഥലമുള്ള സംഘടനകൾക്ക് ഹാൾ നിർമ്മിക്കുന്നതിനു വേണ്ട പ്രോത്സാഹനം നൽകണം.

12. എല്ലാ വാർഡുകളിലും ഓരോ ടി.വി സെറ്റ് സ്ഥാപിക്കണം. അവ പ്രവർത്തിപ്പിക്കുന്നതിനുള്ള ചുമതലയും അവയുടെ സംരക്ഷണവും വാർഡുതല സാംസ്കാരിക വേദിയെ ഏല്പിക്കണം.

13. പഞ്ചായത്തു തലത്തിൽ ഒരു നാടക സംഘം, ഗാനമേള ട്രൂപ്പ്, മിനി തീയേറ്റർ, ഫിലിം സൊസൈറ്റി എന്നിവയ്ക്കരൂപം നല്കേണ്ടതാണ്.

14. സർക്കാരിന്റെ വിവിധ വകുപ്പുകളുടേയും കേരള ശാസ്ത്ര സാഹിത്യപരിഷത്ത് തുടങ്ങിയ സംഘടനകളുടേയും സഹകരണത്തോടെ എല്ലാ വാർഡിലും പ്രതിമാസ പഠനക്ലാസ്സുകൾ, ശാസ്ത്രക്ലാസ്സുകൾ, വിജ്ഞാനപ്രദമായ വീഡിയോ പ്രദർശനം എന്നിവ നടത്തണം.

15. കൈയ്യെഴുത്തു മാസികകൾക്ക് പ്രോത്സാഹനം കൊടുക്കുകയും ഏറ്റവും നല്ല കൈയ്യെഴുത്തു മാസികയ്ക്ക് അവാർഡ് നൽകുകയും, ഒരു സാഹിത്യ പ്രസിദ്ധീകരണം ആരംഭിക്കുകയും വേണം.

16. കല്യാത്ര ജംഗ്ഷനിൽ ഒരു ഓപ്പൺ എയർതീയേറ്റർ ഉണ്ടാക്കണം.

17. കല്യാത്ര ജെ.ബി. സ്കൂളിന്റെ ഒരു ഹാൾ യോഗങ്ങളും കലാപരിപാടികളും മറ്റും നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങളോടെ പുനഃസംവിധാനം ചെയ്യണം.

ഇത്തരത്തിൽ ആസൂത്രിതമായും ജനപങ്കാളിത്തം ഉറപ്പു വരുത്തിയുമുള്ള പ്രവർത്തനം നടത്തിയാൽ വെണ്മണി ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക മണ്ഡലത്തെ സജീവമാക്കുവാൻ നമുക്കുകഴിയും. ജനങ്ങളെ സാംസ്കാരിക ബോധമുള്ളവരാക്കുന്നതിലൂടെ മാത്രമേ 'അധികാരം ജനങ്ങളിലേക്ക്' എന്ന ആശയം സാർത്ഥകമാകൂ. ❑

പട്ടിക – 1

ഗ്രന്ഥശാലകളെപ്പറ്റിയുള്ള വിവരം

ക്രമ നമ്പർ	പേര്	ഗ്രേഡ്	സ്ഥാപിതം	അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	സ്വന്തമായി കെട്ടിടമുണ്ടോ?	റേഡിയോ ടി.വി ഉണ്ടോ?	ശരാശരി പ്രതിമാസ വിതരണം	പത്രമുൾപ്പടെ ആനുകാലികങ്ങളുടെ എണ്ണം
1	2	3	4	5	6	7	8	9	10
1	വെണ്മണി ഗ്രാമപഞ്ചായത്തു ഗ്രന്ഥശാല	B	1946		7500	ഉണ്ട്	ഇല്ല	1000	17
2	വിജ്ഞാനോദയം ഗ്രന്ഥശാല, പുന്തല	B	1946	578	6722	ഉണ്ട്	ഉണ്ട്		16
3	ഗ്രാമോദ്ധാരണ ഗ്രന്ഥശാല ഗ്രന്ഥശാല കോടുകുളഞ്ഞികരോട്	C	1971	560	3127	സ്ഥലമുണ്ട് കെട്ടിടം പണി ആരംഭിച്ചു	ഉണ്ട്	450	8

5.12

വിഭവസമാഹരണം

ഒരു ഗ്രാമത്തിന്റെ വികസനത്തിന് അടിസ്ഥാന ഘടകങ്ങളായി വർത്തിക്കുന്നത് അവിടുത്തെ സ്ഥല ജലവിഭവങ്ങളും മനുഷ്യാദ്ധ്വാനവുമാണ്. സാമ്പത്തിക പുരോഗതി തൊഴിലിനേയും സാമൂഹ്യപുരോഗതി വിദ്യാഭ്യാസത്തേയും അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്. പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ് ഇവിടുത്തെ ഭൂരിഭാഗം ജനങ്ങളും സമ്പൽ സമൃദ്ധവും സ്വയം പര്യാപ്തവുമായ ഒരു ഗ്രാമം കെട്ടിപ്പടുക്കുക എന്നുള്ള ശ്രമകരമായ ജോലി ഫലപ്രാപ്തിയിലെത്തണമെങ്കിൽ ഭൗതിക സാഹചര്യങ്ങൾ അനുകൂലമാകണം. ആ ാവശ്യങ്ങൾ വളരെ കൂടുതലും അവ നടപ്പാക്കാനുള്ള വിഭവങ്ങൾ വളരെ കുറവും എന്നതാണ് ഇന്നത്തെ അവസ്ഥ. വികസനത്തെ സംബന്ധിച്ച കാഴ്ചപ്പാടിനു തന്നെ മാറ്റം ആവശ്യമാണ്. റോഡുകൾ, കെട്ടിടങ്ങൾ, എന്നിവയ്ക്ക് അമിത പ്രാധാന്യം നൽകുകയും കാർഷിക വ്യവസായിക മേഖലകളിലെ ഉല്പാദനപരമായ പ്രശ്നങ്ങൾ അവഗണിക്കപ്പെടുകയുമാണ് ഇപ്പോഴത്തെ അനുഭവം.

പഞ്ചായത്തിന്റെ ഫണ്ടു മാത്രം വിനിയോഗിച്ച് വികസന പ്രവർത്തനം നടത്തുന്ന രീതിയാണ് നാളിതുവരെ നടന്നു വന്നത്. സ്വന്തമായ വരുമാനവും സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റും കൂടി ചേർന്നതാണ് പഞ്ചായത്തിന്റെ ഫണ്ട്. തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദനികുതി, മാർക്കറ്റിൽ നിന്നുള്ള വരവ്, കെട്ടിട വാടക, സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ് അടിസ്ഥാന നികുതി ഗ്രാന്റ്, മൈനർ ഇറിഗേഷൻ ഗ്രാന്റ്, ആറ്റു മണൽ ലേലം തുടങ്ങിയവയാണ് പഞ്ചായത്തിന്റെ വരുമാന മാർഗ്ഗം. ഇന്നത്തെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇത് പര്യാപ്തമല്ല. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യുക്തിസഹമായ മാർഗ്ഗങ്ങൾ കണ്ടെത്താതെ വികസന പ്രവർത്തനം മുമ്പോട്ടു കൊണ്ടു


പോവാനാവില്ല. പഞ്ചായത്തിലെ 1995-96 വർഷത്തെ വരവു സംബന്ധിച്ച വിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 1

വരവ് സംബന്ധിച്ച വിവരങ്ങൾ (199596)

Ref. C.B.

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിട നികുതി	378744	356765	21979
സർവ്വീസ് ചാർജ്ജ്	61056	57430	3626
തൊഴിൽ നികുതി	109195	103145	6050
വാഹന നികുതി			
വിനോദ നികുതി	40	40	
അഡി. വിനോദ നികുതി	10	10	
പ്രദർശന നികുതി	116	116	
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	70	70	
ചന്ത വരവ്	6601	6601	
ലാന്റ്സൈസ്			
ലൈസൻസ് ഫീസ്	5392	5392	
കെട്ടിട നികുതി സർചാർജ്ജ്			
വസ്തു കൈമാറ്റ നികുതി 75%	168464	168464	
വസ്തു കൈമാറ്റ നികുതി 25%	163758	163758	
സർക്കാർ ഗ്രാന്റുകളും മറ്റും			
ഒഴികെയുള്ള മറ്റു വരവുകൾ	207055	207055+	8482-
സംഭാവന	215537		
ഡെപ്പോസിറ്റ്	15150	15150	
മറ്റുള്ളവ	730645	730645	
ആകെ	1854778	1814641	40137



കെട്ടിട നികുതി

കെട്ടിട നികുതി ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. കെട്ടിട നികുതി രണ്ടു തരത്തിൽ കണക്കാക്കാവുന്നതാണ്. ഒരു കെട്ടിടത്തിന് ലഭിക്കാവുന്ന വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്ന രീതി അശാസ്ത്രീയമാണ്. ലക്ഷക്കണക്കിനു രൂപാ മുടക്കി അത്യാധുനിക സൗകര്യങ്ങളോടുകൂടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഈ മാനദണ്ഡ പ്രകാരം നികുതി കണക്കാക്കുന്നത് ഒട്ടും ആശാസ്യമല്ല. കെട്ടിട നിർമ്മാണത്തിനു ചെല വായ തുകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതാണ് കൂടുതൽ അഭികാമ്യം. ഈ ഇനത്തിൽ നികുതി ചുമത്തുന്നതിനുള്ള മാന ദണ്ഡം ഇപ്രകാരമാണ്.

നിർമ്മാണത്തിന് ചെലവായ തുകയുടെ 10% (അറ്റകുറ്റപ്പണിക്കുള്ള തുക) കുറച്ച് ബാക്കിയുടെ 6% നികുതി ഏർപ്പെടുത്തുന്നു. ഇത് 6 മുതൽ 10% വരെ ഈടാക്കാൻ നിയമ മുണ്ട്.

കെട്ടിട നികുതി ചുമത്തുമ്പോൾ കെട്ടി ടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആടം ഭരത്വവും വിലകൂടിയ സാമഗ്രികളുടെ വിലയും മാനദണ്ഡമാക്കണം.

വീട് അസസ്ചെയ്യുന്നത് എങ്ങനെയാ ണെന്ന് ഓരോ വീട്ടുടമയേയും ബോദ്ധ്യപ്പെ ടുത്താൻ ഉദ്യോഗസ്ഥന്മാർ തയ്യാറാകണം. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ശക്തമാക്കണം. ഓരോ വാർഡിലും നിശ്ചിത ദിവസം ഒരു കേന്ദ്രത്തിൽ വച്ച് നികുതി പിരിവ് നടത്തുന്ന സമ്പ്രദായം നടപ്പിൽ വരുത്തേണ്ട താണ്.

1995-96 ൽ കെട്ടിട നികുതിയിനത്തിൽ പഞ്ചായത്തിന്റെ മൊത്ത വരുമാനം4,14,195 രൂപയാണ്.

ഇപ്പോൾ പഞ്ചായത്തിൽ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവന ക്കാരും എയ്ഡഡ് സ്കൂൾ അദ്ധ്യാപകരും ഉൾപ്പടെ ..... പേർ ജോലിചെയ്യുന്നു. ഈ ഇന ത്തിൽ 1,03,145 രൂപയാണ് 1995-96ൽ പിരിഞ്ഞു കിട്ടിയത്. ഏതൊരു തൊഴിൽ ചെയ്യുന്ന വ്യക്തിയും വരുമാനത്തിന്റെ അടി സ്ഥാനത്തിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥ നാണ്. ചില സർക്കാർ വകുപ്പുകളിലെ ചുരുക്കം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെ ടുന്നു.

സിനിമ, നാടകം, സർക്കസ്സ് തുടങ്ങിയ പരിപാടികൾ ടിക്കറ്റുമൂലം നിയന്ത്രിച്ച് വരുമാ നമുണ്ടാക്കുന്ന എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ഈടാക്കാം. നമ്മുടെ പഞ്ചാ യത്തിൽ സിനിമാ തീയേറ്റർ ഇല്ല. മറ്റു വിനോദ പരിപാടികളും കുറവാണ്. അതുമൂലം ആയി നത്തിൽ നാമമാത്രമായ വരുമാനം മാത്രമാ ണുള്ളത്.

സർക്കാർ ഗ്രാന്റുകൾ യഥാസമയം പഞ്ചായത്തുകൾക്ക് കൈമാറുന്ന രീതി ഇപ്പോ ഴില്ല. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് ഗ്രാന്റുകൾ തുടങ്ങിയവ ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് പഞ്ചായത്തിൽ എത്തു ന്നത്. ഗ്രാന്റുകളുടെ വിതരണത്തിൽ ഇപ്പോൾ നൽകിയിരിക്കുന്ന വിവേചനാധികാരം എടുത്തു മാറ്റേണ്ടതാണ്. നിശ്ചിത മാനദണ്ഡ ങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ഗ്രാന്റ് അനുവദിക്കണം.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപ നങ്ങളുടെ ലൈസൻസ് ഫീസായി 5392 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. നിശ്ചിത സമയത്ത് ലൈസൻസ് ഫീസ് അടയ്ക്കാനുള്ള സന്ന ദ്ധത മിക്ക സ്ഥാപന ഉടമകളും കാണിക്കാ റില്ല. കൃത്യ സമയത്ത് നികുതി അടയ്ക്കാൻ ഇവരെ പ്രേരിപ്പിക്കുവാനും അടയ്ക്കാത്തവ രിൽ നിന്ന് കൃത്യസമയത്ത് ഈടാക്കുവാനും പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ധനകാര്യ സ്ഥാപനങ്ങൾ


നമ്മുടെ പഞ്ചായത്തിൽ കൊമേർഷ്യൽ ബാങ്കിന്റെ രണ്ടു ശാഖകളും ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും ഒരു സർവ്വീസ് സഹകരണ ബാങ്കും പ്രവർത്തിക്കുന്നു. ഇതിൽ ജില്ലാ സഹകരണ ബാങ്ക് നിക്ഷേപത്തിന്റെ 23%വും കൊമേർഷ്യൽ ബാങ്കുകൾ (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ) 10% ത്തിൽ താഴെയുമാണ് വായ്പ കൊടുക്കുന്നത്. ഇത് തികഞ്ഞ നീതികേടാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപത്തിന്റെ 75% മെങ്കിലും പഞ്ചായത്തിൽ വായ്പ കൊടുക്കേണ്ടതാണ്. വികസന റിപ്പോർട്ടിൽ ചേർക്കുന്നതിനുള്ള നിക്ഷേപ- വായ്പാനുപാത വിവരങ്ങൾ നൽകാൻ പോലും വിമുഖത കാണിക്കുന്ന ധനകാര്യ സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവരിൽ നിന്നും വായ്പ ലഭിക്കുക എത്ര ദുഷ്കരമാണെന്ന് പറയേണ്ടതില്ലല്ലോ.

പഞ്ചായത്ത് ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകേണ്ടതാണ്.

മനുഷ്യാദ്ധ്വാനം

എല്ലാ വികസന പ്രവർത്തനങ്ങൾക്കും സർക്കാരിൽ നിന്ന് ധന സഹായം ലഭിക്കണമെന്ന ഇന്നത്തെ കാഴ്ചപ്പാടു ഉപേക്ഷിച്ച് തദ്ദേശവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി വികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. വിഭവം എന്നാൽ പണം മാത്രമല്ല; മനുഷ്യന്റെ അദ്ധ്വാന ശേഷി വലിയ വിഭവമാണ്. വിഭവ സമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നികുതി നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കുകയും നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.
2. കെട്ടിട നികുതി5 വർഷത്തിലൊരിക്കൽ കാലോചിതമായി വർദ്ധിപ്പിക്കാനുള്ള അവകാശം പഞ്ചായത്തു വിനിയോഗിക്കേണ്ടതാണ്.
3. കെട്ടിട നികുതി സംബന്ധിച്ച ഡിക്ലറേഷൻ ഫോറം നൽകുമ്പോൾ യഥാർത്ഥ നിർമ്മാണച്ചെലവു കുറച്ചു കാണിച്ച് നികുതി വെട്ടിക്കാനുള്ള പ്രവണത പരക്കെയുണ്ട്. അതുകൊണ്ട് യഥാർത്ഥ നിർമ്മാണച്ചെലവിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതാണ്.
4. പഞ്ചായത്ത് രാജ് ആക്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തരത്തിൽ പര്യങ്ങൾക്ക് ഫീസ് ഈടാക്കേണ്ടതാണ്.
5. ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതാണ്.
6. ഷോപ്പിംഗ് കോപ്ലക്സ്സിന്റെ വാടക കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്.
7. പഞ്ചായത്തു വക പുറംപോക്കു ഭൂമി അളന്നു തിരിച്ച് പാട്ടത്തിന് നൽകേണ്ടതാണ്. അതിലുള്ള വൃക്ഷങ്ങൾ ലേലം ചെയ്ത് പഞ്ചായത്തിന് മുതൽ കൂട്ടേണ്ടതാണ്.
8. ഇഷ്ടികച്ചൂളകളിൽ നിന്ന് ,ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.
9. എല്ലാ ലൈസൻസ് ഫീസുകളും കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.
10. പഞ്ചായത്തുവക പൊതുക്കുളങ്ങളും ചാലുകളും മത്സ്യം വളർത്തുന്നതിന്



പാട്ടത്തിനു നൽകേണ്ടതാണ്.

11. കല്യാത്രജംഗ്ഷനു പടിഞ്ഞാറു വശമുള്ള പുറംപോക്കു ഭൂമി ഏറ്റെടുത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിഞ്ഞ് വാടകയ്ക്കു കൊടുക്കാവുന്നതാണ്.

12. വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഏർപ്പെടുത്തേണ്ടതാണ്.

13. 5 ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണ ച്ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് 2% അധിക നികുതി ഈടാക്കണം.

14. കേറ്ററിംഗ് ഏജൻസികൾക്ക് ലൈസൻസ് ഏർപ്പെടുത്തണം.

15. നിയമാനുസൃതമല്ലാതെ ചിട്ടികൾ, പണം പലിശയ്ക്കു കൊടുക്കൽ എന്നിവ വ്യാപകമായി നടക്കുന്നുണ്ട്. ഇവർക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തി നിയന്ത്രിക്കേണ്ടതാണ്.

പട്ടിക - 2

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പികളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

വകുപ്പ്	തുക		
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	ആകെ
മൃഗസംരക്ഷണം	2685	450	3135
ആരോഗ്യം	32469	1600	32469
കൃഷി	143960		143960
പി.ഡബ്ല്യു.ഡി	68621		68621
ഹരിജനക്ഷേമം	49000	9024	58024
വിദ്യാഭ്യാസം	335	3508	3843
ക്ഷീരവികസനം	10830	10830	
മറ്റുള്ളവ	6600		6600
ആകെ	314500	16182	330682

പട്ടിക – 3

ഇനം	തുക
1	2
ഭരണം	533135
പൊതുമരാമത്ത്	349718
വിദ്യാഭ്യാസം	24349 + 10723
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	20613
തെരുവു വിളക്കുകൾ കത്തിക്കുന്നത്	217736
മറ്റുള്ളവ	52366
ആകെ	1208640

പട്ടിക – 4

പൊതുസാമ്പത്തിക നില Ref. B.

	പൊതുകണക്ക്	മൂലധന കണക്ക്	കടംസംബന്ധിച്ച കണക്ക്
1	2	3	4
വരവ്	1470756	306705	37180
ചെലവ്	1180406	10722	17512

പട്ടിക – 5

പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ Ref. Work Bill Register

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാന്റ് തുക	പഞ്ചാ. ഫണ്ട്	ആകെ
1	2	3	4	5
റോഡ്	Rs. 44941	18735	-	18735
തോട്	5000	4000	328	4328
കെട്ടിടം	500000	193000	137983	330983
നടപ്പുലം	ഇല്ല			
മറ്റുള്ളവ	ഇല്ല			
ആകെ	54994	216063	137983	354046

6

ഉപസംഹാരം

ജനകീയാസൂത്രണം ഒരു പുത്തൻ ആശയമാണ്. ഒരു പരീക്ഷണമാണ്. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകാം. പോരായ്മകൾ ഉണ്ടാകാം. നമ്മൾ നമുക്കുവേണ്ടി തന്നെ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പരിപാടികളാണ്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തെറ്റുകൾ തിരുത്തി മുന്നോട്ടു പോകണം.

വെണ്മണി പഞ്ചായത്തിൽ ജനകീയാസൂത്രണപ്രസ്ഥാനത്തെ നിറഞ്ഞ മനസ്സോടെ സ്വാഗതം ചെയ്യുവാൻ ജനങ്ങൾ തയ്യാറായിട്ടുണ്ട്. ഗ്രാമസഭായോഗങ്ങൾ മുതൽ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളിലും ആത്മാർത്ഥമായ സഹകരണമാണ് ഉണ്ടായിട്ടുള്ളത്.

വിവിധ ഗ്രൂപ്പുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് വികസനരേഖ തയ്യാറാക്കുന്നത് ഭാരിച്ച ഉത്തരവാദിത്വമാണ്. ആ ചുമതല സ്തുത്യർഹമായി നിർവ്വഹിച്ച സുഹൃത്തുക്കളോട് പഞ്ചായത്തിനുള്ള നന്ദി ഒരിക്കൽ കൂടി രേഖപ്പെടുത്തട്ടെ.

പഞ്ചായത്തിന്റെ സാമൂഹ്യ-സാംസ്കാരിക ചരിത്രം തയ്യാറാക്കാൻവേണ്ടി വന്ദ്യവയോധികരായ പല വ്യക്തികളേയും സന്ദർശിച്ച് അഭിമുഖ സംഭാഷണം നടത്തിയിട്ടുണ്ട്. വിവിധ സർക്കാരാഫീസുകളിൽ നിന്നും വിവരശേഖരണം നടത്തിയിട്ടുണ്ട്.

ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്തെ നമ്മുടെ പഞ്ചായത്തിലെ വികസന പ്രശ്നങ്ങൾ പലതും പരിഹരിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിന് കുറേക്കാലം വേണ്ടിവന്നേക്കാം. എന്നാൽ വിവിധ മേഖലകളിൽ ഗണ്യമായ മാറ്റങ്ങൾ വരുത്താൻ നമുക്കു കഴിയും. വികസന പ്രവർത്തനങ്ങളിൽ വൻതോതിൽ ബഹുജനപങ്കാളിത്തം ഉണ്ടായാൽ മാത്രമേ ഇത് സാദ്ധ്യമാകു. കലവറയില്ലാത്ത സന്നദ്ധപ്രവർത്തനം നടത്താൻ ജനങ്ങൾ, വിശിഷ്യാ യുവജനങ്ങൾ മുന്നോട്ടു വരണം.

വികസന സെമിനാറിൽ വച്ചു രൂപീകരിക്കപ്പെടുന്ന കർമ്മ സേനകൾ വിവിധ പദ്ധതികൾക്കു രൂപം കൊടുക്കുന്നതോടെ അടുത്ത ഘട്ടം പരിപാടികൾ ആരംഭിക്കുകയാണ്. മഹത്തായ ഈ ജനകീയ പ്രസ്ഥാനത്തിൽ പങ്കാളികളായ എല്ലാവരോടും ഞങ്ങൾക്കുള്ള നന്ദി നിസീമമാണ്. സാമൂഹ്യ നന്മക്കുവേണ്ടിയുള്ള ഈ കൂട്ടായ യത്നത്തിൽ എല്ലാവരുടെയും സഹകരണം മേലിലും ഉണ്ടാകുമെന്ന ശുഭപ്രതീക്ഷയോടെ

സ്നേഹപൂർവ്വം,

പ്രൊഫ. ലീലാമ്മ തോമസ്
പ്രസിഡന്റ്

വെണ്മണി ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന്.

ആശംസകൾ !

വെണ്മണി സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 118.

വെണ്മണി. പി.ഒ.

- നിങ്ങളുടെ നിക്ഷേപം സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കൂ. നിങ്ങൾക്കാദായവും നാടിനു പുരോഗതിയും.
- മറ്റു ബാങ്കിംഗ് സ്ഥാപനങ്ങളെക്കാൾ ഉയർന്ന പലിശ നിരക്ക് നല്കുന്നു.
- സ്വർണ്ണപണയത്തിന്മേൽ 25,000 രൂപ വരെ വായ്പ നല്കുന്നു.
- കാർഷിക വായ്പകൾ, കാർഷികേതര വായ്പകൾ, സ്കീമാറ്റിക് വായ്പകൾ, സ്വയം തൊഴിൽ വായ്പകൾ എന്നിവ നല്കുന്നു.
- ഡെപ്പോസിറ്റുകൾ 5 വർഷം കൊണ്ട് ഇരട്ടിക്കുന്നു.
- ഡെയിലി ഡെപ്പോസിറ്റു പദ്ധതി നിങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നു.

TYPESETTING : CHILANKA, PANDALAM. PH: 452781. PRINTED AT LEELA OFFSET, CGNR. PH: 454376

അധികാരം ജനങ്ങളിലേക്ക്

❑

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

❑

ജനകീയ പദ്ധതി സമഗ്ര വികസനത്തിന്

ജനകീയാസൂത്രണത്തിൽ അണിചേരൂ...

സമഗ്രവികസനം സാക്ഷാൽക്കരിക്കൂ...

❑

സന്നദ്ധ സേവനത്തിലൂടെ

വികസനയജ്ഞത്തിൽ പങ്കാളികളാകൂ...

❑

നാടിന്റെ വികസനത്തിന്

മുക്തഹസ്തം

സംഭാവന നൽകി സഹകരിക്കൂ.....

TYPESETTING : CHILANKA, PANDALAM. PH: 452781. PRINTED AT LEELA OFFSET, CGNR. PH: 454376